www.malankaralibrary.com

VIMALA PUBLICATIONS

# കാലത്തിനു മുന്നിലൊരു കൂപ്പുകൈ



ഫാ. അലക്സാണ്ടർ പൈകട സി എം ഐ

www.malankaralibrary.com

# കാലത്തിനു മുന്നിലൊരു കൂപ്പുകൈ

ഫാ. അലക്സാണ്ടർ പൈകട സിഎംഐ

www.malankaralibrary.com

## ഫാ. അലക്സാണ്ടർ പൈകട സിഎംഐ

*പത്രപ്രവർത്തനരംഗത്ത് അഞ്ചുപതിറ്റാണ്ടിലേറെ പ്രവർത്തന പരിചയം. 2008 മുതൽ 2014 മേയ് വരെ ദീപിക പത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്നു. 1968-ലാണ് സബ് എഡിറ്ററായി ദീപികയിൽ ചേർന്നത്. പിന്നീട്, വിവിധ ഘട്ടങ്ങളിലായി അസോസിയേറ്റ് എഡിറ്റർ, ലീഡർ റൈറ്റർ, ജോയിന്റ് മാനേജിംഗ് എഡിറ്റർ എന്നീ ചുമതലകൾ വഹിച്ചു. കാമ്പുള്ള ലേഖനങ്ങളിലൂടെയും സമൂഹത്തെ ചലിപ്പിക്കുന്ന മുഖപ്രസംഗങ്ങളിലൂടെയും ശ്രദ്ധനേടി.*

*ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986-ൽ ഇന്ത്യ സന്ദർശിച്ചപ്പോഴും 1988-ൽ പ്രധാനമന്ത്രി രാജീവ് ഗാന്ധി ചൈനാ സന്ദർശനം നടത്തിയപ്പോഴും പത്രപ്രവർത്തക സംഘത്തിൽ അംഗമായിരുന്നു.*

*1967-ൽ പൗരോഹിത്യം സ്വീകരിച്ച ഫാ. അലക്സാണ്ടർ സിഎംഐ സഭയുടെ കോട്ടയം സെന്റ് ജോസഫ്സ് പ്രവിശ്യ വികാർ പ്രൊവിൻഷ്യൽ, ഫൈനാൻസ് സെക്രട്ടറി, മുത്തോലി, പാലാ ആശ്രമങ്ങളുടെ പ്രിയോർ എന്നീ നിലകളിൽ പ്രവർത്തിച്ചു.*

*രണ്ടു ഘട്ടങ്ങളിലായി ഏഴു വർഷം അമേരിക്കയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. ഒരു വർഷം പാപ്പുവ ന്യൂഗിനിയയിലെ വാനിമോ മിഷൻ രൂപതയിൽ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്ററായിരുന്നു.*

*നിധീരിക്കൽ മാണിക്കത്തനാർ അവാർഡ്, കെ.സി.ബി.സി. മാധ്യമ കമ്മീഷൻ ഗുരുശ്രേഷ്ഠ അവാർഡ്, കച്ചിറമറ്റം ഫൗണ്ടേഷൻ അവാർഡ്, തോമസ് ഫൗണ്ടേഷൻ അവാർഡ്, മേരിവിജയം അവാർഡ്, കാത്തലിക് ഫെഡറേഷൻ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടി.*

*ഇടമറുക് പൈകട ചാണ്ടി ഔസേപ്പിന്റെയും മേരിയുടെയും ഇളയ പുത്രനാണ്. ഇപ്പോൾ മുത്തോലി സെന്റ് ജോൺ ഓഫ് ദി ക്രോസ് മൊണാസ്ട്രി അംഗം.*

*ഫോൺ: 9495063973, ഇ-മെയിൽ: paikada@rediffmail.com*

www.malankaralibrary.com

# കാലത്തിനു മുന്നിലൊരു കൂപ്പുകൈ

ഫാ. അലക്സാണ്ടർ പൈകട സിഎംഐ

www.malankaralibrary.com

2025

**Kalathinu Munniloru Kooppukai**

*(Malayalam articles)*

Fr. Alexander Paikada CMI

email: *paikada@rediffmail.com*

*Cover Design: V.R. Hariprasad*

*Typesetting: P.T. Johny*

*Editorial support: Saji Cyriac, Geordy George*

First published in Malayalam: February, 2025

Published and Distributed by:

Copyright © ..............................................

All rights reserved

Printed in India at .....................................

*(No part of this book may be reproduced or transmitted, in any form or by any means, without the prior permission of the copyright owner)*

Price: INR ..................................................

www.malankaralibrary.com




സമർപ്പണം

എന്റെ വത്സല ജ്യേഷ്ഠൻ ജോസഫ്
പൈകട സിഎംഐ അച്ചന്.

കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ്
കോളജിന്റെ പ്രിൻസിപ്പൽ, മാനേജർ എന്ന
ജോലികളേക്കാൾ അദ്ദേഹത്തിന്
ജീവിതത്തിൽ ആത്മസംതൃപ്തി പകർന്നത്
ജമ്മു-കാഷ്മീരിലെ പൂഞ്ച് മിഷനിൽ തന്റെ
വിദ്യാദാനദൗത്യമായിരുന്നു.

വിശുദ്ധ ചാവറപ്പിതാവിന്റെ വിദ്യാഭ്യാസ
സേവനത്തിന്റെ അന്ത:സത്തയും
ചൈതന്യവും ലക്ഷ്യവും
ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിലെ ഏറ്റവും
ആലംബഹീനരായ കുഞ്ഞുങ്ങൾക്ക്
വിദ്യാഭ്യാസം സാധ്യമാക്കി,
അവരോടൊപ്പം ആനന്ദത്തോടെ ജീവിച്ച്
തന്റെ സന്ന്യാസജീവിതം സാക്ഷാത്കരിച്ച
മാതൃകാമിഷണറിയായി മാറി
സഹോദരവൈദികൻ ജോസഫ് അച്ചൻ.
അദ്ദേഹത്തിന്റെ ഓർമയുടെ
മുന്നിൽ പ്രണാമം.

www.malankaralibrary.com

## ഇതരകൃതികൾ

- *മനുഷ്യജീവൻ, 1968*
  *(പൗലോസ് ആറാമൻ മാർപാപ്പയുടെ 'ഹ്യൂമാനേ വീറ്റേ' എന്ന ചാക്രികലേഖന ത്തിന്റെ പരിഭാഷ - ഫാ. സക്കറിയാസ് നടയ്ക്കലിന്റെ സഹകരണത്തോടെ)*
- *ചരിത്രത്തിന്റെ കാൽപ്പാടുകൾ, 2010*
- *തിരിച്ചറിവിന്റെ ഇടിനാദങ്ങൾ, 2010*
- *സത്യത്തിന്റെ പ്രതിധ്വനി, 2010*
- *നേരിന്റെ കരുത്ത്, 2010*
- *വിമോചനസമരത്തിന്റെ കാഴ്ചപ്പാടുകൾ, 2010*
- *ക്രിസ്മസ് - വിശുദ്ധവാര വിചാരങ്ങൾ, 2014*
- *ചരിത്രം രചിച്ച സഭാസ്നേഹികൾ, 2018*
- *പറഞ്ഞതും പറയേണ്ടതും, 2019*
- *ഇൻ സിനു ജേസു, ഹൃദയം ഹൃദയത്തോടു സംസാരിക്കുമ്പോൾ, 2019 (പരിഭാഷ - ടി. ദേവപ്രസാദിന്റെ സഹകരണത്തോടെ)*
- *ദീപിക ദിനപത്രം-സിഎംഐ കാലഘട്ടം (1887-1989), 2019*
- *ചരിത്രത്തിനൊപ്പം നടന്നപ്പോൾ, 2024*

www.malankaralibrary.com

*"Don't just get better once; get better constantly. Always be looking for something to improve."*

**- *Woody Zuill***

www.malankaralibrary.com

ഉള്ളടക്കം


*അവതാരിക* 13

*ആശംസ* 17

*ആമുഖം* 19

*കാലിത്തൊഴുത്തിന്റെ സന്ദേശവും ഫ്രാൻസിസ് പാപ്പയും* 23

*ബലഹീനത - പൗരോഹിത്യ മുഖമുദ്ര* 27

*ആരാധനാക്രമത്തെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ* 38

*അടയ്ക്കാപ്പക്ഷികൾ ഉറങ്ങാറില്ല* 45

*മാർത്തോമാ നസ്രാണിസഭയുടെ ചരിത്രവഴികൾ* 51

*ക്രിസ്മസ്: നമ്മൾഭാവത്തിലേക്കുള്ള ക്ഷണം* 66

*ബേത്ലഹം ക്രൈസ്തവ പാരമ്പര്യത്തിൽ* 69

*ആധുനിക മാധ്യമ വിവരസാങ്കേതിക*
*സാധ്യതകളും വിശ്വാസകൈമാറ്റവും* 75

*ചാവറപ്പിതാവ്: തന്നിൽനിന്നുംഅപരനിലേക്കു*
*സഞ്ചരിച്ചയാൾ* 92

*വിശുദ്ധിയുടെ കിരീടധാരണം* 96

*മലങ്കരസഭയ്ക്ക് അഭിവാദ്യങ്ങൾ* 99

*ധന്യൻ മാർ ഈവാനിയോസ്: മലങ്കരസഭയുടെ*
*അനുഗ്രഹവും പുണ്യവും* 103

*ധന്യൻ മാർ കുര്യാളശേരി പിതാവ്* 107

*മാധ്യമശക്തി തിരിച്ചറിഞ്ഞ മാർ പവ്വത്തിൽ* 109

*മാർ സെബാസ്റ്റ്യൻ വയലിൽ: ഒരു സാന്ത്വനപ്രകാശം* 119

www.malankaralibrary.com


| | |
|---|---|
| *പ്ലാസിഡച്ചൻ എന്ന വഴികാട്ടി* | *124* |
| *കാലം കെടുത്താത്ത തീപ്പന്തം* | *130* |
| *ഫാ. ബ്രിട്ടോ: ഒരു സ്നേഹാനുസ്മരണം* | *134* |
| *ഇന്ത്യയുടെ ഫാ. ഡാമിയൻ: ബാബ ക്രിസ്തുദാസ് എന്ന കുര്യാച്ചൻ* | *138* |
| *ഫാ. ജോർജ് കനീസിയൂസ് കച്ചിറമറ്റം: ശ്രേഷ്ഠമിഷനറി* | *144* |
| *കൊച്ചേട്ടൻ എന്ന മാഞ്ഞൂസ് അച്ചൻ* | *148* |
| *ഫാ. ജോൺ ബോസ്കോ തോട്ടക്കര: മാനവികതയുടെ മനുഷ്യൻ* | *154* |
| *തെള്ളിയിലച്ചൻ: ആഴത്തിലുള്ള അറിവ്, അസാമാന്യ മനക്കരുത്ത്* | *163* |
| *ആൽബനച്ചൻ: ആയിരത്തിലൊരാൾ* | *166* |
| *കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള: ഏകാന്തപഥികനായ മഹാകവി* | *172* |
| *സ്ത്രീശക്തീകരണവും കസ്തൂർബാഗാന്ധിയും* | *175* |
| *നാം സമാധാനത്തിന്റെ ഉപകരണങ്ങൾ* | *177* |
| *ജീവിതമൂല്യങ്ങൾ പഠിപ്പിച്ച ആത്മവിദ്യാലയം* | *181* |
| *നന്മകൾ നിറഞ്ഞ ഒരു തീർഥയാത്ര* | *186* |
| *നിത്യതയുമായി ഇതിന് എന്തു ബന്ധം?* | *187* |
| *ചിന്താമണി മോതിരം* | *190* |
| *കാലത്തിന്റെ മുമ്പിൽ കരം കൂപ്പി നിൽക്കട്ടെ* | *192* |

www.malankaralibrary.com


www.malankaralibrary.com

THE SYRO-MALANKARA CATHOLIC
MAJOR ARCHIEPISCOPAL CHURCH

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.
Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

# അവതാരിക



അഞ്ചുപതിറ്റാണ്ടിന്റെ പത്രപ്രവർത്തന പരിചയവും സാഹിത്യ രചനാ വൈഭവവും കൈമുതലായിട്ടുള്ള ആദരണീയനായ അലക്സാണ്ടർ പൈകട സിഎംഐ അച്ചൻ പ്രസിദ്ധീകരിക്കുന്ന, കത്തോലിക്കാ സഭയിലെയും പൊതുസമൂഹത്തിലെയും വിശിഷ്ടവ്യക്തികളെയും വിശേഷദിവസങ്ങളെയും ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെയും അധികരിച്ചുള്ള, 'കാലത്തിനു മുന്നിലൊരു കൂപ്പുകൈ' എന്ന ഗ്രന്ഥം അനുവാചകർക്ക് പരിചയപ്പെടുത്തുന്നതിൽ ഏറെ സന്തോഷിക്കുന്നു. അർത്ഥസമ്പുഷ്ടവും ചിന്തോദ്ദീപകവും ഈടുറ്റ ആനുകാലിക അറിവുകൾ പകരുന്നതുമായ ആമുഖ അദ്ധ്യായത്തോടെ ആരംഭിക്കുന്ന ഈ ഗ്രന്ഥം തുടക്കത്തിൽത്തന്നെ എനിക്ക് വളരെ ഹൃദ്യമായി അനുഭവപ്പെട്ടു.

കഴിഞ്ഞ നൂറ്റാണ്ടിലെ ധന്യജീവിതങ്ങളായ വിശുദ്ധ ചാവറയച്ചൻ, ധന്യൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് തിരുമേനി, പ്ലാസിഡ് അച്ചൻ, കൊളംബിയർ അച്ചൻ, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കസ്തൂർബാ ഗാന്ധി തുടങ്ങി വിശുദ്ധിയുടെ പടവുകളിലൂടെ സഞ്ചരിച്ച വ്യക്തിത്വങ്ങളുടെ ജീവിതം ഈ പുസ്തകത്തിലെ പ്രതിപാദന വിഷയങ്ങളാണ്. ദൈവസ്നേഹത്തിൽ ഉറച്ചുനിന്നുകൊണ്ട് ത്യാഗോജ്ജ്വലമായ ജീവിതസമർപ്പണം നടത്തിയ, ഈ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആർച്ച്ബിഷപ്പ് മാർ പൗവത്തിൽ, ആർച്ച്ബിഷപ്പ് മാർ കുര്യാളശേരി തുടങ്ങിയവരേയും ഉചിതമായ വിധത്തിൽ അവതരിപ്പിച്ചിരി

www.malankaralibrary.com


ക്കുന്നു. ഈ കാലഘട്ടത്തിന്റെ നിർമലവ്യക്തിത്വമായ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതം ഹൃദയസ്പർശിയായ വിധത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ഈ മഹത്വ്യക്തികളുടെ ജീവിത മാതൃക ഏവർക്കും അനുകരണീയമാണെന്ന് സ്ഥിരപ്പെടുത്തുന്നതാണ് ബഹു. പൈകട അച്ചന്റെ ആഖ്യാനശൈലി.

പൗരോഹിത്യത്തിന്റെ മഹത്വവും പൂർണതയും വിശദമായിത്തന്നെ ഒരു അദ്ധ്യായത്തിൽ വിവക്ഷിച്ചത് ഉചിതമായി. ഈ അദ്ധ്യായം വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും മഹത്തരമായ ഒരു പാഠമാണ് നല്കുന്നത്. സഭയ്ക്കും സമൂഹത്തിനും അർപ്പിക്കപ്പെടേണ്ട ബലിവസ്തുവാകുന്ന പുരോഹിതന് തന്റെ ആത്മസമർപ്പണം എത്രയോ മഹത്തരവും അഭികാമ്യവുമാണെന്ന് ഇവിടെ വ്യക്തമാക്കുന്നു. ഇന്നത്തെ ലോകത്തിന്റെ ഭൗതികതയുടെ പിന്നാലെ പായാതെ, വൈദീകാഭിഷേകത്തോടെ അനുഭവവേദ്യമാകുന്ന 'അവർണനീയ ആത്മീയവസന്തം' അനുഭവിപ്പാൻ, ഇന്നത്തെ വൈദികസമൂഹത്തിന് സാധിക്കട്ടെ എന്ന് അദ്ദേഹം ആശംസിക്കുന്നു. ഇതിന് ഉദാഹരണങ്ങളാണ് ഇന്ന് സഭ നേരിടുന്ന വെല്ലുവിളികൾ എങ്ങനെ നേരിടണമെന്ന് പറയാതെ പറഞ്ഞുവയ്ക്കുന്ന ചില അദ്ധ്യായങ്ങൾ.

വിവിധ അവസരങ്ങളിൽ ബഹു. പൈകട അച്ചൻ നടത്തിയ പ്രസംഗങ്ങളെ ലേഖനരൂപത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ ഓരോ വ്യക്തികളുടെയും ആന്തരികഭാവം, ആത്മസമർപ്പണം, പ്രൗഢമായ പ്രവർത്തനശൈലി ഇവയെല്ലാം അർത്ഥഗംഭീരമായി വിവരിച്ചിരിക്കുന്നു. 'പ്ലാസിഡച്ചൻ എന്ന വഴികാട്ടി' എന്ന ലേഖനത്തിൽ അദ്ദേഹത്തിന്റെ അഗാധമായ വ്യുൽപ്പത്തി, കാര്യവിവേചനശേഷി, അനുകരണീയമായ പ്രായോഗികബുദ്ധി, പ്രസന്നഭാവം, സഭയോടും സമൂഹത്തോടുമുള്ള പ്രതിപത്തി എന്നിവ വളരെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു.

മാധ്യമ സമ്രാട്ടായ കൊളംബിയർ അച്ചൻ ഒരു ധീരപോരാളിയെപ്പോലെ അന്നത്തെ രാഷ്ട്രീയ സംവിധാനങ്ങൾക്കും അവരുടെ പ്രവർത്തനശൈലിക്കും ശക്തമായ താക്കീതുകൾ നല്കിക്കൊണ്ട് ദീപികയുടെ മുഖപ്രസംഗത്തിലൂടെ സ്വാധീനം ചെലുത്തിയത് ഇന്നത്തെ തലമുറയ്ക്ക് വലിയൊരു പാഠം നല്കുന്നു. ഈ രചനകളിലെല്ലാം വിവിധവിഷയങ്ങളെ അവധാനതയോടും പക്വമായും അവതരിപ്പിക്കുന്ന സ്വതസിദ്ധമായ ഒരു ഭാഷാശൈലി ആദ്യന്തം പൈകട അച്ചൻ സ്വീകരിച്ചിട്ടുണ്ട്.

www.malankaralibrary.com


സമകാലിക പ്രസക്തമായ സർവമതങ്ങളുടെയും സൗഹൃദവും സമരസ്യതയും വിവിധ പൈതൃകങ്ങളുടെ പശ്ചാത്തലത്തെ അടിസ്ഥാനപ്പെടുത്തി സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശം വളരെ ഗൗരവത്തോടെ മനസിലാക്കിയതിന്റെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ ചില ആശയങ്ങൾ ചില അദ്ധ്യായങ്ങളിൽ പങ്കുവയ്ക്കുന്നു.

വിദ്യാഭ്യാസ സംരംഭങ്ങളും അവയുടെ അർത്ഥവും സമൂഹത്തിന് നല്കുന്ന സന്ദേശമെന്തെന്നും ചില വിദ്യാഭ്യാസരീതികളുടെ കുറവുകളും നേട്ടങ്ങളും തുറന്ന മനസോടെ സൂക്ഷ്മമായ പത്രാധിപ ദൃഷ്ടിയിലൂടെ പ്രത്യേക താത്പര്യങ്ങളില്ലാതെ വസ്തുനിഷ്ടമായി പറയാൻ ബഹു. പൈകടയച്ചന് സാധിക്കുന്നു എന്നത് അദ്ദേഹത്തിന്റെ ആഖ്യാനശൈലിയുടെയും വിശാലമനസ്കതയുടെയും പ്രത്യേകതയാണ്. വ്യക്തികളെയും സമൂഹത്തെയും പരിവർത്തനം ചെയ്യുന്നതിനു പകരം സാമൂഹ്യമാമൂലുകളെ മാറ്റി ഒരു വിപ്ലവാവേശം കൊണ്ടുവരുന്നതിന്റെ വൈരുദ്ധ്യാത്മികതയെ കൃത്യതയോടെ അതിന്റെ ആപത്തുകൾ ചൂണ്ടിക്കാട്ടി നമ്മെ ബോധവത്കരിക്കുന്നു.

വ്യക്തിപരമായി മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടം വളരെ അനുഗ്രഹപൂരിതമാണ്. ഈ വർഷം പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയെ ധന്യൻ എന്ന പദവിയിലേയ്ക്ക് ഉയർത്തി. പുനരൈക്യ കനകജൂബിലി അവസരത്തിൽ ദീപിക പത്രത്തിൽ ബഹു. പൈകടയച്ചൻ പ്രസിദ്ധീകരിച്ച മുഖപ്രസംഗം ഈ ഗ്രന്ഥത്തിൽ പുനഃപ്രസിദ്ധീകരിക്കുമ്പോൾ മലങ്കര സഭ അഭിമാനം കൊള്ളുന്നു, അതോടൊപ്പം 'ധന്യൻ മാർ ഈവാനിയോസ് പിതാവ്: അനുഗ്രഹവും പുണ്യവും' എന്ന തലക്കെട്ടോടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഒരു സംക്ഷിപ്ത സാക്ഷ്യം രേഖപ്പെടുത്തിയതിൽ ആത്മാർത്ഥമായ സന്തോഷം പ്രകടിപ്പിക്കുന്നു.

ആത്മീയതയുടെ അഗാധതലങ്ങളിൽ ദൈവകരുണയ്ക്കു മുന്നിൽ കരംകൂപ്പി നിൽക്കുന്ന ഗ്രന്ഥകാരന്റെ ഉള്ളിൽ ഉടലെടുക്കുന്ന സുന്ദര ചിന്തകൾ നെയ്തെടുക്കുന്ന അക്ഷരനൂലുകളുടെ മനോഹാരിതയും കാവ്യാത്മതയും മിക്ക അദ്ധ്യായങ്ങളിലും നമുക്ക് നിരീക്ഷിക്കാൻ സാധിക്കും.

www.malankaralibrary.com


അനുകരണീയവും വിശിഷ്ടവും സ്തുത്യർഹവുമായ ജീവിതശൈലി അനുവർത്തിച്ച മാതൃകാ പുരുഷന്മാരുടെ ചരിത്രം ഇന്നത്തെ സമൂഹത്തിന്റെ മുന്നിൽ ഒരു അടയാളമായി അനാവരണം ചെയ്യുന്നതാണ് ഈ പുസ്തകത്തിലുടനീളം ഞാൻ കണ്ടത്. ദീപികയുടെ അപക്സ് ബോർഡ് വൈസ് ചെയർമാനായി എന്റെ ശുശ്രൂഷ തുടങ്ങിയപ്പോൾ മുതലാണ് ബഹു. അലക്സാണ്ടർ പൈകട അച്ചനെ കൂടുതൽ അടുത്ത് പരിചയപ്പെടുന്നത്. സഭാസ്നേഹവും കൂറും ബഹു. പൈകട അച്ചന്റെ കൂടപ്പിറപ്പുകളാണ്. സമവായ വഴികളൊരുക്കുന്നത് ദൗർബല്യമല്ല, അതിലാണ് കരുത്ത് എന്ന് പഠിപ്പിക്കുന്ന ഗുരുവാണ് പൈകട അച്ചൻ. വ്യക്തിപരമായും സഭാപരമായും ബഹു. അച്ചൻ എനിക്ക് നല്കുന്ന സ്നേഹവും കരുതലും ഓർമയിൽ ഹൃദ്യമായി സൂക്ഷിക്കുന്നു.

ലളിതവും ഹൃദ്യവുമായ ആസ്വാദനശൈലിയിൽ സുഖകരമായ വായനാനുഭവം നമുക്ക് പ്രദാനം ചെയ്യുവാൻ ലേഖന സമാഹാരങ്ങളുടെ ഒരു പെരുമഴ ഒരുക്കിയ ബഹു. അലക്സാണ്ടർ പൈകട സിഎംഐ അച്ചന് അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചുകൊണ്ട് 'കാലത്തിനു മുന്നിലൊരു കൂപ്പുകൈ' എന്ന ഈ ഗ്രന്ഥം ഞാൻ പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

+Baselios Cleemis

BASELIOS CARDINAL CLEEMIS · THE SYRO MALANKARA CATHOLIC CHURCH · MAJOR ARCHBISHOP-CATHOLICOS

കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കോസ്

തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്പ്,
പ്രസിഡന്റ്, കേരള കത്തോലിക്കാ മെത്രാൻ സമിതി

www.malankaralibrary.com

**Mar Jose Pulickal**
Bishop of Kanjirapally
Pastoral Centre, P.B. NO. 22,
Kanjirapally – 686 507. Kottayam Dt. Kerala, India
Tel: +91 4828 203956, Fax: +91 4828 206022, 204491
Email: bishopjosepulickal@gmail.com
Web: www.kanjirapallydiocese.com

# ആശംസ

മാർ ജോസ് പുളിക്കൽ



മലയാള പത്രപ്രവർത്തനരംഗത്ത് ഒരു ശ്രേഷ്ഠാചാര്യസ്ഥാനം വഹിക്കുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട അലക്സാണ്ടർ പൈകടയച്ചൻ. ഏതാണ്ട് അര നൂറ്റാണ്ടിൽ അധികമായി എഴുത്തുകാരൻ, പത്രാധിപർ എന്നീ നിലകളിൽ മലയാള വാർത്താലോകത്ത് അദ്ദേഹം നിറഞ്ഞു നിൽക്കുന്നു. ദീപികയിൽ മുഖപ്രസംഗ രചയിതാവ് മുതൽ ചീഫ് എഡിറ്റർ വരെയുള്ള നിർണായക ഉത്തരവാദിത്വങ്ങൾ അച്ചൻ വഹിച്ചു.

കേരളത്തിലെയും രാജ്യത്തെയും പൊതുസമൂഹത്തെ ബാധിക്കുന്ന നിരവധിയായ വിഷയങ്ങളിൽ കാലോചിതമായി ഇടപെട്ട് അദ്ദേഹം മുഖപ്രസംഗങ്ങൾ എഴുതി. ആശയാദർശ, രാഷ്ട്രീയ വ്യത്യാസങ്ങൾ ഇല്ലാതെ അദ്ദേഹത്തിന്റെ തൂലികയുടെ മൂർച്ച അറിഞ്ഞവരാണ് കേരളത്തിലെ വായനാലോകം. കർഷകരും കുടിയേറ്റക്കാരും തീരദേശവാസികളും അടക്കമുള്ള സാധാരണക്കാർക്കുംവേണ്ടി അദ്ദേഹം പേന ചലിപ്പിച്ചു. അച്ചന്റെ ചിന്തകളും വാക്കുകളും ദീപികയുടെ ശബ്ദമായി ലോകം കേട്ടു.

ഇന്ന് തന്റെ വിശ്രമകാലഘട്ടത്തിലും വെറുതെയിരിക്കുവാൻ അദ്ദേഹത്തിന് മനസില്ല! അതുകൊണ്ടുതന്നെയാണ് വ്യത്യസ്ത കാലിക വിഷയങ്ങളെ അധികരിച്ച് അച്ചൻ ഇന്നും എഴുതുകയും പ്രസിദ്ധീ

www.malankaralibrary.com


കരിക്കുകയും ചെയ്യുന്നത്. സഭയോടും സമൂഹത്തോടും രാഷ്ട്ര ത്തോടും പ്രതിബദ്ധതയുള്ള ഒരു പൗരനെ, ഉത്കണ്ഠാകുലനായ ഒരു സഭാസ്നേഹിയെ, ഒരു സന്ന്യാസ വൈദികനെ, നമുക്ക് പൈകട യച്ചനിൽ കാണാം.

പ്രിയപ്പെട്ട അലക്സാണ്ടർ അച്ചാ, അങ്ങയുടെ തൂലിക ഇനിയും ചലിച്ചുകൊണ്ടിരിക്കട്ടെ, ഞങ്ങൾക്ക് ഓരോരുത്തർക്കും വേണ്ടി. ഭാവുകങ്ങൾ നേർന്നുകൊണ്ട്,

മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

കാഞ്ഞിരപ്പള്ളി

25.12.2024

www.malankaralibrary.com

# ആമുഖം



**ജീ**വിതയാത്രയിലെ അവസാന സ്റ്റോപ്പ് എവിടെയാണ്? അവിടേയ്ക്ക് എപ്പോൾ എത്തുമെന്നൊന്നുമറിയാതെ അലഞ്ഞു തിരിയവെ കുറെയേറേപ്പേരുമായി കണ്ടും മിണ്ടിയും കടന്നുപോയി. അനേകരെപ്പറ്റി കേട്ടറിഞ്ഞു, വായിച്ചറിഞ്ഞു, ചിലരെ കണ്ട റിഞ്ഞു. അങ്ങനെ കാലം കൈവിട്ടു പൊയ്ക്കൊണ്ടിരിക്കുമ്പോൾ അവരുടെ യെല്ലാം പേരുകൾ ഓർത്തുവയ്ക്കാനും രേഖപ്പെടുത്താനുമായില്ല. അങ്ങനെയി രിക്കെ ചിലരെക്കുറിച്ചെങ്കിലും രേഖപ്പെടുത്തണമെന്ന് ഒരു തോന്നൽ. ഈ പുസ്തകത്തിൽ അവരിൽ കുറെപ്പേരെ വായനക്കാർ കണ്ടുമുട്ടും. അവരിൽനിന്നൊക്കെ എന്തെങ്കിലും പ്രചോദനം വായനക്കാർക്കു കിട്ടുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

അധികം അല്ലലുകളും അലച്ചിലുകളുമില്ലാതെ സഭാധികാരികൾ ഏല്പിച്ച ജോലികളിൽ സമർപ്പണബോധത്തോടെ മുഴുകി സ്വച്ഛമായ ഒരു അരുവിപോലെ ജീവിതം മുന്നോട്ടുപോയി. കൊച്ചുകൊച്ചു തടസങ്ങളൊക്കെ ദൈവാനുഗ്രഹത്താൽ അതിജീവിച്ച് ജീവിതാരുവി ഒഴുകിക്കൊണ്ടിരിക്കെ പെട്ടെന്ന് വിശ്രമജീവിതത്തിലേക്ക് വിളിക്കപ്പെട്ടു. വിശ്രമം ഈ കൊച്ചുജീവിതത്തെ തുരുമ്പിച്ച് നശിപ്പിക്കരുതല്ലോ. അതുകൊണ്ട് മുൻപരിചയമുള്ള അക്ഷരപൂജയിലേക്കു കടക്കാമെന്നു കരുതി. പേന വീണ്ടും കൈയിലെടുത്തപ്പോൾ യേശുവചനങ്ങൾ പ്രചോദനമായി. അധികം തുരുമ്പെടുക്കാതെ ഇത്രയും കാലം ദൈവം കാത്തു.

അങ്ങനെയിരിക്കെയാണ് വിവിധ കാലഘട്ടങ്ങളിൽ പറഞ്ഞതും എഴുതിയതും കുറിച്ചിട്ടതുമൊക്കെ കോർത്തിണക്കി അവയ്ക്കൊരു പുസ്തകരൂപം നല്കാൻ ആലോചിച്ചത്. ഈ ചിന്തയ്ക്ക് ഏറെ പിന്തുണയേകിയത് എന്റെ സന്ന്യാസസമൂഹത്തിന്റെ ജനറാളായ പെരിയ ബഹുമാനപ്പെട്ട ചാത്തൻപറമ്പിലച്ചനും വികാർ ജനറാളായ ബഹുമാനപ്പെട്ട ജോസി താമരശേരിയച്ചനുമാണ്.

ഈ പുസ്തകത്തിന്റെ അവതാരിക എഴുതിയിരിക്കുന്നത് മലങ്കര

www.malankaralibrary.com


കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ കർദിനാൾ മാർ ക്ലീമിസ് കാതോലിക്കാ ബാവയാണ്. അവതാരികയ്ക്കുവേണ്ടി സമീപിച്ചപ്പോൾ തിരക്കേറിയ ഔദ്യോഗിക കൃത്യങ്ങൾ ചെയ്തുതീർക്കാനുണ്ടായിട്ടും യാതൊരു തടസവും പറയാതെ, സന്തോഷത്തോടെ അവതാരിക എഴുതിത്തന്നു. തിരുമേനിയോടുള്ള നന്ദി വാക്കിലൊതുങ്ങുന്നതല്ല.


കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിനെ ആശംസാസന്ദേശത്തിനായി സമീപിച്ചപ്പോഴും ഒരു മടിയും പറഞ്ഞില്ല. പിതാവേ അങ്ങേയ്ക്കു നന്ദി.

ഉള്ളടക്കം മുഴുവൻ ശ്രദ്ധാപൂർവം വായിച്ചുനോക്കി തിരുത്തി ഭാഷാപരിശോധകനായി സഹായിച്ച് അനുഗ്രഹിച്ച മലയാള പണ്ഡിതനും കവിയുമായ, എന്റെ കൊച്ചനുജന്റെ സ്ഥാനത്തുള്ള ബഹുമാനപ്പെട്ട ജോയി ചെഞ്ചേരിൽ എംസിബിഎസ് അച്ചനോടുള്ള കടപ്പാട് ചെറുതൊന്നുമല്ല.

വിവിധ ആരാധനാക്രമങ്ങളെക്കുറിച്ചുള്ള ഒരു ലേഖനം ഈ പുസ്തകത്തിൽ ചേർക്കണമെന്ന് അൽമായ സഹോദരന്റെ ഭാഗത്തുനിന്ന് നിർദ്ദേശം വന്നപ്പോൾ അതു സ്വീകരിച്ചു. ഈ വിഷയത്തെക്കുറിച്ച് കൂടുതലായി പഠിച്ച് എഴുതാൻ ആരോഗ്യസ്ഥിതി അത്ര അനുവദിക്കുമായിരുന്നില്ലെങ്കിലും പണ്ഡിതരായ വ്യക്തികളുടെ സഹായത്തോടെ ആരാധനാക്രമങ്ങൾ സംബന്ധമായ ലേഖനം സാധ്യമായി.

എന്റെ പ്രായാധിക്യവും പരിമിതികളും നന്നായി മനസിലാക്കി എല്ലാക്കാര്യങ്ങളും ചെയ്തുതന്നെ പിന്നണി പ്രവർത്തകരാണ് ജോർഡി ജോർജും, സജി സിറിയക്കും പി.ടി. ജോണിയും. എല്ലാവർക്കും എന്റെ നന്ദിയുടെ കൂപ്പുകൈ. സ്നേഹോദാരമായിരുന്നു അവരുടെ ഓരോ സഹായവും. സഹായഹസ്തങ്ങൾ എന്നുതന്നെ അവരെ ഞാൻ വിളിക്കട്ടെ.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത കാഞ്ഞിരപ്പള്ളി വിമലാ ബുക്സിനും അതിന്റെ സാരഥിയായ ബഹുമാനപ്പെട്ട ജസ്റ്റിനച്ചനും അദ്ദേഹവുമായി എന്നെ പരിചയപ്പെടുത്തിയ കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാളും ദീപികയുടെ മുൻ ചീഫ് എഡിറ്ററുമായ ബോബി മണ്ണംപ്ലാക്കലച്ചനും നന്ദി.



ഫാ. അലക്സാണ്ടർ പൈകട സിഎംഐ

www.malankaralibrary.com

www.malankaralibrary.com

www.malankaralibrary.com

# കാലിത്തൊഴുത്തിന്റെ സന്ദേശവും ഫ്രാൻസിസ് പാപ്പയും

**പാ**പപങ്കിലമായ മനുഷ്യവംശത്തിനു ദൈവം വിശുദ്ധിയുടെ മുത്തം നൽകിയ ദിനമായിരുന്നു ക്രിസ്മസ്. അതിനെ ആദ്യ ക്രിസ്മസ് എന്നു വിളിക്കാനാവില്ല. കാരണം ക്രിസ്മസ് ഒന്നേ ഉണ്ടാ യിരുന്നുള്ളൂ. ഓരോ വർഷവും നാം ആഘോഷിക്കുന്നത് ആ ഏക ക്രിസ്മസിന്റെ അനുസ്മരണം മാത്രം. മണ്ണിൽ അവതീർണനായ ദൈവം വെറും മണ്ണായ മനുഷ്യനോടു സദൃശനാകുകയും ഇരുളി ലായിരുന്ന മാനവനേത്രങ്ങളിൽ നന്മയുടെ നക്ഷത്രങ്ങൾ തെളി ക്കുകയും ചെയ്ത ദിനം. ആ നക്ഷത്രപ്രകാശത്തിൽ ഒരു നവോദയം മാനവവംശത്തിൽ സംഭവിച്ചു. ഇരുളിൽ പ്രകാശമായവൻ പരമ ദരിദ്രമായ സാഹചര്യത്തിൽ യൗസേപ്പിന്റെയും മറിയത്തിന്റെയും താരാട്ടു കേട്ടുകിടക്കുകയും അവർ തെളിച്ച എണ്ണവിളക്കിനു മുന്നിൽ കണ്ണുകൾ ചിമ്മുകയും ചെയ്തു. ആ തുറന്ന മിഴികൾ മനുഷ്യ വംശത്തെ ഒന്നാകെ കണ്ടു. ഏറ്റവും വലിയ ബലിയായിത്തീർന്ന



www.malankaralibrary.com




*ന്യൂറോഫൈബ്രോമാറ്റോസിസ് എന്ന ജനിതകരോഗം മൂലം മുഖത്തും തലയിലും ശരീരമാകെയും മുഴകൾ നിറഞ്ഞ വിൻഷ്യോ റീവയെ ഫ്രാൻസിസ് മാർപാപ്പ 2013 നവംബർ ആറിന് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ആലിംഗനം ചെയ്ത് ചുംബിച്ചപ്പോൾ*

ഒരു ജീവിതത്തിന് ആരംഭംകുറിച്ച ദിനം. മനുഷ്യന്റെ രക്ഷയ്ക്കു തുടക്കമായ ദിനം. അങ്ങനെ അതൊരു സന്തോഷത്തിന്റെ വലിയ ദിനമായി, കാലാതീതമായി, ഇന്നും നിലനിൽക്കുന്നു.

യേശുവിന്റെ വിനയവും ആ വിനയത്തിൽ സ്ഫുരിച്ച ദൈവികമായ ആധികാരികതയും ഇന്നേവരെയുള്ള അദ്ദേഹത്തിന്റെ പ്രബോധനങ്ങളെയും പ്രവർത്തനങ്ങളെയും ഇഴപൊട്ടാത്ത ചരടിൽ കോർത്തിണക്കുന്നു. ഫ്രാൻസിസ് പാപ്പയുടെ ലളിതജീവിതശൈലിയും നീതിബോധവും പ്രസിദ്ധമാണ്.

ഇന്ന് എവിടെയും മുഴങ്ങിക്കേൾക്കുന്നത് വിനീതനായ ഫ്രാൻസിസ് പാപ്പയെപ്പറ്റിയുള്ള വിശേഷണങ്ങളാണ്. സഭാധികാരികളുടെ പ്രബോധനങ്ങളിലും പ്രസംഗങ്ങളിലും വിനീതനായ പാപ്പ നിറഞ്ഞു നില്ക്കുന്നു. എന്തോ ഒരു പുത്തൻ പഠനം സഭയ്ക്കു കിട്ടിയതു പോലെയാണ് ചിലരെല്ലാം പ്രസംഗിക്കുന്നതും എഴുതുന്നതും. ഇങ്ങനെ എഴുതുന്നവരും പറയുന്നവരും ഓർക്കേണ്ട ഒരു കാര്യമുണ്ട്. ഇതൊന്നും സഭയുടെ പുത്തൻ പഠനങ്ങളല്ല; മറിച്ച്, യേശുവിന്റെ ആദ്യ ബേത്‌ലഹം രാവ് വിളിച്ചോതിയ വിനയത്തിന്റെ സന്ദേശമാമാണിതെല്ലാം എന്ന്. ഇത് ഉൾക്കൊള്ളാത്തവർ, അവർ സഭാനേതൃത്വത്തിൽ ഉള്ളവരായിരുന്നാൽപ്പോലും മാർപാപ്പയുടെ

www.malankaralibrary.com


ലാളിത്യവും വിനയവും മറ്റുള്ളവർക്ക് പ്രസംഗവിഷയമാക്കുമ്പോൾ, സ്വന്തം ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കണം. അത്തരം ആധികാരികമൂല്യങ്ങൾക്ക് സ്വന്തം ജീവിതത്തിൽ പ്രവേശനം നല്കുന്നുണ്ടോയെന്ന്.

ഫ്രാൻസിസ് പാപ്പ എവിടെനിന്നാണ് ഈ വിനയത്തിന്റെ പാഠം പഠിച്ചത്? അദ്ദേഹത്തിന്റെ പഠനത്തിന്റെ സ്രോതസ് അല്ലെങ്കിൽ മൂല ഗ്രന്ഥം മറ്റുള്ളവർക്കാർക്കും ലഭ്യമായിരുന്നില്ലേ? മാർപാപ്പ പഠിച്ചത് ഇന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്ന കാലിത്തൊഴുത്തുജീവിതത്തിൽനിന്നും കാൽവരി അനുഭവങ്ങളിൽനിന്നും അല്ലേ?

പാവങ്ങളുടെ പക്ഷം ചേരുന്നതിനെപ്പറ്റി കേൾക്കാനും എഴുതാനും തുടങ്ങിയിട്ടു കാലം കുറേയായി. അധികാരകേന്ദ്രങ്ങളിൽ പിടിപാടുണ്ടാക്കുന്നതിനുവേണ്ടി എന്തും ബലികൊടുക്കാൻ തയാറാകുന്നവരുണ്ട്. അത്തരക്കാരുടെ കളിപ്പാവകളാകുന്നവർക്ക് ബേത്ലഹമിലെ ലാളിത്യവും ബേത്ലഹമിൽനിന്നു പഠിച്ച ഫ്രാൻസിസ് പാപ്പയുടെ ലാളിത്യവും വെറും പ്രസംഗവിഷയംമാത്രമാണ്, പ്രായോഗിക ജീവിതമൂല്യങ്ങളല്ല.

ബേത്ലഹമിലെ ഉണ്ണി വളർന്ന് കാൽവരിവരെ നീണ്ട തന്റെ യാത്രയിൽ ആരുടെയെങ്കിലും ഔദാര്യം സ്വീകരിച്ച് പോക്കറ്റിനു കനം വരുത്തിയതായി കേട്ടിട്ടില്ല. അവിടുന്ന് എവിടെയും നന്മ വർഷിക്കുക മാത്രമാണു ചെയ്തത്.



www.malankaralibrary.com


യേശുവിനെ തേടി കിഴക്കുനിന്നുള്ള ജ്ഞാനികൾ തന്റെ കൊട്ടാരത്തിൽ വന്നപ്പോൾ ഹേറോദേശിനു സന്തോഷമായി. അവരെ സ്വീകരിച്ചശേഷം ആവശ്യപ്പെട്ടു, രാജസുതനെ കണ്ടശേഷം തന്റെ പക്കൽ മടങ്ങിവരണം എന്ന്. അവരെ വിലയ്ക്കു വാങ്ങിക്കളയാം എന്നാണ് ഹേറേദേശ് കരുതിയത്. തിരിച്ചുവരുന്ന ജ്ഞാനികളെ സത്കരിക്കാൻ, അവരുടെ ഭാണ്ഡങ്ങൾ നിറയ്ക്കാൻ, എല്ലാം ഒരുക്കി ഹേറോദേശ് കാത്തിരുന്നു. വിലയ്ക്കെടുക്കപ്പെടാൻ നിന്നുകൊടുക്കാതെ ജ്ഞാനികൾ ഉണ്ണീശോയെ കാണുകയെന്ന ലക്ഷ്യം സാധിച്ചു കഴിഞ്ഞപ്പോൾ സംതൃപ്തരായി സ്വന്തം വഴിക്കു തിരിച്ചുപോയി. അവർ ഹേറോദേശിനെ വിശ്വസിച്ചു സത്കാരം സ്വീകരിക്കാൻ പോയിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ജ്ഞാനികൾ മടങ്ങിവരാത്തതിൽ നിരാശനായ ഹേറോദേശ് ക്വട്ടേഷൻ സംഘങ്ങളെയും അന്നത്തെ കൂലിത്തല്ലുകാരെയും അയച്ച് ആൺകുഞ്ഞുങ്ങളുടെയെല്ലാം തലയരിഞ്ഞു എന്ന് വിശുദ്ധഗ്രന്ഥത്തിൽ വായിക്കുന്നു. ജനിച്ച രാജാവിനെ ഇല്ലായ്മ ചെയ്യാനുള്ള നീക്കത്തിൽ നിരപരാധികളുടെ രക്തത്തിൽ കുതിർന്ന് ഹേറോദേശിന്റെ ജീവിതം കറപുരണ്ടതായപ്പോൾ ക്വട്ടേഷൻ സംഘത്തിനും കൂലിത്തല്ലുകാർക്കും ദൗത്യനിർവഹണത്തിൽ ആഹ്ലാദം തോന്നിയിരിക്കാം.

കാലിത്തൊഴുത്തിൽ പിറന്ന് കാലികളോടൊപ്പം പുൽത്തൊട്ടിയിൽ ശയിച്ച ദൈവപുത്രനായ യേശുവിന്, പരിശുദ്ധരിൽ പരിശുദ്ധന്, പള്ളികൊള്ളാൻ ശതകോടികളുടെ പള്ളി പണിയുന്നവർക്ക് ദരിദ്രരിൽ ദരിദ്രനായി പിറന്ന യേശുവിന്റെ ലാളിത്യത്തെപ്പറ്റിയും ആഡംബരജീവിതത്തെ എതിർക്കുന്ന ഫ്രാൻസിസ് പാപ്പയുടെ ലാളിത്യത്തേപ്പറ്റിയും ഈ ക്രിസ്മസ് ദിനത്തിൽ സുദീർഘം പ്രസംഗിക്കാൻ കഴിഞ്ഞേക്കാം. കഴിഞ്ഞേക്കാമെന്നല്ല, കഴിയുകതന്നെ ചെയ്യും. മുൻഗണനാക്രമത്തിൽ മൂല്യനിർണയം നടത്താൻ നമുക്കാർക്കും എളുപ്പമല്ലെന്നതുതന്നെ സത്യം. സ്വന്തം ഹാൻഡ് ബാഗും തൂക്കിപ്പിടിച്ച് വിമാനത്താവളത്തിൽ ക്യൂ നിൽക്കുന്ന ഫ്രാൻസിസ് മാർപാപ്പയെവിടെ, ശുശ്രൂഷയ്ക്കായി സെക്രട്ടറിമാരെ കാത്തുനിൽക്കുന്ന ആധുനിക ശിഷ്യരെവിടെ.

www.malankaralibrary.com

# ബലഹീനത – പൗരോഹിത്യ മുഖമുദ്ര

*(ഒരു പുരോഹിതന്റെ ജീവിതം എങ്ങനെയായിരിക്കണം? ഒരു വൈദികനാവുക എന്നാൽ ക്രിസ്തുവാകുകയാണ്)*

രണ്ടുമൂന്നു ദശാബ്ദങ്ങൾക്കുമുമ്പ് ഒരു പ്രമുഖ സെമിനാരിയിൽ പട്ടമേൽക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന അവസാനവർഷ സെമിനാരി വിദ്യാർഥികളോട് അവരുടെ റെക്ടർ നടത്തിയ പ്രസംഗത്തിന്റെ കോപ്പി ഒരിക്കൽ കാണാനിടയായി. അതിലെ ചില ചിന്തകൾ എന്നെ ആകർഷിച്ചു. അതുകൊണ്ട് അതു സൂക്ഷിച്ചു വച്ചു. പൗരോഹിത്യജീവിതം തെരുവിൽ അലക്കപ്പെടുന്ന ഇക്കാലത്ത് ആ ചിന്തകൾക്ക് ഒരു പ്രസക്തി തോന്നിയതുകൊണ്ട് അതിവിടെ കുറിക്കുന്നു.

റെക്ടറുടെ പ്രസംഗം ഇങ്ങനെ: "എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ... നിങ്ങളുടെ തിരുപ്പട്ട സ്വീകരണത്തിനുള്ള ദിവസങ്ങൾ സമീപിക്കുമ്പോൾ വൈദികജീവിതത്തിൽ, ഭാവിയിൽ നിങ്ങൾ നേരിടാൻ പോകുന്ന വെല്ലുവിളികളെപ്പറ്റി, നിങ്ങളുടെ ഭാവിജീവിതത്തെ ആകെ ചൂഴ്ന്നുനിൽക്കുന്ന വൈദികഅസ്തിത്വത്തെപ്പറ്റി, ഞാൻ അറിയാതെതന്നെ ചിന്തിച്ചുപോകുകയായിരുന്നു. മൂന്നു വർഷമായി നമ്മൾ ഒന്നിച്ചാണു ജീവിക്കുന്നത്. ഈ ദൈവശാസ്ത്ര പഠനകേന്ദ്രത്തിലേക്ക് നമ്മൾ ഒന്നിച്ചാണെത്തിയത്. അങ്ങനെ നമ്മൾ ഇവിടെ ഒന്നിച്ചു ജീവിക്കാനാരംഭിച്ചു. ഇപ്പോഴിതാ നിങ്ങൾ പുരോഹിതരാകാൻ പോകുന്നു.

തൊഴിലന്വേഷകനെ അവന്റെ അഭിരുചിയും ആഭിമുഖ്യവും പരിശോധിച്ചു വിലയിരുത്തുക സാധാരണമാണല്ലോ. ഒരുവനെ വിലയിരുത്തുന്നവർ അവന്റെ സ്വാഭാവിക പ്രവർത്തനശേഷികൾ അക്കമിട്ട് ലിസ്റ്റ് ചെയ്യും. ഒരുവൻ നല്ലൊരു പ്രാസംഗികനാണ്, നല്ല ബുദ്ധിമാനാണ്, നേതൃത്വവാസനയുണ്ട്, വാദപ്രതിവാദശേഷിയുണ്ട്. കൊള്ളാം – നല്ലൊരു വക്കീലാകാൻ പറ്റിയ വ്യക്തിയാണ് ഇവനെന്നു തീരുമാനിക്കും. മറ്റൊരാൾ വിവേകത്തോടെ തീരുമാനങ്ങ

www.malankaralibrary.com


ളിൽ എത്താൻ സാധിക്കുന്നവൻ, തികച്ചും ശാസ്ത്രീയമായൊരു മാനസികാവസ്ഥ, നല്ല കയ്യടക്കം, കൈപ്പുണ്യം, പിന്നെ നല്ല മനുഷ്യത്വം – വൈദ്യശാസ്ത്രമേഖലയിൽ നല്ലൊരു സർജനായി ശോഭിക്കാൻ പറ്റിയവൻ എന്നതാകും നിഗമനം.

ഈ വിലയിരുത്തൽരീതി പൗരോഹിത്യത്തിന്റെ കാര്യത്തിലേക്കും പ്രയോഗിക്കാനുള്ള ഒരു പ്രവണത ഇപ്പോഴുണ്ട്. ഏതു കാര്യത്തിലൊക്കെയാണ് ഒരുവന്റെ മിടുക്ക് എന്നൊരു അന്വേഷണം. മറ്റുള്ളവരുമായി നന്നായി ഇണങ്ങിച്ചേരുമോ, നല്ല ഗ്രഹണശക്തിയുണ്ടോ, ശ്രദ്ധിക്കപ്പെടുന്ന ആന്തരിക പവിത്രതയും സത്യസന്ധതയുമുണ്ടോ, നല്ല വിവേചനമുണ്ടോ, സാമാന്യബുദ്ധിയും പ്രാർഥനാശീലവുമുണ്ടോ – കൊള്ളാം; അങ്ങനെയുള്ള ഒരുവൻ നല്ല വൈദികനാകുമെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു.

ഇത്തരത്തിലുള്ള വിലയിരുത്തലുകൾ പൗരോഹിത്യജീവിത തെരഞ്ഞെടുപ്പിൽ അപകടകരമാണെന്ന് എനിക്കു തോന്നുന്നു. ഇവിടെ അടിയന്തരസ്വഭാവമുള്ള മറ്റൊരു ചോദ്യമുണ്ട്, പൗരോഹിത്യജീവിതത്തെപ്പറ്റി പറയുമ്പോൾ. വൈദികനാകാനുള്ള ബലഹീനത ഇവനുണ്ടോ? ഇവിടെ ഇതു ചോദിക്കുമ്പോൾ എന്താണ് അർഥമാക്കുന്നതെന്നു പറയാം. ജീവിതത്തിൽ ഒഴിവാക്കാനാവാത്തവിധം അവശ്യസഹനങ്ങൾ ഉള്ള ഒരു വ്യക്തിയാണോ അവൻ? ജീവിതത്തിൽ ഏറെ സഹിക്കുന്ന ഒരു ശരാശരി മനുഷ്യനെ മനസ്സിലാക്കാൻ കഴിയുന്നവനാണോ അവൻ? കാരണം, ഹെബ്രായർക്കുള്ള ലേഖനം വ്യക്തമാക്കുന്നതുപോലെ, ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷയുടെ കാര്യക്ഷമത അടങ്ങിയിരിക്കുന്നത് ഈ അപൂർണതയിലും അപര്യാപ്തതയിലും ആന്തരിക കുറവിലും ഈ ബലഹീനതയിലുമാണ്.

'നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ; ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാക്കാര്യങ്ങളിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണവൻ. അതിനാൽ, വേണ്ട സമയത്ത് കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം. അവൻതന്നെ ബലഹീനനായതുകൊണ്ട് അജ്ഞരോടും വഴിതെറ്റിയവരോടും വേണ്ടത്ര സഹതാപത്തോടെ പെരുമാറുവാൻ അവനു കഴിയും' (ഹെബ്രാ. 4:5).

സഹജീവികളുടെ ബലഹീനതയിൽ അവരോടു സഹതപിക്കാൻ

www.malankaralibrary.com


കഴിയുന്നവനാകണം പുരോഹിതൻ. എല്ലാം സ്വന്തമായുണ്ടെങ്കിലും അതിന് അടിമയാകാതിരിക്കാൻ ശ്രമിക്കുന്നവനുമാകണം അവൻ.

ഹെബ്രായ ലേഖനത്തിലെ ഈ വെളിപാടിന്റെ ഗാംഭീര്യത്തിലേക്ക്, പ്രാധാന്യത്തിലേക്ക്, ഗൗരവത്തിലേക്ക് കടന്നുചെല്ലുക വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബലഹീനതയും പൗരോഹിത്യവും സംഗമിക്കുന്നിടത്ത് ദൈവവിളിയുടെ ഭാഗമായ കുറവുകളെപ്പറ്റി ചിന്തിക്കുക പ്രാധാന്യമേറിയ കാര്യമാണ്. ഈ വെളിപാടിന്റെ പ്രാധാന്യത്തിലേക്കു നാം കടന്നുചെല്ലാത്തപക്ഷം, ആഗ്രഹങ്ങളുടെയും കഴിവുകളുടെയും ഒരു സംയോജനമായി പൗരോഹിത്യ ജീവിതത്തെ കണ്ടുകൊണ്ട്, തങ്ങളുടെ ജീവിതത്തെ ഭൗതികമോ മതനിരപേക്ഷമോ ആയി പലരും മാറ്റിയേക്കാം. നമ്മുടെ ബലഹീനതകളെ പൗരോഹിത്യത്തിനുള്ള ഭീഷണിയായോ അപകട സൂചനയായോ കരുതി, ശരിയായ ദൈവവിളി ഉണ്ടായിരുന്നില്ല, ഒരു പുനർവിചിന്തനം ആവശ്യമാണ് എന്ന വിചാരം ചിലരിൽ കടന്നുവന്നെന്നിരിക്കാം. ഒരിക്കൽ തങ്ങളുടെ ഭാഗധേയം വൈദികജീവിതം എന്നു കരുതി വിശ്വസ്തതയോടും ഉദാരതയോടുംകൂടി നേടിയെടുക്കാൻ ലക്ഷ്യംവച്ചിറങ്ങിയവനാകാം ഒരുവൻ. എന്നാൽ, തന്റെ ലക്ഷ്യത്തിലെത്താനുള്ള ധാർമിക വിഭവസമൃദ്ധിയോ കർമശേഷിയോ തങ്ങൾക്കില്ലെന്ന ചിന്ത ചിലരിൽ പിന്നീട് കടന്നുവന്നു എന്നിരിക്കും. കാരണം, കുറവുകൾ നിറവുകളാക്കുകയാണ് വൈദികൻ ചെയ്യേണ്ടതെന്ന കാര്യം അവൻ മനസ്സിലാക്കാതെ പോകുന്നു.



www.malankaralibrary.com


ബലഹീനതകൾ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുക? പാപ സാഹചര്യങ്ങൾ, പാപത്തിലേക്കുള്ള ചായ്‌വുകൾ എന്നിവ ഇതിൽ ഉൾക്കൊണ്ടേക്കാമെങ്കിലും അതു പാപാനുഭവമല്ല, മറിച്ച്, ത്യാഗാനുഭവത്തിന്റേതായ, സഹനത്തിന്റേതായ ഒരു പ്രത്യേക പ്രായോഗിക അനുഭവമാണ്. സ്വന്തം ബലഹീനതകളെപ്പറ്റിയുള്ള ആഴമായ ഒരു ബോധ്യം. വളരെയേറെ പരിശ്രമിച്ചിട്ടും നേടിയെടുക്കാനാഗ്രഹിച്ച, എന്നാൽ, വിജയം നേടിയെടുക്കാനാവാത്ത ആ ബലഹീനത. ഭാവി സുരക്ഷിതമാക്കാൻ, സ്വയം സംരക്ഷിക്കാൻ, അല്ലെങ്കിൽ, വ്യക്തതയോടും ഉറപ്പോടുംകൂടെ, നാണക്കേടും കഷ്ടപ്പാടുകളും വേദനയും ഒഴിവാക്കി ജീവിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം എന്നതൊക്കെയാണ് ബലഹീനതകൾ എന്നു പറയുമ്പോൾ അർഥമാക്കുന്നത്.

അവശ്യസാമർഥ്യവും ബുദ്ധിയും അല്ലെങ്കിൽ വേണ്ടത്ര നയചാതുരിയും കുലുക്കമില്ലായ്മയും സമചിത്തതയും ഉണ്ടെങ്കിൽ ഒരുവന് അവന്റെ വീക്ഷണചക്രവാളങ്ങളെയും പ്രതീക്ഷകളെയും നിയന്ത്രിക്കാനും ആഗ്രഹിക്കുന്ന കാര്യങ്ങൾ ഒരു പരിധിവരെ നേടിയെടുക്കാനും കഴിയും. സ്ഥിതിവിശേഷം മോശമാകുന്നതിനുമുൻപ് അവന്റെ ലക്ഷ്യത്തിന്റെ പരിധികൾ സുരക്ഷിതമാക്കാനും കുറവോ നാണക്കേടോ പരാജയബോധമോ കൂടാതെ ജീവിക്കാനും കഴിയും. ഇന്നലെകളിലെ ഒരുവന്റെ ജീവിതംകൊണ്ടോ അവന്റേതായ പ്രത്യേക സ്വഭാവവിശേഷംകൊണ്ടോ അവൻ ആയിരിക്കുന്ന സാഹചര്യം കൊണ്ടോ ഇക്കാര്യങ്ങൾ സാധിക്കുന്നില്ലെങ്കിൽ അവന്റെ ജീവിതത്തിന്റെ ഉള്ളിന്റെയുള്ളിൽ അവൻ ബലഹീനത അനുഭവിക്കും. അപ്പോൾ അവന്റെ ബലഹീനതാനുഭവം പൗരോഹിത്യത്തിനെതിരേ യുദ്ധം ചെയ്യുന്നതിനു പകരം അവന് ഈ അനുഭവം പൗരോഹിത്യത്തിന്റെ അവശ്യഘടകത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് ഉണ്ടാവുകയാണു വേണ്ടത്.

ആധുനിക തത്ത്വശാസ്ത്രത്തിൽ യേശുവിന്റെയും സോക്രട്ടീസിന്റെയും മനുഷ്യമഹത്വത്തെ വിലയിരുത്തുന്ന ഒരു പുരാതന താരതമ്യപഠനമുണ്ട്. തന്റെ മരണത്തെ സോക്രട്ടീസ് വളരെ ശാന്തമായി, സമചിത്തതയോടെ സമീപിച്ചു. കോടതിയുടെ വിധി സ്വീകരിച്ചു. യാതൊരു ഭയവുമില്ലാതെ മരണത്തെ പുൽകി. വിഷം വാങ്ങിക്കുടിച്ചു മരിച്ചു.

എന്നാൽ, എത്രയോ ഭിന്നമായിരുന്നു യേശുവിന്റെ മരണം. ഭയവും ഭീതിയുംകൊണ്ട് അപസ്മാരബാധിതൻ എന്ന രീതിയിൽ ആയതുപോലെ. സുഹൃത്തുക്കളിൽനിന്നു സാന്ത്വനംതേടുന്നു. പരമ

www.malankaralibrary.com


പിതാവിനോടു പരാതിപ്പെടുന്നു. രണ്ടും നടന്നില്ല. സാന്ത്വനമില്ല, പരാതി പരിഗണിക്കപ്പെടുന്നുമില്ല. അവസാനം, ക്രിസ്തു ആത്മ നിയന്ത്രണം നേടി. നിശബ്ദതയിൽ, ഏകാന്തതയിൽ, ഒറ്റപ്പെടലിൽ, മരണം കൈവരിച്ചു. ഒരിക്കൽ കരുതി, അവർ രണ്ടുതരത്തിലുള്ള മരണം കൈവരിച്ചതുകൊണ്ടാണ് ഈ താരതമ്യപഠനം ഉണ്ടായ തെന്ന്. ഈ താരതമ്യപഠനം ശരിയാണെങ്കിലും ഇതൊരു അനു മാനം അല്ലെങ്കിൽ പരികല്പന മാത്രമാണെന്നും വെറും അപ്രധാ നമായ അനുമാനമാണെന്നും മനസ്സിലാക്കണം.

ഇപ്പോൾ തോന്നുന്നു; യേശു സോക്രട്ടീസിനേക്കാൾ വളരെ ബല ഹീനനായൊരു മനുഷ്യനായിരുന്നുവെന്ന്. ആഥൻസിനെയോർത്ത് സോക്രട്ടീസ് ഒരിക്കലും കരഞ്ഞില്ല. തന്റെ സുഹൃത്തുക്കൾ തന്നെ വഞ്ചിച്ചതിനെപ്പറ്റി സങ്കടമോ വേദനയോ പ്രകടിപ്പിച്ചില്ല. അയാൾ സ്വയം നിയന്ത്രണമുള്ളവനായിരുന്നു, സമഗ്രതയുള്ളവനായിരുന്നു, ആയിരിക്കുന്നതിൽ കൂടുതലെന്തോ ആണെന്നു കരുതാത്തവനാ യിരുന്നു. നീതിമാന് ഒരിക്കലും യഥാർഥ മുറിവേൽക്കുകയില്ലെന്ന് അയാൾക്കു ബോധ്യമുണ്ടായിരുന്നു. അക്കാരണംകൊണ്ട് ജീവിച്ചി രുന്നവരിലേക്കും ഏറ്റം കേമനായിരുന്നു സോക്രട്ടീസ്. എന്നാൽ, നസ്രത്തിലെ യേശു ഒരു പുരോഹിതനായിരുന്നു. പീഡകൾ അനു ഭവിക്കുന്ന, രഹസ്യാത്മകമായ, രക്ഷാകരമായ ഒരു വ്യക്തിത്വം. യഥാർഥ പുരോഹിതരും അങ്ങനെതന്നെയാണ്.

ഒരു പുരോഹിതൻ പീഡാനുഭവത്തിനു വിധേയനായിരിക്കണം, മനു ഷ്യനെപ്പോലെ ബലഹീനനാകണം. കാരണം, അനുദിനം യേശു വിന്റെ ശരീരത്തെ സ്പർശിക്കുന്ന വൈദികൻ ബലഹീനനായ യേശുവിനെപ്പോലെ ആകണം. സാധാരണ കത്തോലിക്കൻ ഒരു വൈദികനെ മനസ്സിലാക്കുന്നത് സഭയിലെ വിശുദ്ധ കുർബാനയി ലൂടെയാണ്. എന്താണ് വിശുദ്ധ കുർബാന? തീർച്ചയായും ക്രിസ്തു വിന്റെ ശരീരം. എങ്ങനെയാണ് അക്കാര്യം മനസ്സിലാക്കിയത്? മനു ഷ്യൻ സ്വയം മനസ്സിലാക്കുക സ്വാഭാവികമായും തന്റെ സ്വന്തം ശാരീ രിക രൂപത്തിലൂടെയാവും. ഒരുവന്റെ ആത്മവിശ്വാസത്തെ ശരീര ത്തിന്റെ രൂപഭാവങ്ങൾ സ്വാധീനിക്കുന്നു എന്നു വ്യക്തം.

യേശു തന്റെ ശരീരത്തെ എങ്ങനെയാണു മനസ്സിലാക്കിയത്? നമുക്കുവേണ്ടി മുറിക്കപ്പെട്ട ഒരു ശരീരം. നമുക്കുവേണ്ടി ചിന്തപ്പെട്ട രക്തം. ശരീരത്തിന്റെ തകർച്ചയിലൂടെയാണ് അവിടുന്നു സ്വയം ബലി യായത്. മുറിക്കപ്പെടുകയും മുറിക്കപ്പെട്ട അപ്പം മനുഷ്യർ ഭക്ഷിക്കു കയും ചെയ്യുമ്പോഴാണ് ഈശോയുടെ പ്രസാദവരപ്രവേശം നമ്മിൽ

www.malankaralibrary.com


സംഭവിക്കുക. മുറിക്കപ്പെടുവാനും ചിന്തപ്പെടുവാനുമുള്ള തന്റെ കഴിവാണ് അവിടുത്തെ പൗരോഹിത്യം ഫലദായകമാക്കുന്നതും വിശുദ്ധ കുർബാന സാധ്യമാക്കുന്നതും. പ്രത്യക്ഷത്തിൽ എത്ര അയുക്തികവും വിചിത്രവുമാണ് ഈ രഹസ്യം. കൃത്യമായി പറഞ്ഞാൽ, നമ്മുടെ മനുഷ്യത്വത്തിന്റെ ബലഹീനതയിലൂടെയാണ് നമ്മുടെ പൗരോഹിത്യത്തിന്റെ ശക്തി പ്രകടമാകുന്നത്.

'നിനക്ക് എന്റെ കൃപ മതി. എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവാധികം ശക്തിയോടെ എന്റെ ബലഹീനതയെക്കുറിച്ച് പ്രശംസിക്കും. അതുകൊണ്ട്, ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ ക്രിസ്തുവിനെപ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ, ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്' (2 കൊറി. 12:9-10).

സഭാസമൂഹമാകെയും വൈദികസമൂഹം ബലഹീനതയിൽ പരസ്പരം സഹായമാകണം; അനുദിനം ഓരോരുത്തരുടെയും തെറ്റുകൾ ക്ഷമിച്ചുകൊണ്ടും പരസ്പരം ഭാരം വഹിച്ചുകൊണ്ടും. വൈദികവിളിയുടെ അവശ്യഭാഗമാണ് ബലഹീനതകളെന്നു സിദ്ധാന്തിക്കുകയും അതേസമയം, ബലഹീനതകളുള്ള വ്യക്തികളെ തരംതാഴ്ത്തിക്കാണിക്കുകയും ചെയ്യുന്നത് യുക്തിരഹിതമാണ്.

വിവിധ തരത്തിലാകാം ഓരോരുത്തരുടെയും കുറവുകൾ പ്രകടമാകുക. ചിലർ ചേതന നശിച്ചവരെപ്പോലെ ഒന്നും കാര്യമായി എടുക്കാത്തവരാകാം. ചിലർ തീർത്തും സാമർഥ്യമില്ലാത്തവരാകാം. ചിലർ വൃത്തിയായും മാന്യമായും സമൂഹത്തിൽ പെരുമാറാത്തവരാകാം. ഇങ്ങനെയുള്ളവരുടെ ബലഹീനതകൾ ഉൾക്കൊള്ളാതെ അഭിപ്രായവ്യത്യാസങ്ങളും അസഹിഷ്ണുതയും പ്രകടിപ്പിക്കുകയും ഇവ ശത്രുതയായി പരിണമിക്കുകയും ആ ശത്രുത തുടർന്നുകൊണ്ടുപോകുകയും ചെയ്യുന്നത് വൈദികജീവിതത്തിൽ ശുദ്ധ അസംബന്ധമാണ്. അവിടുന്ന് നമ്മെ സ്നേഹിച്ചതുപോലെ നമ്മൾ പരസ്പരം സ്നേഹിക്കണമന്നതാണല്ലോ യേശുവിന്റെ കല്പന. ബലഹീനതയിലും നമ്മുടെ ബലഹീനതയെ പരിഗണിച്ച് വിശുദ്ധ കുർബാനയായിത്തീർന്നവനാണവൻ. അതാണ് നമ്മുടെ വൈദികജീവിതത്തിന് ആധാരം, നമ്മുടെ വൈദിക കൂട്ടായ്മയുടെ അഗാധമായ രഹസ്യം. അതുകൊണ്ട് എല്ലാവരും പരസ്പരം ക്ഷമിക്കണം.

www.malankaralibrary.com




ബലഹീനതയിലും പുരോഹിതജീവിതത്തെ ദൈവം അനുഗ്ര ഹിക്കും. 'നിങ്ങളോട് ഇടപെടുന്നതിൽ അവൻ ദുർബലനല്ല, ശക്ത നാണ്. അവൻ ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു. എന്നാൽ, ദൈവ ത്തിന്റെ ശക്തിയാൽ ജീവിക്കുന്നു. ക്രിസ്തുവിൽ ഞങ്ങളും ബല ഹീനരാണ്. എന്നാൽ, നിങ്ങളോടു പെരുമാറുമ്പോഴാകട്ടെ ഞങ്ങൾ അവനോടുകൂടെ ദൈവത്തിന്റെ ശക്തികൊണ്ടു ജീവിക്കും' (2 കൊറി. 13:3-4).

വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986-ലെ പെസഹാ ദിനത്തിൽ നൽകിയ സന്ദേശം വൈദികജീവിതത്തെ സംബന്ധി ച്ചിടത്തോളം എക്കാലവും പ്രസക്തമാണ്. ആ സന്ദേശത്തിലെ ആശയം ഏതാണ്ട് ഇപ്രകാരമാണ്: 'വൈദികൻ അല്മായനുവേണ്ടി യുള്ളവനാണ്. വത്തിക്കാൻ കൗൺസിൽ സുന്ദരമായി അവതരി പ്പിച്ചിരിക്കുന്നതുപോലെ, മാമ്മോദീസ സ്വീകരിച്ചവരെല്ലാം പൗരോ ഹിത്യത്തിൽ പങ്കാളികളാണ്. ആ പൗരോഹിത്യത്തിൽ അവർ പങ്കു ചേരുന്നത് അവരുടെ ജീവിതത്തെ ആത്മീയ സമർപ്പണമാക്കി ക്കൊണ്ടും കുടുംബജീവിതത്തിൽ ക്രിസ്തീയചൈതന്യത്തിനു സാക്ഷ്യം നൽകിക്കൊണ്ടും ഭൗതികവസ്തുക്കളുടെ നടത്തിപ്പു കാരായിക്കൊണ്ടുമാണ്. ഈ അല്മായദൗത്യത്തിൽ വൈദികർ അവർക്കാവശ്യമായ പിന്തുണ നൽകുകയും അവരെ പ്രചോദിതരാ ക്കുകയും ചെയ്യണം. അല്മായരുടെ പൊതു പൗരോഹിത്യദൗത്യ ത്തിൽനിന്നും വ്യത്യസ്തമായ ഒരു തലത്തിലുള്ളതാണ് വൈദിക രുടെ പൗരോഹിത്യദൗത്യം.'

ശിരസ്സായ മിശിഹായുടെ നാമത്തിൽ പ്രവർത്തിക്കേണ്ടവനാണ്

www.malankaralibrary.com


വൈദികൻ. യേശുക്രിസ്തു നമുക്ക് പ്രാപ്യമാക്കിത്തീർത്ത പുതു ജീവിതത്തിലേക്ക് ജനങ്ങളെ നയിക്കാൻ, അവർക്കു ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യാൻ; അതായത്, ദൈവവചനം നൽകാൻ, പാപമോചനം നൽകാൻ, ജീവന്റെ അപ്പം നൽകാൻ, യേശുവിന്റെ ശരീരത്തിലേക്ക് ഒന്നിച്ചു കൂട്ടുവാൻ, യേശുവിന്റെ പ്രതിഛായകളായി തന്നിൽത്തന്നെ രൂപംകൊള്ളാൻ, ദൈവത്തിന്റെ രക്ഷാകര പദ്ധതിക്കനുസരിച്ചു ജീവിക്കാൻ, ശിരസ്സായ യേശുവിന്റെ നാമത്തിൽ അല്മായർക്കുവേണ്ടി പ്രവർത്തിക്കുക - ഇതെല്ലാമാണ് വൈദികധർമ്മം. ചുരുക്കിപ്പറഞ്ഞാൽ വൈദികരുടെ വ്യക്തിത്വം അടങ്ങിയിരിക്കുന്നതും വെളിപ്പെടുത്തുന്നതും ആത്മാക്കളോടുള്ള യേശുവിന്റെ സ്നേഹം സർഗാത്മക പ്രവർത്തനങ്ങളിലൂടെ പ്രകടമാക്കുന്നതിലാണ്.

വൈദികരെ അല്മായരെപ്പോലെയാക്കുന്നതിനുള്ള പരിശ്രമങ്ങൾ സഭയെ നശിപ്പിക്കും. അല്മായരുടെ പ്രശ്നങ്ങളിൽനിന്നും വൈദികർ അകന്നുനിൽക്കണമെന്നല്ല അർഥമാക്കുന്നത്. ഒരു വൈദികൻ വിശുദ്ധ ജോൺ വിയാനിയെപ്പോലെ അവരോടു വളരെ സമീപസ്ഥനായിരിക്കണം. അവരുടെ രക്ഷയും ദൈവരാജ്യത്തിലേക്കുള്ള അവരുടെ വളർച്ചയും മുന്നിൽക്കണ്ടാണ് വിശുദ്ധ ജോൺ വിയാനി പ്രവർത്തിച്ചത്. ഭൗതികജീവിതം മാറ്റിനിറുത്തിയാലുള്ള ജീവിതത്തിന്റെ സാക്ഷിയും ആ ജീവിതം പകർന്നുനൽകുന്നവനുമാകണം ഒരു വൈദികൻ. വിശുദ്ധ ജോൺ വിയാനിയെപ്പോലെ വൈദികജീവിതത്തിന് ലംബസമാനമായ ഒരു മാനമുണ്ട്. അതു മനസിലാക്കി



www.malankaralibrary.com


ക്കൊണ്ട് വൈദികന്റെ വ്യക്തിത്വം സംരക്ഷിക്കേണ്ടത് തിരുസഭയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ കാര്യമാണ്.

ദൈവത്തിന്റെ അൾത്താരയുടെ മുമ്പിലും മെത്രാന്റെ മുമ്പിലും - അങ്ങനെ രണ്ടു പ്രാവശ്യമാണ് വൈദികൻ ദൈവാലയത്തിൽ കിട ക്കുന്നത്. ഒന്നാമത്, തിരുപ്പട്ട സ്വീകരണത്തിന്, കമിഴ്ന്ന്. പിന്നീട് മൃതസംസ്കാരത്തിന്, മലർന്ന്! ആ രണ്ടു നിമിഷങ്ങൾ അവാച്യവും അവർണനീയവുമായ ആദരവിന്റെ വൈകാരിക നിമിഷങ്ങളാണ്. ആ രണ്ടു നിമിഷങ്ങൾക്കിടയിലും സംഭവിക്കുന്നത് വിവരണാതീ തമായ ഒരു വീരഗാഥ, ഒരു പുരാവൃത്തം ആയിരിക്കും. ദൈവത്തിന്റെ അനന്തമായ കൃപാവരങ്ങൾ വിളിച്ചുപറയുന്ന വീരഗാഥ - പൗരോ ഹിത്യത്തിന്റെ കൃപാവരങ്ങൾ പുരോഹിതകരങ്ങളിലൂടെ ഒഴുകി ദൈവജനത്തെ ദൈവത്തിലേക്കു നയിച്ചതിന്റെ വീരഗാഥ. മഹത്വ ത്തിന്റെ, ഒരു വൈദികനു മാത്രം ലഭിക്കുന്ന പ്രത്യേക ആത്മസം തൃപ്തിയുടെ, ഒരു വൈദികനു മാത്രം ഉണ്ടാകുന്ന പരാജയ-നിരാ ശകളുടെ, ഹൃദയവേദനയുടെ, ഹൃദയാനന്ദത്തിന്റെ - അങ്ങനെയുള്ള അവർണനീയ നിമിഷങ്ങൾ ഒരു വൈദികനു മാത്രം സ്വന്തം.

ഒരുവൻ ശരിക്കും പൂർണനായ ഒരു വൈദികനാകുന്നത് തിരുപ്പട്ട സ്വീകരണാവസരത്തിലല്ല, അവന്റെ അവസാന നിമിഷത്തെ സമീ പിക്കുമ്പോഴാകും. തിരുപ്പട്ട സ്വീകരണാവസരത്തിലെ അത്യുന്നത മായ ആദർശങ്ങൾ, കറപുരളാത്ത ആദർശങ്ങൾ, പൗരോഹിത്യ ത്തിന്റെ അത്ഭുതകരമായ ശക്തി, വിശുദ്ധ കുർബാനയുടെ അർപ്പ ണം, പാപമോചനാധികാരം - തിരുപ്പട്ട സ്വീകരണത്തോടെ അനുഭ വിക്കുന്ന അവർണനീയ ആത്മീയവസന്തം! ഇതൊക്കെയായാലും അവൻ ഇനിയും ഒരു പൂർണ പൗരോഹിത്യത്തിൽ എത്തിയിട്ടില്ല. നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൂർണ പൗരോഹിത്യത്തി ലേക്ക് എത്തുക അവന്റെ അവസാന നിമിഷങ്ങളിലാകും. അപ്പോ ഴാകട്ടെ, അവൻ ബലിയർപ്പകൻ മാത്രമല്ല; പിന്നെയോ, അർപ്പിക്ക പ്പെട്ട ബലിയുമായിത്തീരും.

വൈദികജീവിതം ഒരു അഗാധമായ രഹസ്യമാണ്. രണ്ടു ലോക ത്തിലാണ് വൈദികന്റെ ജീവിതം. ഒരു ദ്വിമാനജീവിതമെന്നു പറയാം. ഒരേസമയം മാനുഷികവും ദൈവികവും. തിളക്കമാർന്ന യൗവന ത്തിലാണ് അവൻ സ്വയം ദൈവത്തിനു തന്നെത്തന്നെ സമർപ്പിക്കു ന്നത്. എങ്കിലും അവൻ മനുഷ്യൻ തന്നെയാണ്. താൻ വിട്ടുപേ ക്ഷിച്ചതെല്ലാം, സമർപ്പിച്ചതെല്ലാം, തിരിച്ചെടുക്കാൻ അവനിലെ മനു ഷ്യൻ അവനെ നിർബന്ധിക്കും. ക്രിസ്തുവിന്റെയും ക്രിസ്തുവിന്റെ

www.malankaralibrary.com


അനുയായികളുടെയും പൂർണ ശുശ്രൂഷയ്ക്കായി സ്വയം ചിലവഴിക്കുക, അതിൽ നിലനിൽക്കുക, എന്നത് നിരന്തരമായ ഒരു പോരാട്ടമായി പലർക്കും അനുഭവപ്പെടും. മറ്റൊരു ക്രിസ്തുവാകാനുള്ളതാണ് തന്റെ വിളിയെന്ന് ഓരോ പുരോഹിതനും അറിയാം. അതിനുവേണ്ടി ഓരോ നിമിഷവും യത്നിക്കണമെന്നും അറിയാം. അത് ആഗ്രഹമാണ്, അഭിലാഷമാണ് - അതാണവന്റെ കുരിശ്! വളരെ വീതി കുറഞ്ഞ ഒരു നേർത്ത കുരിശാണത്. ഒന്ന് പിടയാൻ മാത്രം ഇടം അതിനില്ല.

ഒരു പുരോഹിതനെന്നാൽ എന്തെന്നു ശരിക്കും മനസിലാക്കാൻ, അവന്റെ രൂപവും പൗരോഹിത്യമെന്ന ആശയവും ഗ്രഹിക്കുവാൻ, നിത്യപുരോഹിതനായ യേശുവെന്ന വ്യക്തിയിലേക്ക് ഇമവെട്ടാതെ നോക്കിയിരുന്നേ പറ്റൂ. ജീവിച്ചതിലേക്കും ഏറ്റവും മഹത്തായ ജീവിതം! പുരോഹിതനായി ജന്മമെടുത്തവൻ. പ്രസംഗിക്കുകയും പഠിപ്പിക്കുകയും സഹിക്കുകയും അവശനാകുകയും ദാഹവും വിശപ്പും അനുഭവിക്കുകയും രക്തം ചിന്തുകയും ഒരു കുറ്റവാളിയായി മരിക്കുകയും! എന്നാൽ, ആ ജീവിതം മനുഷ്യവംശത്തെ രക്ഷിച്ചു.

ഒരു വൈദികനാകുക, മറ്റൊരു ക്രിസ്തുവാകുക - വളരെ മഹത്തായ ഒരു കാര്യമായി തോന്നാം. അങ്ങനെതന്നെയാണുതാനും. പക്ഷേ, ഭയാനകമായ, ഭീതിദമായ, ഒരു ഉത്തരവാദിത്വം ഇതോടൊപ്പമുണ്ട്. പുരോഹിതരെല്ലാം മനുഷ്യർ തന്നെ! 'എന്റെ ബലഹീനമായ, പാവപ്പെട്ട മനുഷ്യപ്രകൃതിയെ എന്തുകൊണ്ട് ദൈവത്തിനു വേണം - മൺപാത്രത്തിലെ നിധി - പൗരോഹിത്യം' (2 കൊറി. 4:7).

എന്തിന് ഈ 'മൺപാത്രത്തിലെ നിധി' സ്വീകരിക്കണം? അതിനുള്ള ഉത്തരം വിളിച്ചവൻതന്നെ പറഞ്ഞുകൊള്ളും. 'നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനുംവേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു' (യോഹ. 15:16).

മൺപാത്രത്തിലെ നിധിയെ അമൂല്യനിധിയായിക്കണ്ട് മൺപാത്രങ്ങൾ ഉടയാതെ സംരക്ഷിച്ചുകൊണ്ട് പുരോഹിതർ വർത്തിക്കണം. അങ്ങനെ സ്വീകരിച്ച നിധിയെ സംരക്ഷിക്കുമ്പോൾ അവൻ അവന്റെ ജീവിതം സമ്പൂർണമായും വിളിച്ചവനു സമർപ്പിക്കുകയാണ്. അവന്റെ ഏകാന്തത, തെറ്റിദ്ധാരണകൾ, ക്ഷീണം, അവശത - എന്താ

www.malankaralibrary.com


യാലും അവിടുന്നു ചോദിക്കുന്നതൊക്കെ, ജീവിതത്തിൽ സംഭവിക്കുന്നതൊക്കെ, പുരോഹിതൻ ദൈവത്തിനു സമർപ്പിക്കണം. ദൈവപുത്രന് കുരിശുമരണമായിരുന്നു. മറ്റു ചിലർക്കു വേദസാക്ഷിത്വമാണ്. മറ്റു ചിലർക്കു കാരാഗൃഹവാസമാണ്. വേറെ ചിലർക്ക് വെടിയുണ്ടകളാണ്. ചിലർക്ക് നിരാശാജനകമായ അടിമപ്പണിയാണ്. ചിലർക്കു നാണക്കേടും പരാജയവുമാണ്. എന്തായാലും എല്ലാവർക്കും ഒരു ഗെത്സെമനിയെങ്കിലും ഉണ്ടാകും, കാൽവരിയില്ലെങ്കിലും. മനുഷ്യനായ പുരോഹിതൻ ഇവയെല്ലാം ഓരോ ദിവസവും വിശുദ്ധ കുർബാനയിൽ ക്രിസ്തുവിനു സമർപ്പിക്കണം. അതു ചെയ്യാത്തപക്ഷം അവന്റെ പൗരോഹിത്യം ശൂന്യമായിരിക്കും..."

തിരഞ്ഞെടുത്തതു ദൈവമാണെന്ന ഓർമ വൈദികന് സാന്ത്വനമേകട്ടെ.

www.malankaralibrary.com

# ആരാധനാക്രമത്തെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ

അറുപത്, അറുപത്തഞ്ച് വർഷങ്ങൾ പിന്നിലേക്ക് ഒന്നു തിരിഞ്ഞു നോക്കാൻ നിർബന്ധിതനായി. പരിശുദ്ധ ജോൺ 23-ാം മാർപാപ്പയും രണ്ടാം വത്തിക്കാൻ കൗൺസിലും എല്ലാത്തരം മാധ്യമങ്ങളിലും സഭാചർച്ചകളിലും ദൈവാലയപ്രസംഗങ്ങളിലുമെല്ലാം കത്തിനിൽക്കുന്ന കാലം. സഭയെ സംബന്ധിച്ചിടത്തോളം സംഭവബഹുലമായ അക്കാലത്ത് കൗമാര, സെമിനാരി കാലഘട്ടങ്ങളിലൂടെ കടന്നു പോകാൻ ഭാഗ്യം ലഭിച്ചത് നന്ദിയോടെ ഓർക്കട്ടെ. 'ഒരു പുത്തൻ പന്തക്കുസ്താ' എന്നാണ് ആ കാലഘട്ടം അന്നു വിശേഷിപ്പിക്കപ്പെട്ടത്. സെമിനാരി ക്ലാസുകളിൽ, പള്ളിപ്രസംഗങ്ങളിൽ, 'രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ...' എന്നൊരു മേമ്പൊടി ചേർത്താൽ മാത്രമേ തങ്ങൾ ആധുനികരാകൂ, പണ്ഡിതരാകൂ എന്ന് വൈദികരും സെമിനാരി പ്രഫസർമാരും സഭാപ്രസംഗകരുമൊക്കെ ചിന്തിച്ചിരുന്ന കാലം. ഈ രീതി കുറേക്കാലം തുടർന്നു. ഒരു പരിധിവരെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. സ്വന്തം നിലപാടുകളെ നീതീകരിക്കാൻ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പുരോഗമനപഠനങ്ങൾ എന്ന വ്യാജേന 'രണ്ടാം വത്തിക്കാൻ കൗൺസിൽ' എന്ന പദങ്ങൾ പലരും എടുത്തു പ്രയോഗിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിനെ 'ഒരു പുതിയ പന്തക്കുസ്താ' എന്നു വിശേഷിപ്പിച്ചിരുന്നു എന്നു സൂചിപ്പിച്ചല്ലോ. പന്തക്കുസ്താ എന്ന വാക്കിന്റെ ദൈവശാസ്ത്രപരമായ അർത്ഥം ഉൾക്കൊണ്ടവരെ സംബന്ധിച്ചിടത്തോളം അത് അങ്ങനെതന്നെയായിരുന്നുതാനും. പന്തക്കുസ്താ എന്നാൽ എന്തോ ഒരു പുത്തൻ വിപ്ലവത്തിന്റെ മാറ്റൊലിയായി വ്യാഖ്യാനിച്ചവർ, ആ പുത്തൻ വിപ്ലവം സഭയെ അടിമുടി ഉടച്ചുവാർക്കുമെന്നു പ്രതീക്ഷിച്ചവർ, ആ പ്രതീക്ഷയുടെ പിൻബലത്തിൽ സഭാപഠനങ്ങളെ ദുർവ്യാഖ്യാനം ചെയ്യാനും

www.malankaralibrary.com


സഭയെ തച്ചുടയ്ക്കാനും തല്ലിത്തകർക്കാനും അതിലൂടെ ഒരു പുത്തൻ സഭയുടെ ഉയിർത്തെഴുന്നേല്പിനു കളമൊരുക്കാനും ഇറങ്ങിപ്പുറപ്പെട്ട 'പുരോഗമനക്കാർ' കുറച്ചൊന്നുമല്ല അക്കാലത്തുണ്ടായിരുന്നത്. *'അജിയർണമേന്തോ'* (*Aggiornamento*) അതായത് 'അധുനാധുനീകരണം' എന്നതായിരുന്നല്ലോ വത്തിക്കാൻ കൗൺസിലിന്റെ ലക്ഷ്യമായി മുഴങ്ങിക്കേട്ടിരുന്ന മുദ്രാവാക്യം.

സഭയെ, എല്ലാ വാതിലുകളും ജനാലകളും കൊട്ടിയടച്ച് ശ്വാസം മുട്ടി കഴിയുന്നവരുടെ ഒരു സങ്കേതമായി ചിത്രീകരിച്ചിരുന്നവർ ഉദ്ഘോഷിച്ചു: ഇതാ സഭാസംവിധാനത്തിന്റെ വാതിലുകളും ജനാലകളും മലർക്കെ തുറക്കപ്പെടുന്നു, സഭയിലേക്ക് ശുദ്ധവായു ഇരച്ചു കയറുന്നു എന്നൊക്കെ. അത്തരം ഒരു ചിന്ത ആ വിഭാഗത്തിനു നൽകിയ ആശ്വാസവും സ്വാതന്ത്ര്യബോധവും നിസാരമായിരുന്നില്ല. കാൽച്ചങ്ങലകൾ അഴിഞ്ഞുമാറിയ ഒരു പ്രതീതി! സഭയിൽ ശ്വാസം മുട്ടി കഴിഞ്ഞിരുന്നവർ പുരോഗമനചിന്തകളുമായി പുറത്തു ചാടി. ദൈവത്തിന്റെ സഭയ്ക്ക് ഒരു അടിത്തറയുണ്ടെന്നും അതിൽ ഉയർന്നു നിൽക്കുന്ന വിശ്വാസസ്തംഭങ്ങൾക്ക് ഒരുകാലത്തും ഒരു കുലുക്കവും ഉണ്ടാകുകയില്ലെന്നും മനസ്സിലാക്കാനാവാത്തവർ, സഭാ സംവിധാനങ്ങളെ വെറുപ്പോടെ വീക്ഷിച്ചവർ, കരുതി, അവർക്ക് സഭയുടെ അടിസ്ഥാനശിലകളെ ഇളക്കിമറിക്കാനാകുമെന്നും ഒരു പുത്തൻസഭയ്ക്ക്, ആധുനികലോകവുമായി അണിചേർന്നുപോകുന്ന പുത്തൻ സഭയ്ക്ക്, രൂപംകൊടുക്കാനാകുമെന്നും.

പാരമ്പര്യാധിഷ്ഠിതമായ വിശ്വാസസ്തംഭങ്ങൾ പുത്തൻ വിപ്ലവത്തിൽ കടപുഴകുമെന്ന് അവർ കരുതി. ഒരിക്കലും ഇളകാത്ത പത്രോസിന്റെ പാറയുടെ ശക്തി അവർ മറന്നു. പതിനായിരക്കണക്കിനു വൈദികരും കന്യാസ്ത്രീകളും 'തടവറയിൽ' നിന്നിറങ്ങി ശുദ്ധവായു ശ്വസിച്ചു. പക്ഷേ, കാലത്തിന്റെ ജലപ്രവാഹത്തിൽ ലയിച്ചു ചേർന്ന് അപ്രത്യക്ഷമാകാനായിരുന്നു അവരുടെ വിധി. അക്കാലത്ത് ഇതൊക്കെ വലിയ വാർത്തയായിരുന്നു. തിരുസഭ എന്തെന്നോ, സഭ ആഗ്രഹിക്കുന്ന നവീകരണമെന്തെന്നോ മനസിലാക്കാതെ, സ്വന്തം തോന്ന്യാസങ്ങൾ നടപ്പിലാക്കി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മേൽവിലാസത്തിൽ വിപ്ലവം സൃഷ്ടിക്കാമെന്നു കരുതിയവർക്കു തെറ്റി.

വേറൊരു കൂട്ടർ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഔദ്യോഗിക പ്രബോധനങ്ങളുടെ ഉറവിടവും പശ്ചാത്തലവും പഠിച്ചറിയാൻ ശ്രമിക്കാതെ, സ്വന്തം നിലപാടുകൾക്കു സാധൂകരണം കണ്ടെത്താൻ

www.malankaralibrary.com




*രണ്ടാം വത്തിക്കാൻ കൗൺസിൽ യോഗത്തിൽ പങ്കെടുത്ത സഭാമേലധ്യക്ഷന്മാർ*

പറ്റിയ വാക്കുകളോ വാക്യങ്ങളോ ഏതെങ്കിലും പ്രബോധനരേഖ യിലുണ്ടോ എന്നു പരതിനോക്കിയിട്ട്, സ്വന്തം ആഗ്രഹങ്ങൾക്കും നിലപാടുകൾക്കും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങ ളിൽ പിൻബലം കണ്ടെത്താൻ ശ്രമിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിനെ പിടിച്ച് ആണയിട്ട് അവസര ത്തിലും അനവസരത്തിലും 'രണ്ടാം വത്തിക്കാൻ കൗൺസിൽ പഠി പ്പിക്കുന്നതുപോലെ...' എന്നു വിളിച്ചുപറഞ്ഞ് പാണ്ഡിത്യം നടിച്ച് സത്യസഭയുടെ നിലപാടുകൾക്കെതിരേ പുത്തൻ പഠനങ്ങളുമായി ഇറങ്ങിത്തിരിക്കുന്നവർ കുറച്ചൊന്നുമല്ല ഇന്നുമുള്ളത്. കൊച്ചു കേരളത്തിലും അവരെ കാണാം. ഇന്നത്തെ തർക്കവിഷയമായ ജനാ ഭിമുഖ കുർബാനയ്ക്കു വരെ വത്തിക്കാൻ കൗൺസിൽ പഠനങ്ങ ളിൽ അവർ നീതീകരണം കണ്ടെത്താൻ ശ്രമിക്കുന്നു. അതേസമയം, ആരാധനക്രമ സംബന്ധമായ പ്രമാണരേഖയുടെ ഒന്നാം അദ്ധ്യായം നമ്പർ 22: 1, 2, 3 വായിച്ചു മനസിലാക്കുന്ന ആർക്കും ബോധ്യപ്പെടും, ഇക്കാര്യത്തിൽ അന്തിമവാക്ക് മാർപാപ്പയ്ക്കാണെന്നും വൈദി കനോ അല്മായനോ ഈ വിഷയത്തിലൊന്നും ഇടപെടാനാവി ല്ലെന്നും.

ആ പ്രമാണരേഖയിൽ പറയുന്നതിങ്ങനെ:

1. ആരാധനക്രമത്തിന്റെ നിയന്ത്രണം തിരുസഭാധികാരികളെ മാത്രം,

www.malankaralibrary.com


അതായത് പരിശുദ്ധ സിംഹാസനത്തെയും നിയമം അനുവദിക്കുന്നെങ്കിൽ മെത്രാനെയും ആശ്രയിച്ചിരിക്കുന്നു.

2. നിയമദത്തമായ അധികാരമുപയോഗിച്ച് നിശ്ചിത പരിധിക്കുള്ളിൽ, നിയമാനുസാരം സ്ഥാപിതമായ മെത്രാന്മാരുടെ പ്രാദേശികസംഘങ്ങൾക്കും ആരാധനാക്രമ സംബന്ധമായ നിയമനിർമ്മാണം നടത്താവുന്നതാണ്.

3. തന്മൂലം മറ്റാർക്കും ഒരു വൈദികനുപോലും (not even for a priest) സ്വാധികാരത്താൽ ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതല്ല.

ഇത്ര വ്യക്തമായി വത്തിക്കാൻ കൗൺസിൽ രേഖയിൽ ഉള്ളപ്പോൾ അതിൽ ഇല്ലാത്ത കാര്യം ഉണ്ടെന്നു പറഞ്ഞ് ബഹളം വയ്ക്കുന്ന വൈദികരെയും അല്മായരെയും ചില മെത്രാന്മാർ പിന്തുണയ്ക്കുന്നതു വിചിത്രമായിരിക്കുന്നു.

അതെന്തായാലും 22:1 വ്യക്തമാക്കുന്നു, അന്തിമവാക്ക് മാർപാപ്പയുടേതാണ് എന്ന്. അതുകൊണ്ട് 2021 ജൂലൈ 3-ലെ മാർപാപ്പയുടെ കത്താണ് നമ്മുടെ ആരാധനക്രമ കാര്യത്തിൽ അന്തിമവാക്ക്. അതിനുശേഷം പരിശുദ്ധ പിതാവ് അനുസരണം ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് എഴുതിയ കത്തും വീഡിയോ സന്ദേശവും കൂടിയായപ്പോൾ ഇനി ഒരുവിധ തർക്കവും ഇക്കാര്യത്തിൽ ഉണ്ടായിക്കൂടാത്തതാണ്.

Let the Major Archbishop and the members of the Synod read the following unambiguous statement in the Vatican II decree on Liturgy.

22.1: Regulation of Sacred Liturgy depends solely on the authortiy of the Church, that is, on the Apostolic See, and, as laws may determine, on the Bishop.

2: In virtue of power conceded by law, the regulation of the Liturgy within certain defined limits belongs also to various kinds of Bishop's conferences, legitimately established, with competence in the given territories.

3: Therefore no other PERSON, not even a PRIEST, may add, remove, or change anything in the liturgy on his own authortiy.

പൗരസ്ത്യസഭകളെപ്പറ്റിയുള്ള ഈ പ്രമാണരേഖ തീർച്ചയായും സിനഡ് പിതാക്കന്മാർ വായിക്കുക മാത്രമല്ല, പഠിക്കുകതന്നെ

www.malankaralibrary.com


വേണം. ഒന്നുരണ്ടു നമ്പറുകൾ മാത്രം ഇവിടെ ഉദ്ധരിക്കുന്നു.

നമ്പർ 6: സ്വേച്ഛാപരമായി യാതൊരു വ്യതിയാനവും പാടില്ല

എല്ലാ പൗരസ്ത്യരും സ്വന്തം നിയമാനുസൃതമായ ആരാധനാക്രമ രീതികളും ശിക്ഷണക്രമവും പാലിക്കണമെന്നും അവർ അതിനു കടപ്പെട്ടിരിക്കുന്നുവെന്നും നൈസർഗികവും ജീവാത്മകവുമായ പുരോഗതിക്കുവേണ്ടിയല്ലാതെ യാതൊരു വ്യതിയാനവും അവയിൽ വരുത്തുവാൻ പാടില്ലെന്നും അറിയുകയും സുനിശ്ചിതമായി ബോധ്യപ്പെടുകയും ചെയ്യട്ടെ. അതുകൊണ്ട് ഇവയെല്ലാം പരമാവധി വിശ്വസ്തതയോടുകൂടി പൗരസ്ത്യരാൽത്തന്നെ പാലിക്കപ്പെടണം. ഇക്കാര്യങ്ങളെ സംബന്ധിച്ച് അനുദിനം കൂടുതൽ അറിവു നേടുകയും പൂർണമായി ആചരിക്കുകയും വേണം. കാലങ്ങളുടെയും വ്യക്തികളുടെയും സാഹചര്യങ്ങളാൽ അനുചിതമായി വ്യതിചലിച്ചിട്ടുണ്ടെങ്കിൽ പൂർവ്വികപാരമ്പര്യങ്ങളിലേക്കു തിരികെപ്പോകുവാൻ അവർ തീവ്രയത്നം ചെയ്യട്ടെ.

ഉദ്യോഗം നിമിത്തമോ പ്രേഷിതജോലി കാരണമോ പൗരസ്ത്യസഭകളുമായോ അവയുടെ വിശ്വാസികളുമായോ നിരന്തരമായ സമ്പർക്കം പുലർത്തുന്നവർക്ക് അവരവർ വഹിക്കുന്ന തസ്തികയ്ക്കനുസൃതമായി പൗരസ്ത്യരുടെ റീത്തുകളുടെയും ശിക്ഷണക്രമത്തിന്റെയും പ്രബോധനത്തിന്റെയും ചരിത്രത്തിന്റെയും സ്വഭാവത്തിന്റെയും അറിവിലും ആചരണത്തിലും സസൂക്ഷ്മമായ പരിശീലനം നല്കണം. പൗരസ്ത്യദേശങ്ങളിലും പൗരസ്ത്യസഭാ വിശ്വാസികളുടെയിടയിലും ജോലിചെയ്യുന്ന ലത്തീൻ റീത്തുകാരായ സന്ന്യാസസഭകളും സമൂഹങ്ങളും അവരുടെ പ്രേഷിതവേലയുടെ കാര്യക്ഷമത വർധിപ്പിക്കുവാൻവേണ്ടി കഴിയുന്നിടത്തോളം പൗരസ്ത്യ റീത്തിലുള്ള ഭവനങ്ങളും പ്രവിശ്യകളും സ്ഥാപിക്കണമെന്ന് ശക്തിയായി ഉദ്ബോധിപ്പിക്കുന്നു.

നമ്പർ 12: കൂദാശകളുടെ പുരാതന നടപടിക്രമം പുനഃസ്ഥാപിക്കുക

കൂദാശകളും അവയുടെ ആഘോഷവും പരികർമ്മവും സംബന്ധിച്ച് പൗരസ്ത്യസഭകളിൽ നിലനില്ക്കുന്ന പുരാതന നടപടിക്രമം പരിശുദ്ധ സാർവ്വത്രിക സൂനഹദോസ് സ്ഥിരീകരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ അവ നവീകരിക്കണമെന്നും ആഗ്രഹിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിനെ കൂട്ടുപിടിച്ച് ആണയിട്ട് ഇവിടെ

www.malankaralibrary.com


ജനാഭിമുഖ കുർബാന തുടരണമെന്ന് ഏതാനും മെത്രാന്മാരും വൈദികരും വാദിക്കുന്നത് അസംബന്ധമാണെന്ന് ആരാധനക്രമ സംബന്ധമായ പ്രബോധനത്തിൽനിന്നും പൗരസ്ത്യസഭകളെപ്പറ്റി യുള്ള പ്രബോധനത്തിൽനിന്നും മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധ രണികളിലൂടെ വ്യക്തമാകുന്നു. പൗരസ്ത്യസഭകളിൽ ജനാഭിമുഖ കുർബാന നടത്തണമെന്നോ നടത്താമെന്നോ പ്രമാണരേഖകളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ആരാധനക്രമകാര്യത്തിൽ മാർപാപ്പയുടെ തീരുമാനം അന്തിമമാണെന്നാണല്ലോ ആരാധനക്രമ സംബന്ധമായ പ്രമാണരേഖ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാകുന്നത്.

സഭയുടെ ഐക്യം മുകൾത്തട്ടിൽനിന്നുതന്നെ ആരംഭിക്കണം. മുകൾത്തട്ടിൽനിന്ന് ഉയരുന്ന ഭിന്നസ്വരം തെരുവിൽ കേട്ടാൽ പിന്നെ എന്തു സംഭവിക്കുമെന്ന് ഊഹിക്കുകയേ വേണ്ട. സീറോമലബാർ സഭയിലെ അനൈക്യത്തിനു കാരണം സഭാധ്യക്ഷന്മാരിലെ ഐക്യ മില്ലായ്മ തന്നെ ആയിരുന്നു എന്നു ചരിത്രം രേഖപ്പെടുത്തുകയില്ലേ?

റോമിലെ യാഥാസ്ഥിതിക പഠനകേന്ദ്രങ്ങളിൽ താമസിച്ച്, അവരുടെ സർവ്വവിധ ഔദാര്യവും സ്വീകരിച്ച്, അനുസരണയുള്ള കുഞ്ഞാടു കളെപ്പോലെ ജീവിച്ചശേഷം മടങ്ങിയെത്തി, 'അനുസരണത്തെ അടി മത്ത'മായി കാണുകയും 'അനുസരണം അടിമത്തമല്ല' എന്ന തത്ത്വ ശാസ്ത്രം വിളമ്പുകയും ചെയ്യുന്ന നിഷേധികളായ വൈദികർക്കു പ്രചോദനമായിക്കൊണ്ട്, യൂണിയനുകളുണ്ടാക്കി, മാർക്സിയൻ ശൈലിയിലുള്ള വിപ്ലവങ്ങൾ നടത്തി, സഭയിലും തൊഴിലാളിവർഗ സർവ്വാധിപത്യം നടപ്പാക്കിക്കൊണ്ടിരിക്കുന്നവരുണ്ട്. അന്തിമമായി ഇവർക്കും സഭയെ നശിപ്പിക്കാനാവില്ല, സ്വയം നശിക്കുകയേയുള്ളൂ; മെത്രാനായാലും വൈദികനായാലും. അതേസമയം ഒരു കാര്യം മറ ക്കാനാവില്ല. സഭയുടെ കേന്ദ്രസംവിധാനത്തിൽ ഏതെങ്കിലും മാർഗ ത്തിലൂടെ കയറിക്കൂടി അവിടെ പുഴുക്കുത്തുകളായി മാറുന്നവർ സൃഷ്ടിച്ചേക്കാവുന്ന അപകടം മാരകംതന്നെയായിരിക്കും.

പരിശുദ്ധാത്മശക്തിയാൽ പ്രവർത്തിക്കുന്ന സഭയിൽ അങ്ങനെ സംഭവിക്കുമോ? ന്യായമായ ഒരു ചോദ്യമാണ്. എന്നാൽ, പറുദീസ മുതൽ സഭയിൽ വട്ടമിട്ടു പറക്കുന്ന ഒരു പൈശാചികശക്തിയുണ്ടെ ന്ന കാര്യം ആരും നിഷേധിക്കേണ്ട. അതിനു വേദപുസ്തകാടിസ്ഥാ നവുമുണ്ട്. അന്ന് ഹൗവ്വയെയും ആദത്തെയും കായേനെയുമൊക്കെ വീഴിച്ച ആ ശക്തി. അതിന്നും പത്തിമടക്കിയിട്ടില്ല. കൂടുതൽ ശക്തി യോടെ, ഉന്മേഷത്തോടെ, ദുഷ്ടലാക്കോടെ കറങ്ങിനടക്കുന്നുവെന്ന സത്യം അംഗീകരിച്ചേ പറ്റൂ.

www.malankaralibrary.com




സഭാംഗങ്ങളെ, ഉന്നതാധികാര കേന്ദ്രങ്ങളിലുള്ളവർ മുതൽ താഴത്തെ തട്ടിൽ ഉള്ളവരെവരെ, പ്രലോഭനങ്ങളുമായി ആ ശക്തി പിന്തുടരുന്നുവെന്നതിൽ സംശയം വേണ്ട. ആ ശക്തി പിന്തുടർന്നാൽ 'ആ പഴയ പണി ഞങ്ങളോടു വേണ്ട' എന്നു പറയാനുള്ള ധാർമികശക്തിയും ദൈവവിശ്വാസവും സഭയിലെ നിയുക്തരായവർക്കെല്ലാം ഉണ്ടാകട്ടെ. ഭൗതികതാത്പര്യങ്ങളുടെ മായാവലയത്തിൽപെട്ട്, പേരിന്റെയും പ്രശസ്തിയുടെയും മോഹങ്ങളിൽ കാലിടറി വീഴാതിരിക്കാനുള്ള ധാർമികശക്തി ഇല്ലാത്ത ഒരു നേതൃത്വം സഭയ്ക്കുണ്ടായാൽ, പിന്നെ എന്തു സംഭവിക്കുമെന്ന് ഊഹിക്കാൻപോലും ആവില്ല.

ഒരുകാര്യം തറപ്പിച്ചു പറയാം; തിരുസഭയിൽ ഐക്യമുണ്ടാകണമെങ്കിൽ സഭാധ്യക്ഷന്മാരിലും പുരോഹിതരിലും ഐക്യവും മാർപാപ്പയോടുള്ള അവരുടെ വിധേയത്വവും ദൃഢമായിരുന്നേ തീരൂ. ഏതെങ്കിലും സഭയിൽ അനൈക്യമുണ്ടെങ്കിൽ അതിനു കാരണം, പരസ്പരം ഐക്യമില്ലാത്തവരും സ്വാർത്ഥരും മാർപാപ്പയോടുള്ള വിധേയത്വം ഭംഗിവാക്കുകളിൽ ഒതുക്കുന്നവരുമായ മെത്രാന്മാർ തന്നെയായിരിക്കും. അതുകൊണ്ട്, തിരുസഭയുടെ സുപ്രധാന തൂണുകളും യേശുശിഷ്യരുടെ പിൻഗാമികളുമായ മെത്രാന്മാരുടെ തിരഞ്ഞെടുപ്പിനെ യാതൊരു ഭൗതിക മാനദണ്ഡങ്ങളും സ്വാധീനിക്കരുത്. നടപടി പുസ്തകത്തിൽ കാണുന്നതുപോലെ ഇശോയുടെ ശിഷ്യന്മാർ സ്വീകരിച്ച അതേ മാനദണ്ഡമായിരിക്കണം മെത്രാന്മാരുടെ തിരഞ്ഞെടുപ്പിൽ ഇന്നും സ്വീകരിക്കേണ്ടത്. അതിൽ അറിഞ്ഞോ അറിയാതെയോ കുറച്ചൊക്കെ വെള്ളം ചേർക്കുന്നതിന്റെയും ഭൗതിക മാനദണ്ഡങ്ങളുടെ സ്വാധീനത്തിന്റെയും ദൂരവ്യാപകമായ ദുരന്തഫലങ്ങളാണ് സീറോ-മലബാർ സഭ ഇന്നു വേദനയോടെ സഹിച്ചുകൊണ്ടിരിക്കുന്നത് എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

www.malankaralibrary.com

# അടയ്ക്കാപ്പക്ഷികൾ ഉറങ്ങാറില്ല

*(പൊതുസമൂഹത്തിൽ അവമതിപ്പുണ്ടാക്കുംവിധം സീറോ മലബാർ സഭയിൽ വൈദികർ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അനുരഞ്ജനത്തിലൂടെ പരിഹരിക്കേണ്ട തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി എഴുതിയ ലേഖനം)*

ബഹുമാനപ്പെട്ട ആബേലച്ചൻ കാനോന നമസ്കാരത്തിൽ ഉയിർപ്പുകാല വെള്ളിയാഴ്ചയിലെ നിശാപ്രാർത്ഥനയിൽ ഇങ്ങനെ യൊരു പാട്ട് ചിട്ടപ്പെടുത്തിയിട്ടുണ്ട്.

*'നിൻ കല്പനകൾ വീണ്ടും വീണ്ടും വായിച്ചവയെൻ*
*ചിന്താവനിയിൽ വേരൂന്നി*
*ജീവിതമെന്നാലവയോടൊന്നും*
*ബന്ധമെഴാതെ അതിന്റെ വഴിക്കേ മുന്നേറി*
*ദൈവപിതാവെ സുതനായി തുടരാൻ*
*അർഹതയേതുമെനിക്കില്ല...'*

സീറോ മലബാർ സഭയെ ആകെ മുറിവേല്പിക്കുകയും വേദനിപ്പി ക്കുകയും ചെയ്യുന്ന ചില സംഭവവികാസങ്ങൾ അരങ്ങേറുമ്പോൾ അതു കണ്ടു വേദനിക്കുകയും ദുഃഖിക്കുകയും സമാധാനത്തിനു വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നത് സീറോ മലബാർ വിശ്വാസി കൾ മാത്രമല്ല, സകല ക്രിസ്ത്യാനികളുമാണ്. ബലിയർപ്പണവും പ്രാർഥനയും ജീവിതവും വിശ്വാസപ്രഖ്യാപനവുമായൊന്നും ബന്ധ മില്ലാത്ത ഒരു ജീവിതം കത്തോലിക്കാ സഭയിൽ ആരുതന്നെ നയി ച്ചാലും - അതു മെത്രാന്മാരാകട്ടെ, വൈദികരാകട്ടെ, സന്ന്യാസിക ളാകട്ടെ, അല്മായരാകട്ടെ - അതൊരു ഇരട്ടത്താപ്പ് ആയിരിക്കും. സഭാഗാത്രത്തിന്റെ വളർച്ചയ്ക്ക് ഒരുതരത്തിലും യോജിച്ചതായിരി ക്കുകയുമില്ല. കുറച്ചു കാലമായി ഇവിടെ മുഴങ്ങിക്കേട്ടുകൊണ്ടിരി ക്കുന്ന ശബ്ദകോലാഹലങ്ങൾ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്നില്ലെന്നു മാത്രമല്ല, വീണ്ടെടുക്കുക എളുപ്പമല്ലാത്തവിധം തളർത്തുകയും അപഹസിക്കുകയുംകൂടി യാണു ചെയ്യുന്നതെന്ന് പറയാതിരിക്കാനാവില്ല.

www.malankaralibrary.com


സുപ്രസിദ്ധ ഹാസ്യ സാഹിത്യകാരനായ ചെമ്മനം ചാക്കോയുടെ ഒരു കവിതയുണ്ട്. 'അടയ്ക്കാ പക്ഷികൾ' എന്നാണതിനു തലക്കെട്ട്. രണ്ട് അടയ്ക്കാപ്പക്ഷികൾ നായകന്മാരായിട്ടുള്ള ആ കവിത ആരംഭിക്കുന്നത് ഇങ്ങനെയാണ്:

'*നേരം വെളുത്തെന്നും വെളുത്തില്ലെന്നും രണ്ട് അടയ്ക്കാപ്പക്ഷി*'

ഒരുവൻ മടിയനും മറ്റവൻ മഠയനും. ഈ തർക്കത്തിന്റെ പേരിൽ അവർ ഏറ്റുമുട്ടി.



'*അടിയെങ്കിലടി, യിടിയെങ്കിലിടി*' എന്ന് അലറി അവർ പരസ്പരം കൊത്തിപ്പറിച്ചു. അതു കാണാൻ അടുത്തുള്ള പറവകൾ പറന്നെത്തി. അവർ എരിവുകേറ്റി. കാഴ്ചക്കാർ എത്തിയതോടെ അടയ്ക്കാപ്പക്ഷികളുടെ വാശി മൂത്തു. കാഴ്ചക്കാരായ കാക്കകളും കഴുകന്മാരും പിരിമുറുക്കി. ഏറ്റുമുട്ടലായി. കൊത്തിപ്പറിക്കലായി. അരമുക്കാൽ മണിക്കൂർകൊണ്ട് അടയ്ക്കാപ്പക്ഷികൾ 'നിലംപറ്റി പിടഞ്ഞു ചത്തു.'

അപ്പോൾ കവി പാടുകയാണ്:

'*അതിലൊക്കെ വിനോദമാ-*
*സമയത്തു തലമോളിൽ*
*തിളങ്ങിനിന്നിരുന്നുഗ്ര-*
*പ്രതാപവാനർക്കൻ*'

അവസാനം രണ്ടും ചത്തുവീണപ്പോൾ അർക്കൻ ആകാശത്ത് കത്തിക്കാളി നിൽക്കുകയാണ്, മദ്ധ്യാഹ്നസൂര്യനായി. വെളുത്തെന്നും വെളുത്തില്ലെന്നും തർക്കം. ഒരു ഭാഗം ശരി. പക്ഷേ, എന്തു വിശേഷം? ആർക്കു പോയി? ചിന്തിക്കേണ്ട കാര്യമാണ്. തിരിച്ചുപിടിക്കാനോ തിരുത്താനോ ആവാത്തവിധം സഭാവിശ്വാസികൾക്കും അന്യമത

www.malankaralibrary.com


സ്ഥർക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉതപ്പിനും വിശ്വാസത്ത കർച്ചയ്ക്കും ആരാകും ഉത്തരവാദി?

'*നിൻ കല്പനകൾ വീണ്ടും വീണ്ടും വായിച്ചവയെൻ ചിന്താവനിയിൽ വേരൂന്നി - ജീവിതമെന്നാലവയോടൊന്നും ബന്ധമെഴാതെ*' അതിന്റെ വഴിയേ മുന്നേറുന്നു!

അതല്ലേ സത്യം? നിത്യം ബലിയർപ്പിക്കുന്ന വൈദികഗണവും ബലിയിൽ പങ്കുചേരുന്ന വിശ്വാസികളും ഒരുകാര്യം ഓർക്കുന്നതു കൊള്ളാം, ഏതൊരു പ്രാർഥനയോടെയാണ് ഈ ബലിയർപ്പണം ആരംഭിക്കുന്നതെന്ന്.

'*അന്നാപ്പെസഹാത്തിരുനാളിൽ*
*കർത്താവരുളിയ കല്പനപോൽ*
*തിരുനാമത്തിൽ ചേർന്നീടാം*
*ഒരുമയോടീ ബലിയർപ്പിക്കാം...*
*അനുരഞ്ജിതരായിത്തീർന്നീടാം*
*നവമൊരു പീഠമൊരുക്കീടാം*
*ഗുരുവിൻ സ്നേഹമോടീയാഗം*
*തിരുമുമ്പാകെയണച്ചീടാം...*'

എന്ന് അതിമനോഹരമായി പാടിക്കൊണ്ടാണ് എന്നും നാം ബലിയർപ്പണം തുടങ്ങുക. യേശുവിന്റെ തിരുനാമത്തിൽ ഒരുമയോടെ ഈ ബലിയർപ്പിക്കാമെന്നും അനുരഞ്ജിതരായി തീർന്നീടാം, നവമൊരു പീഠമൊരുക്കീടാം, ഗുരുവിൻ സ്നേഹമോടെ ഈ ബലി, ഈ യാഗം തിരുമുമ്പിൽ അർപ്പിക്കുന്നുവെന്നും ഉറക്കെ പ്രഖ്യാപിച്ച ശേഷമാണ് തിരുബലിയിലേക്കു നാം കടക്കുക. വിശുദ്ധ കുർബാന – വിശുദ്ധ ബലി ഐക്യത്തിന്റെ കൂദാശയാണെന്നല്ലേ നാം വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. ഈ പ്രാരംഭപ്രാർഥനാഗീതത്തിന്റെ ചൈതന്യം നമ്മുടെ ജീവന്റെ ജീവനാകുമ്പോൾ നാം യേശു ആഗ്രഹിച്ച ഒരുമയുടെ, സ്നഹത്തിന്റെ, ഐക്യത്തിന്റെ നേർസാക്ഷികളായി മാറും. നീ ബലിയർപ്പിക്കുവാൻ അൾത്താരയിലേക്കു നീങ്ങുമ്പോൾ നിന്റെ സഹോദരനുമായി രഞ്ജിപ്പിലല്ലെങ്കിൽ ബലിവസ്തു അവിടെ വച്ചിട്ടു പോയി സഹോദരനുമായി അനുരഞ്ജനപ്പെട്ടിട്ട് വന്നു ബലിയർപ്പിച്ചാൽ മതിയെന്ന് വ്യക്തമായി പറഞ്ഞ യേശുവിന്റെ പുരോഹിതരാണ് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും നേർരൂപങ്ങളായി പൊതുജനമധ്യത്തിൽ പ്രത്യക്ഷപ്പെടുന്നതെങ്കിൽ അത് എന്തൊരു ശാപമായിരിക്കും സഭയ്ക്കു വരുത്തിവയ്ക്കുക. ഇതിലും വലിയൊരു ഉതപ്പുണ്ടോ? എന്തൊക്കെയായാലും

www.malankaralibrary.com


സന്ന്യാസി-സന്ന്യാസിനികളും വൈദികരും മെത്രാന്മാരുമെങ്കിലും തർക്കം തീർക്കുന്നതിനെപ്പറ്റിയുള്ള വിശുദ്ധ പൗലോസ് ശ്ലീഹാ യുടെ നിർദേശം മറന്നുകൂടാത്തതല്ലേ? നിങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ, തർക്കങ്ങൾ ഉണ്ടെങ്കിൽ നിങ്ങൾതന്നെ അതു പറഞ്ഞുതീർക്കണം. നിങ്ങൾക്കു തമ്മിൽ തീർക്കാനാവുന്നില്ലെങ്കിൽ നിങ്ങളുടെ സമൂഹത്തിലെ കഴിവുള്ളവരുടെ പക്കൽ പോയി തർക്കം അവതരിപ്പിച്ച് പ്രശ്നം പരിഹരിക്കണം. അല്ലാതെ, നിങ്ങളുടെ തർക്ക വുമായി പരിഹാരം അന്വേഷിച്ച് പുറജാതികളുടെ പക്കലേക്കു പോകരുത് - ഇങ്ങനെയല്ലേ പൗലോസ് ശ്ലീഹാ പഠിപ്പിച്ചത്?

'കർത്താവായ ദൈവമേ, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടുംകൂടെ അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ച് ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങ യുടെ ബലിപീഠത്തിനു മുൻപിൽ നിൽക്കുവാൻ ഞങ്ങളെ അനു ഗ്രഹിക്കണമേ' എന്ന് ഓരോ വിശുദ്ധ ബലിയിലും പ്രാർഥിക്കുന്ന വനാണ് വൈദികൻ. അവന്റെ മനസ്സാക്ഷി ഒരിക്കലും വെടക്കാക്ക പ്പെട്ടതായിക്കൂടാ എന്നർഥം.

'കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടത യിലും അസൂയയിലും വഞ്ചനയിലും വിദ്വേഷത്തിലുംനിന്നു വിമുക്തമാക്കണമേ. അങ്ങയുടെ കരുണയാൽ തമ്മിൽ തമ്മിലും മറ്റെല്ലാവരോടും സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്ക ണമേ' എന്നു കുർബാനയിൽ പ്രാർഥിക്കുന്നവനാണ് വൈദികൻ.

'... ലോകം മുഴുവന്റെയും അനുരഞ്ജനത്തിനും എല്ലാ സഭകളു ടെയും സമാധാനത്തിനും ശാന്തിക്കുംവേണ്ടി ഞാൻ ഇവ അനു ഷ്ഠിക്കുന്നു' എന്ന് പ്രാർഥനയോടെ പ്രഖ്യാപിക്കുന്നവനാണ് കുർബാനയർപ്പിക്കുന്ന വൈദികൻ. സമാധാനത്തിനും സഭകൾ തമ്മിലുള്ള ശാന്തിക്കും സ്നേഹത്തിനും ഐക്യത്തിനുംവേണ്ടി പ്രാർഥിക്കുന്നവർ, നിന്നെ പിന്നെ കോടതിയിലും തെരുവിലും കണ്ടോളാം എന്ന നിലപാടു സ്വീകരിക്കുന്നത് എത്രയോ കഷ്ടം.

'അങ്ങയുടെ സന്നിധിയിൽ എപ്പോഴും നിർമലഹൃദയരും പ്രസന്ന വദനരും നിഷ്കളങ്കരുമായി വ്യാപരിക്കുവാൻ ഞങ്ങളെ യോഗ്യരാ ക്കണമേ' എന്ന് കുർബാനയിൽ പ്രാർഥിക്കുന്നവനാണ് ബലിയർപ്പക നായ വൈദികൻ.

'അനുതാപത്തിൽനിന്നുളവാകുന്ന ശരണത്തോടെ അപരാധങ്ങ ളിൽനിന്നു പിന്തിരിഞ്ഞുകൊണ്ടും പാപങ്ങളെക്കുറിച്ചു പശ്ചാത്ത

www.malankaralibrary.com


പിച്ചുകൊണ്ടും സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോട് കൃപയും പാപ മോചനവും യാചിക്കുകയും ചെയ്യാം' എന്ന് ശുശ്രൂഷി പ്രാർഥിക്കുന്നത് വൈദികനെയും ഉൾപ്പെടുത്തിക്കൊണ്ടാണ്.

'ശത്രുതയിലും വിദ്വേഷത്തിലും നിന്ന് നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം... ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ് നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം... യോജിപ്പോടും ഐക്യത്തോടും കൂടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം...' എന്ന പ്രാർഥനയിലും ബലിയർപ്പിക്കുന്ന വൈദികനും ഉൾപ്പെടുന്നുവെന്നുറപ്പ്. ശത്രുതയും വിദ്വേഷവും ഭിന്നതയും കലഹവും വിയോജിപ്പും അനൈക്യവും ബലിയർപ്പിക്കുന്ന വൈദികനിൽനിന്ന് ആരും പ്രതീക്ഷിക്കുന്നില്ല; ചാനലിന് റേറ്റിംഗ് ഉണ്ടാക്കിക്കൊടുക്കാനും സഭയെ അധിക്ഷേപിക്കാനും അവസരം തേടുന്ന ചാനൽ കാക്കകളൊഴികെ. കാകദൃഷ്ടിയോടെ വെടക്കന്വേഷിച്ചു നടക്കുന്ന 'സ്കാവഞ്ചർ'മാരാണ് അവരിലധികവും.

ത്രിത്വേക ദൈവത്തിന്റെ അടിസ്ഥാനഭാവം ഒരുമയാണെന്ന് യേശുക്രിസ്തു വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഈ ഐക്യമാണ്, ഒരുമയാണ് യേശു തന്റെ ശിഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത്. സ്നേഹത്താൽ പ്രേരിതരായി യേശുവിനുവേണ്ടി സ്വയം സമർപ്പിക്കുന്നവരാണ് യേശുവിൽ വിശ്വസിക്കുന്നവരെല്ലാം; പ്രത്യേകിച്ച്, അവിടുന്നു തെരഞ്ഞെടുത്ത പുരോഹിതർ. ക്രിസ്ത്യാനികളുടെ ട്രേഡ്മാർക്ക്, ആദിമ ക്രൈസ്തവസഭയിലെന്നപോലെ ഇന്നും അവരെ തിരിച്ചറിയുന്നതിലുള്ള മാർഗം അവരുടെ ഇടയിലെ പരസ്പരസ്നേഹമാണ്. വിശ്വാസികളുടെ പരസ്പരസ്നേഹവും ഒരുമയുമാണ് ദൈവത്തെ, യേശുവിനെ, ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നത്.

ഭിന്നിപ്പിലും അനൈക്യത്തിലും കഴിയേണ്ടവരല്ല ക്രൈസ്തവർ, കുടുംബത്തിലായാലും സമൂഹത്തിലായാലും. നിർഭാഗ്യവശാൽ ഈ അകൽച്ചയും അനൈക്യവും കുടുംബത്തിൽതന്നെ ആരംഭിക്കുന്നുവെന്നതല്ലേ സത്യം. ഒരേ മേശയിൽ ഒന്നിച്ചിരുന്നു ഭക്ഷിക്കുന്നവർ, ഒരേ മേൽക്കൂരയ്ക്കു കീഴിൽ കിടന്നുറങ്ങുന്നവർ, മാനസികമായി അകലങ്ങളിലാകുമ്പോൾ ഒരുമ, ഐക്യം പേരിനുപോലും ഉണ്ടാവില്ല. ഒരുമയൊരു മരീചികയായി മാറും. എന്നാൽ എന്താണ് യേശുവിന്റെ ആഗ്രഹവും പ്രതീക്ഷയും? എന്തിനുവേണ്ടിയാണ് യേശു അവസാനമായി പ്രാർഥിക്കുന്നത്? താനും പിതാവും തമ്മിലുള്ള ഒരുമയുടെ ശ്രേഷ്ഠതയിലേക്ക് തന്റെ ശിഷ്യരായ ക്രൈസ്തവരുടെ,

www.malankaralibrary.com


അവരെ നയിക്കുന്ന വൈദികരുടെ, ബന്ധങ്ങളും സൗഹൃദങ്ങളും രൂപാന്തരപ്പെടണമെന്നല്ലേ?

ഭിന്നിപ്പിന്റെ അപകടകരമായ പ്രവണത ശിഷ്യരിൽ അവിടുന്നു ദർശിച്ചിരുന്നു. ആരാണ് തങ്ങളിൽ വലിയവൻ, ആരാണ് സ്വർഗത്തിൽ ദൈവത്തിന്റെ ഇടത്തും വലത്തും ഇരിക്കേണ്ടത്, തുടങ്ങിയ മാനുഷിക തർക്കങ്ങൾ അവർ കണ്ടതാണ്. അതുകൊണ്ടുതന്നെയാണ് ശിഷ്യന്മാരുടെ ഒരുമ യേശുവിന്റെ അവസാന പ്രാർഥനയുടെ കേന്ദ്രബിന്ദുവായത്.

പൗരോഹിത്യസ്വീകരണത്തിന് പുരോഹിതാർഥികൾ മെത്രാന്റെ മുമ്പിൽ മുട്ടുകുത്തി എടുക്കുന്ന പ്രതിജ്ഞ അല്ലെങ്കിൽ വ്രതാനുഷ്ഠാനം നടത്തുന്ന സന്ന്യാസി-സന്ന്യാസിനികൾ സർവലോകത്തിന്റെയും മുമ്പിൽ എടുക്കുന്ന പ്രതിജ്ഞ ഒരുകാലത്തും അവർ മറന്നുകൂടാ. "*ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ .......... മെത്രാനെ (മെത്രാപ്പോലീത്തയെ)/സന്ന്യാസസഭാധികാരിയെ പൂർണ ഹൃദയത്തോടും വിധേയത്വത്തോടുംകൂടി അനുസരിച്ചുകൊള്ളാമെന്നും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും കല്പനകൾ ഒരിക്കലും ലംഘിക്കുകയില്ലെന്നും ഞാൻ ഏറ്റു പറയുന്നു.*"

അർഥരഹിതമായ ഒരു വാഗ്ദാനമല്ല ഇതെന്ന് പുരോഹിതരും സന്ന്യാസികളും ഓർക്കണം. ഇതൊരു വെറും തൊഴിലല്ല. മറ്റു തൊഴിലാളികളെപ്പോലെ യൂണിയനുണ്ടാക്കി ശക്തി നേടേണ്ടവരുമല്ല. കത്തോലിക്കാ പുരോഹിതൻ ശക്തി നേടേണ്ടത് സഭയോടും ക്രിസ്തുവിനോടുമുള്ള വിശ്വസ്തമായ കൂട്ടായ്മയിൽനിന്നു മാത്രമാണ്. വിശ്വാസമാണ് വൈദികന്റെ – കത്തോലിക്കാ പുരോഹിതന്റെ ജീവശക്തി.

പൗരോഹിത്യകൂട്ടായ്മയുടെ ധാർമികശക്തി ഒരിക്കലും നഷ്ടപ്പെടാതിരിക്കട്ടെ. നഷ്ടമായിട്ടുണ്ടെങ്കിൽ അതു വീണ്ടെടുക്കുവാൻ ഒട്ടും വൈകിക്കൂടാ. വിശ്വാസത്തോടുള്ള നമ്മുടെ ബാധ്യതയാണത്. മെത്രാന്മാരുടെയും വൈദികരുടെയും സന്ന്യാസികളുടെയും ബാധ്യത. ഈ ബാധ്യത അവർ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ നടത്തുന്നതും നടത്തിയതുമെല്ലാം വെറും നാടകമായിരുന്നുവെന്നല്ലേ വരിക?

www.malankaralibrary.com

# വിശ്വാസജീവിതം തിരുസഭയോടൊത്ത്: മാർത്തോമാ നസ്രാണിസഭയുടെ ചരിത്രവഴികൾ

**ആമുഖം**

വഴിയും സത്യവും ജീവനുമായ ഈശോമിശിഹായെ അനുഭവിച്ചറിഞ്ഞ് അവിടുന്നിൽ ജീവിക്കുന്നവരാണ് ക്രൈസ്തവ വിശ്വാസികൾ. ഇപ്രകാരമുള്ള നമ്മുടെ വിശ്വാസജീവിതം ഒരു സ്വകാര്യ കാര്യമല്ല, മറിച്ച് ഒരു കൂട്ടായ്മയുടെ അനുഭവമാണ്; സഭാത്മകമായ ജീവിതമാണ്. ദൈവപുത്രനായ മിശിഹാ ഇന്ന് ജീവിക്കുന്നതും സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും തിരുസഭയിലൂടെയാണ്. ഈ സഭയിലാണ് വിശുദ്ധ പാരമ്പര്യവും വിശുദ്ധലിഖിതവും സഭാപൈതൃകങ്ങളും അവികലമായി സൂക്ഷിക്കപ്പെടുന്നതും കാലോചിതമായി വ്യാഖ്യാനിക്കപ്പെടുന്നതും. ഏകവും പരിശുദ്ധവും ശ്ലൈഹികവും കാതോലികവുമായ തിരുസഭ വിവിധ സഭകളുടെ കൂട്ടായ്മയാണ് എന്നുള്ളത് ആദിമസഭയുടെ പൊതുചൈതന്യമാണ്; രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അടിസ്ഥാനപ്രബോധനങ്ങളിലൊന്നുമാണ്. 2024 ഒക്ടോബർ 26-ന് വത്തിക്കാനിൽ സമാപിച്ച മെത്രാന്മാരുടെ ആഗോള സിനഡിന്റെ അന്തിമരേഖയിലും ഇക്കാര്യം എടുത്തു പറയുന്നുണ്ട്.

**1. വിശുദ്ധപാരമ്പര്യവും വിശുദ്ധലിഖിതവും**

അദൃശ്യനായ ദൈവത്തെ ദൃശ്യമാക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്ത ഈശോമിശിഹാ തന്റെ ശ്ലീഹന്മാരിലൂടെ ലോകം മുഴുവനിലും സദ്വാർത്ത അറിയിച്ചു. ഈശോമിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട രക്ഷ അങ്ങനെ ലോകമെങ്ങും സഞ്ചരിച്ചു. ശ്ലീഹന്മാരുടെ പ്രഘോഷണം, പ്രബോധനം, അപ്പം മുറിക്കൽ കൂട്ടായ്മ, പ്രാർത്ഥന എന്നിവയിലൂടെ ദൈവികരഹസ്യങ്ങൾ പങ്കുവയ്ക്കപ്പെടുകയും അതുവഴി ശ്ലൈഹികപാരമ്പര്യം രൂപപ്പെടുകയും ചെയ്തു. ഈ പാരമ്പര്യത്തിൽനിന്ന് സുവിശേഷങ്ങൾ കാലക്രമത്തിൽ ലിഖിതരൂപത്തിലേയ്ക്കു വരികയും അവയെ ആസ്പദമാക്കി പരിശുദ്ധ റൂഹാ

www.malankaralibrary.com




യുടെ ചൈതന്യത്താൽ സഭാപിതാക്കന്മാരും മല്പാന്മാരും വേദപാരംഗതരും വിശ്വാസ പ്രബോധനങ്ങൾ നല്കുകയും ചെയ്തു.

ഈശോമിശിഹായിൽ നിന്ന് ശ്ലീഹന്മാർ ഏറ്റുവാങ്ങി ആദിമസഭാസമൂഹത്തിന് കൈമാറിയതും, സഭാപിതാക്കന്മാരുടെയും ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെയും പ്രബോധനങ്ങളിലൂടെയും, രക്തസാക്ഷികളും വിശുദ്ധരുമായവരുടെ ധീരസാക്ഷ്യത്തിലൂടെയും, വിശ്വാസികളുടെ സമൂഹമായ സഭയുടെ അനുദിന ജീവിതത്തിലൂടെയും, ദൈവാരാധനയിലൂടെയും, തലമുറകളിലേയ്ക്ക് കൈമാറപ്പെടുന്ന രക്ഷയുടെ നിത്യനൂതന അനുഭവമാണ് വിശുദ്ധ പാരമ്പര്യം. വിശുദ്ധ ലിഖിതങ്ങളും വിശുദ്ധ പാരമ്പര്യവും ഭിന്നമല്ല; പരസ്പര പൂരകങ്ങളാണ്.

വിശുദ്ധ പാരമ്പര്യമെന്നാൽ പരിശുദ്ധാത്മാവിനാൽ അനുനിമിഷവും നയിക്കപ്പെടുന്ന സഭയുടെ ജീവിക്കുന്ന വിശ്വാസചൈതന്യമാണ്, നിരന്തരമായ തുടർച്ചയും വളർച്ചയുമാണ്. സഭാപാരമ്പര്യമെന്നത് നിർജ്ജീവമായ ചാരത്തിനു ചുറ്റുമിരിക്കുന്നതല്ല, മറിച്ച് വിശ്വാസ വഴികളിൽ ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും കനലുകൾ കെടാതെ സൂക്ഷിക്കുന്നതാണ്. ഇപ്രകാരമുള്ള ചെറുതും വലുതുമായ വ്യത്യസ്ത സജീവസഭാപാരമ്പര്യങ്ങൾ ഒന്നുചേർന്നതാണ് തിരുസഭയുടെ പൊതുസ്വത്തായ വിശുദ്ധ പാരമ്പര്യം.

## 2. സുറിയാനി, ഗ്രീക്ക്, റോമൻ സഭാ പൈതൃകങ്ങൾ

യഹൂദ-സെമറ്റിക് സംസ്കാരത്തിൽ രൂപംകൊണ്ട സഭ ശ്ലീഹന്മാരിലൂടെ അന്നത്തെ പ്രധാന ബൗദ്ധികകേന്ദ്രങ്ങളായിരുന്ന ഗ്രീക്ക് പട്ടണങ്ങളിലേയ്ക്കും ക്രമേണ റോമാസാമ്രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേയ്ക്കും എല്ലാ ഉപഭൂഖണ്ഡങ്ങളിലേയ്ക്കും വ്യാപിച്ചു. അങ്ങനെ ലോകത്തിന്റെ എല്ലായിടങ്ങളിലും സഭാസമൂഹങ്ങൾ

www.malankaralibrary.com


സ്ഥാപിതമായി. സുവിശേഷം സ്വീകരിച്ച സമൂഹങ്ങൾ ഭാഷയിലും സംസ്കാരത്തിലും ജീവിതരീതിയിലും ആചാരക്രമങ്ങളിലും രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലങ്ങളിലും വ്യത്യസ്തമായിരുന്നു. തന്മൂലം സുവിശേഷം സ്വീകരിച്ച ക്രൈസ്തവസമൂഹങ്ങൾ മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട് വ്യത്യസ്ത സഭകളായിത്തീർന്നു.

അക്കാലഘട്ടത്തിലെ മൂന്ന് പ്രധാന സംസ്കൃതികളായ സെമിറ്റിക്, ഗ്രീക്ക്, റോമൻ സംസ്കാരങ്ങളിൽ വേരൂന്നി ശ്ലീഹന്മാരിൽനിന്നു ലഭിച്ച സുവിശേഷചൈതന്യത്തിലധിഷ്ഠിതമായി മൂന്ന് അടിസ്ഥാന സഭാപാരമ്പര്യങ്ങൾ വളർന്നുവന്നു. അവ കിഴക്കിന്റെ സുറിയാനി പാരമ്പര്യം (Syriac Orient), കിഴക്കിന്റെ ഗ്രീക്ക് പാരമ്പര്യം (Greek East), പാശ്ചാത്യ ലത്തീൻ പാരമ്പര്യം (Latin West) എന്നിങ്ങനെ അറിയപ്പെടുന്നു. തിരുസഭയുടെ വിശുദ്ധ പാരമ്പര്യം കുടികൊള്ളുന്നത് പൗരസ്ത്യവും പാശ്ചാത്യവുമായി സിറിയക് ഓറിയന്റ്, ഗ്രീക്ക് ഈസ്റ്റ്, ലാറ്റിൻ വെസ്റ്റ് എന്നീ സഭാപാരമ്പര്യങ്ങളിലാണ്.

### 3. പാശ്ചാത്യ-പൗരസ്ത്യസഭകൾ

സഭയെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും പൊതുവെ രണ്ടായി തിരിക്കാറുണ്ട്. റോമാസാമ്രാജ്യം മൂന്നാം നൂറ്റാണ്ടിന്റെ ഒടുവിൽ ഭരിച്ചുകൊണ്ടിരുന്ന ഡയോക്ലീഷൻ ചക്രവർത്തി (എ.ഡി. 284-305) സാമ്രാജ്യം നാലായി വിഭജിക്കുകയും നാലാം നൂറ്റാണ്ടിന്റെ ഒടുവിൽ അത് രണ്ടായി ചുരുങ്ങുകയും ചെയ്തു. റോമാസാമ്രാജ്യത്തിന്റെ പടിഞ്ഞാറുഭാഗത്തു വളർന്നു വികാസം പ്രാപിച്ച സഭകൾ പാശ്ചാത്യസഭകളെന്നും കിഴക്കുഭാഗത്തും അതിനുവെളിയിലും വളർന്നു വികസിച്ചവ പൗരസ്ത്യസഭകളെന്നും അറിയപ്പെട്ടു.

റോമാസാമ്രാജ്യത്തിനു വെളിയിലും ശ്ലീഹന്മാർ സഭകൾ സ്ഥാപിച്ചിരുന്നു. ഭാരതത്തിലെ സഭ, പേർഷ്യൻ സാമ്രാജ്യത്തിൽ വളർന്ന സെലൂഷ്യാ-സ്റ്റെസിഫോൺ സഭ, എദ്ദേസായിലെ സഭ, മെസപ്പൊട്ടോമിയായിലെ സഭ എന്നിവ ഇപ്രകാരമുള്ളവയാണ്. 'പാശ്ചാത്യവും പൗരസ്ത്യവുമായ രണ്ടു ശ്വാസകോശങ്ങൾകൊണ്ട് മിശിഹായുടെ സഭ ശ്വസിക്കുകയും എന്നാൽ ഏകഹൃദയത്തോടെ ദൈവസ്നേഹത്താൽ നിറഞ്ഞ് സ്പന്ദിക്കുകയും ചെയ്യുന്നു' എന്നത് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തെളിവാർന്ന പ്രബോധനമാണ്.

### 4. തിരുസഭ - വ്യക്തിസഭകളുടെ കൂട്ടായ്മ

കത്തോലിക്കാസഭയിൽ പൗരസ്ത്യ-പാശ്ചാത്യ പാരമ്പര്യങ്ങളിലായി

www.malankaralibrary.com


24 സ്വയാധികാര സഭകൾ ഇപ്പോൾ ഉണ്ട്. പൗരസ്ത്യസഭകൾ 23 എണ്ണവും പാശ്ചാത്യസഭ ഒന്നും. ശ്ലൈഹികത, ദൈവാരാധന, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയിൽ പ്രകാശിതമായതും നിയമാനുസൃത ഹയരാർക്കിയാൽ കൂട്ടി യോജിക്കപ്പെട്ടതും സഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടതും റോമാ മാർപാപ്പയോടുള്ള പരിപൂർണ കൂട്ടായ്മയിൽ ആയിരിക്കുകയും ചെയ്യുന്ന കത്തോലിക്കാ വിശ്വാസികളുടെ സമൂഹത്തെയാണ് സ്വയാധികാരസഭ (Sui Iuris Church) എന്നു വിളിക്കുന്നത്. സഭാപൈതൃകത്തിന്റെ വ്യതിരിക്തതയെ സൂചിപ്പിച്ച് വ്യക്തിസഭയെന്നും (Individual Church) ശ്ലൈഹികസഭ (Apostolic Church) എന്നും വിളിക്കാറുണ്ട്.

സ്വയാധികാരസഭ തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ച് വെളിവാക്കുന്ന പൈതൃകത്തെ റീത്ത് (Rite) എന്നും വിളിക്കുന്നു. അലക്സാണ്ട്രിയൻ, അന്തോക്യൻ, ബൈസന്റയിൻ, അർമേനിയൻ, കൽദായ അഥവാ പൗരസ്ത്യസുറിയാനി എന്നീ പൗരസ്ത്യ പാരമ്പര്യങ്ങളിൽനിന്നും റോമൻ അഥവാ ലത്തീൻ എന്നീ പാശ്ചാത്യ പാരമ്പര്യത്തിൽനിന്നും രൂപം കൊണ്ടിട്ടുള്ളവയാണവ.

വിശ്വാസം, കൂദാശകൾ, റോമാ മാർപാപ്പായോടുള്ള വിധേയത്വം, ഹയരാർക്കി എന്നിവ വഴി വിവിധ റീത്തുകൾ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു. ഈ ആറ് അടിസ്ഥാന സഭാപാരമ്പര്യങ്ങളാണ് സഭയുടെ ഔദ്യോഗികമായ ആറ് ആരാധനാക്രമങ്ങളെ കേന്ദ്രീകരിച്ച് നിലകൊള്ളുന്നത്. ചുരുക്കത്തിൽ ദൈവാരാധന, ദൈവശാസ്ത്രം, ആദ്ധ്യാത്മിക ശിക്ഷണക്രമം എന്നിവയിലൂടെ രൂപീകൃതമായിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്കാരത്താലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയാധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ച് വെളിവാക്കുന്നതുമായ വിശ്വാസപൈതൃകമാണ് റീത്ത്. ഓരോ റീത്തിന്റെയും ആരാധനാരീതികൾ, തിരുകർമ്മാനുഷ്ഠാനങ്ങൾ, പ്രതീകങ്ങൾ, തിരുവസ്ത്രങ്ങൾ, ദൈവാലയസംഗീതം, വിശുദ്ധ കലകൾ, ദൈവശാസ്ത്രവീക്ഷണം, ആത്മീയജീവിതം എന്നിവ ഇതര റീത്തുകളിൽ നിന്നും വ്യത്യസ്തമായിരിക്കും.

പാശ്ചാത്യ റോമൻസഭയുടെ ഔദ്യോഗികഭാഷയായിരുന്നു ലത്തീൻ. ലത്തീൻ ഭാഷ ആരാധനക്രമഭാഷയായി സ്വീകരിച്ച സഭകൾ ലത്തീൻസഭകൾ എന്നറിയപ്പെട്ടു. വിശുദ്ധ പത്രോസിന്റെ ശ്ലൈഹിക പാരമ്പര്യമുള്ള റോമിലെ സഭാസമൂഹമാണ് റോമാസഭയുടെ ഉത്ഭവത്തിനും പിന്നീട് ലോകമെമ്പാടുമുള്ള വികാസത്തിനും കാരണമാ

www.malankaralibrary.com


യത്. പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ റോമൻ ആരാധനാക്രമം കൂടാതെ ഗാള്ളിക്കൻ, അംബ്രോസിയൻ, കെൽറ്റിക്ക് (ഐറിഷ്), മൊസാറബിക് (മിസിവേത്തിക്ക്) എന്നിവയും സന്ന്യാസ സമൂഹ റീത്തുകളായ സിസ്റ്റേർസ്യൻ, കർത്തൂസ്യൻ എന്നിവ ഉൾപ്പെടെ വിവിധ ആരാധനാക്രമങ്ങളുമുണ്ടായിരുന്നു. എന്നാൽ, റോമൻ (ലത്തീൻ), അംബ്രോസിയൻ എന്നിവ ഒഴികെയുള്ള ക്രമങ്ങൾ സാവധാനം നാമമാത്രമായി.

പൗരസ്ത്യ റോമൻസാമ്രാജ്യത്തിന്റെ ആസ്ഥാനം കോൺസ്റ്റാന്റിനോപ്പിൾ ആയതിനെത്തുടർന്ന് അത് ഒരു സഭാകേന്ദ്രമായി മാറി. കോൺസ്റ്റാന്റിനോപ്പിളിന് ബൈസാന്റിയം എന്നൊരു പേരുകൂടെയുള്ളതിനാൽ ഇവിടെയുള്ള സഭകളെ ബൈസാന്റിയൻ സഭകൾ എന്നു വിളിച്ചുപോന്നു. ഈ ആരാധനാക്രമം ഉപയോഗിക്കുന്ന പതിന്നാല് വ്യക്തിസഭകളുണ്ട്.

പുരാതന ക്രൈസ്തവകേന്ദ്രമായ ഈജിപ്തിലെ അലക്സാണ്ട്രിയായിൽ രൂപം പ്രാപിച്ച അലക്സാണ്ട്രിയൻ ആരാധനക്രമം പിന്തുടരുന്ന മൂന്നു സഭകളാണ് കത്തോലിക്കാ കൂട്ടായ്മയിലുള്ളത്.

അർമേനിയൻ ആരാധനാക്രമം ഉപയോഗിക്കുന്നത് അർമേനിയൻ സഭ മാത്രമാണ്.

സുറിയാനി ആരാധനാക്രമഭാഷയായി സ്വീകരിച്ച സഭകളെ സുറിയാനി സഭകൾ എന്നു വിളിക്കുന്നു. രണ്ട് ആരാധനാക്രമ കുടുംബങ്ങളാണ് സുറിയാനി സഭാപാരമ്പര്യത്തിലുള്ളത്. പാശ്ചാത്യ സുറിയാനിക്രമം ഉപയോഗിക്കുന്ന അന്തോക്യൻ ക്രമവും പൗരസ്ത്യ സുറിയാനിക്രമം ഉപയോഗിക്കുന്ന കൽദായ അഥവാ പൗരസ്ത്യ സുറിയാനി ക്രമവും.

പാശ്ചാത്യ സുറിയാനി ആരാധനാക്രമപാരമ്പര്യം തുടരുന്ന സഭകൾ മൂന്നെണ്ണമാണ്. പൗരസ്ത്യ സുറിയാനി ആരാധനാക്രമം രൂപപ്പെട്ടത് എദ്ദേസായിലാണ്. ഇന്ന് ഇത് പിന്തുടരുന്ന രണ്ടു വ്യക്തിസഭകളാണ് കത്തോലിക്കാ കൂട്ടായ്മയിലുള്ളത്.

കത്തോലിക്കാസഭയുടെ വാർഷിക സ്ഥിതിവിവര കണക്കുകൾ നല്കുന്ന ഇയർബുക്ക് പ്രകാരം സഭയുടെ കൂട്ടായ്മയുടെ ആറ് അടിസ്ഥാന ആരാധനാക്രമ പൈതൃകങ്ങളുടെയും അവയുടെ കീഴിൽ വരുന്ന വിവിധ വ്യക്തിസഭകളുടെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു (അവലംബം - *Annuario Pontificio 2024 pp. 1296-1300*).

www.malankaralibrary.com


| ആരാധനാക്രമ പാരമ്പര്യം | |
|---|---|
| റീത്തുകൾ | |
| ***റോമൻ (ലത്തീൻ)*** | *1. ലത്തീൻ സഭ* |
| ***അലക്സാണ്ട്രിയൻ*** | *2. കോപ്റ്റിക് സഭ*<br>*3. എത്യോപ്യൻ സഭ*<br>*4. എരിത്രിയൻ സഭ* |
| ***അന്തോക്യൻ*** | *5. സീറോ മലങ്കര സഭ*<br>*6. മാനോനീത്താ സഭ*<br>*7. സിറിയൻ സഭ* |
| ***അർമേനിയൻ*** | *8. അർമേനിയൻ സഭ* |
| ***കൽദായ അല്ലെങ്കിൽ*** | *9. കൽദായ സഭ* |
| ***പൗരസ്ത്യസുറിയാനി*** | *10. സീറോ-മലബാർ സഭ* |
| ***കോൺസ്റ്റാന്റിനോപോളിറ്റൻ*** | *11. ബെല-റഷ്യൻ സഭ അഥവാ ബൈസന്റയിൻ*<br>*12. ഇറ്റലിയിലെ ബൈസന്റയിൻ കത്തോലിക്കാസഭ*<br>*13. ക്രോയേഷ്യയിലെയും സേർബിയായിലെയും ബൈസന്റയിൻ സഭ*<br>*14. കസാക്കിസ്ഥാനിലെയും മധ്യേഷ്യയിലെയും ബൈസന്റയിൻ സഭ*<br>*15. ബർഗേറിയൻ സഭ*<br>*16. ഗ്രീക്ക് സഭ*<br>*17. ഗ്രീക്ക് -മെൽക്കൈറ്റ് സഭ*<br>*18. മാസിഡോണിയൻ സഭ*<br>*19. റുമേനിയൻ സഭ*<br>*20. റഷ്യൻ സഭ*<br>*21. റുത്തേനിയൻ സഭ*<br>*22. സ്ലോവാക്യൻ സഭ*<br>*23. ഉക്രേനിയൻ സഭ*<br>*24. ഹംഗേറിയൻ സഭ* |

www.malankaralibrary.com


മേൽപറഞ്ഞ 24 വ്യക്തിസഭകളിൽ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര എന്നീ സഭകളാണ് ഭാരതത്തിലെയും കേരള ത്തിലെയും കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഉള്ളത്.

**5. ഭാരതത്തിലെ മാർത്തോമാ നസ്രാണിസഭയുടെ ചരിത്രവഴികൾ**

ക്രൈസ്തവിശ്വാസം രൂപംകൊണ്ട ആദ്യനൂറ്റാണ്ടിൽതന്നെ സഭാ സമൂഹം രൂപപ്പെട്ട ഇടമാണ് ഭാരതം. എഡി 52-ൽ മാർത്തോമാ ശ്ലീഹാ ദക്ഷിണേന്ത്യയിലെ മുസിരിസിൽ വന്നിറങ്ങി സുവിശേഷം പ്രഘോഷിച്ച് ഏഴ് ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചുവെന്നാണ് പാരമ്പര്യം. ഇതിനുമുമ്പ് മാർത്തോമാ ശ്ലീഹാ ഉത്തരേന്ത്യയിൽ വന്ന് സുവിശേഷം പ്രസംഗിച്ച് സഭാസമൂഹങ്ങൾ സ്ഥാപിച്ചുവെന്നതിനും വ്യക്തമായ തെളിവുകളുണ്ട്.

കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ എന്നിവയാണ് മാർത്തോമാശ്ലീഹാ ദക്ഷിണേന്ത്യ യിൽ സ്ഥാപിച്ച സഭാസമൂഹങ്ങൾ. രണ്ട് ദശാബ്ദങ്ങൾ നീണ്ട പ്രേഷിതയാത്രയ്ക്കൊടുവിൽ എഡി 72-ൽ മാർത്തോമാ ശ്ലീഹാ മൈലാപ്പൂർ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കു കയും ചെയ്തു. മാർത്തോമാ ശ്ലീഹായുടെ കബറിടം, സഭാപിതാക്ക ന്മാരുടെ സാക്ഷ്യം, ആരാധനാക്രമ തെളിവുകൾ, അപ്പോക്രിഫൽ രചനകൾ, പ്രാദേശിക പാരമ്പര്യങ്ങൾ എന്നിവയെല്ലാം മാർത്തോമാ ശ്ലീഹായുടെ ഭാരതാഗമനവും പ്രേക്ഷിതപ്രവർത്തനവും രക്ത സാക്ഷിത്വവും സാക്ഷ്യപ്പെടുത്തുന്നു.

തോമാശ്ലീഹായിലൂടെ മിശിഹായിലുള്ള വിശ്വാസം ഏറ്റുവാങ്ങിയ മാർത്തോമാ നസ്രാണികളുടെ തനതായ വിശ്വാസജീവിതശൈലിയെ 'മാർത്തോമാ മാർഗം' എന്നു വിശേഷിപ്പിക്കുന്നു. ഈ മാർത്തോമാ മാർഗത്തിന്റെ സമഗ്രമായ പ്രതീകമാണ് മാർത്തോമാ സ്ലീവ.

ഇപ്രകാരം ഈശോയുടെ സുവിശേഷം, തോമ്മായുടെ നിയമം, പൗര സ്ത്യ റീത്ത്, സുറിയാനി ഭാഷ എന്നിവയും ഭാരതീയമായ സാംസ്കാരികഘടകങ്ങളും സമഞ്ജസമായി സമന്വയിപ്പിച്ച് മുന്നോട്ടു പോയിരുന്ന ഭാരതസഭയിൽ പതിനഞ്ചാം നൂറ്റാണ്ടോടെ വിദേശ ലത്തീൻ മിഷനറിമാർ കടന്നുവന്നു. ഇന്ത്യയിൽ ലത്തീൻ റീത്തിന്റെ ഉത്ഭവവും വളർച്ചയും ഇവിടെ ആരംഭിക്കുന്നു. ഈശോ സഭാസമൂഹത്തിലെ അംഗമായിരുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യ റിന്റെ (1506-1552) തീഷ്ണമായ പ്രേഷിത പ്രവർത്തനം ലത്തീൻ സഭയുടെ വളർച്ചയെ ദ്രുതഗതിയിലാക്കി.

www.malankaralibrary.com


ലത്തീൻ റീത്തിന്റെ പശ്ചാത്തലത്തിൽനിന്നും വന്ന പോർച്ചുഗീസ് മിഷനറിമാർ തുടക്കത്തിൽ ഇവിടൊരു ക്രൈസ്തവ സമൂഹ മുണ്ടെന്നറിഞ്ഞ് സന്തോഷിക്കുകയും എന്നാൽ തങ്ങൾക്ക് ഏറെ പരിചയമില്ലാതിരുന്ന പാരമ്പര്യങ്ങളെ മാർത്തോമാ ക്രിസ്ത്യാനിക ളിൽനിന്ന് നീക്കം ചെയ്യാനാരംഭിക്കുകയും ചെയ്തു. ഇതനുസരിച്ച് മാർത്തോമാ നസ്രാണികളുടെ പൈതൃകത്തിനു പകരം പത്രോ സിന്റെ നിയമവും ലത്തീൻ റീത്തും ലത്തീൻ ഭാഷയും പാശ്ചാത്യ സംസ്കാരവും നടപ്പിലാക്കാൻ അവർ പരിശ്രമിച്ചു.

കാലാന്തരത്തിൽ മാർത്തോമാ ശ്ലീഹായുടെ വിശ്വാസപൈതൃകം തന്നെ പിന്തുടരുന്ന പേർഷ്യൻ സഭയിൽനിന്നുള്ള മെത്രാന്മാരുടെ വരവ് ഇല്ലാതാകുകയും തൽസ്ഥാനത്ത് ലത്തീൻ മെത്രാന്മാരെ നിയോഗിക്കാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. മാർ ത്തോമാക്രിസ്താനികളുടെ ഇന്ത്യ മുഴുവനിലുമുണ്ടായിരുന്ന സ്വയം ഭരണാവകാശമുള്ള മെത്രാപ്പോലീത്തൻ പദവി നിർത്തലാക്കുകയും അങ്കമാലി അതിരൂപതയെ ഗോവാ അതിരൂപതയുടെ സാമന്ത രൂപത യാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തു.

നസ്രാണിസഭയുടെ അനന്യതയെ ഇല്ലാതാക്കി ഈ സഭയെ ലത്തീൻസഭയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരി ശ്രമമാണ് പോർച്ചുഗീസുകാർ നടത്തിയത്. മാർത്തോമാ ക്രിസ്താനി കളുടെമേൽ യാതൊരുവിധ അജപാലനാധികാരവും ഇല്ലാത്ത ഗോവാ മെത്രാപ്പോലീത്ത പ്രാദേശിക രാജാക്കന്മാരുടെയും പോർച്ചു ഗീസ് അധികാരികളുടെയും സഹായത്തോടെ അങ്കമാലി അതിരൂപ തയിൽ അധികാരം സ്ഥാപിക്കുകയും 1599 ജൂൺ 20 മുതൽ 26 വരെ ഒരു സമ്മേളനം വൈക്കം-എറണാ കുളം റോഡരികിലുള്ള ഉ ദയംപേരൂരിൽ വിളിച്ചുചേർക്കുകയും ചെയ്തു. മലബാർ സഭയിൽ നിന്ന് 153 വൈദികരും 660 അല്മായരും പങ്കെടുത്ത, നിയമപരമാ യി നടത്തപ്പെട്ടതാണോ എന്ന കാര്യം ഇന്നും തർക്കവിഷയമായ, പ്രസ്തുത സമ്മേളനം ഉദയംപേരൂർ സൂനഹദോസ് (Diamper Synod) എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ടു.

പാശ്ചാത്യ സംസ്കാരത്തോടും ലത്തീൻ റീത്തിനോടും മാർത്തോമാ ക്രിസ്താനികളുടെ മതപരവും സഭാത്മകവും കൗദാശികവും സാമൂഹികവും സാംസ്കാരികവുമായ ജീവിതം അനുരൂപപ്പെ ടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി നടന്ന പ്രസ്തുത സിനഡിൽ ദൈവാരാധനാപരവും ദൈവശാസ്ത്രപരവും കാനോനികവുമായ നിരവധി ഡിക്രികൾ പാസാക്കി. അങ്ങനെ മാർത്തോമാ നസ്രാണി കളുടെ തനതായ പൈതൃകത്തിൽ നിരവധി ലത്തീൻ സ്വാധീന

www.malankaralibrary.com


ങ്ങൾ കടന്നുവരുവാൻ ഇടയായി. സിനഡിനെ തുടർന്നുള്ള ചരിത്ര വഴികളിൽ ഈ സഭയുടെ സ്വതന്ത്രപദവി സാവധാനം ഇല്ലാതാവുകയും അതിനെ പോർച്ചുഗീസ് അധികാരത്തിൻ കീഴിൽ ഗോവയുടെ സാമന്തരൂപതയായി ആ പ്രവിശ്യയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതേത്തുടർന്നുണ്ടായ സംഭവവികാസങ്ങൾ 1653 ജനുവരി മൂന്നിന് നടന്ന കൂനൻകുരിശുസത്യം എന്നറിയപ്പെടുന്ന പ്രതിഷേധത്തിൽ ചെന്നെത്തി.

**6. മാർത്തോമാ നസ്രാണിസഭയിലെ ആദ്യവിഭജനത്തിന്റെ മുറിവ്**

വിഘടിച്ചുനിന്ന നസ്രാണികൾ അന്ത്യോക്യയിൽനിന്നു വന്ന മാർ ഗ്രിഗോറിയസിനെ തങ്ങളുടെ തലവനായി സ്വീകരിച്ചു. ഇവർ 'പുത്തൻകൂറ്റുകാർ' എന്നും നാട്ടുകാരനായ പറമ്പിൽ മാർ ചാണ്ടി മെത്രാന്റെ കീഴിൽ നിന്നവർ 'പഴയകൂറ്റുകാർ' എന്നും അറിയപ്പെട്ടു. ഒന്നായി നിലനിന്നിരുന്ന മാർത്തോമാ നസ്രാണിസഭയിൽ ഉണ്ടായ ആദ്യത്തെ പിളർപ്പായി ഇതിനെ കണക്കാക്കുന്നു.

പുത്തൻകൂറ്റുകാർ വിഭാഗത്തിൽപ്പെട്ടവർക്ക് നേതൃത്വം കൊടുത്ത ഒന്നാം മാർത്തോമാ മുതൽ അഞ്ചാം മാർത്തോമാ വരെയുള്ളവർ മെത്രാൻപട്ടം ലഭിക്കാതെ മരണമടഞ്ഞു. ആറാം മാർത്തോമാ 1772-ൽ നിരണത്തുവച്ച് മാർ യോഹന്നാൻ, മാർ ഗ്രിഗോറിയോസ് എന്നീ വിദേശ യാക്കോബായ മെത്രാന്മാരിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ച് മാർ ദിവന്നാസ്യോസ് ഒന്നാമൻ എന്ന പേരിൽ മെത്രാനായി.

ഈ സമയത്താണ് കരിയാറ്റി യൗസേപ്പ് മൽപ്പാനും പാറേമ്മാക്കൽ തോമാക്കത്തനാരും റോമായാത്ര നടത്തിയത്. ഒട്ടനവധി സംഭവങ്ങൾക്കൊടുവിൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി 1783-ൽ അഭിഷേകം ചെയ്യപ്പെട്ട കരിയാറ്റിൽ മാർ ഔസേപ്പ് മെത്രാൻ 1786 സെപ്റ്റംബർ പത്താം തീയതി ഗോവയിൽവച്ച് ആകസ്മികമായി നിര്യാതനായി. മരിക്കുന്നതിനുമുമ്പ് പാറേമ്മാക്കൽ തോമ്മാക്കത്തനാരെ നസ്രാണികളുടെ ഗോവർണദോരായി നിയമിച്ചു. 1787 മുതൽ 1799 വരെ കേരളസഭയെ നയിച്ച ഗോവർണദോർ തന്റെ കീഴിലുണ്ടായിരുന്ന 87 പള്ളികളിലെ പ്രതിനിധികളെയും വൈദികരെയും അങ്കമാലിയിൽ വിളിച്ചുകൂട്ടുകയും സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഇത് 'അങ്കമാലി പടിയോല' എന്ന പേരിൽ അറിയപ്പെടുന്നു.

പുത്തൻകൂറിലെ മാർ ദിവന്നാസ്യോസ് പുനരൈക്യശ്രമങ്ങൾ നട

www.malankaralibrary.com


ത്തിയെങ്കിലും ഒന്നും ഫലവത്തായില്ല. 1749 മുതൽ 1790 വരെ കേരള ത്തിൽ മതപീഡനത്തിന്റെ കാലമായിരുന്നു. ഈ കാലഘട്ടത്തിലാണ് മലബാർ പ്രദേശത്ത് ടിപ്പുവിന്റെ മതമർദ്ദനവും തിരുവിതാകൂറിൽ ദേവസഹായംപിള്ളയുടെ രക്തസാക്ഷിത്വവും സംഭവിക്കുന്നത്. പാറേമാക്കലിന്റെ കാലശേഷം മാർത്തോമാ ക്രിസ്ത്യാനികൾ പോർ ച്ചുഗീസ് രാജാവിന്റെ പ്രത്യേക സംരക്ഷണയിലുള്ള പദ്രുവാദോ ഭരണത്തിലും റോമിന്റെ നേരിട്ടുള്ള പ്രൊപ്പഗാന്ത ഭരണത്തിലുമായി. 1838-ൽ സുറിയാനിക്കാരുടെ മേലുള്ള പദ്രുവാദോ അധികാരം മാർ പാപ്പ നിർത്തലാക്കി. അതേത്തുടർന്ന് സുറിയാനിക്കാരെ വരാപ്പുഴ പ്രൊപ്പഗാന്ത മലബാർ വികാരിയാത്തിൽ ചേർക്കുകയും ചെയ്തു.

## 7. മാർത്തോമാ നസ്രാണി പൈതൃകം ജീവിക്കുന്ന ഇതര ക്രൈസ്തവസഭകൾ

കൂനൻകുരിശു സത്യത്തിനുശേഷം പുത്തൻകൂറ്റുകാർ എന്നറിയ പ്പെടുന്ന വിഭാഗം കാലങ്ങളിലായി വീണ്ടും വിഭജിക്കപ്പെട്ടു. 1663-ൽ ആർച്ച്ഡീക്കൻ തോമസ് പറമ്പിലിനെ അന്തിമമായി സഭയിൽനിന്ന് ബഹിഷ്കരിച്ചതിനുശേഷം അവർ അന്തോക്യയിലെ സിറിയൻ ഓർത്തഡോക്സ് യാക്കോബായ പാത്രിയാർക്കീസുമായി കൂട്ടായ്മ യിലായി. ക്രമേണ അവർ അന്തോക്യൻ അഥവാ പാശ്ചാത്യസുറി യാനി ആരാധനാക്രമവും മിശിഹാവിജ്ഞാനീയവും കാനോനിക ശിക്ഷണക്രമവും സ്വീകരിച്ചു. എന്നാൽ, അന്തോക്യൻ പാത്രിയർ ക്കീസിന്റെ അധികാരം ദിവന്നാസ്യോസ് ആറാമനും ഭൂരിഭാഗം മെ ത്രാന്മാരും പൂർണമായും അംഗീകരിച്ചില്ല. അവരെ 1911 മേയ് 31-ന് അന്തോക്യൻ പാത്രിയർക്കീസ് അബ്ദുള്ള രണ്ടാമൻ മലങ്കരസഭയിൽ നിന്ന് പുറത്താക്കി. 1912-ൽ അവർ സ്വയം ഭരണാവകാശമുള്ള സ ഭയായി സംഘടിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ(ഓർ ത്തഡോക്സ് സിറിയൻ)യ്ക്കു രൂപംകൊടുത്തു. മെത്രാൻകക്ഷി എ ന്നറിയപ്പെടുന്ന ഇവരുടെ ആസ്ഥാനം കോട്ടയം ദേവലോകമാണ്.

അന്ത്യോക്യാ പാത്രിയർക്കീസിനെ അംഗീകരിച്ചവർ മലങ്കര യാ ക്കോബായ സുറിയാനിസഭ (സിറിയൻ ഓർത്തഡോക്സ്) എന്ന് അറിയപ്പെട്ടു. ബാവാകക്ഷിയെന്നും ഇവർ അറിയപ്പെടുന്നു. പാത്രി യാർക്കീസ് കക്ഷിയുടെ കേരളത്തിലെ ആസ്ഥാനം മൂവാറ്റുപുഴ യാണ്. ഇവർ ഇരുകൂട്ടർക്കും അഭിപ്രായവ്യത്യാസമുള്ളത് സിറിയ യിലെ ഡമാസ്ക്കസിൽ ആസ്ഥാനമുള്ള പാത്രിയർക്കീസിന്റെ അ ധികാരത്തെ സംബന്ധിച്ചു മാത്രമാണ്.

ബ്രിട്ടീഷ് ആധിപത്യത്തെത്തുടർന്ന് പുത്തൻകൂർ സമുദായം ആംഗ്ലി

www.malankaralibrary.com


ക്കൻ സഭയുമായി സൗഹൃദത്തിലായി. 1836-ൽ ആംഗ്ലിക്കൻ സഭാബന്ധം അവസാനിപ്പിച്ചെങ്കിലും ഒരു വിഭാഗം ഇതിനെ അനുകൂലിച്ചില്ല. 1876-ൽ അന്ത്യോക്യൻ പാത്രിയാർക്കീസ് പീറ്റർ മൂന്നാമൻ ആംഗ്ലിക്കൻ അനുഭാവികളായ രണ്ടു മലങ്കര മെത്രന്മാരെയും അവരുടെ അനുയായികളെയും പുറത്താക്കി. ഇവർ പുനഃസംഘടിച്ച് മാർ ത്തോമാ സുറിയാനിസഭ എന്ന പേരിലറിയപ്പെട്ടു. തിരുവല്ലയാണ് ഇവരുടെ ആസ്ഥാനം.

1599-ലെ ഉദയംപേരൂർ സൂനഹദോസോടെ ഭാരതത്തിലെ പൗരസ്ത്യ സഭയുടെ മേലുള്ള കൽദായ പാത്രിയർക്കീസിന്റെ ഭരണം നിർത്തലാക്കിയിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിയിൽ കൽദായ പാത്രിയർക്കീസായിരുന്ന ജോസഫ് ഔദോ ആറാമന് (1848-1873) കേരളത്തിലെ നസ്രാണികൾ നിരവധി അപേക്ഷകൾ അയച്ചു. തൽഫലമായി 1861-ൽ മാർ തോമ്മാ റോക്കോസിനെയും 1874-ൽ മാർ ഏലിയ മേലൂസിനെയും മലബാറിലേയ്ക്ക് അയച്ചു. ഇവരുടെ ആഗമനം റോക്കോസ് (1861-62), മേലൂസ് (1874-82) എന്നീ വിഭജനങ്ങൾക്ക് അഥവാ ശീശ്മകൾക്ക് കാരണമായി. ക്രമേണ ഇവർ തിരിച്ചുവിളിക്കപ്പെട്ടെങ്കിലും ഇവരുടെ അനുയായികൾ പലരും ശീശ്മയിൽ തുടർന്നു.

1907-ൽ ഇവർ പേർഷ്യയിലെ കൽദായ കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽനിന്ന് വേർപിരിഞ്ഞുണ്ടായ കിഴക്കിന്റെ അസ്സീറിയൻ സഭാ പാത്രിയർക്കീസായ ശെമയോൻ ബെഞ്ചമിൻ 19-ാമനുമായി കൂട്ടായ്മയിലാകുകയും തൃശൂർ ആസ്ഥാനമായി പുന:സംഘടിക്കുകയും ചെയ്തു. തൃശൂരിലെ കിഴക്കിന്റെ അസീറിയൻ സഭ എന്ന് ഈ സഭാസമൂഹം ഇന്ന് അറിയപ്പെടുന്നു.

1772-ൽ മലങ്കരസഭയുടെ തലവനായി മാർ തോമാ ആറാമനെ അഭിഷേകം ചെയ്ത സിറിയൻ ഓർത്തഡോക്സ് മെത്രാൻ മാർ ഗ്രിഗോറിയോസ്, കാട്ടുമങ്ങാട്ട് കുര്യൻ അബ്രാഹാം എന്ന റമ്പാനെ മാർ തോമാ ആറാമന് എതിരായി അബ്രാഹാം മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. എന്നാൽ മലങ്കരസഭയിൽ ഭരണം നടത്താൻ മാർ കൂറിലോസിനായില്ല. തിരുവിതാകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിൽനിന്നു നാടുകടത്തപ്പെട്ട അദ്ദേഹം കുന്നംകുളം അടുത്ത് തൊഴിയൂർ (അഞ്ഞൂർ) എന്ന സ്ഥലത്തുപോയി സ്വന്തമായി രൂപത സ്ഥാപിച്ചു. ഇത് തൊഴിയൂർസഭ അഥവാ മലബാർ സ്വതന്ത്ര സുറിയാനിസഭ എന്നറിയപ്പെടുന്നു.

പുത്തൻകൂറ്റിൽപ്പെട്ട മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിൽ

www.malankaralibrary.com


നിന്ന് ഗീവർഗീസ് മാർ ഇവാനിയോസിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം 1930 സെപ്റ്റംബർ 30-ന് റോമാ മാർപാപ്പയോട് പുനരൈക്യപ്പെടുകയും അവർ സീറോ-മലങ്കര കത്തോലിക്കാസഭ എന്ന പേരിൽ പുന:സംഘടിപ്പിക്കപ്പെടുകയും ചെയ്തു. 1932 ഫെബ്രുവരി 13-ന് മലങ്കര കത്തോലിക്കാസഭയെ *ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി* എന്ന ശ്ലൈഹിക പ്രബോധനം വഴി പതിനൊന്നാം പീയൂസ് പാപ്പയും ഹയരാർക്കിയായി അംഗീകരിച്ചു. ഭാരതത്തിലെ മലങ്കര കത്തോലിക്കാസഭയുടെ ഉത്ഭവവും വളർച്ചയും ഇവിടെ തുടങ്ങുന്നു. 2005-ൽ മലങ്കരസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി.

## 8. സീറോമലബാർ ഹയരാർക്കിയുടെ സ്ഥാപനവും വളർച്ചയും

വരാപ്പുഴ അതിരൂപതയുടെ ഭാഗമായിരുന്ന സുറിയാനിക്കാരെ 1887 മേയ് 20-ാംതീയതി പരിശുദ്ധ പിതാവ് ലിയോ പതിമൂന്നാമൻ *കോദ് യാം പ്രിദം* (*Quod Jam Pridem*) എന്ന തിരുവെഴുത്തുവഴി വരാപ്പുഴയിൽനിന്നു വേർപെടുത്തി അവർക്കായി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു. ഇതിന് ഒരു വർഷംമുമ്പ് 1886 സെപ്റ്റംബർ ഒന്നിന് ഇന്ത്യയിൽ ലത്തീൻ ഹയാർക്കി ഔദ്യോഗികമായി സ്ഥാപിതമായിരുന്നു.

1896 ജൂലൈ 28-ന് ക്വേ റെയി സാക്രേ (*Que Rei Sacrae*) എന്ന തിരുവെഴുത്തുവഴി മലബാർസഭയ്ക്കുവേണ്ടി തൃശൂർ, ചങ്ങനാശേരി, എറണാകുളം വികാരിയാത്തുകൾ നിലവിൽ വരികയും അവയിൽ തദ്ദേശീയ മെത്രാന്മാരായ മോൺ. ജോൺ മേനാച്ചേരിൽ, മോൺ. മാത്യു മാക്കീൽ, മോൺ. ലൂയിസ് പഴേപറമ്പിൽ എന്നിവരെ യഥാക്രമം ലിയോ പതിമൂന്നാമൻ മാർപാപ്പ നിയമിക്കുകയും ചെയ്തു.

1911 ഓഗസ്റ്റ് 29-ന് *ഇൻ ഉനിവേഴ്സി ക്രിസ്താനി* (*In Universi Christiani*) എന്ന തിരുവെഴുത്തുവഴി ക്നാനായക്കാർക്കുവേണ്ടി പ്രത്യേകമായി കോട്ടയം വികാരിയാത്ത് സ്ഥാപിച്ചു.

1923 ഡിസംബർ 21-ാംതീയതി *റൊമാനി പൊന്തിഫിച്ചെസ് (Romani Pontifices)* എന്ന തിരുവെഴുത്തുവഴി പതിനൊന്നാം പീയൂസ് മാർപാപ്പ എറണാകുളം കേന്ദ്രമാക്കി സീറോ-മലബാർ സഭയുടെ ഹയരാർക്കി സ്ഥാപിച്ചു. എറണാകുളത്തെ അതിരൂപതയായും തൃശൂർ, കോട്ടയം, ചങ്ങനാശേരി എന്നിവയെ സാമന്തരൂപതകളായും നിശ്ചയിച്ചു. മാർ ആഗസ്തീനോസ് കണ്ടത്തിൽ പ്രഥമ മെത്രാപ്പോലീത്തയായി നിയമിതനായി.

മലകളും വാരങ്ങളും നിറഞ്ഞ മലബാർ തീരത്ത് മൊട്ടിട്ട് വളർന്നു

www.malankaralibrary.com


പന്തലിച്ച സീറോ-മലബാർ സഭയുടെ സുറിയാനി വേരുകളും പൈതൃകവും വ്യക്തമാക്കുന്നതാണ് 'സീറോ-മലബാർ' എന്ന പേര്. 1955 ഏപ്രിൽ 28-ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപാപ്പ സീറോ-മലബാർ ഹയരാർക്കിയുടെ അധികാരപരിധി വികസിപ്പിക്കുകയും ഏപ്രിൽ 29-ന് നാലു ഡിക്രികൾ വഴി അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

1962 മാർച്ച് 31-ന് മിഷൻ പ്രവർത്തനത്തിന് ഛാന്ദാ എക്സാർക്കേറ്റ് സ്ഥാപിതമായി. അതേവർഷം ജൂലൈ 3-ന് സീറോ-മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട മലയാളത്തിലുള്ള കുർബാന ഉദ്ഘാടനം ചെയ്യപ്പെട്ടു. 1972, മാർച്ച് 25-ാം തീയതി മാർത്തോമാ ശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനായി പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപാപ്പ പ്രഖ്യാപിച്ചു.


1986 ഫെബ്രുവരി ഒന്നു മുതൽ പത്തു ദിവസത്തെ ഭാരതസന്ദർശനത്തിനായി പരിശുദ്ധ പിതാവ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ എത്തുകയും ഫെബ്രുവരി എട്ടിന് കോട്ടയത്തുനടന്ന ചടങ്ങിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുകയും സീറോ-മലബാർ സഭയുടെ നവീകരിക്കപ്പെട്ട ആഘോഷമായ റാസ അർപ്പിക്കുകയും ചെയ്തു.

1992 - ഡിസംബർ 16-ന് *ക്വേ മയോരി ക്രിസ്തി ഫിദെലിയും* (*Que Majori Christi Fidelium*) എന്ന ബൂള വഴി സീറോ-മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും പ്രഥമ മേജർ ആർച്ചുബിഷപ്പായി കർദ്ദിനാൾ മാർ ആന്റണി പടിയറയെ നിയമിക്കുകയും മാർ അബ്രാഹാം കാട്ടുമനയെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിക്കുകയും ചെയ്തു. 1995 മേയ് 27-ന് മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു. 1

996 ഡിസംബർ 18-ന് മാർ ആന്റണി പടിയറ വിരമിക്കുകയും തൽസ്ഥാനത്ത് ദിവ്യ രക്ഷക സന്ന്യാസസമൂഹാംഗമായ ഫാ. വർക്കി വിതയത്തിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെടുകയും ചെയ്തു. 1999 ഡിസംബർ 23-ന് മാർ വർക്കി വിതയത്തിൽ സഭയുടെ രണ്ടാമത്തെ മേജർ ആർച്ച്ബിഷപ്പായി നിയമിതനായി.

2011 ഏപ്രിൽ 11-ന് കർദ്ദിനാൾ മാർ വിതയത്തിൽ കാലം ചെയ്തു.

www.malankaralibrary.com

2011 മേയ് 24-ന് തൽസ്ഥാനത്ത് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തെരഞ്ഞെടുക്കപ്പെടുകയും 2023 ഡിസംബർ 7 വരെ തൽസ്ഥാനത്ത് തുടരുകയും ചെയ്തു. 2024 ജനുവരി 9-ന് മാർ റാഫേൽ തട്ടിൽ സീറോ മലബാർ സഭയുടെ നാലാമത്തെ മേജർ ആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെടുകയും അതേമാസം 11-ന് സ്ഥാനാരോഹണം ചെയ്യപ്പെടുകയും ചെയ്തു.

2017 ഒക്ടോബർ പത്താം തീയതി *വാരിയെത്താസ് എക്ലേസിയാരും (Varietas Ecclesiarum)* എന്ന തിരുവെഴുത്തുവഴി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സീറോ-മലബാർ സഭയ്ക്ക് ഭാരതം മുഴുവനിലും അജപാലന- പ്രേഷിതപ്രവർത്തന സ്വാതന്ത്ര്യവും അധികാരവും നല്കി. ഭാരതത്തിലും ഭാരതത്തിനു വെളിയിലുമായി 35 രൂപതകളും ഒരു അപ്പസ്തോലിക് വിസിറ്റേഷനുമുള്ള സീറോ-മലബാർ സഭ ഇന്ന് ലോകം മുഴുവനിലും സാന്നിധ്യമുള്ള ഒരു ശ്ലൈഹിക സ്വയാധികാര വ്യക്തിസഭയാണ്. ഈ സഭ സമകാലിക പ്രതിസന്ധികൾക്കിടയിലും അവളുടെ യഥാർത്ഥ സ്വത്വം കണ്ടെത്താനുള്ള നിരന്തരമായ പരിശ്രമത്തിലാണിപ്പോൾ.

**ഉപസംഹാരം**

ഈശോമിശിഹായുടെ മൗതികശരീരമായ തിരുസഭയിലെ നിയമാനുസൃതമായ വൈവിധ്യവും സത്താപരമായ ഐക്യവും സഭാഗാത്രത്തിന്റെ ജീവാത്മാകമായ വളർച്ചയ്ക്ക് ഏറെ ആവശ്യമാണ്. സഭ

www.malankaralibrary.com


യാകുന്ന നിക്ഷേപാലയത്തിലെ അമൂല്യനിധികളായ സഭാപൈതൃകങ്ങൾ അവികലമായി സംരക്ഷിക്കപ്പെടുകയെന്നത് തിരുസഭയുടെ നിരന്തരമായ പ്രബോധനമാണ്. ഒപ്പം കാലോചിതവും ജീവാത്മകവുമായ വളർച്ചയും സഭയിലുണ്ടാകണം.

തിരുസഭയിലെ വൈവിധ്യത്തിന്റെ മാഹാത്മ്യവും കൂട്ടായ്മയുടെ ചൈതന്യവും വ്യക്തിസഭകളുടെ വ്യതിരിക്തതയും ദൈവാരാധനയിൽ അധിഷ്ഠിതമായ സഭാതനിമയും തിരുസഭയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. തിരുസഭയുടെ കൂട്ടായ്മയിലെ വ്യക്തിസഭകളുടെ ഐക്യവും ഐകരൂപ്യവും കാത്തുസൂക്ഷിക്കുന്നതിൽ ദൈവാരാധനയിലുള്ള ഐക്യവും ഐകരൂപ്യവും അടിസ്ഥാനഘടകമാണ്. ദൈവാരാധനാക്രമം ഓരോ സഭയുടെയും പരിശുദ്ധമായ സ്വത്താണ്, അമൂല്യമായ നിധിയാണ്. അതുകൊണ്ടാണ് ഓരോ വ്യക്തിസഭയും അവളുടെ ആരാധനാക്രമ തനിമയിൽ വളരണമെന്ന് തിരുസഭാമാതാവ് നിരന്തരമായി നിർദ്ദേശിക്കുന്നത്.

സീറോ മലബാർസഭയിലെ ഏകീകൃത കുർബാനയർപ്പണ രീതി സംബന്ധിച്ച് സഭയുടെ സൂനഹദോസും റോമാ മാർപാപ്പയും പൗരസ്ത്യ തിരുസംഘവും നല്കിയിരുന്ന തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും പ്രാധാന്യം ഈ പശ്ചാത്തലത്തിലാണ് കാലികമാകുന്നത്. തിരുസഭയിലെ വിവിധ വിശ്വാസപൈതൃകങ്ങളെ പരസ്പരം മനസിലാക്കാനും ആദരവോടെ വിലമതിക്കാനും ഒപ്പം സ്വന്തം മാതൃസഭയുടെ തനിമയിൽ വളരാനും നമുക്കു കഴിയട്ടെ. അങ്ങനെ ഈശോയോടും അവിടുത്തെ തുടർച്ചയായ സഭയോടും വിശ്വസ്തരായി ജീവിക്കുവാൻ നമുക്കിടയാവട്ടെ.

www.malankaralibrary.com

# ക്രിസ്മസ് : നമ്മൾഭാവത്തിലേക്കുള്ള ക്ഷണം

*(സമാധാനദൂതുമായാണ് ക്രിസ്മസ് കടന്നുവന്നതെങ്കിലും ഭൂമിയിലെ യാഥാർഥ്യം ഭിന്നമാണ്. സമകാലിക പശ്ചാത്തലത്തിൽ ചില ക്രിസ്മസ് ചിന്തകൾ)*

"**അ**ത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം..." എന്നാണ് ക്രിസ്മസ് രാത്രിയിൽ മാലാഖമാർ പാടിയത്. അല്ലാതെ, ഭൂമിയിൽ എല്ലാവർക്കും സമാധാനം എന്നല്ല. സ്നേഹവും സാഹോദര്യവും സമഭാവനയും നിറഞ്ഞുനിൽക്കുന്ന മനസ്സിൽ ഉണ്ണി പിറക്കുന്നു – സമാധാനമായി, സന്തോഷമായി, സംതൃപ്തിയായി.

ചരിത്രത്തിലെ ഏറ്റവും ജനപ്രീതിയാർന്നതും സർവോദാത്തവുമായ ക്രിസ്തുമസ് ഗാനം ആരംഭിക്കുന്നത് 'നിശബ്ദ രാത്രി, വിശുദ്ധ രാത്രി...' എന്നീ വാക്കുകളോടെയാണ് – *Silent night, Holy night...!* ജർമൻ ഭാഷയിൽ വിരചിതമായ ആ ഗാനത്തിന്റെ അനവദ്യസുന്ദരമായ ഓരോ ഈരടിയും അവസാനിക്കുന്നതാകട്ടെ, നവജാതശിശുവിനെ വിളിച്ച് 'നീ സ്വർഗ്ഗീയ സമാധാനത്തിൽ ഉറങ്ങിയാലും...' എന്നാശംസിച്ചുകൊണ്ടും. എന്നാൽ, ആ കുഞ്ഞിനുപോലും ഏറെനാൾ ശാന്തമായി കിടന്നുറങ്ങാൻ അവസരം ലഭിച്ചില്ല. അക്രമികളിൽനിന്നും രക്ഷിക്കാൻ മറിയത്തിനും ജോസഫിനും ഈജിപ്തിലേക്കു പലായനം ചെയ്യേണ്ടിവന്നു.

രാജ്യങ്ങൾ തമ്മിൽ കലഹിക്കുമ്പോൾ പതിനായിരങ്ങൾ അഭയാർഥികളാകുന്നു. രക്ഷനേടി അന്യനാടുകളിലേക്കു പലായനം ചെയ്യുന്നു. സ്വന്തം നാട്ടിൽത്തന്നെ അഭയാർഥികളാകേണ്ടിവരുന്ന ദയനീയ സ്ഥിതിവിശേഷത്തെപ്പറ്റി ഓർക്കുക. അഭയാർഥികളുടെ ഭയവും ഭാവവും കഷ്ടപ്പാടും എത്രയോ പണ്ടേ അനുഭവിച്ചിട്ടുള്ള കുടുംബമായിരുന്നു യേശുവിന്റേത് എന്ന് ഓർക്കാം.

അവന്റെ ഉന്മൂലനം ലക്ഷ്യമിട്ട് രാഷ്ട്രീയ ശക്തികൾ, അന്നാട്ടിൽ

www.malankaralibrary.com


മൂന്നു വയസിനു താഴെ പ്രായമുണ്ടായിരുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം കൊന്നൊടുക്കി. അങ്ങനെ അശാന്തി പുകഞ്ഞുനിന്ന സമൂഹത്തിലാണ് യേശു ജനിച്ചതും വളർന്നതും. മുപ്പത്തിമൂന്നാം വയസിൽ അക്രമികളുടെ നിന്ദനവും മർദനവുമേറ്റ് സർവരാലും തിരസ്കൃതനായി, ഒരു കുറ്റവാളിയെപ്പോലെ അവൻ മരിച്ചു.

സമകാലിക സമൂഹവുമായുള്ള സാധർമ്യങ്ങളെല്ലാം നിലനിൽക്കെത്തന്നെ യേശുവിന്റെ തിരുപ്പിറവി ചരിത്രത്തിലെ മറ്റെല്ലാ ജനനങ്ങളിൽനിന്നും ഭിന്നമായിരുന്നു. അതുകൊണ്ടുതന്നെയാണ് ലോകരക്ഷകൻ, കർത്താവ്, സമാധാനസമ്രാട്ട്, ദൈവപുത്രൻ എന്നെല്ലാം ക്രൈസ്തവർ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.

സമാധാനദൂതുമായാണ് ക്രിസ്മസ് കടന്നുവന്നതെങ്കിലും ഭൂമിയിലെ യാഥാർഥ്യം ഭിന്നമാണ്. സംഘർഷ കലുഷമാണ് ലോകം. സ്നേഹത്തിന്റെയും മാപ്പുനൽകലിന്റെയും മൂർത്തീമദ്ഭാവമായ ക്രിസ്തുവിന്റെ വരവിനുശേഷവും ലോകത്തിൽ കലഹങ്ങൾ തുടരുന്നു. മനുഷ്യരാശിയുടെ ആരംഭത്തിലെന്നപോലെ ലോകത്തിൽ ഇപ്പോഴും സഹോദരൻ സഹോദരനെതിരേ വാളോങ്ങുകയും തോക്കു ചൂണ്ടുകയും ചെയ്യുന്നു. പീഡനങ്ങളും മർദനങ്ങളും കൊലപാതകങ്ങളും വ്യാപകമായി നടക്കുന്നു. യുദ്ധങ്ങൾ വീണ്ടും വീണ്ടും പൊട്ടിപ്പുറപ്പെടുന്നു. പരസ്പരം സ്നേഹിച്ചും സഹായിച്ചും ജീവിക്കുന്നവർ ഇല്ലെന്നല്ല, അത്തരക്കാരും ധാരാളമുണ്ട്. ഭൂരിപക്ഷം ജനങ്ങളും സന്മനസുള്ളവരാണ്, സമാധാനപ്രിയരും. കടുത്ത വെല്ലുവിളികൾക്കിടയിലും ക്ഷമിച്ചും സ്നേഹിച്ചും ജീവിക്കാൻ എങ്ങനെ സാധിക്കുമെന്ന് സ്വന്തം ജീവിതവും മരണവും വഴി യേശു പഠിപ്പിക്കുന്നു.

ആരെങ്കിലും നമ്മെ ദ്രോഹിക്കുകയോ നോവിക്കുകയോ ചെയ്യുമ്പോൾ തിരിച്ചടിക്കുക എളുപ്പമാണ്. അതിന് അസാധാരണമായ ബുദ്ധിയോ ധീരതയോ ഒന്നും ആവശ്യമില്ല.

വ്യക്തികളും രാഷ്ട്രങ്ങളും മതസമൂഹങ്ങളും പ്രതികാരചിന്തയ്ക്കു വഴങ്ങുമ്പോഴെല്ലാം സമാധാനം ഭഞ്ജിക്കപ്പെടുന്നു. അവിടെ വിജയിക്കുന്നത് അധർമമാണ്. ശത്രുസംഹാരമല്ല, ശത്രുസ്നേഹമാണ് ധർമം. യേശു ചൂണ്ടിക്കാട്ടുന്ന മാർഗവും അതുതന്നെ. 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക, നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്ക. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക. നിങ്ങളെ നിന്ദിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുക. നിന്റെ ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചുകൊടുക്കുക' (ലൂക്കാ 6:27-29).

www.malankaralibrary.com


പ്രഥമശ്രവണത്തിൽ അസ്വാഭാവികമെന്നോ അപ്രായോഗികമെന്നോ തോന്നാവുന്ന ഗിരിപ്രഭാഷണം. എന്നിട്ടും അതാണ് പുതിയനിയമത്തിലെ യേശുവിന്റെ നിയമം, യേശുവിന്റെ പഠനം. വെറുപ്പിനെ സ്നേഹംകൊണ്ടു കീഴടക്കാമെന്നതിന്റെ തിളക്കമാർന്ന തെളിവാണ് യേശുവിന്റെ ജനനവും മരണവും.

ദൈവം മനുഷ്യനായി. മനുഷ്യനെ സർവസ്വാന്ത്ര്യത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതിനുള്ള ആദ്യപടിയായി മനുഷ്യാവതാരം. ഭൗതികതകൊണ്ടല്ല മനുഷ്യനു മൂല്യമുണ്ടാകുന്നതെന്നും അത് അവനിലുള്ള ദൈവികത മാത്രമാണെന്നുമുള്ള സത്യം വിളിച്ചോതുന്ന തിരുനാൾ. സർവത്തിന്റെയും ഉടയവൻ ഭൂമിയിൽ പിറക്കുന്ന വേളയിൽ വെറും ഗോശാല മാത്രം ജന്മഗൃഹമായാൽ മതി എന്നു ശഠിക്കുന്ന ദൈവത്തിന്റെ ജ്ഞാനം! എവിടെ ജനിച്ചാലും മനുഷ്യന് അമൂല്യമായ ഒരു വിലയുണ്ട്.

ജന്മത്തിന്റെയും വർണത്തിന്റെയും ജാതിയുടെയും മറ്റും പേരിൽ മനുഷ്യനെ വിലയിരുത്തുന്ന അതിക്രൂരമായ വർത്തമാനകാല മനോഭാവങ്ങളുടെ മുൻപിൽ ചോദ്യചിഹ്നമുയർത്തി നിൽക്കുകയാണ് ഗോശാലയിലെ ശിശു. മരം കോച്ചുന്ന തണുപ്പിൽ കീറ്റുശീലകൾ മാത്രം ആശ്രയമായവൻ. ഒരുപിടി കച്ചിക്കും തണുപ്പകറ്റാൻ ജഗദീശ്വരൻ ശക്തി നൽകിയിട്ടുള്ളതിനാൽ അത്യാവശ്യമുള്ളതിനപ്പുറമുള്ളതെല്ലാം മനുഷ്യനെ അടിമയാക്കുമെന്നു ജീവിതംകൊണ്ടു കാണിച്ചുതന്ന ദൈവത്തിന്റെ മഹാജ്ഞാനമാണ് ഗോശാല. ഇവിടേക്കാണ് മാലാഖമാർ പറന്നിറങ്ങുന്നത്. സ്വർഗവും ഭൂമിയും യോജിക്കുന്നത് ഇവിടെയാണ്. ജ്ഞാനികൾ വരുന്നത് ഇവിടേക്കാണ്. ആട്ടിടയന്മാർ ഓടിക്കൂടുന്നത് ഇവിടെയാണ്. സ്വർഗത്തിന്റെ സന്തോഷമുഖം ഇവിടെയാണു ലഭ്യമാകുന്നത്.

അതുകൊണ്ടാണ് ക്രിസ്മസ് മനുഷ്യന് ഐക്യത്തിലേക്കുള്ള ക്ഷണമാണെന്നു പറയുന്നത്. പാപംവഴി ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യവർഗത്തെ വീണ്ടും ദൈവവുമായി രഞ്ജിപ്പിച്ചത് ക്രിസ്തുവിന്റെ മനുഷ്യാവതാരമാണ്. അനൈക്യം മൂലം അകന്നുപോയി, നിങ്ങളും ഞങ്ങളുമായി കഴിയുന്ന എല്ലാവരെയും 'നമ്മൾ' എന്ന ഒരുമയുടെ ഭാവത്തിലേക്ക് ക്രിസ്തു വിളിക്കുന്ന സുദിനമാണ് ക്രിസ്മസ്. ക്രിസ്തുവിന്റെ മറ്റൊരു പേര് 'ഇമ്മാനുവേൽ' എന്നാണ്. ദൈവം നമ്മോടുകൂടെ എന്നാണ് ആ വാക്കിന്റെ അർഥം. ഞങ്ങളിലും നിങ്ങളിലുമല്ല, 'നമ്മൾ' എന്ന മനോഭാവത്തിലാണ് ദൈവം പിറക്കുന്നതെന്ന ക്രിസ്മസ് സന്ദേശം ഇന്നും  പ്രസക്തമാണ്.

www.malankaralibrary.com

# ബേത്‌ലഹം ക്രൈസ്തവ പാരമ്പര്യത്തിൽ

**ദൈ**വം മനുഷ്യന്റെയോ ഇതര ജീവികളുടെയോ രൂപത്തിൽ അവതരിച്ചെന്നു പറഞ്ഞാൽ ഹൈന്ദവ ഭാരതത്തിന് അതു മനസ്സിലാക്കാൻ അത്ര പ്രയാസമില്ല. ഭാരതംതന്നെ വിവിധ അവതാരങ്ങളാൽ അനുഗൃഹീതയാണല്ലോ. ദൈവം മനുഷ്യനായി അവതരിക്കുമെന്ന ചിന്ത ഹൈന്ദവ തത്വശാസ്ത്രത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെങ്കിലും അവതാരങ്ങളുടെ ചരിത്രപരത അത്ര ഗൗരവമായി ഭാരതീയ സംസ്കാരം കണക്കിലെടുക്കാറില്ല. എന്നാൽ, നൂറ്റാണ്ടുകൾക്കപ്പുറം പാലസ്തീനായിലെ ബേത്‌ലഹം എന്ന കൊച്ചുഗ്രാമത്തിൽ ദൈവം അവതീർണനായി എന്നാണല്ലോ ക്രൈസ്തവവിശ്വാസവും ചരിത്രവും. ആ ദൈവാവതാരമായിരുന്നു ക്രിസ്തു. അദ്ദേഹത്തിന്റെ ജന്മനക്ഷത്രം ഏതെന്ന് പറയാൻ ആർക്കും സാധിക്കുന്നില്ലെങ്കിലും ആ ജനനകാലത്തോട് ഏതാണ്ട് അനുബന്ധിച്ചാണ് സാർവദേശീയമായി അംഗീകൃതമായ ക്രിസ്തുവർഷത്തിന്റെ ആരംഭം. ജന്മനക്ഷത്രവും സമയവും കൃത്യമായി അറിയില്ലെങ്കിലും അദ്ദേഹത്തിനു ജന്മം കൊടുത്ത നാടിന്റെ പുരാതന ചരിത്രത്തിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം.

ബേത്‌ലഹം ആണ് ക്രിസ്തുവിന്റെ ജന്മനാട്. അദ്ദേഹത്തിന്റെ ജനനംവരെ കാര്യമായ സ്ഥാനമൊന്നും ബേത്‌ലഹമിന് ചരിത്രത്തിലില്ല. അതിനുശേഷമോ? ബേത്‌ലഹമിലെ ഈശോ എന്നല്ല അദ്ദേഹം അറിയപ്പെടുന്നത്; നസ്രായനായ ഈശോ എന്നാണ്. അങ്ങനെയും ബേത്‌ലഹമിന് സിദ്ധിക്കാമായിരുന്ന ചരിത്രപ്രാധാന്യം ലഭിച്ചില്ല. ബി.സി 14–ാം നൂറ്റാണ്ടിലെ അമർന ടെക്സ്റ്റിലാണ് (Amarna text) ബേത്‌ലഹം എന്ന നാമം ചരിത്രത്തിലാദ്യമായി കാണുന്നത്. പുരാതന യുദ്ധവാർത്തകളിൽ ജറൂസലമിനു തെക്കുഭാഗത്തുള്ള ബീത്-ഇലു-ലഹമ (*bit-ilu-lahma*) യെപ്പറ്റി പറയുന്നുണ്ട്. ബേത്‌ലഹം എന്നത് സുറിയാനി പദമാണ്. അതിനു സമാനമായി വരേണ്ട അർഥം 'അപ്പത്തിന്റെ ഭവനം' എന്നാണ്. എന്നാൽ, ശബ്ദവ്യുല്പത്തിയിൽ വലിയ പിടിയൊന്നുമില്ലാത്ത സാധാരണ ജനങ്ങൾ

www.malankaralibrary.com


നല്കിയ അർഥമാണിതെന്നും, 'ദേവതയുടെ ഭവനം' എന്നാണ് അതിന്റെ അർഥമെന്നും ജർമൻ ഗവേഷകനായ ഒ. ഷ്റോഡർ (O. Schroeder) പറയുന്നു.

ചരിത്രത്തിൽ മറ്റൊരു ബേത്‌ലഹമിനെപ്പറ്റിയും കാണാം. ഗലീലിയായിലെ നസ്രത്തിൽനിന്നും ഏഴു മൈൽ തെക്കുപടിഞ്ഞാറായാണ് ഈ സ്ഥലം. സാസുലോൽ വംശക്കാരുടെ പ്രദേശമായിരുന്നു ഇത്. ജോഷ്വായുടെ പുസ്തകം 19-ാം അദ്ധ്യായം 15-ാം വാക്യത്തിൽ കാണുന്ന ബേത്‌ലഹം ഇതുതന്നെയാണ്. ന്യായാധിപന്മാരുടെ പുസ്തകത്തിലും ഈ ബേത്‌ലഹമിനെപ്പറ്റി സൂചനയുണ്ട്. യൂദയായിൽനിന്നും യഹൂദരെ ഹഡ്രിയാൻ തുരത്തിയപ്പോൾ മാൽക്കിയായുടെ പുരോഹിതവംശം ഈ സ്ഥലത്ത് താമസപ്പുറപ്പിച്ചു. 1906-ൽ ജർമൻ ടെമ്പളാർസ്, മൃതപ്രായമായിരുന്ന ഈ സ്ഥലത്ത് സമ്പദ്സമൃദ്ധമായ ഒരു കോളനി സ്ഥാപിച്ചു. 1947-ൽ യഹൂദരാജ്യം ഉടലെടുക്കുമ്പോൾ ഇത് യഹൂദരുടെ കൈവശമായി. നസ്രത്തിനു വടക്കുപടിഞ്ഞാറായി കിടക്കുന്ന ഈ ബേത്‌ലഹം ആയിരിക്കുകയില്ല ക്രിസ്തുവിന്റെ ജന്മനാടായ ബേത്‌ലഹം എന്നു കരുതുന്നു. കാരണം, യൂദയായിലെ ബേത്‌ലഹമിലാണ് ക്രിസ്തു ജനിച്ചതെന്ന് സുവിശേഷകരായ മത്തായിയും ലൂക്കയും എഴുതിയിട്ടുണ്ട്.

തന്റെ വായനക്കാർക്ക്, ബേത്‌ലഹമിൽ സംഭവിച്ച ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി അറിവുണ്ടായിരുന്നതുപോലെയാണ് വിശുദ്ധ യോഹന്നാൻ സുവിശേഷം എഴുതിയിരിക്കുന്നത്. പുരുഷാരത്തിൽനിന്നു ചിലർ ഈ വാക്കു കേട്ടിട്ട്, ഇവൻ സാക്ഷാൽ ഒരു പ്രവാചകനാകും എന്നു പറഞ്ഞു, മറ്റു ചിലർ ഇവൻ ക്രിസ്തുതന്നെയെന്നും, വേറെ ചിലർ ഗലീലിയിൽനിന്നോ ക്രിസ്തു വരുന്നത്? ദാവീദിന്റെ സന്തതിയിൽനിന്നും ദാവീദ് പാർത്ത ഗൃഹമായ ബേത്‌ലഹമിൽനിന്നും ക്രിസ്തു വരുന്നു എന്ന് തിരുവെഴുത്തു പറയുന്നില്ലയോ എന്നും പറഞ്ഞു (യോഹ. 7:41-42). ജനനത്തിലല്ലാതെ ക്രിസ്തുവിന്റെ ജീവിതവും ബേത്‌ലഹമുമായി ബന്ധിച്ച സംഭവങ്ങളൊന്നും നാം കാണുന്നില്ല. ക്രൈസ്തവചരിത്രവും പാരമ്പര്യവും തെക്കേ ബേത്‌ലഹമിൽ ക്രിസ്തു ജനിച്ചു എന്നാണു കരുതിപ്പോരുന്നത്.

ദാവീദിന്റെ രംഗപ്രവേശത്തോടുകൂടിയാണ് ക്രിസ്തുനാഥന്റെ ജന്മത്താൽ അനുഗൃഹീതമായിത്തീരേണ്ടിയിരുന്ന ബേത്‌ലഹം ചരിത്രത്തിന്റെ അന്ധകാരത്തിൽനിന്നും വിമുക്തമായത്. രാജാവായ സോളമന്റെ വത്സലപുത്രനും ദാവീദിന്റെ ഇഷ്ടതോഴനുമായ ജോനാഥൻ

www.malankaralibrary.com


വെളുത്തവാവിന് ബേത്ലഹമിലേക്ക് ബലിസമർപ്പണത്തിനായി പോകാൻ പിതാവിനോട് അനുമതി ചോദിക്കുന്നതായി രാജാക്കന്മാരുടെ പുസ്തകത്തിൽ കാണുന്നു (രാജാ. 1: 20–27). ബലിസമർപ്പണത്തിനുള്ള ഈ സ്ഥലം എവിടെയായിരുന്നിരിക്കാം? പഴയ പട്ടണത്തിനു പുറത്ത് പട്ടണത്തിനു കിഴക്കേ വാതിലിനു മുൻപിലുള്ള സ്ഥലമായിരുന്നിരിക്കണം. ഇവിടെയാണ് പിറവിയുടെ ദേവാലയം നാമിപ്പോൾ കാണുന്നത് (സാൽമാൻ). ഇതൊരു ഉയർന്ന ദേശമായിരുന്നു. ഏറ്റവും ഉയരത്തിൽ പരന്ന ഒരു പാറയുമുണ്ടായിരുന്നു. വളരെ ദൂരെനിന്നു പോലും ദർശിക്കാമായിരുന്ന ഈ സ്ഥലം ആരാധനയ്ക്കു പറ്റിയ കേന്ദ്രമായി അന്നവർ കരുതിയിരുന്നിരിക്കണം. യഹൂദവംശം രൂപംകൊള്ളുന്നതിനുമുൻപ് ലഹമ്മാദേവിക്കുള്ള അഗ്നിബലി ഈ സ്ഥലത്തു നടന്നിരിക്കാമെന്ന് ചിലർ ഊഹിക്കുന്നു.

രാജാക്കന്മാരുടെ ഒന്നാം പുസ്തകം 12:12–ൽ ദാവീദിനെ ജെസ്സേ ദി ഇഫ്രാത്തയറിന്റെ പുത്രനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. എവിമെലേക്കും അദ്ദേഹത്തിന്റെതന്നെ വംശത്തിൽ പെട്ടവനായിരുന്നു. എവിമെലേക്കിന്റെ മരുമകളായ റൂത്ത്, ജെസ്സെയുടെ വല്യപ്പനായ ബോവാസിനെ വിവാഹം ചെയ്തപ്പോൾ നാട്ടുകാർ അവർക്കു നന്മ നേർന്നത് 'അവൾ എഫ്രാത്തായിൽ പുണ്യത്തിന്റെ മാതൃകയായിരിക്കട്ടെ. ബേസ്ലഹേമിൽ അവർക്ക് കീർത്തിയുണ്ടാകട്ടെ...' എന്ന വാക്കുകളിലാണ്. ഈ വാക്യത്തിലെ എഫ്രാത്തായും ഒന്നുതന്നെ. മിക്കായുടെ പ്രവചനത്തിലും ഈ സാദൃശ്യം കാണാം. 'അല്ലയോ, ബേത്ലഹം ആയ എഫ്രാത്ത, നീ യൂദയായിലെ സഹസ്രങ്ങളിൽ ചെറുതാകുന്നു. ഇസ്രായേലിനെ ഭരിക്കുവാനുള്ളവൻ നിന്നിൽനിന്ന് എന്റെ പക്കൽ വരും. അയാളുടെ പുറപ്പാട് ആദ്യം മുതൽ, അതായത്, അനാദി മുതൽ ആകുന്നു' (മിക്ക. 5:2).

## ക്രിസ്തുവിന്റെ ജനനം ബേത്ലഹമിൽ

സുവിശേഷത്തിന്റെ താളുകൾ, ക്രിസ്തു ബേത്ലഹമിലാണ് ജനിച്ചത് എന്നതിന് വ്യക്തമായ തെളിവുകൾ നൽകുന്നു. വി. മത്തായിയും വി. ലൂക്കായുമാണ് ക്രിസ്തു ബേത്ലഹമിലാണു ജനിച്ചതെന്ന് എടുത്തുപറഞ്ഞിട്ടുള്ളത്. വായനക്കാർക്ക് സുപരിചിതമായ ഈ സുവിശേഷചരിത്രരേഖകളിലേക്കു കടക്കുന്നില്ല. സഭയുടെ ചരിത്രത്തിലും പാരമ്പര്യത്തിലും ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി എന്തു പറയുന്നുവെന്നു മാത്രം നോക്കാം.

ആദിമ നൂറ്റാണ്ടിൽ ജറൂസലേം കഴിഞ്ഞാൽ അതിപ്രധാനമായ

www.malankaralibrary.com


ക്രൈസ്തവകേന്ദ്രമായിരുന്നു അന്ത്യോക്യാ. വിശുദ്ധ പത്രോസിന്റെ ഒന്നാമത്തെ സിംഹാസനവും അന്ത്യോക്യായിൽ ആയിരുന്നു. എവോഡിയസ് ആണ് പത്രോസിന്റെ അടുത്ത പിൻഗാമി. മൂന്നാമത്തെ മെത്രാനായിരുന്നു വിശുദ്ധ ഇഗ്നേഷ്യസ്. ക്രിസ്തുവിന്റെ ജീവിതത്തെപ്പറ്റിയും പഠനത്തെപ്പറ്റിയും സുവിശേഷം കഴിഞ്ഞാൽ ഏറ്റവും പുരാതനവും ആധികാരികവും ആശ്രയിക്കാവുന്നതുമായ സാക്ഷ്യമാണ് വിശുദ്ധ ഇഗ്നേഷ്യസ് നൽകുന്നത്. ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ പ്രസംഗങ്ങൾ അദ്ദേഹം ശ്രവിച്ചിട്ടുണ്ട്. സുവിശേഷങ്ങളുമായി അദ്ദേഹത്തിന് അടുത്തു പരിചയമുണ്ടായിരുന്നു.

അദ്ദേഹം എഫേസൂസിലുള്ള സഭയ്ക്ക് എഴുതിയ കത്തിൽ മത്തായിയുടെ സുവിശേഷത്തിൽനിന്ന് ഉദ്ധരിക്കുന്നുണ്ട്. മൂന്നു രാജാക്കന്മാർ എന്നു നാം സാധാരണമായി പറയാറുള്ള ജ്യോതിഷന്മാരുടെ ബേത്ലഹം യാത്രയെപ്പറ്റിയും അദ്ഭുതകരമായ ഒരു നക്ഷത്രം അവരെ അവിടേക്കു നയിച്ചുവെന്നതിനെപ്പറ്റിയും അദ്ദേഹം പറയുന്നുണ്ട്. ക്രിസ്തുവിനെ കാണാൻ ഇറങ്ങിത്തിരിച്ച രാജാക്കന്മാരെ നയിച്ചിരുന്ന നക്ഷത്രത്തെക്കുറിച്ച് അറിഞ്ഞിരുന്ന വി. ഇഗ്നേഷ്യസ് ഇതു പറയുമ്പോൾ ക്രിസ്തുവിന്റെ ജന്മസ്ഥലം ബേത്ലഹമാണെന്നതിന് മൗനമായി സാക്ഷ്യം നല്കുകയാണ്.

രണ്ടാം നൂറ്റാണ്ടിന്റെ ആദ്യകാലത്തു ജീവിച്ചിരുന്ന വി. ജസ്റ്റിന്റെ സാക്ഷ്യവും അതിപ്രധാനമായ മറ്റൊന്നാണ്. യഹൂദനായ ടൈപ്പോയുമായുള്ള സംഭാഷണം എന്ന ഗ്രന്ഥത്തിലും ക്രിസ്തുവിന്റെ ജനനം ബേത്ലഹമിലെ ഒരു ഗുഹയിൽവച്ചാണ് സംഭവിച്ചതെന്ന നിഗമനത്തിലെത്താൻ പോരുന്ന പ്രസ്താവങ്ങളുണ്ട്. എ.ഡി 150-ഓടുകൂടി എഴുതപ്പെട്ട ഒരു മതാത്മക നോവലാണ് അപ്പോക്രിഫൽ ഗ്രന്ഥമായ 'പ്രോട്ടോ ഏവൻജേലിയം.' സുവിശേഷകരായ മത്തായിയെയും ലൂക്കായെയും പരിചയമുള്ളവരായിരുന്നു ഈ ജയിംസ് എന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നും ചിലർ നിഗമനത്തിലെത്തുന്നുണ്ട്. ബേത്ലഹം ഗ്രാമത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള ഒരു ഗുഹയിൽ ഈശോ ജനിച്ചുവെന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്.

പലസ്തീനായിൽ ദീർഘകാലം വസിച്ചിട്ടുള്ള ഒറിജൻ 248-ൽ ഇങ്ങനെ എഴുതി: 'ബേത്ലഹമിൽ അവൻ ജനിച്ച ഗുഹയും ആ ഗുഹയിൽ അവനെ പിള്ളക്കച്ചയിൽ പൊതിഞ്ഞു കിടത്തിയ പുൽത്തൊട്ടിയും അവർ നിങ്ങളെ കാണിക്കും. ആ ദേശത്തുള്ളവർ, നമ്മയുടെ വിശ്വാസത്തിൽ പങ്കുചേരാത്തവർപോലും നിങ്ങളെ കാണിച്ചുതരുന്ന ഈ കാര്യങ്ങൾ അംഗീകരിക്കുന്നുണ്ട്. ക്രിസ്ത്യാനികൾ

www.malankaralibrary.com


ആരാധിക്കുന്ന ഈശോ ജനിച്ചത് ഈ ഗുഹയിലാണെന്ന് അവർ സമ്മതിക്കുന്നു. ഇവിടെ വിശ്വാസത്തിൽ പങ്കുചേരാത്തവർ എന്നു പറഞ്ഞിരിക്കുന്നത് വിജാതീയരെ ഉദ്ദേശിച്ചാണ്, യൂദന്മാരെ ഉദ്ദേശിച്ചല്ല. ഇക്കാലത്ത് യൂദന്മാരുടെ വംശം പോലും അവിടെയുണ്ടായിരുന്നില്ല. കാരണം, രണ്ടാം യഹൂദ യുദ്ധത്തിനുശേഷം സകല യഹൂദരയെയും യൂദയായിൽനിന്നും തുരത്തിയിരുന്നു.'

വേദപുസ്തക പണ്ഡിതനായിരുന്ന വി. ജറോം എ.ഡി 385-ൽ ബേത്‌ലഹമിൽ താമസമാക്കി. കല്ലിലും മാർബിളിലും മൊസൈക് കലകളിലും ലേഖിതമായ പുരാതന പാരമ്പര്യം അദ്ദേഹം നന്നായി മനസ്സിലാക്കി. നോളായിലെ പൗളിനോസ് എന്ന സ്നേഹിതന് അദ്ദേഹം എഴുതിയതിൽ ബേത്‌ലഹമിൽ ക്രിസ്തു ജനിച്ച ഗുഹയെപ്പറ്റി വ്യക്തമായി പറയുന്നുണ്ട്. നോളായിലെ പൗളിനോസിന്റേതായി കാണപ്പെടുന്ന രേഖയിൽ ഇപ്രകാരം കാണുന്നു: 'വിശുദ്ധ സ്ഥലങ്ങളെ അലങ്കോലപ്പെടുത്തിക്കൊണ്ടും അവയ്ക്കു കളങ്കം ചാർത്തിക്കൊണ്ടും ക്രൈസ്തവ വിശ്വാസം നശിപ്പിച്ചുകളയാമെന്നു വ്യാമോഹിച്ച അഡ്രിയാൻ ചക്രവർത്തി, ക്രിസ്തുവിന്റെ പീഡാനുഭവസ്ഥലത്ത് ജൂപ്പിറ്ററിന്റെ പ്രതിമ പ്രതിഷ്ഠിക്കുകയും ബേത്‌ലഹമിൽ മറ്റൊരു ഗ്രീക്ക് ദേവന് തോട്ടം നട്ടുപിടിപ്പിക്കുകയും ചെയ്തു.' രാജാരാധന നിലവിലിരുന്ന അക്കാലത്ത് അതിന്റെ ആക്കം കുറയ്ക്കുവാൻ പോരുന്നവിധം ക്രിസ്തുവിന്റെ ജനനസ്ഥലത്തോടുള്ള വണക്കം നിലനിന്നിരുന്നുവെന്നും അത് രാജാവിനെ ക്ലേശിപ്പിച്ചിരുന്നുവെന്നും ഇതിൽനിന്നു വ്യക്തമാകുന്നുണ്ട്. എ.ഡി 135-ൽ യഹൂദരെ അവിടെനിന്നും തീർത്തും തുരത്തുന്നതുവരെ ഈ വണക്കം നിലനിന്നു. ക്രിസ്തുവിന്റെ ജന്മസ്ഥലം ബേത്‌ലഹം ആണെന്നുള്ള ശക്തമായ പാരമ്പര്യം രണ്ടാം നൂറ്റാണ്ടിന്റെ ആദ്യകാലത്തും ഉണ്ടായിരുന്നുവെന്ന് ഇതിൽനിന്നു വ്യക്തമാണ്.

### ജന്മസ്ഥലത്തൊരു ദേവാലയം

ക്രിസ്തുവിന്റെ ജന്മസ്ഥലമായ ഗുഹ കണ്ടുപിടിക്കുകയും കോൺസ്റ്റന്റയിൻ രാജാവ് അവിടെ ഒരു ദേവാലയം പണിതുയർത്തുകയും ചെയ്തുവെന്നാണ് പാരമ്പര്യം. കോൺസ്റ്റന്റയിൻ രാജാവിന്റെ മാതാവായ ഹെലന, അവരുടെ സാന്നിധ്യംകൊണ്ടുതന്നെ ഈ ദേവാലയ നിർമിതി പ്രോത്സാഹിപ്പിച്ചിരുന്നുവെന്ന് ചരിത്രകാരനായ എവുസേബിയൂസ് പറയുന്നുണ്ട്. 333-ൽ ബൊർഡേയോ എന്ന തീർഥാടകൻ ചുരുക്കമായി ഇങ്ങനെ പറയുന്നു: 'നമ്മുടെ കർത്താവായ ഈശോമിശിഹാ ജനിച്ച സ്ഥലത്ത് കോൺസ്റ്റയിനിന്റെ കല്പന

www.malankaralibrary.com


അനുസരിച്ച് ഒരു ബസിലിക്ക പണിതുയർത്തപ്പെട്ടു.' ജറോമാകട്ടെ, അവിടെയുള്ള ഒരു ഗ്രോട്ടോയെപ്പറ്റി പറയുന്നുണ്ട്. ബസിലിക്കയെപ്പറ്റി മൗനം അവലംബിക്കുന്നതേയുള്ളൂ. അതുകൊണ്ട് അവിടെക്കാണുന്ന ദേവാലയത്തിന്റെ പഴക്കത്തെപ്പറ്റി എപ്പോഴും തർക്കമുണ്ടായിരുന്നു. കോൺസ്റ്റന്റയിന്റെ കാലത്തുതന്നെ അതിന്റെ നിർമാണം നടന്നുവെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്; അതിനു ശേഷമാണെന്ന് വേറൊരു അഭിപ്രായവുമുണ്ട്. അങ്ങനെയിരിക്കെ 1927-ൽ സംഭവിച്ച ഒരു ഭൂകമ്പം ഈ ദേവാലയത്തിന് കാര്യമായ കേടുപാടുകൾ വരുത്തി. അന്ന് അതിന്റെ ഉടമയായിരുന്ന ബ്രിട്ടീഷ് ഡിപ്പാർട്ട്മെന്റ് ഓഫ് ആന്റികിറ്റീസ് പുനർനിർമാണം നടത്തിയതോടൊപ്പം ബസിലിക്കയുടെ അടിസ്ഥാനം പരിശോധിക്കുകയും ചെയ്തു. ആ പരിശോധനയിൽനിന്നും മനസ്സിലായി, ജസ്റ്റീനിയന്റെ ഭരണകാലത്ത് ഈ ദേവാലയം പുതുക്കിപ്പണിതിരുന്നു എന്ന്.

## ക്രിസ്മസ് ബേത്‌ലഹമിൽ

ക്രിസ്തു ജനിച്ച തീയതി കൃത്യമായി പറയുക എളുപ്പമല്ല. ക്രിസ്തുവിന്റെ ജന്മദിനാഘോഷം ബേത്‌ലഹമിൽ ആദ്യനൂറ്റാണ്ടുകളിൽ ആചരിക്കപ്പെട്ടിരുന്നില്ല. അങ്ങനെ പലസ്തീനിയൻ പാരമ്പര്യത്തിൽനിന്നുപോലും ക്രിസ്തുവിന്റെ ജനനദിവസം കണ്ടെത്തുക പ്രയാസമാണ്. ഡിസംബർ 25-നാണ് ക്രിസ്തുവിന്റെ ജന്മദിനമെന്നത് ഒരു റോമൻ പാരമ്പര്യം മാത്രമാണ്. നാലാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ജീവിച്ചിരുന്ന വി. ജെറോമാണ് ക്രിസ്മസ് ആഘോഷം ബേത്‌ലഹമിൽ നടപ്പാക്കിയത്. അദ്ദേഹം ബേത്‌ലഹമിൽവച്ച് ഡിസംബർ 25-നു ചെയ്ത ഒരു പ്രസംഗത്തിൽ റോമൻ പാരമ്പര്യത്തെ സ്ഥിരീകരിച്ച് സംസാരിച്ചു. ജറൂസലേമിന്റെ പതനത്തോടുകൂടി അവിടെയുണ്ടായിരുന്ന പാരമ്പര്യം നഷ്ടമായെന്നും അതേസമയം റോമിൽ കൃത്യതീയതി അഭംഗുരം ആചരിച്ചുപോന്നിരുന്നുവെന്നും അദ്ദേഹം കരുതിയിരിക്കാം. അങ്ങനെയെങ്കിൽ റോമൻ പാരമ്പര്യത്തിന്റെ ചരിത്രവസ്തുതയെപ്പറ്റി അദ്ദേഹത്തിനു നിശ്ചയമില്ലായിരുന്നു.

റോമാക്കാർ ഡിസംബർ 25-ന് ആചരിച്ചിരുന്ന സൂര്യദേവന്റെ ഉത്സവം, റോം, ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അതിന്റെ സകല ആഘോഷങ്ങളോടുംകൂടി ക്രിസ്തുവിന്റെ ജന്മദിനമായി ആചരിക്കുവാൻ തിരുസഭ തീരുമാനിച്ചു. മറ്റു വാക്കിൽ, ക്രിസ്തുവിന്റെ ജനനദിനം ഡിസംബർ 25 ആണെന്നതിന് ആധാരമായി പലസ്തീനിയൻ പാരമ്പര്യങ്ങളൊന്നും കണ്ടെത്തിയിട്ടില്ല.

www.malankaralibrary.com

# ആധുനിക മാധ്യമ വിവരസാങ്കേതിക സാധ്യതകളും വിശ്വാസകൈമാറ്റവും

*(സാമൂഹികമാധ്യമങ്ങൾ സർവസാധാരണമാകുന്നതിന് വർഷങ്ങൾക്കു മുമ്പ് ഇവ വിശ്വാസകൈമാറ്റത്തിനായി ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ച് പാലാ രൂപത എപ്പാർക്കിയൽ അസംബ്ലിയിൽ നടത്തിയ പ്രഭാഷണം)*

**മാ**ധ്യമങ്ങളും വിശ്വാസകൈമാറ്റവും എന്ന വിഷയത്തിന്റെ വ്യാപ്തിയെപ്പറ്റി ചിന്തിച്ചപ്പോൾ അതിരുകളില്ലാത്ത ഒരു ലോകത്തിന്റെ വാതായനങ്ങൾ തുറക്കപ്പെടുന്നതുപോലെ തോന്നി. 'ആധുനിക മാധ്യമ വിവരസാങ്കേതിക സാധ്യതകളും കൈമാറ്റവും' എന്നതാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്ന വിഷയം. 'വിശ്വാസ കൈമാറ്റത്തിന് ആധുനിക മാധ്യമങ്ങൾ' എന്നും ഈ വിഷയത്തിന് ഒരു പാഠഭേദം നൽകാമായിരിക്കണം. നമ്മുടെ ക്രൈസ്തവ, കത്തോലിക്കാ വിശ്വാസം 21 നൂറ്റാണ്ടുകളിലൂടെ തലമുറ തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ആവർത്തനത്തിലെ ഇന്നത്തെ സജീവകണ്ണികളാണ് നാം ഓരോരുത്തരും. ഈ തുടർപ്രക്രിയയിൽ, അതായത്, വിശ്വാസകൈമാറ്റമെന്ന തുടർപ്രക്രിയയിൽ, വിവിധങ്ങളായ മാധ്യമങ്ങളെയും ഓരോരോ കാലഘട്ടത്തിനൊത്ത് സഭ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ആദ്യമൊക്കെ വാമൊഴി മാധ്യമവും ജീവിതമാതൃകാ മാധ്യമവും ആയിരിക്കണം നമ്മുടെ പൂർവികർ വിശ്വാസകൈമാറ്റത്തിനു സ്വീകരിച്ചിരുന്ന ഉപാധികൾ. പിന്നെ പുസ്തകങ്ങൾ, പെയിന്റിംഗുകൾ, കലാമേന്മയുള്ള രൂപങ്ങൾ, പുരാതന സംഗീത-നാടക നൃത്തശില്പങ്ങൾ - ഉദാ: മാർഗംകളി, പരിചമുട്ട്, റമ്പാൻ പാട്ടുകൾ, ചവിട്ടുനാടകം, പ്രത്യേകാവസരങ്ങളിൽ പാടുന്ന പാനകൾ - അങ്ങനെ പലതും വിശ്വാസകൈമാറ്റത്തിനുള്ള ഉപകരണങ്ങൾ അല്ലെങ്കിൽ മാധ്യമങ്ങളായി ഭവിച്ചിട്ടുണ്ടാവാം. ദേവാലയങ്ങളിലെ പെയിന്റിംഗുകൾ വിശ്വാസ കൈമാറ്റസാധ്യത മനസിൽ കണ്ടുകൊണ്ടുള്ള

www.malankaralibrary.com


കലാരൂപങ്ങളാണ്. വത്തിക്കാനിൽ സിസ്റ്റയിൻ ചാപ്പലിലെ അത്ഭുത കലാരൂപങ്ങളെല്ലാം വിശ്വാസസത്യങ്ങളുടെ പശ്ചാത്തലവിവരണത്തിന്റെ സുന്ദരാവിഷ്കാരമാണല്ലോ. അവയുടെ സന്ദേശങ്ങൾ നൂറ്റാണ്ടുകൾ കടന്നും മനുഷ്യമനസിൽ ആഞ്ഞുപതിക്കുന്നു; പ്രത്യേകിച്ചും വിശദീകരിച്ചുകൊടുക്കാൻ വിശ്വാസപ്രമാണങ്ങളിൽ അടിയുറച്ച മാർഗദർശികളുള്ളപ്പോൾ. ഇതിനെല്ലാം ഉപരിയായി അച്ഛനും അമ്മയും അല്ലെങ്കിൽ കുടുംബമെന്ന മാധ്യമത്തിലൂടെ, അമ്മയുടെ മുലപ്പാലിലൂടെ, മുത്തച്ഛന്മാരും മുത്തശ്ശിമാരും മാതാപിതാക്കളും കുഞ്ഞുമക്കളുടെ ചെവിയിൽ ഓതുന്ന സന്മാതൃകാ കഥകളിലൂടെ, താരാട്ടുപാട്ടുകളിലൂടെ, മാതാപിതാക്കന്മാരുടെ ജീവിതമാതൃകയിലൂടെ, അവർ നൽകുന്ന സാരോപദേശങ്ങളിലൂടെ, ചെറുപ്രായത്തിൽ ലഭിക്കുന്ന വിശ്വാസസംബന്ധമായ അറിവിന് ഉറപ്പുള്ള അടിത്തറ തന്നെയുണ്ടാകും.

കുഞ്ഞുന്നാളിൽതന്നെ 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്നു ചൊല്ലി പഠിപ്പിക്കുന്ന, കൈകൂപ്പി പിടിച്ചുകൊണ്ടു പ്രാർഥിക്കാൻ പഠിപ്പിക്കുന്ന, വല്യപ്പന്മാരുടെയും വല്യമ്മമാരുടെയും സാന്നിധ്യത്തിലൂടെ കുഞ്ഞുമനസ്സുകളിൽ പതിപ്പിച്ചുറപ്പിക്കുന്ന, അങ്ങനെ കൈമാറ്റപ്പെടുന്ന വിശ്വാസത്തിന്റെ അവകാശികളാണ് നാമെല്ലാവരും – സംശയമില്ല. നമുക്കു ലഭിച്ച ആ വിശ്വാസം തലമുറകൾക്കു കൈമാറാനുള്ള ഒരു ഉത്തരവാദിത്വം, ബാധ്യത, നമുക്കെല്ലാവർക്കുമുണ്ട്. ആ ബാധ്യത നമ്മെ ഏല്പിച്ചിട്ടാണ് നമ്മുടെ മുൻതലമുറ കടന്നുപോയത്.

പൊതുവിൽ നോക്കിയാൽ, ഇന്നത്തെ തലമുറയിൽപ്പെട്ട കുട്ടികൾക്ക് സാരോപദേശമോ വിശ്വാസസംബന്ധിയായ കഥകളോ പറഞ്ഞുകൊടുക്കാൻ മുതിർന്ന തലമുറ കുട്ടികൾക്കു കൂട്ടിനില്ലെന്ന് ഓർക്കുക. ടിവിക്കും കംപ്യൂട്ടറിനും മൊബൈൽ ഫോണിനും മുന്നിലിരുന്നു കുട്ടികൾ എല്ലാത്തരം കാർട്ടൂൺ കഥകളിലും മുഴുകുന്നതു നാമൊക്കെ കാണുന്നുണ്ട്. കാർട്ടൂൺ കഥകളാണ് ഇന്നു കുഞ്ഞുങ്ങൾക്കു ഹരം. ഇതു നന്മയ്ക്കോ തിന്മയ്ക്കോ എന്നു മാതാപിതാക്കൾ ചിന്തിക്കണം, വിശ്വാസികൾ ഒന്നാകെ ചിന്തിക്കണം. ഈ സ്ഥിതിവിശേഷത്തിൽ ഇളംതലമുറകൾക്കു മനസിലാകുന്ന ഭാഷയിലും വിധത്തിലും നൂതനസങ്കേതങ്ങൾ ഉപയോഗിച്ച് വചനം പകർന്നുകൊടുക്കാൻ നമുക്കു സാധിക്കണം.

വിശ്വാസകൈമാറ്റത്തിന് എല്ലാക്കാലവും ഉപയോഗിക്കപ്പെട്ടുപോന്ന മാധ്യമങ്ങൾക്കെല്ലാം ഇന്നും ഏറെ പ്രസക്തിയുണ്ടെങ്കിലും കാലം മാറിവരുന്ന സ്ഥിതിക്ക് പ്രായോഗികതയെന്ന കോലത്തിനും മാറ്റ

www.malankaralibrary.com


മുണ്ടാകാതിരിക്കാനാവില്ല. ഇന്നത്തെ അണുകുടുംബങ്ങളിലെ ജീവിത പശ്ചാത്തലവും ആധുനിക മാധ്യമരംഗത്ത് അതിവേഗം വന്നുകൊണ്ടിരിക്കുന്ന വളർച്ചയും വിപുലീകരണവും വിശ്വാസകൈമാറ്റ രീതിയിലും മാറ്റങ്ങൾ വരുത്തുന്നതിനു പുത്തൻ സങ്കേതങ്ങൾ തേടാൻ സഭയെ നിർബന്ധിതമാക്കുന്നു. സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ഗതിവേഗം കണക്കിലെടുത്തുകൊണ്ടു തന്ന കിതയ്ക്കാതെ കുതിക്കാൻ സഭയ്ക്കു സാധിച്ചെങ്കിൽ മാത്രമേ വിശ്വാസകൈമാറ്റ കാര്യത്തിൽ നമുക്കു പിടിച്ചുനിൽക്കാനാവൂ.

ഇപ്പോഴത്തെ ഫ്രാൻസിസ് മാർപാപ്പ വിശ്വാസകൈമാറ്റത്തിലും സഭാപഠനങ്ങളുടെ കൈമാറ്റത്തിലും ആധുനിക മാധ്യമസങ്കേതങ്ങൾക്കുള്ള പ്രാധാന്യത്തെപ്പറ്റി ഉത്തമബോധ്യമുള്ളയാളും ഈ മാധ്യമങ്ങളുടെ ഉപയോഗം സഭയ്ക്ക് അന്യമാകരുതെന്ന് ആഗ്രഹിക്കുന്നയാളും അങ്ങനെ പഠിപ്പിക്കുന്നയാളുമാണെന്ന കാര്യം നമുക്കറിയാവുന്നതാണ്. സുവിശേഷവത്കരണദൗത്യം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ വൈദികർക്കും സമർപ്പിതർക്കും അല്മായർക്കും ആധുനിക മാധ്യമസങ്കേതങ്ങളുടെ ഉപയോഗത്തിലും അവയിലൂടെയുള്ള ഫലപ്രദമായ ആശയകൈമാറ്റത്തിലും സമഗ്രമായ പരിശീലനം നൽകണമെന്ന് ഫ്രാൻസിസ് മാർപാപ്പ സഭാധികൃതരുടെയും ലോകമെമ്പാടും നിന്നുള്ള സാമൂഹികസമ്പർക്ക മാധ്യമവിദഗ്ധരുടെയും യോഗത്തിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി.



www.malankaralibrary.com


സ്വഭാവത്താലെതന്നെ സഭ പ്രേഷിതയാണെന്നു വത്തിക്കാൻ കൗൺസിൽ എടുത്തുപറഞ്ഞിട്ടുള്ള കാര്യം ഓർക്കുക. സുവിശേഷം ജനങ്ങളിൽ എത്തിക്കുകയാണല്ലോ സഭയുടെ പ്രേഷിതദൗത്യം. അതിനു സാമൂഹികസമ്പർക്ക മാധ്യമങ്ങൾ വ്യാപകമായി ഉപയോഗിക്കണം. മറ്റു വാക്കിൽ, സാമൂഹികസമ്പർക്ക മാധ്യമങ്ങൾ വ്യാപകമായി ഉപയോഗിക്കാൻ സഭ ബാധ്യസ്ഥയാണ്. വത്തിക്കാൻ കൗൺസിലും ഈ വിഷയം ചർച്ച ചെയ്തിരുന്നുവെന്നു നമുക്കറിയാം. *Inter Mirifica* (വിസ്മയങ്ങൾക്കിടയിൽ) എന്ന കൗൺസിൽ ഡിക്രി (പോപ്പ് പോൾ ആറാമൻ, ഡിസംബർ 4, 1963) ഈ വിഷയം ചെറിയ അളവിലാണെങ്കിൽ പോലും കൈകാര്യം ചെയ്തിട്ടുണ്ട്. മാധ്യമങ്ങളെപ്പറ്റിയുള്ള സഭയുടെ ആദ്യ ഔദ്യോഗിക രേഖയാണിത്. അതിനുശേഷം 1970–ൽ സാമൂഹികസമ്പർക്ക മാധ്യമങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിൽ പുറത്തിറക്കിയ അജപാലനപരമായ മാർഗരേഖയാണ് 'കമ്യൂണിയോ എത് പ്രൊഗ്രേസിയോ (*Communio Et progressio*).' ഈ രേഖ ഇന്റർ മിരിഫിക്കയിലെ ചില അവ്യക്തതകൾ നീക്കുകയും ആശയങ്ങളെ കാലോചിതമാക്കുകയും ചെയ്തു. പൊന്തിഫിക്കൽ കൗൺസിൽ സഭാംഗങ്ങൾക്കു മാർഗനിർദേശം നൽകുന്ന ഒരു ഡസൻ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സുവിശേഷപ്രഘോഷണം ദൗത്യമായുള്ള സഭയ്ക്ക് സാമൂഹികസമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗം ഇന്റർ മിരിഫിക്കയിൽ പറഞ്ഞിരിക്കുന്നതുപോലെ കർത്തവ്യനിർവഹണത്തിന്റെ ഒരു ഭാഗമാണ്. മാധ്യമസാക്ഷരതയെ വിവേചനബുദ്ധിയോടെ സ്വീകരിക്കണമെന്നു വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയും പറഞ്ഞിട്ടുണ്ട്.

വത്തിക്കാൻ കൗൺസിലിനു മുമ്പുതന്നെ വിശുദ്ധ പത്താം പീയൂസ് മാർപാപ്പ, സാമൂഹികസമ്പർക്ക മാധ്യമങ്ങളുടെ പ്രാധാന്യത്തെപ്പറ്റി കരുത്തുറ്റ ഭാഷയിൽ പറഞ്ഞിട്ടുണ്ട്. സാമൂഹികസമ്പർക്ക മാധ്യമങ്ങൾ സുവിശേഷകൈമാറ്റ ദൗത്യത്തിൽ പ്രയോജനപ്പെടുത്തണമെന്നും പണം അതിനൊരു തടസമാകരുതെന്നും ഉപദേശിച്ച ഈ വിശുദ്ധൻ, ഇതിനുവേണ്ടി തന്റെ മോതിരവും സ്വർണമാലയും വരെ വിൽക്കാൻ തയാറാണെന്ന് പ്രഖ്യാപിച്ചുവത്രെ. 'നിങ്ങൾ പള്ളികൾ പണിയുന്നതു വെറുതെയാണ്, മാധ്യമസങ്കേതങ്ങൾ ഉപയോഗിച്ച് തലമുറകളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുന്നില്ലെങ്കിൽ...' എന്ന മാർപാപ്പയുടെ വാക്കുകൾ പ്രവചനമായിരുന്നില്ലേ.

*In vain will you build churches, schools and other institutions unless you developed at the same time the offensive and defensive weapon of a strong Catholic Press (Pope Pius X).*

www.malankaralibrary.com


വിശ്വാസകൈമാറ്റത്തിൽ മാധ്യമങ്ങളുടെ വിലപ്പെട്ട സംഭാവനകളെപ്പറ്റി ഔദ്യോഗികസഭ ഏറെ പഠിപ്പിച്ചെങ്കിലും അതിന്റെ ചൈതന്യം സഭാമക്കൾ ഉൾക്കൊള്ളാൻ വിസമ്മതിച്ചതുകൊണ്ടാകാം യൂറോപ്പ് ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ വിശ്വാസത്തിന്റെ തിരിനാളം വലിയ പരിധിവരെ അണഞ്ഞുപോയത്.

1969–ൽ ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ നീൽ ആംസ്ട്രോങ് ഭൂമിയിലേക്ക് ഒരു സന്ദേശമയച്ചു. ഇതായിരുന്നു ആ സന്ദേശം: '*A small step for a man, but a gaint leap for the mankind.*' ഒരു മനുഷ്യന് ചെറിയ ഒരു കാൽവയ്പു മാത്രമാണിത്. എന്നാൽ, മാനവരാശിയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ കുതിച്ചുചാട്ടമാണ്. മാനവചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലായിരുന്നു അത്.

ചെറിയ ചുവടുവയ്പുകളിലൂടെയും വലിയ കുതിച്ചുചാട്ടങ്ങളിലൂടെയുമാണു ലോകം ഇതുവരെ എത്തിയത്. ഇപ്പോൾ മറ്റൊരു കുതിച്ചുചാട്ടത്തിനു നടുവിലാണു മാനവരാശി. വിവരസാങ്കേതിക വിപ്ലവമാണത്. ഒരു പതിറ്റാണ്ടു മുമ്പു നമ്മൾ ജീവിച്ച ലോകമല്ല ഇന്നത്തേത്. ജീവിതശൈലിയിലും പ്രവർത്തനമണ്ഡലങ്ങളിലും ചിന്താരീതിയിലും സംസ്കാരത്തിൽ പോലും സമൂലമായ മാറ്റങ്ങൾ വന്നിരിക്കുന്നു. വിവരവും ലോകവും ഇന്നു നമ്മുടെ വിരൽത്തുമ്പിലാണ്. ആധുനിക സാങ്കേതികവിദ്യ കൊണ്ടുവന്ന മാറ്റങ്ങൾ വ്യക്തികളുടെ വിശ്വാസജീവിതത്തിൽ പോലും പുതിയ വെല്ലുവിളികൾ ഉയർത്തുകയും അതേസമയം നൂതന അവസരങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ആർക്കും ഈ വിപ്ലവത്തോടു പുറം തിരിഞ്ഞു നിൽക്കാനാവില്ല. അങ്ങനെ ചെയ്യുന്നവർ, അവർ വ്യക്തികളായാലും സമൂഹങ്ങളായാലും, പൊതുധാരയിൽനിന്നു നിഷ്കാസിതരാവും. ഈ വിപ്ലവത്തിൽ പങ്കുചേർന്ന് അതിനെ നേർവഴിയിലൂടെ കൊണ്ടുപോകാൻ ശ്രമിക്കുകയും അതിന്റെ സൽഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയുമാണു വിവേകം. ടെലിവിഷനും കംപ്യൂട്ടറും മൊബൈൽ ഫോണും സോഷ്യൽ മീഡിയയും അടങ്ങുന്ന പുതുയുഗത്തിന്റെ ഉപകരണങ്ങൾ തുറന്നുതരുന്ന മായികലോകം എന്നെപ്പോലുള്ള പഴയ തലമുറയെ വിഭ്രമിപ്പിക്കുകയും സംഭ്രമിപ്പിക്കുകയും ചെയ്യുന്നുണ്ട് എന്നതു വാസ്തവം. പുതിയ രീതികളും പുതിയ മൂല്യചിന്തകളുമായി പൊരുത്തപ്പെടാൻ പലരും ബുദ്ധിമുട്ടുകയാണ്. അതേസമയം, അതുമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുന്നവരും ധാരാളം.

www.malankaralibrary.com


നാല്പതുവയസിനു മുകളിൽ പ്രായമുള്ള തലമുറയ്ക്കു തീർച്ചയായും ഈ ബുദ്ധിമുട്ട് അനുഭവപ്പെടും. പക്ഷേ, ഇന്നത്തെ യുവാക്കൾക്കോ കുട്ടികൾക്കോ ഇതൊരു ബുദ്ധിമുട്ടേ അല്ല. സ്വാഭാവികത മാത്രം. വിവരസാങ്കേതിക വിപ്ലവം കണ്ടു വളർന്നവരാണ് ഇപ്പോഴത്തെ യുവതലമുറ. ഇന്നത്തെ കുട്ടികളാകട്ടെ അതിൽ ജനിച്ചുവീണവരും. വിവരസാങ്കേതിക വിദ്യയുടെ പ്രയോഗരീതികൾ ആരും പഠിപ്പിക്കാതെതന്നെ അവർ സ്വായത്തമാക്കുന്നുണ്ട്. വിദ്യാലയങ്ങളിലും അതിനുള്ള പാഠങ്ങളും പരിശീലനങ്ങളും ലഭിക്കുന്നു. ഭൗതികതലത്തിലെ ഈ പുരോഗതി ആത്മീയവും വിശ്വാസസംബന്ധവുമായ കാര്യങ്ങളിൽകൂടി ഉണ്ടായാലേ വ്യക്തിത്വവികാസം പൂർണമാകൂ. അതിനു വിശ്വാസപരിശീലനത്തിലും വിശ്വാസകൈമാറ്റ മാർഗങ്ങളിലുമൊക്കെ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരണം. സുവിശേഷവത്കരണ ദൗത്യത്തിൽ തളരാതെ മുന്നോട്ടു പോകാൻ അതാവശ്യമാണ്.

വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ നിർദേശം സ്വീകരിച്ച് പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ പണിതും ദുർഗമങ്ങളായ ജനവാസകേന്ദ്രങ്ങളിലേക്കു റോഡുകൾ വെട്ടിയും കുഗ്രാമങ്ങളിൽ പോലും ആതുരാലയങ്ങൾ സ്ഥാപിച്ചും ആത്മീയോന്നതിക്കൊപ്പം ഭൗതികക്ഷേമം ഉറപ്പാക്കിയും സമൂഹത്തിനു വെളിച്ചം പകർന്ന് കാലത്തിനു മുമ്പേ നടന്ന ക്രാന്തദർശികളാണ് കേരളത്തിലെ സഭയെ ഇത്രയും കാലം നയിച്ചത്. മഹത്തായ ആ പാരമ്പര്യം കൈമോശം വരാതെ ശ്രദ്ധിച്ചു പിന്തുടരുന്ന ഇന്നത്തെ സഭാനേതൃത്വവും പുറംലോകത്തിന്റെ വെല്ലുവിളികളെപ്പറ്റിയും ആ വെല്ലുവിളികളെ നേരിടാൻ സ്വീകരിക്കേണ്ട മാർഗങ്ങളെപ്പറ്റിയും തികഞ്ഞ ബോധ്യമുള്ളവരാണ്.

**ആധുനികലോകത്തെ മാധ്യമസ്വാധീനം**

ആധുനികലോകത്തിന്റെ നിർമാണത്തിൽ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. വിജ്ഞാനത്തിന്റെ പുതിയ ഉറവുകൾ പൊട്ടുകയും കലയിലും സാഹിത്യത്തിലും സംസ്കാരത്തിലും പുതിയ ഉണർവുണ്ടാവുകയും ചെയ്ത നവോത്ഥാന കാലത്താണ് ലോകം ഇരുണ്ട യുഗത്തിൽനിന്ന് ആധുനികതയിലേക്കു പ്രവേശിച്ചത്. യൂറോപ്പിലെ ക്രൈസ്തവ സന്യാസാശ്രമങ്ങളിലും വേദപഠനശാലകളിലും പ്രാർത്ഥനാമഞ്ജരികൾക്കിടെ മുളപൊട്ടിയ ചിന്താധാരകളിൽനിന്ന് വിജ്ഞാനത്തിന്റെ പുത്തൻ സ്ഫുലിംഗങ്ങളുണ്ടായി. പുതിയ ആശയങ്ങളിലേക്കും പുതിയ കണ്ടുപിടിത്തങ്ങളിലേക്കും അതു വഴിതെളിച്ചു. വ്യവസായ വിപ്ലവവും ജനാധിപത്യചിന്തകളും ലോകത്തിന്റെ

www.malankaralibrary.com




മുഖച്ഛായ മാറ്റി. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ തുടങ്ങിയ വ്യവസായവിപ്ലവം വിപുലമായ രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സാമൂഹികഘടനയിലും ജീവിതനിലവാരത്തിലും വലിയ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. അധികാരം സാധാരണക്കാരുടെ കൈകളിലേക്കു കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥിതി വന്നു. അയൽക്കാരനെ സഹോദരനായിക്കണ്ടു സ്നേഹിക്കാനും സമൂഹത്തിലെ അധഃസ്ഥിത വിഭാഗങ്ങൾക്ക് തുല്യനീതി ഉറപ്പാക്കാനും ഉദ്ഘോഷിക്കുന്ന ക്രൈസ്തവദർശനങ്ങളാണ് ആധുനിക ജനാധിപത്യ സങ്കല്പങ്ങളുടെയും പൗരാവകാശതത്ത്വങ്ങളുടെയുമെല്ലാം അടിസ്ഥാനം. പക്ഷേ, അംഗീകരിക്കാൻ ഇന്നു പലരും മടിക്കുകയാണെന്നു മാത്രം.

വേദപ്രചാരണ ലക്ഷ്യത്തോടെ കണ്ടുപിടിക്കപ്പെട്ട അച്ചടി, അറിവിന്റെ വ്യാപനത്തിൽ നിർണായക വഴിത്തിരിവായി. ജർമൻകാരനായ ജോൺ ഗുട്ടൻബർഗ് 1440-ൽ കണ്ടുപിടിച്ച അച്ചടിയന്ത്രം പുസ്തകപ്രസാധനത്തിനും പത്രങ്ങളുടെ ആവിർഭാവത്തിനും വഴിതെളിച്ചു. ക്രൈസ്തവാശയങ്ങളും വിശ്വാസവും ജനങ്ങളിലെത്തിക്കുന്നതിനുള്ള മാധ്യമമായി പത്രങ്ങളെ പ്രയോജനപ്പെടുത്താമെന്നു തിരിച്ചറിഞ്ഞപ്പോൾ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ പത്രങ്ങൾ, അല്ലെങ്കിൽ പ്രസിദ്ധീകരണങ്ങൾ തുടങ്ങി. ഈ ഡിജിറ്റൽ യുഗത്തിലും പത്രമാധ്യമങ്ങൾക്ക് വിശ്വാസകൈമാറ്റത്തിലും സുവിശേഷവത്കരണത്തിലും ക്രിയാത്മകമായ പങ്കുവഹിക്കാനുണ്ട്.

### മാധ്യമങ്ങളും സഭയും

മാധ്യമങ്ങളെ ആശങ്കയോടെ വീക്ഷിക്കുന്ന ഒരു പാരമ്പര്യം സഭയ്ക്ക് എക്കാലവും ഉണ്ടായിരുന്നു. തിന്മയുടെ പ്രചാരണത്തിനായി മാധ്യമങ്ങൾ പലപ്പോഴും ഉപയോഗിക്കപ്പെട്ടിരുന്നു എന്നതുതന്നെ അതിനു കാരണം. മാധ്യമസ്വാധീനത്തിനു മനുഷ്യമനസുകളെ വിഷലിപ്തമാക്കാനുള്ള കഴിവുണ്ടെന്നതുപോലെതന്നെ മനുഷ്യമനസുകളെ നന്മയിലേക്കു നയിക്കാനും അവയ്ക്കു സാധിക്കുമെന്നതാണ് യാഥാർഥ്യം. എന്തായാലും മാധ്യമങ്ങളോടുള്ള സമീപനത്തിലും മാധ്യമശക്തി വിനിയോഗത്തിൽ അല്ലെങ്കിൽ അതിനെ പ്രയോജനപ്പെടുത്തുന്നതിൽ അറച്ചുനിൽക്കുന്നതും പരാജയപ്പെടുന്നതും സഭയെ സംബന്ധിച്ചിടത്തോളം ഒരു ചരിത്രയാഥാർഥ്യമാണെന്നു പറ

www.malankaralibrary.com


യുമ്പോൾ ആരുടെയും നെറ്റി ചുളിയേണ്ട കാര്യമില്ല. മാധ്യമ സാധ്യതകളെ വിശ്വാസകൈമാറ്റത്തിനുള്ള ഉപാധികളാക്കി മാറ്റുന്നതിൽ സഭ ഇന്നലെകളിൽ എന്തു ചെയ്തു എന്നത് ഇനി അപ്രസക്തമായ ഒരു ചോദ്യമാണ്.

മാധ്യമങ്ങളെന്നു പറയുമ്പോൾ അച്ചടിമാധ്യമങ്ങൾ, പത്രങ്ങൾ, മാസികകൾ ഇവയൊക്കെയാകാം പെട്ടെന്നു നമ്മുടെ മനസിൽ തെളിഞ്ഞുവരിക. ഇനിയും ഏറെക്കാലം അച്ചടിമാധ്യമങ്ങളുടെ പ്രസക്തി അവഗണിക്കപ്പെടാനാവാത്തവിധം നിലനിൽക്കുമെങ്കിലും യുവതലമുറയോടു സംവദിക്കുമ്പോൾ സാമൂഹിക മാധ്യമങ്ങൾക്കും ഡിജിറ്റൽ, ഇലക്ട്രോണിക് മീഡിയകൾക്കുമാണ് പ്രാധാന്യമെന്ന് അടിവരയിട്ട് അംഗീകരിച്ചേ തീരൂ.

ഏറ്റവും കൂടിയാൽ പത്രങ്ങളുടെ തലക്കെട്ടുകൾ മാത്രം വായിച്ചു കടന്നുപോകുന്ന, മാസികകളിലൂടെ കണ്ണോടിക്കുകപോലും ചെയ്യാത്ത, ടെലിവിഷനുപോലും വലിയ പ്രാധാന്യം നൽകാത്ത, യുവതലമുറയും ഇളംതലമുറയും അതേസമയംതന്നെ അനേകം മണിക്കൂറുകൾ മൊബൈലിനു മുന്നിൽ തലകുമ്പിട്ടിരിക്കുന്നു. കംപ്യൂട്ടറുകൾ ഇല്ലാത്ത ലോകത്തെക്കുറിച്ചും ഇന്റർനെറ്റ് ഇല്ലാത്ത ലോകത്തെക്കുറിച്ചും അവർക്കു ചിന്തിക്കാനാവുന്നില്ല. സന്തതസഹചാരിയായ ലാപ്ടോപ്പിനു മുന്നിൽ അനുദിനം അനേകം മണിക്കൂറുകൾ ചെലവഴിക്കുന്നുവെന്ന യാഥാർഥ്യം കണ്ടില്ലെന്നുവയ്ക്കാൻ സഭാനേതൃത്വത്തിനു സാധ്യമല്ല.

ഡിജിറ്റൽ മീഡിയയുടെ പ്രാധാന്യത്തെപ്പറ്റി മുൻ മാർപാപ്പ ബനഡിക്ട് പതിനാറാമൻ വളരെ ബോധവാനായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണങ്ങളിൽ ഈ വിഷയം കടന്നുവന്നിരുന്നു. ലോക മാധ്യമദിന സന്ദേശത്തിൽ അസന്ദിഗ്ധമായ ഭാഷയിൽ അദ്ദേഹം ഇക്കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പിൻഗാമിയായ ഫ്രാൻസിസ് പാപ്പാ പറയുക മാത്രമല്ല, നവമാധ്യമങ്ങളുടെ പ്രയോക്താവുതന്നെയാണെന്നും ലോകം ഇതിനകം തിരിച്ചറിഞ്ഞുകഴിഞ്ഞു. ഫേസ്ബുക്കിലൂടെയും ട്വിറ്ററിലൂടെയുമെല്ലാം മനുഷ്യകുലവുമായിത്തന്നെ ആധുനികഭാഷയിൽ സംവദിച്ചു തുടങ്ങിയിരിക്കുന്നുവെങ്കിൽ നമുക്കൊന്നും ഇനി പിന്നാക്കം പോകാനാവില്ല. (ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ സന്ദർശകരുള്ള സോഷ്യൽ നെറ്റ്‌വർക്ക് അക്കൗണ്ടുകളിൽ മുൻപന്തിയിലാണ് മാർപാപ്പയുടെ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, ട്വിറ്റർ അക്കൗണ്ടുകൾ.)

നവമാധ്യമങ്ങളുടെ ലോകത്തേക്കു കടന്നുവരാൻ, അവയുടെ

www.malankaralibrary.com


സാങ്കേതിക അറിവുകൾ ആർജിച്ചെടുക്കാൻ മുതിർന്ന തലമുറയ്ക്ക് എളുപ്പമായിരിക്കില്ലെങ്കിലും അവയുടെ പ്രാഥമിക പാഠങ്ങൾ പഠിക്കാനും പ്രയോജനപ്പെടുത്താനും അവർക്കും സാധിക്കുമെന്നു തല നരച്ചവനെങ്കിലും എനിക്കു തോന്നുന്നു. അതിന്റെ എല്ലാ സാങ്കേതിക അറിവുകളും അനായാസം സ്വന്തമാക്കാനാകുമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. നമ്മിൽ പലരും ഈ രംഗത്തു കുടിയേറ്റക്കാരാണ്, അഥവാ ഇമിഗ്രന്റ്സ് ആണ്. ഏതെങ്കിലുമൊരു രാജ്യത്തേക്കു മാറിത്താമസമാക്കുന്നവരെയാണല്ലോ 'ഇമിഗ്രന്റ്സ്' എന്നു പറയുക. പുതിയ രാജ്യത്തെ ജീവിതവുമായി അലിഞ്ഞുചേരാൻ കുടിയേറ്റക്കാർക്ക് അത്ര എളുപ്പമായിരിക്കില്ല, അല്ലെങ്കിൽ അവിടുത്തെ സംസ്കാരവുമായി ഒത്തുചേരാൻ കാലങ്ങൾതന്നെ എടുക്കും. എന്നാൽ, നമ്മുടെ മക്കളുണ്ടല്ലോ, കൊച്ചുകുട്ടികളും വിദ്യാർഥികളും, അവർ ഡിജിറ്റൽ മാധ്യമമേഖലയിലേക്കു ജനിച്ചുവീണവരാണ്. പഴയ തലമുറ ഈ രംഗത്ത് 'ഇമിഗ്രന്റ്സ്' ആണെങ്കിൽ പുത്തൻ തലമുറയെ 'നേറ്റീവ്സ്' എന്നു വിളിക്കാം. അവർക്ക് ഈ സങ്കേതികവിദ്യയിലൂടെ എളുപ്പം സംവദിക്കാനാവും, മാതൃഭാഷയിലെന്നപോലെ. ഡിജിറ്റൽ ഭാഷ അവർക്കു മാതൃഭാഷതന്നെയാണ്.

ഡിജിറ്റൽ ഭാഷ മാതൃഭാഷയായിട്ടുള്ളവരിലേക്കുള്ള വിശ്വാസ കൈമാറ്റമാണ് ഇന്നും നാളെയും നടക്കേണ്ടത്. നാളത്തെകഴിഞ്ഞ് എന്തായിരിക്കും സ്ഥിതിയെന്ന് വിഭാവനം ചെയ്യാൻപോലും കഴിയില്ല. അത്രയ്ക്കു ത്വരിതഗതിയിലാണ് ഈ രംഗത്ത് അറിവിന്റെ ലോകം കൈവരിച്ചുകൊണ്ടിരിക്കുന്ന വികാസവും പുരോഗതിയും. വ്യവസായവിപ്ലവം ലോകത്തെ ആധുനികവത്കരിക്കുന്നതിൽ എങ്ങനെയാണോ പങ്കുവഹിച്ചത് അതേപോലെയുള്ള ഒരു റോളാണ് വിവരസാങ്കേതികവിദ്യാ വിപ്ലവം ഇന്നു നിർവഹിക്കുന്നത്.

ഈ ഡിജിറ്റൽ യുഗത്തിലും മാധ്യമങ്ങൾക്ക് വിശ്വാസകൈമാറ്റത്തിലും സുവിശേഷവത്കരണത്തിലും ക്രിയാത്മകമായ പങ്കുവഹിക്കാനുണ്ട്. സോഷ്യൽ നെറ്റ്‌വർക്കുകളുടെ വ്യാപനം കഴിഞ്ഞകാല മാധ്യമസങ്കല്പങ്ങളെ തകിടംമറിച്ചു. സോഷ്യൽ മീഡിയയിൽ വിവരകൈമാറ്റം പരസ്പരം പങ്കുവയ്ക്കലിന്റെ രൂപത്തിലാണു നടക്കുന്നത് എന്നതിനാൽ അതിനു വ്യക്തിപരമായ സ്പർശം കൂടുതലുണ്ട്. അതിൽ കൈമാറ്റം ചെയ്യപ്പെടുന്ന വിവരങ്ങൾ കൂടുതൽ വിശ്വാസയോഗ്യമാണ് എന്നൊരു ധാരണ അതു ജനിപ്പിക്കുകയും ചെയ്യുന്നു. ഈ പുതിയ വാർത്താവിനിമയ അനുഭവം പങ്കുവയ്ക്കുന്നതു കൂടുതലായും യുവാക്കളാണ്. അതിൽ അവർക്ക് ഔപചാരികതയുടെ അംശം തീരെയല്ല. അതു ചിലപ്പോൾ പക്വതക്കുറവിന്റെ പ്രശ്ന

www.malankaralibrary.com


ങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരാൾ ഇന്നു നമ്മുടെ സുഹൃത്താകുന്നു. ഒരിക്കലും സംസാരിച്ചിട്ടില്ലാത്ത ഒരാളെ നാം ഫോളോ ചെയ്യുന്നു. എങ്കിലും സോഷ്യൽ നെറ്റ്‌വർക്കുകളെ അവഗണിക്കാൻ ഇന്നാർക്കും കഴിയില്ല. പ്രമുഖ മാധ്യമനിരീക്ഷക നായ ബ്രയാൻ ബോയിഡിന്റെ വാക്കുകളിൽ, സോഷ്യൽ മീഡിയ, ഒരു വലിയസംഘം ആളുകളിലേക്കു സുതാര്യതയോടെയും സത്യ സന്ധതയോടെയും കാപട്യമില്ലാതെയും പ്രവേശിക്കാനുള്ള മാധ്യമ മാണ്.

സോഷ്യൽ മീഡിയയുടെ ശക്തി ലോകം മുഴുവൻ ഇന്ന് അംഗീക രിക്കുന്നു. ബറാക് ഒബാമ എന്ന മുസ്‌ലിം പിതൃത്വമുള്ള ആഫ്രോ-അമേരിക്കൻ വംശജൻ അമേരിക്കയുടെ പ്രസിഡന്റാവുക എന്ന അസാധ്യകാര്യം സാധിച്ചത് 'മാറ്റം' എന്ന മുദ്രാവാക്യമുയർത്തി സോഷ്യൽ മീഡിയ വഴി നടത്തിയ ഊർജിതമായ പ്രചാരണത്തിന്റെ സഹായത്തോടുകൂടിയായിരുന്നു. യുവജനങ്ങളുടെ പിന്തുണയായി രുന്നു ഒബാമയുടെ ഒരു പ്രധാന ശക്തി. ഈജിപ്തിൽ ഹോസ്നി മുബാറക്കിനെ സ്ഥാനഭ്രഷ്ടനാക്കിയ മുല്ലപ്പൂ വിപ്ലവത്തിൽ ജന ലക്ഷങ്ങളെ അണിനിരത്തിയത് സോഷ്യൽ മീഡിയയുടെ ഇടപെട ലാണ്. അഴിമതിക്കെതിരേ അണ്ണാ ഹസാരെയും കൂട്ടരും ഡൽഹി യിൽ സത്യാഗ്രഹമിരുന്നപ്പോൾ അതിനു വലിയ ജനപിന്തുണ ലഭി ച്ചതും സോഷ്യൽ മീഡിയയുടെ സജീവമായ ഇടപെടൽകൊണ്ടാണ്.

കംപ്യൂട്ടറിലും ഇന്റർനെറ്റിലും പരതുന്നവർ ആ സമയത്തിന്റെ മൂന്നി ലൊന്നു സോഷ്യൽ മീഡിയയിലാണു ചെലവഴിക്കുന്നതെന്ന് ചില പഠനങ്ങൾ പറയുന്നു. അത്ര ആഭിമുഖ്യമാണ് സോഷ്യൽ മീഡിയ യോട് അതുമായി ബന്ധപ്പെട്ടവർക്കുള്ളത്. ഈ സാഹചര്യം ബുദ്ധി പൂർവമായ ആസൂത്രണത്തിലൂടെ വിശ്വാസകൈമാറ്റത്തിനും പ്രഘോ ഷണത്തിനും പ്രയോജനപ്പെടുത്താൻ സാധിക്കും. പണ്ട് ആഴ്ചയി ലൊരിക്കൽ പള്ളിയിൽവച്ചോ അല്ലെങ്കിൽ മറ്റു സാമൂഹിക ചടങ്ങു കളിൽവച്ചോ സംവദിക്കാൻ അവസരം ലഭിച്ചിരുന്ന പലരും ഇന്നു സോഷ്യൽ മീഡിയയിലൂടെ അനുനിമിഷം സംവദിക്കുന്നു.

സോഷ്യൽ മീഡിയയുടെ വർധിച്ചുവരുന്ന ഈ സ്വാധീനം സുവി ശേഷവത്കരണ പ്രവർത്തനങ്ങളുടെ രൂപഭാവങ്ങളിൽ മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഫേസ്ബുക്കിലും ട്വിറ്ററിലും യൂട്യൂബിലുമൊ ക്കെ പോസ്റ്റ് ചെയ്യുന്ന ഓരോ കുറിപ്പിലൂടെയും ചിത്രത്തിലൂടെയും വീഡിയോയിലൂടെയും ബ്ലോഗിലെ ഓരോ എഴുത്തിലൂടെയും വിശ്വാ സകൈമാറ്റവും സാധ്യമാണ്. പക്ഷേ, അതു ബുദ്ധിപൂർവമായ ഇട പെടലുകളിലൂടെ ആയിരിക്കണം. ടെലിവിഷനിൽ സുവിശേഷ

www.malankaralibrary.com




പ്രസംഗമോ പ്രാർഥനയോ വന്നാൽ പലരുമതു കാണാൻ തയാറാകണമെന്നില്ല. ചിലർ ടെലിവിഷൻ ചാനൽ മാറ്റിക്കളയും. എന്നാൽ, ആഗ്രഹിക്കുന്ന ആശയം പരോക്ഷമായ ഹ്രസ്വ സന്ദേശങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങൾ വഴി കൈമാറ്റം ചെയ്യാൻ കഴിയും.

**നന്മയുടെ സന്ദേശങ്ങൾ**

അനുദിന ജീവിതത്തിൽ മതവിശ്വാസത്തിനുള്ള സ്വാധീനം പലയിടത്തും കുറഞ്ഞുവരികയാണ്. മതാധികൃതരുടെ പിന്തുണയില്ലാതെതന്നെ ജീവിക്കാൻ കഴിയുമെന്ന ധാരണ ഇന്നുണ്ട്. ഇതിനുള്ള പശ്ചാത്തലം ഒരുക്കിക്കൊടുക്കുന്നതിൽ ടെലിവിഷനും നവമാധ്യമങ്ങളും വലിയ പങ്കുവഹിക്കുന്നു. മതേതരവീക്ഷണം പുലർത്തുന്നവർക്ക് അരോചകമാകാത്ത വിധത്തിൽ നവമാധ്യമങ്ങളിൽ ക്രിയാത്മകമായ ഇടപെടലിലൂടെ ഈ പ്രതിസന്ധി മറികടക്കാനുള്ള വഴികൾ സഭാധികൃതർ കണ്ടെത്തണം. നന്മയുടെ മാതൃകകളെ സമൂഹ

www.malankaralibrary.com


ത്തിനു കൂടുതലായി പരിചയപ്പെടുത്തുക നവസുവിശേഷവത്കരണത്തിനു സ്വീകരിക്കാവുന്ന ഒരു മാർഗമാണ്. നന്മയുടെ വഴികൾ പിന്തുടരാൻ ഇന്നത്തെ ലോകത്തിനു താത്പര്യവും മനസുമുണ്ട്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പയെയും മദർ തെരേസയെയും പോലെ, തങ്ങളുടെ വിശാലമായ ലോകവീക്ഷണങ്ങളിലൂടെയും മാതൃകാപരമായ ആതുരസേവന പ്രവർത്തനങ്ങളിലൂടെയും സെക്കുലർ സമൂഹത്തിന് ആരാധ്യരായിത്തീർന്ന നിരവധി സഭാ പ്രവർത്തകർ ആധുനിക കാലത്തുണ്ട്. ജീവിതലാളിത്യത്തിലൂടെയും പാവങ്ങളോടുള്ള ആഭിമുഖ്യത്തിലൂടെയും ഫ്രാൻസിസ് മാർപാപ്പ നൽകുന്നതും നവസുവിശേഷവത്കരണത്തിന്റെ നവീന മാതൃകയാണ്. വ്യത്യസ്തമായ സമീപനങ്ങളിലൂടെയും പ്രവർത്തനശൈലിയിലൂടെയും ജനസമൂഹങ്ങളെ ആകർഷിക്കുന്ന ഫ്രാൻസിസ് പാപ്പാ, സോഷ്യൽ മീഡിയയ്ക്കും ആരാധ്യനാണ്. ഇതുപോലെ നന്മ ചെയ്യുന്നവർ ലോകത്തു ധാരാളമുണ്ട്. നന്മയുടെ മാതൃകകൾ പ്രചരിപ്പിക്കാൻ സോഷ്യൽ മീഡിയയെ ഉപയോഗപ്പെടുത്താൻ സഭാസംവിധാനങ്ങൾക്കു വലിയ ബുദ്ധിമുട്ടില്ലാതെ സാധിക്കും. ക്രൈസ്തവമൂല്യങ്ങളുടെയും വിശ്വാസങ്ങളുടെയും പരോക്ഷ കൈമാറ്റവും ഇതിലൂടെ സാധിക്കാം. തിന്മയ്ക്കെതിരേ ശബ്ദമുയർത്താൻ വെമ്പുന്നവരാണ് ഇന്നത്തെ യുവതലമുറ.

ഡൽഹിയിൽ പെൺകുട്ടി മാനഭംഗത്തിന് ഇരയായപ്പോൾ രാജ്യത്ത് ഇത്രയധികം പ്രതിഷേധമുയരാൻ കാരണം മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ആ സംഭവത്തിനു ലഭിച്ച വലിയ പ്രതികരണങ്ങളാണ്. പുതുതലമുറ മാധ്യമങ്ങളുടെ സ്വാധീനവും സാധ്യതകളും ഇന്ന് ആർക്കും അവഗണിക്കാൻ കഴിയില്ല. അതുകൊണ്ട് ടെലിവിഷനിൽ എന്നതുപോലെ സോഷ്യൽ മീഡിയ രംഗത്തും സഭയ്ക്കുവേണ്ടി ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകണം. അല്ലെങ്കിൽ, സഭ ഫലപ്രദമായി ഇടപെടണം. ആശയവിനിമയം നന്മയ്ക്കും തിന്മയ്ക്കുമുള്ള ഉപകരണമാണ്. അതു ചൂഷണത്തിനായും അനുരഞ്ജനത്തിനായും ഉപയോഗപ്പെടുത്താം.

ഓരോ മാധ്യമത്തിനും അവയുടേതായ സാമ്പത്തിക-സാമൂഹിക രാഷ്ട്രീയമുണ്ട്. ഇത് അതിന്റെ ആശയവിനിമയ പ്രക്രിയയെ സ്വാധീനിക്കുന്നു. നല്ലതും ചീത്തയുമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുക മാത്രമല്ല സോഷ്യൽ മീഡിയ ചെയ്യുന്നത് പുതിയൊരു മൂല്യബോധവും സമീപനരീതിയുംകൂടി അവ രൂപപ്പെടുത്തുന്നു. സമൂഹം ചർച്ച ചെയ്യേണ്ട അജൻഡകൾ സൃഷ്ടിക്കാൻ അവ ശ്രമിക്കുന്നു. സമൂഹത്തിലും വ്യവസ്ഥിതിക്കും ഹിതകരമല്ലാത്ത പലതും അക്കൂട്ടത്തി

www.malankaralibrary.com


ലുണ്ട്. പരമ്പരാഗത വിശ്വാസങ്ങളെ ചോദ്യംചെയ്യാനുള്ള പ്രവണത ഇതിൽ മുഴച്ചുനിൽക്കുകയും ചെയ്യുന്നു. ഇത്തരം വിപരീത സാഹചര്യങ്ങളിൽ വിശ്വാസകൈമാറ്റം സാധ്യമാക്കാൻ സജീവമായ ഇടപെടൽതന്നെ ആവശ്യമായിവരും. കുട്ടികളും യുവാക്കളുമാണ് സോഷ്യൽ മീഡിയയോടു കൂടുതലായും ആഭിമുഖ്യം പുലർത്തുന്നത് എന്നത് സഭാധികൃതർ മറന്നുപോകരുത്.

## ഡിജിറ്റൽ മാധ്യമങ്ങളും സഭയും

റേഡിയോ, ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളെ സഭ നേരത്തേതന്നെ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. 1921–ൽ റേഡിയോ പ്രക്ഷേപണം തുടങ്ങിയപ്പോൾ മുതൽ അമേരിക്കയിൽ മതപരമായ റേഡിയോ പരിപാടികളും ആരംഭിച്ചു. ഉദാഹരണത്തിന്, ബിഷപ് ഫുൾട്ടൻ ജെ. ഷീനിന്റെ ടെലിവിഷൻ പ്രഭാഷണങ്ങൾ. ലോകം മുഴുവൻ അതു ശ്രദ്ധിച്ചു. കൂടുതൽ പേരിൽ ക്രൈസ്തവ സന്ദേശം എത്തിക്കാനും നിരവധിപ്പേരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താനും ഈ പരിപാടികൾക്കു കഴിഞ്ഞിട്ടുണ്ട്. മലയാള ടെലിവിഷൻ രംഗത്തും ഇന്നു ക്രൈസ്തവവിശ്വാസ പ്രചാരണ പരിപാടികൾ സജീവമായിട്ടുണ്ടല്ലോ. തത്ഫലമായുള്ള ഉണർവ് വിശ്വാസ പ്രഘോഷണരംഗത്തു നാം കാണുകയും ചെയ്യുന്നു.

നാല്പത്തേഴാം ലോക സമ്പർക്കദിന സന്ദേശത്തോടനുബന്ധിച്ച് ഡിജിറ്റൽ മീഡിയയെക്കുറിച്ച് ഗൗരവമുള്ള പല ചിന്തകളും പങ്കുവയ്ക്കുന്നുണ്ട്. സോഷ്യൽ നെറ്റ്‌വർക്കുകൾ പുതിയൊരു കമ്പോളവും തുറന്ന ഒരു സമ്മേളനസ്ഥലവും സൃഷ്ടിക്കുന്നതായി അതിൽ ചൂണ്ടിക്കാട്ടുന്നു. അവിടെ ആളുകൾ ആശയങ്ങളും വിവരങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുകയും പുതിയ ബന്ധങ്ങളും സമൂഹത്തിന്റെ പുതിയ രൂപങ്ങളും ഉണ്ടാകാൻ അത് ഇടയാക്കുകയും ചെയ്യുന്നു. ഈ സൈബർ സ്പേസുകളിൽ ആശയങ്ങളും വിവരങ്ങളും മാത്രമല്ല, ആത്യന്തികമായി വ്യക്തിത്വങ്ങളെത്തന്നെ പങ്കുവയ്ക്കുന്നുണ്ട്. ബൗദ്ധിക പ്രചോദനങ്ങൾ നേടാനും അറിവും സാങ്കേതിക വിദ്യയും പങ്കുവയ്ക്കാനുംകൂടി ഇതിലൂടെ ഇടയാകുന്നുണ്ട്. വിശ്വാസകൈമാറ്റത്തിന് ഈ വേദി വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും.

വയോധികനായിത്തീർന്ന പ്രായത്തിലും ബനഡിക്ട് മാർപാപ്പ പുതുതലമുറ മാധ്യമങ്ങളെപ്പറ്റി പഠിക്കാൻ സന്നദ്ധനായി എന്നതു ശ്രദ്ധിക്കേണ്ടതാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും കുറെ വർഷങ്ങൾക്കു മുമ്പ് മാധ്യമ സാക്ഷരതയെപ്പറ്റി വിശ്വാസികളെ ഉദ്ബോ

www.malankaralibrary.com


ധിപ്പിക്കുകയുണ്ടായി. പുതിയ അറിവുകൾ തേടാനും സമീപനങ്ങൾ സ്വീകരിക്കാനും പ്രായം ഒരു തടസമല്ല എന്നാണിതു തെളിയിക്കുന്നത്.

ഡിജിറ്റൽ മാധ്യമത്തിൽ എഴുത്തിനൊപ്പം ദൃശ്യങ്ങളും ചലനചിത്രങ്ങളും ശബ്ദങ്ങളുമൊക്കെ ഉണ്ടാകും. അതുകൊണ്ടു സംവേദനക്ഷമത കൂടുതലാണ്. ചിഹ്നങ്ങൾകൊണ്ടും പ്രതീകങ്ങൾകൊണ്ടും സമ്പന്നമാണ് ക്രൈസ്തവ പാരമ്പര്യം. കുരിശിന്റെ അടയാളം, തിരുസ്വരൂപങ്ങൾ, ക്രിസ്മസ് നക്ഷത്രം, പുൽക്കൂട്, പള്ളികളുടെ ജനലുകളിലെയും കതകുകളിലെയും ചിത്രങ്ങൾ തുടങ്ങിയവ മികച്ച ഉദാഹരണങ്ങളാണ്. മനുഷ്യവംശത്തിന്റെ കലാപാരമ്പര്യത്തിന്റെ ശ്രദ്ധേയമായ ഭാഗം വിശ്വാസസത്യങ്ങൾ പ്രകാശിപ്പിക്കാൻ പരിശ്രമിച്ച കലാകാരന്മാരാലും സംഗീതജ്ഞരാലും സൃഷ്ടിക്കപ്പെട്ടതാണ്. ഇതിന്റെ ഓർമപ്പെടുത്തലുകൾക്കു ഡിജിറ്റൽ മാധ്യമങ്ങളെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ വിശ്വാസകൈമാറ്റ പ്രവർത്തനങ്ങളിൽ അതൊരു വലിയ ചുവടുവയ്പായി മാറും. അച്ചടിച്ചുവരുന്നതും, ടിവിയിലും ഇന്റർനെറ്റിലും കാണുന്ന എന്തും, സത്യവും യാഥാർഥ്യവുമാണെന്നു വിശ്വസിക്കാതെ, വിവേകത്തോടെ ചിന്തിക്കാനുള്ള വിവേചനബുദ്ധിയും ഇതോടൊപ്പം വളർത്തിയെടുക്കേണ്ടതുണ്ട്.

## വിവരസാങ്കേതികവിദ്യ ഇടവകതലം മുതൽ

പ്രാർഥിക്കാനും ധ്യാനിക്കാനും ദൈവവചനത്തിൽ പങ്കുചേരാനുമുള്ള അവസരങ്ങൾ നൽകുന്ന സോഷ്യൽ നെറ്റ്‌വർക്കുകൾ ലോകത്തുണ്ട്. വിശ്വാസത്തിന്റെ മറ്റു മാനങ്ങളിലേക്കും ഈ നെറ്റ്‌വർക്കുകളെ തുറക്കാവുന്നതാണ്. ഓൺലൈനിലൂടെയുള്ള ബന്ധത്തിന്റെ സഹായത്താൽ പലരും നേരിട്ടുള്ള കണ്ടുമുട്ടലുകളും അനുഭവങ്ങൾ പങ്കുവയ്ക്കലുകളും നടത്തുന്നു. വിശ്വാസയാത്രയിൽ പ്രാധാന്യമുള്ളവയാണ് ഇതൊക്കെ. ഇന്ന് പല ഇടവകകളിലും ഇടവകാംഗങ്ങളുടെ വിവരങ്ങളെല്ലാം കംപ്യൂട്ടറിൽ ശേഖരിച്ചിട്ടുണ്ട്. അനുദിന ജീവിതത്തിലെ തിരക്കുകൾക്കിടയിൽ വിശ്വാസികളിൽ പലർക്കും ദേവാലയങ്ങളിൽ പോകാൻ കഴിയാറില്ല. പള്ളിയിലെ പ്രാർഥനയുടെയും ആഘോഷങ്ങളുടെയും വിവരങ്ങൾ ഇ-മെയിലിലൂടെയും എസ്എംഎസുകളിലൂടെയും വാട്സ്ആപ്പിലൂടെയുമൊക്ക ഇടവകാംഗങ്ങളെ അറിയിക്കാൻ കഴിയും. ഇതു രൂപതാതലങ്ങളിലേക്കും വ്യാപിപ്പിക്കാം. സഭയുടെ നിർദേശങ്ങളും പ്രബോധനങ്ങളും വിശ്വാസികളിലെത്തിക്കാൻ ഇത് ഉപയോഗപ്പെടുത്തണം. ഇങ്ങനെ ഫലപ്രദമായൊരു വിശ്വാസകൈമാറ്റ സംവിധാനം രൂപപ്പെടുത്താൻ കഴിയും. സ്കൂളുകളിൽ എന്നതുപോലെ ഇടവകകളിലും വിശ്വാസപരി

www.malankaralibrary.com


ശീലന ക്ലാസുകൾ കംപ്യൂട്ടറും ഓഡിയോ-വിഷ്വൽ സങ്കേതങ്ങളും ഉപയോഗപ്പെടുത്തി സ്മാർട്ട് ക്ലാസുകളാക്കി മാറ്റിയാൽ ഇന്നത്തെ കുട്ടികൾക്കു കൂടുതൽ ഇഷ്ടപ്പെടും. ഇതിനാവശ്യമായ സാമ്പത്തിക ബാധ്യതയുടെ കാര്യം ഞാൻ വിസ്മരിക്കുന്നില്ല.

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന വിശ്വാസവിരുദ്ധ ആശയങ്ങൾ കുട്ടികളിൽ തെറ്റിദ്ധാരണകൾ സൃഷ്ടിക്കാം. അതിനാൽ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ കുട്ടികൾക്കു നിർദേശങ്ങൾ നൽകുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. വെബ്സൈറ്റുകൾ ഒരുക്കുന്ന ചതിക്കുഴികളെക്കുറിച്ചും ബോധവത്കരണം നടത്തണം. അതിവിപുലമായ സ്വാധീനമാണ് ഇന്നു നവമാധ്യമങ്ങൾക്കുള്ളത്. ആ സ്വാധീനം പ്രയോജനപ്പെടുത്തണമെങ്കിൽ നമ്മുടെ ആശയങ്ങളോട് ആഭിമുഖ്യമുള്ളവർ ആ മാധ്യമങ്ങളെ നിയന്ത്രിക്കാനുണ്ടാവണം. ക്രൈസ്തവദർശനത്താൽ നയിക്കപ്പെടുന്ന കൂടുതൽ യുവാക്കൾ മാധ്യമരംഗത്തേക്കു കടന്നുവരാൻ പ്രോത്സാഹനം നൽകേണ്ടതിന്റെ ആവശ്യകതയിലേക്കും ഇതു വിരൽചൂണ്ടുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ നമുക്കു വിശ്വാസമേഖലയിൽ ശക്തിയും ഊർജവും സമാഹരിച്ചുകൊണ്ട് അദ്ഭുതങ്ങൾതന്നെ പ്രവർത്തിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അതിനു നമ്മുടെ യുവതലമുറയെ, അല്മായരെയും സെമിനാരി വിദ്യാർഥികളെയും യുവവൈദികരെയും, ഡിജിറ്റൽ മാധ്യമരംഗ പഠനത്തിനും പ്രയോഗത്തിനും ഏറെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നവീന സാങ്കേതിക വിദ്യകളിൽ അവർ അറിവും പരിചയസമ്പത്തും നേടണം. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെപ്പറ്റി ചിന്തിക്കാൻ പോയിട്ട് സ്വപ്നം കാണാൻപോലും എന്റെയൊക്കെ ചെറുപ്പകാലത്ത് ആകുമായിരുന്നില്ല. ടൈപ്റൈറ്റർ ഉപയോഗിക്കാനും സൈക്കിൾ കയറാനും അനുവാദം ലഭിക്കുകപോലും അത്രയൊന്നും എളുപ്പമല്ലാതിരുന്ന കാലം.

ഇന്നു കുട്ടികളുടെ ജന്മാവകാശമാണ് ടെലിഫോൺ ഉപയോഗമെങ്കിൽ കൊച്ചച്ചനാകുന്നതു വരെ ടെലിഫോണിൽ സംസാരിക്കാൻ കഴിയുക അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. കോട്ടയത്ത് ദീപികയിൽ കൊച്ചച്ചനായി ജോലി തുടങ്ങിയ കാലത്ത് അവിടെനിന്ന് 12 കിലോമീറ്റർ മാത്രം ദൂരമുള്ള ഏറ്റുമാനൂരിലേക്ക് ഒരു സന്ദേശം നൽകണമെങ്കിൽ ട്രങ്ക് കോൾ ബുക്ക് ചെയ്ത് കാത്തിരിക്കണമായിരുന്നു. ഇപ്പോൾ ട്രങ്ക് കോൾ എന്നോ ലൈറ്റ്നിംഗ് കോൾ എന്നോ പറഞ്ഞാൽ ആർക്കുമൊന്നും മനസിലാകില്ല. നിമിഷനേരംകൊണ്ടു

www.malankaralibrary.com


ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും ഇരിക്കുന്നവരുമായി ബന്ധപ്പെടാൻ, കണ്ടുകൊണ്ടുതന്നെ സംസാരിക്കാൻ സാധിക്കുന്ന, തികച്ചും സാധാരണമെന്നു വിശേഷിപ്പിക്കാവുന്ന, അസാധാരണ ലോകത്തിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ച നമുക്ക് ഈ നൂതനസങ്കേതങ്ങൾ ഉപയോഗിച്ചുള്ള വിശ്വാസകൈമാറ്റത്തെപ്പറ്റി ചിന്തിക്കാതിരിക്കാനാവില്ലല്ലോ.

സഭാ നേതൃത്വത്തിലുള്ളവർക്ക് തന്റെ അജഗണങ്ങളിൽപ്പെട്ട ഓരോരുത്തരോടും വേണമെന്നു വച്ചാൽ വ്യക്തിപരമായിത്തന്നെ എല്ലാ ദിവസവും സംവദിക്കാനും അതിലൂടെ അവരെ വിശ്വാസത്തിലും പ്രതീക്ഷയിലും വളർത്തിക്കൊണ്ടുവരാനും സാധിക്കും. ഒരു ചെറിയ ഉദാഹരണത്തെപ്പറ്റി തമാശയായിട്ടെങ്കിലും ഒന്നു ചിന്തിച്ചു നോക്കാം. ഒരു എസ്എംഎസ് അയയ്ക്കുക എന്നത് അത്ര ചെലവേറിയ കാര്യമൊന്നുമല്ലല്ലോ. അജഗണത്തിൽപ്പെട്ട എല്ലാവരുടെയും മൊബൈൽ ഫോണിലേക്ക് സ്വന്തമായ ഒരു ചിന്ത, അല്ലെങ്കിൽ വേദപുസ്തകത്തിൽനിന്ന് ഉന്മേഷദായകമായ ഒരു വാക്യം, അല്ലെങ്കിൽ സഭാപഠനങ്ങളിൽനിന്നു കാലികപ്രാധാന്യമുള്ള ഒരു പഠനം, കുറഞ്ഞ വാക്കുകളിൽ എസ്എംഎസ് ചെയ്യുക. പിതാവിൽനിന്നു വ്യക്തിപരമായ ഒരു സന്ദേശം കിട്ടുകയെന്നത് പലർക്കും വലിയൊരു അനുഭവമായിരിക്കും. അത് അവരുടെ പുലർകാല ആത്മീയഭക്ഷണമായി മാറും. ഇതുപോലെതന്നെ നല്ല സന്ദേശങ്ങൾ കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും നൽകിക്കൊണ്ടിരിക്കാനാവും. ഇതിനൊന്നും അധികം സമയം ആവശ്യമില്ലല്ലോ. രൂപതാ തലത്തിലും ഇടവക തലത്തിലും ഇതൊക്കെ പരീക്ഷിച്ചുനോക്കാവുന്ന കാര്യങ്ങളല്ലേ? ഇത്തരം സേവനങ്ങൾ രൂപതയിലും ഇടവകയിലും ഒതുങ്ങിനിൽക്കണം എന്നില്ല. എസ്എംഎസിലൂടെയും ഫേസ്ബുക്കിലൂടെയും ഇൻസ്റ്റഗ്രാമിലൂടെയും ട്വിറ്ററിലൂടെയുമൊക്കെ വേണമെങ്കിൽ ഒരു ആത്മീയവിപ്ലവം ലോകമെങ്ങും നയിക്കാനാവും.

രാഷ്ട്രീയക്കാരും വിധ്വംസക പ്രവർത്തകരും പുത്തൻ സങ്കേതങ്ങളെ സ്വാർഥലാഭത്തിനുവേണ്ടിയും നശീകരണത്തിനുവേണ്ടിയും വിദഗ്ധമായി പ്രയോഗിക്കുന്നുവെങ്കിൽ എന്തുകൊണ്ട് നമുക്ക് അവയെ നന്മയ്ക്കായി വിനിയോഗിച്ചുകൂടാ. ആശയങ്ങളാണല്ലോ ചലനങ്ങൾ സൃഷ്ടിക്കുക. ചലനങ്ങളിലൂടെയാണല്ലോ പുതിയ സൃഷ്ടികളുണ്ടാവുക. ഈജിപ്തിലും ലിബിയയിലും ഗൾഫ് രാജ്യങ്ങളിലും വിരിഞ്ഞ അറബ് വസന്തം സാധ്യമാക്കിയതിൽ അറിവിന്റെ ലോകത്തെ നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗത്തിനു നിർണയിക്കാവുന്നതിലും അധികം പങ്കുണ്ടായിരുന്നുവെന്നത് എല്ലാവരും സമ്മതി

www.malankaralibrary.com


ക്കുന്ന കാര്യമാണ്. അങ്ങനെയെങ്കിൽ ഒരു ആത്മീയവിപ്ലവത്തിന്, വിശ്വാസകൈമാറ്റത്തിന്, അറിവിന്റെ ആധുനിക സങ്കേതങ്ങൾ നമുക്ക് എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ? ആലോചിക്കുക മാത്രമല്ല, നടപ്പാക്കേണ്ട കാര്യമാണിത്. പ്രഭാഷകൻ പറയുന്നതുപോലെ, നിന്റെ ഉള്ളിലെ അരുവികൾ നദികളാകട്ടെ. നിന്റെ നദികൾ സമുദ്രമായി വളരട്ടെ. നമ്മുടെ ഉള്ളിന്റെ ഉള്ളിലെ വിശ്വാസത്തിന്റെ അരുവികൾ നമ്മുടെ സമൂഹത്തിലൂടെയൊഴുകുന്ന നിർമലനദികളായും ലോക ത്തിനാകെ കുളിർമയേകുന്ന സമുദ്രമായും മാറുമ്പോൾ, അല്ലെങ്കിൽ അങ്ങനെയാകാൻ നാം ബോധപൂർവം  പരിശ്രമിക്കുമ്പോൾ, എത്ര വലിയൊരു ആത്മീയവിപ്ലവത്തിനാകും നാം സാക്ഷികളാകുക.

നവീന വിവരസാങ്കേതിക വിദ്യകളുടെ സഹായത്തോടെ വിശ്വാസ കൈമാറ്റത്തിനായി എത്ര മുതൽമുടക്കിയാലും അത് അധികമാകില്ല. വിശുദ്ധ പത്താം പീയൂസിന്റെ വാക്കുകൾ ഒന്നുകൂടി അനുസ്മരിച്ചു കൊണ്ട് ഞാൻ നിർത്തട്ടെ:

*‘In vain will you build churches, schools and other institutions unless you develop at the same time the offensive and defensive weapon of a strong Catholic Press.’*

*The offensive weapon of the new digital and eletcronic media* എന്നുകൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട് എന്നു മാത്രം.

www.malankaralibrary.com

# ചാവറപിതാവ്: തന്നിൽനിന്നും അപരനിലേക്കു സഞ്ചരിച്ചയാൾ

ഒരിക്കൽ കുറെ പ്രൈമറി സ്കൂൾ വിദ്യാർഥികൾ എംസി റോഡിന്റെ വശങ്ങളിലൂടെ നടന്നുപോകുകയാണ്. ബസിലിരുന്ന് അവരെ ശ്രദ്ധിച്ചു. അവരിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന വിദ്യാർഥിയുടെ കൈയിൽ ഒരു അളവുടേപ്പിന്റെ അറ്റമുണ്ട്. ഏറ്റവും പിറകിൽ നിൽക്കുന്നവന്റെ കരങ്ങളിലാണ് മറ്റേ അറ്റം. അവർ റോഡിന്റെ നീളവും വീതിയുമൊക്കെ അളന്നു തിട്ടപ്പെടുത്തുകയാണ്. ഇട ക്കാലത്തു കടന്നുവന്ന ഡിപിഇപി സിസ്റ്റത്തിലുള്ള വിദ്യാഭ്യാസ ത്തിന്റെ ഭാഗം.



ഭൗതികലോകത്തിലെ ദൂരവും നീളവും വീതിയുമൊക്കെ നമുക്കു കൃത്യമായി അളന്നു തിട്ടപ്പെടുത്തുവാനുള്ള അളവുകോലുകളുണ്ട്. സ്വയം അളന്നു തിട്ടപ്പെടുത്തി പഠിച്ചാൽ പിന്നെ അതൊക്കെ നമ്മുടെ അറിവിന്റെ വിസ്മരിക്കപ്പെടാത്ത ഭാഗമായി മനസ്സിൽ

www.malankaralibrary.com


എക്കാലവും അവശേഷിക്കും. കാരണം അതൊന്നും കേട്ടറിവല്ല, അനുഭവസമ്പത്താണ്. ആധ്യാത്മികമേഖലയിൽ നമുക്ക് അങ്ങനെയൊരു അനുഭവസമ്പത്തുണ്ടോ? ദൈവവുമായുള്ള നമ്മുടെ അകലവും അടുപ്പവും എങ്ങനെ? ഇതിനൊരു ഉത്തരം കണ്ടെത്താനാവുമോ?

വ്യക്തിയും ദൈവവും തമ്മിലുള്ള ദൂരം കൃത്യമായി അളന്നു മനസിലാക്കി ആ ദൂരത്തെപ്പറ്റി സ്വന്തം ജീവിതശൈലിയിലൂടെ നമ്മെ പഠിപ്പിച്ച വിശുദ്ധാത്മായിരുന്നു ഒരു കാലഘട്ടത്തിന്റെ പ്രകാശമായിരുന്ന ചാവറയച്ചൻ.

എന്താണ് അയൽക്കാരനിലേക്കുള്ള നമ്മുടെ ദൂരം? എന്താണ് ദൈവത്തിങ്കലേക്കുള്ള നമ്മുടെ ദൂരം? ഈ ചോദ്യങ്ങൾക്ക് വിശുദ്ധ ചാവറപ്പിതാവ് നമുക്ക് ഉത്തരം നൽകും. അയൽക്കാരനിലേക്കുള്ള ദൂരമാണ് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവത്തിലേക്കുള്ള ദൂരമെന്നു മനസിലാക്കി പ്രവർത്തിച്ചവനാണ്, മനസ്സുകൾ തമ്മിലുള്ള ദൂരമാണ് ദൈവത്തിലേക്കുള്ള ദൂരമെന്ന മനസ്സിലാക്കി പ്രവർത്തിച്ചവനാണ് വിശുദ്ധ ചാവറപ്പിതാവ്.

ഇത് ആഗോളവത്കരണത്തിന്റെ കാലമാണെന്നും രാജ്യങ്ങൾ തമ്മിലുള്ള ദൂരമില്ലാതായെന്നും ലോകംതന്നെ ഒരു കൊച്ചുഗ്രാമമായി ചുരുങ്ങിയെന്നും പറയാവുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. നേരിൽ കണ്ടുതന്നെ എല്ലാവരോടും സംസാരിക്കാം. നമുക്ക് ഒന്നോ രണ്ടോ ദിവസംകൊണ്ട് ചെന്നെത്താനാവാത്ത സ്ഥലങ്ങളില്ല. അങ്ങനെ സ്ഥലങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞതായി തോന്നിക്കുമെങ്കിലും വ്യക്തിക്ക് ദൈവത്തിങ്കലേക്കുള്ള അകലം അനുദിനം വർധിച്ചുവരുകയല്ലേ? എന്താണതിനു കാരണം? ഒരു കൂരയ്ക്കുള്ളിൽ ഒന്നിച്ചു വസിക്കുന്നവർ തമ്മിലുള്ള അകലം, അയൽക്കാർ തമ്മിലുള്ള അകലം, പ്രകാശവർഷങ്ങളായി വളരത്തക്കവിധം മനസ്സുകൾ അകലുന്ന, വെറുപ്പും വിദ്വേഷവും വർധിക്കുന്ന, സ്ഥിതിവിശേഷമാണ് മിക്ക സ്ഥലത്തും ഇന്നു കാണാനാകുന്നത്... ഇങ്ങനെയുള്ള ഈ അകലം കുറയ്ക്കാൻ ആവുന്നതെല്ലാം ചെയ്യുകയെന്ന ദൗത്യവുമായി ഇറങ്ങിത്തിരിച്ചവനാണ് വിശുദ്ധ ചാവറയച്ചൻ. തന്നിൽനിന്നുതന്നെ ഇറങ്ങി അപരനിലേക്കുള്ള യാത്രയായിരുന്നു ചാവറപ്പിതാവിന്റേത്. ആ ദൈവികത അദ്ദേഹത്തെ കണ്ടുനിന്നവരുടെ മനസുകളിലേക്കു പ്രസരിച്ചിരുന്നു. അതുകൊണ്ടാണല്ലോ അദ്ദേഹം നടന്നുപോകുമ്പോൾ ദൈവമനുഷ്യൻ നടന്നുപോകുന്നുവെന്ന് ജനങ്ങൾ പറഞ്ഞത്.

www.malankaralibrary.com


പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് തൊട്ടടുത്തിരുന്ന് ആരാധിക്കുമ്പോൾ താൻ ദൈവവുമായി തൊട്ടുരുമ്മി നിൽക്കുകയാണെന്നു സ്വയം കരുതുന്ന ഒരാളെപ്പറ്റി ഒരു നിമിഷം നമുക്കൊന്നു ചിന്തിച്ചു നോക്കാം. ആ വ്യക്തിയുടെ അയൽബന്ധങ്ങൾ, സഹോദരങ്ങളുമായുള്ള ബന്ധങ്ങൾ, മാതാപിതാക്കളുമായുള്ള ബന്ധങ്ങൾ – അവയൊക്കെയും കണ്ണി പൊട്ടിപ്പോയവയാണെങ്കിൽ പരിശുദ്ധ കുർബാനയുടെ മുമ്പിലായിരിക്കുമ്പോൾപോലും ദൈവത്തിൽനിന്നും ബഹുദൂരം അകലെയാണ് അവൻ ജീവിക്കുന്നത് എന്നതല്ലേ സത്യം? എന്നാൽ, പരിശുദ്ധ കുർബാനയുടെ മുമ്പിൽ ആരാധനാ മനോഭാവത്തോടെ മണിക്കൂറുകൾ ചെലവഴിക്കുന്ന ചാവറപ്പിതാവിന് ദൈവവുമായുള്ള ബന്ധത്തിൽ അകലമില്ലായിരുന്നുതാനും. കാരണം, അത്രമാത്രം പവിത്രമായിരുന്നു അദ്ദേഹത്തിന്റെ സാഹോദര്യബന്ധം.

ആത്മീയതയിൽ അടിയുറച്ചതായിരുന്നു വിശുദ്ധ ചാവറയച്ചന്റെ വീക്ഷണവും നേതൃശൈലിയും. യേശുവിനെ സ്വന്തം നേതാവായിക്കണ്ട ചാവറയച്ചൻ നന്മ ചെയ്തുകൊണ്ടു കടന്നുപോയ ആ നേതാവിനെ നൂറു ശതമാനവും അനുകരിച്ചു.

പലസ്തീനായിലെ ഇടയനില്ലാത്ത ആടുകൾക്ക് യേശു ഇടയനായതുപോലെ, 19–ാം നൂറ്റാണ്ടിൽ, കേരളത്തിലെ ഇടയനില്ലായിരുന്ന ആടുകൾക്ക് ചാവറപ്പിതാവ് ഇടയനായി, നായകനായി. സ്വന്തം നേതാവിന്റെ വ്യക്തിത്വവുമായി അദ്ദേഹം അലിഞ്ഞുചേർന്നു. യേശുവിനെപ്പോലെ പ്രസംഗിക്കാനും പ്രവർത്തിക്കാനും ഒരു കൊച്ചുപലസ്തീന – കേരളക്കര – അദ്ദേഹത്തിന്റെ മുമ്പിൽ വിരിഞ്ഞുകിടന്നു. നന്മ ചെയ്തുകൊണ്ട് അദ്ദേഹവും കേരളക്കരയിലൂടെ കടന്നുപോയി.

വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവികപുണ്യങ്ങളുടെ സമഞ്ജസ സമ്മേളനമായ ഒരു മനുഷ്യസ്നേഹി – അതായിരുന്നു വിശുദ്ധ ചാവറപ്പിതാവ്. വിശ്വാസം അദ്ദേഹത്തിനു വെളിച്ചം നൽകി; ശരണം അവിടുത്തേക്ക് ഉറപ്പുനൽകി; സ്നേഹം അദ്ദേഹത്തെ മനുഷ്യനാക്കി. അതിനുള്ള തെളിവ് ആ ജീവിതംതന്നെയാണ്. സഹജീവിയായ മനുഷ്യനെ സ്നേഹിച്ച് ആ സേവനത്തിലൂടെ ദൈവികതയിലേക്കുയർന്ന ഒരു മഹത്വ്യക്തി, വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവ നിത്യരക്ഷയ്ക്കും സായൂജ്യപ്രാപ്തിക്കും അനുപേക്ഷണീയമെന്നും, എന്നാൽ, അതിൽ പ്രധാനം സ്നേഹമാണെന്നും പഠിപ്പിച്ച പൗലോസ് അപ്പസ്തോലനെ ചാവറപ്പിതാവ് നന്നായി മനസിലാക്കി.

ദൃശ്യനായ സഹോദരനെ വെറുക്കുകയും അദൃശ്യനായ ദൈവത്തെ

www.malankaralibrary.com


സ്നേഹിക്കുന്നുവെന്നു പറയുകയും ചെയ്യുന്നവർ കളവു പറയുന്നു എന്ന് അദ്ദേഹം മനസിലാക്കി. ദൈവസ്നേഹത്തിന്റെ അളവുകോലാണ്, മാനദണ്ഡമാണ് പരസ്നേഹം എന്ന് അദ്ദേഹം ഏവർക്കും കാണിച്ചുകൊടുത്തു. മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ഒരു മറയായിരുന്നില്ല അദ്ദേഹത്തിന് സന്ന്യാസത്തിലെ പുണ്യജീവിതം. ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ കാവുകാട്ട് തിരുമേനി ഒരിക്കൽ ചാവറപ്പിതാവിനെപ്പറ്റി ഇങ്ങനെ പറഞ്ഞു: '*While he most sumptuously lived the life of a Religious, dedicated to the love and service of God, the same divine love in him inspired him to devote himself as he could to the love and service of man*.'

ദൈവസ്നേഹത്തിന് സമ്പൂർണമായി സമർപ്പിച്ചുകൊണ്ട് സന്ന്യാസജീവിതം അതിന്റെ സമൃദ്ധിയിൽ ജീവിച്ചപ്പോഴും, അതേ ദൈവികസ്നേഹം മനുഷ്യനെ സ്നേഹിക്കാനും അവനു ശുശ്രൂഷ ചെയ്യാനും അവനുവേണ്ടി സമർപ്പിക്കാനും അദ്ദേഹത്തിനു പ്രചോദനമേകി. അയൽക്കാരനെ ശുശ്രൂഷിക്കാത്ത, അവനു നന്മ ചെയ്യാത്ത ദൈവസ്നേഹത്തെപ്പറ്റി ചാവറപ്പിതാവിന് ചിന്തിക്കാൻപോലും ആകുമായിരുന്നില്ലെന്ന ബോധ്യം നമ്മുടെ ജീവിതപാതയിൽ പ്രകാശമേകട്ടെ. അദ്ദേഹം ജീവിച്ച കാലഘട്ടം അദ്ദേഹത്തിന്റെ കാലഘട്ടമായി മാറിയത് ആ വ്യക്തിത്വവിശേഷംകൊണ്ടായിരുന്നു.

ഒരു കാലഘട്ടത്തിലൂടെ ചാവറയച്ചൻ നടന്നുനീങ്ങി പോകുകയായിരുന്നില്ല. പിന്നെയോ, നന്മ ചെയ്തുകൊണ്ടു കടന്നുപോയ പിതാവ് ആ കാലഘട്ടത്തെ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച് തന്റെ കാലഘട്ടമാക്കി മാറ്റുകയായിരുന്നു. ആ ദൈവികമനുഷ്യന്റെ മുന്നിൽ, ആ പിതാവിന്റെ മുന്നിൽ നമുക്കു നമിക്കാം. ആ ചൈതന്യത്തിൽ പങ്കുപറ്റാം. ദൈവം അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

# വിശുദ്ധിയുടെ കിരീടധാരണം

*(ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു തലേന്ന് 2014 നവംബർ 22-ന് ദീപികയിൽ ചീഫ് എഡിറ്റർ എന്ന നിലയിൽ എഴുതിയ മുഖപ്രസംഗം)*

വിശുദ്ധീകരിക്കപ്പെട്ട വ്യക്തിത്വങ്ങൾക്കു കത്തോലിക്കാ സഭ നൽകുന്ന ഔദ്യോഗികാംഗീകാരമാണ് വിശുദ്ധപദവി പ്രഖ്യാപനം. ദീർഘകാലമായി അനേകം പേരുടെ ഹൃദയങ്ങളിൽ വിശുദ്ധിയുടെ പരിവേഷത്തോടെ തെളിഞ്ഞുനിൽക്കുന്ന നാമങ്ങളാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചനും എവുപ്രാസ്യമ്മയും. ആ ദിവ്യാത്മാക്കളുടെ വിശുദ്ധി ഇതാ കത്തോലിക്കാ തിരുസഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു.

ബഹുമുഖപ്രതിഭയെന്ന് അതിശയോക്തി കൂടാതെ വിശേഷിപ്പിക്കാവുന്ന സവിശേഷ വ്യക്തിത്വമായിരുന്നു ചാവറയച്ചന്റേത്. വിശുദ്ധ ജീവിതം നയിക്കുക മാത്രമല്ല, മറ്റുള്ളവരെ വിശുദ്ധിയിലേക്കു കൊണ്ടുവരുന്നതിന് അത്യധ്വാനം ചെയ്യുകയും ചെയ്ത ചാവറയച്ചൻ ആധ്യാത്മികതയിൽ വനവാസം നടത്തുകയായിരുന്നില്ല. സമൂഹത്തിന്റെ നടുവിൽ, സമൂഹത്തിനുവേണ്ടി, സമൂഹത്തിന്റെ നാനാവിധമായ അഭിവൃദ്ധിക്കുവേണ്ടി ജീവിച്ച യുഗപുരുഷൻകൂടിയായിരുന്നു അദ്ദേഹം.

ആഗോളസഭയോടു ചേർന്നുനിന്നുകൊണ്ടുതന്നെ സുറിയാനി സഭയുടെ സ്വയംഭരണത്തിനായി ചാവറയച്ചൻ നടത്തിയ പ്രയത്നങ്ങൾ സഭാചരിത്രത്തിലെ നാഴിക്കല്ലാണ്. പള്ളിയുടെയും പള്ളിക്കൂടങ്ങളുടെയും നടത്തിപ്പിനും സമൂഹത്തിലെ നാനാജാതി മതസ്ഥരായ പാവപ്പെട്ടവരുടെ ക്ഷേമത്തിനുമായി ചാവറയച്ചൻ തുടക്കമിട്ട പിടിയരി പിരിവും കെട്ടുതെങ്ങു പിരിവുമൊക്കെ ഉപവിയുടെയും പങ്കുവയ്ക്കലിന്റെയും ഉദാത്ത മാതൃകയായിരുന്നു.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കേരളസമൂഹത്തെ ബോധ്യപ്പെടുത്തുക മാത്രമല്ല, സാർവത്രിക വിദ്യാഭ്യാസത്തിനുള്ള വഴിതെളിക്കുകയും ചെയ്തു ചാവറയച്ചൻ. വിദ്യ, വരേണ്യവർഗ കുത്തകയാ

www.malankaralibrary.com


യിരുന്ന കാലത്ത് ദളിതരുൾപ്പെടെയുള്ള കീഴാളർക്കും വിദ്യാഭ്യാസം സാധ്യമാക്കാൻ സ്കൂളിൽ ഉച്ചക്കഞ്ഞി നൽകുന്നതടക്കമുള്ള പ്രായോഗിക മാർഗങ്ങൾ കണ്ടെത്തിയ വിപ്ലവകാരിയാണ് അദ്ദേഹം.

ചാവറയച്ചൻ ആദ്യം സ്ഥാപിച്ചത് സംസ്കൃത സ്കൂൾ ആയിരുന്നു. വരേണ്യഭാഷ എല്ലാവർക്കും പ്രാപ്യമാക്കിയതിലൂടെ വലിയൊരു സാമൂഹികവിപ്ലവത്തിനു വഴിയൊരുക്കി. അക്ഷരവും ഭക്ഷണവും ആവശ്യമറിഞ്ഞു ലഭ്യമാക്കാനാണ് പള്ളിക്കൂടങ്ങളിൽ ഉച്ചക്കഞ്ഞി വിതരണത്തിന് ചാവറയച്ചൻ തുടക്കംകുറിച്ചത്. ഒരു നൂറ്റാണ്ടിനു ശേഷമാണ് രാജ്യത്തു ജനകീയ ഭരണകൂടങ്ങൾ അതിന്റെ പ്രാധാന്യം മനസിലാക്കിയത്. ശ്രീനാരായണഗുരുവിനും മുമ്പേ കേരള സമൂഹത്തിൽ പിന്നാക്കവിഭാഗങ്ങളുടെ സാമൂഹ്യമുന്നേറ്റത്തിനു മാർഗം തെളിച്ച പരിഷ്കർത്താവാണ് ചാവറയച്ചൻ എന്നതു പലരും തമസ്കരിച്ച ചരിത്രസത്യമാണ്.

എഴുത്തുകാരനായിരുന്ന ചാവറയച്ചൻ അച്ചടിയുടെ സാധ്യതകൾ മനസിലാക്കിയതിൽ അദ്ഭുതമില്ല. എന്നാൽ, കൈയെത്താദൂരത്തെ സാങ്കേതികവിദ്യയായിരുന്ന അച്ചടി സ്വായത്തമാക്കാനും അതുവഴി വിജ്ഞാനം പ്രചരിപ്പിക്കാനും ചാവറയച്ചൻ നടത്തിയ ശ്രമങ്ങൾ അത്യാവേശകരമാണ്. മാന്നാനത്ത് അദ്ദേഹം 1846-ൽ സ്ഥാപിച്ച അച്ചുകൂടത്തിന് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വലിയ പ്രാധാന്യമാണുള്ളത്. കേരളത്തിലെ അന്നത്തെ കത്തോലിക്കാ സമുദായ നേതൃത്വത്തിന്റെ ആഭിമുഖ്യത്തിൽ, നിധീരിക്കൽ മാണിക്കത്തനാർ സ്ഥാപക പത്രാധിപരായി 1887-ൽ ദീപിക പിറന്നത് ആ അച്ചുകൂടത്തിൽനിന്നാണെന്നത് ഞങ്ങളെ അഭിമാനഭരിതരാക്കുന്നു. ചാവറയച്ചൻ സ്ഥാപിച്ച സിഎംഐ സഭ ഒരു നൂറ്റാണ്ടിലേറെ ദീപികയെ നയിക്കുകയും ചെയ്തു. ചാവറയച്ചന്റെ ദിവ്യചൈതന്യം ഒരു കെടാവിളക്കായി ഇന്നും ദീപികയോടൊപ്പമുണ്ട്.

ചാവറയച്ചന്റേതുപോലെ സംഭവബഹുലവും കർമനിരതവും സമൂഹമധ്യത്തിലുള്ളതുമായ ജീവിതമായിരുന്നില്ല എവുപ്രാസ്യമ്മയുടേത്. ഭാരതസഭയുടെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ ജീവിതവുമായാണ് ഈ അമ്മയുടെ ജീവിതത്തിനു കൂടുതൽ സാമ്യം. പ്രാർഥനയിലൂടെയും ദൈവത്തിനു സ്വയം സമർപ്പിച്ചുകൊണ്ടും സമൂഹത്തിനു നന്മ ചൊരിയുകയായിരുന്നു എവുപ്രാസ്യമ്മ. തന്നെ സമീപിച്ചവർക്കെല്ലാം സാന്ത്വനവും സമാശ്വാസവും പകരാൻ ജീവിതകാലത്തുതന്നെ അഅമ്മയ്ക്കു കഴിഞ്ഞു.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നാളെ ആയിരക്ക

www.malankaralibrary.com


ണക്കിനു ഭാരതീയരുൾപ്പെടെ പതിനായിരക്കണക്കിനു വിശ്വാസികളുടെ സാന്നിധ്യത്തിൽ ഫ്രാൻസിസ് മാർപാപ്പ ചാവറയച്ചനെയും എവുപ്രാസ്യമ്മയെയും സഭയുടെ വിശുദ്ധഗണത്തിലേക്ക് അവരോധിക്കുമ്പോൾ അതു ഭാരതസഭയ്ക്ക് ആത്മനിർവൃതിയുടെ വേളയാകും. ഭാരതസമൂഹത്തിൽ ന്യൂനപക്ഷമായ ക്രൈസ്തവർക്ക് ഇവിടുത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ നേരിടുന്ന പ്രതിസന്ധികളോടൊപ്പം അനുഭവവേദ്യമാകുന്ന വലിയ നന്മകളും വിസ്മരിക്കാനാവില്ല. ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ശുദ്ധവായു ഇവിടെ ലഭ്യമാണെന്നതു ചെറിയ കാര്യമല്ല. വത്തിക്കാനിലെ നാമകരണച്ചടങ്ങിൽ ഇന്ത്യയുടെ ഔദ്യോഗിക പ്രതിനിധിസംഘം പങ്കെടുക്കുന്നുണ്ട്. കേരളത്തിൽനിന്നും ഔദ്യോഗികസംഘമുണ്ട്. ഇതു കൂടാതെ നാട്ടിൽനിന്നും മറുനാട്ടിൽനിന്നും നിരവധി മലയാളികളും വത്തിക്കാനിലെത്തുന്നു.

ആഗോള സമൂഹത്തിൽ കത്തോലിക്കാസഭ ചെലുത്തുന്ന ധാർമിക സ്വാധീനം വളരെ വലുതാണ്. ആൾബലത്തേക്കാളും അർഥശക്തിയേക്കാളും പ്രധാനമാണത്. ആ ധാർമികചൈതന്യം ഈ നാമകരണവേളയിൽ ഭാരതത്തിലെ, വിശിഷ്യ കേരളത്തിലെ, പൊതുസമൂഹത്തിനും പ്രകാശം പകരട്ടെ.

www.malankaralibrary.com

# മലങ്കരസഭയ്ക്ക് അഭിവാദ്യങ്ങൾ

*(1987 ഡിസംബർ 27- ന് ദീപികയിൽ എഴുതിയ മുഖപ്രസംഗം)*

**പു**നരൈക്യ പ്രസ്ഥാനത്തിന്റെ കനകജൂബിലിയാഘോഷത്തിന്റെ ഉത്സാഹപ്രഹർഷമാണ് മലങ്കരയിലെങ്ങും. കോട്ടയം നഗരം അണിഞ്ഞൊരുങ്ങി നിൽക്കുന്നു. പുനരൈക്യം അഥവാ വീണ്ടും ഐക്യം എന്ന അർഥവത്തായ പദപ്രയോഗം തന്നെ മലങ്കര സഭാംഗങ്ങളിൽ ദൃശ്യമാകുന്ന അനുപമമായ ആത്മസംതൃപ്തിയുടെയും ഉത്സാഹ പ്രഹർഷത്തിന്റെയും കാരണം എന്തെന്നു വിളിച്ചോതുന്നു. സാർവത്രികസഭാ മേധാവിത്വം 1599-ലെ ഉദയംപേരൂർ സുനഹദോസോടുകൂടി ഭിന്നിപ്പിന്റെ വിത്തുവിതച്ചു. വിത്തു വിതയ്ക്കുക മാത്രമല്ല അതു മുളച്ചു വളർന്നുവലുതാകാൻ പാകത്തിൽ അവർ വിഭാഗീയതയുടെയും അവഗണനയുടെയും അഴുക്കുജലംകൊണ്ട് അതിനെ നനയ്ക്കുകയും ചെയ്തു.

സുപ്രസിദ്ധമായ കൂനൻകുരിശ് സത്യത്തോടെ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ഈശോസഭക്കാരായ മെത്രാന്മാരുടെ ലത്തീൻ മേധാവിത്വത്തെ തള്ളിപ്പറഞ്ഞു. സഭയിലുണ്ടായ മുറിവുണക്കാൻ കർമലീത്തക്കാരായ വൈദികരെ റോമിൽനിന്നും പിന്നീട് നിയോഗിക്കുകയും പന്ത്രണ്ടു കൊല്ലത്തിനകം കേരളത്തിലെ 84 ക്രൈസ്തവ സമൂഹങ്ങളിലെ 52 സമൂഹങ്ങൾ സാർവത്രിക സഭ

www.malankaralibrary.com


യുമായി അനുരഞ്ജനത്തിലാകുകയും ചെയ്തു. 32 സമൂഹങ്ങൾ പിന്നെയും വിഘടിച്ചു നിന്നു. ആ സമൂഹങ്ങളിൽ വലിയൊരു വിഭാഗം 1930-ൽ ഭിന്നിപ്പിന്റെ പാതയിൽനിന്നു പിൻവാങ്ങി സാർവത്രിക സഭയുമായുള്ള ഐക്യം സാധിച്ചു. അഭിവന്ദ്യനും ചരിത്രപുരുഷനുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ നടന്ന ആ ഐക്യമാണ് പുനരൈക്യം. ആ ഐക്യത്തിന്റെ, ആ മഹാസംഭവത്തിന്റെ, കനകജൂബിലിയാണ് ഇന്ന് ആഘോഷിക്കപ്പെടുന്നത്.

ഐക്യത്തിന്റെ ഈ വൈകാരികോഷ്മളതയും ആധ്യാത്മികാനുഭവങ്ങളും അനുഭവിച്ചറിഞ്ഞവർക്കേ പുനരൈക്യത്തിന്റെ സ്വർഗീയാനന്ദം അനുഭവവേദ്യമാകുകയുള്ളൂ. നഷ്ടപ്പെട്ട ഐക്യം പുനരൈക്യത്തിലൂടെ വീണ്ടെടുത്ത മലങ്കര സഭാംഗങ്ങളുടെ ആനന്ദാനുഭൂതിയിൽ സാർവത്രികസഭ പങ്കുചേരുകയാണ്. പേപ്പൽ പ്രതിനിധിയുടെ സാന്നിധ്യം അതാണു വിളിച്ചോതുന്നത്.

പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യങ്ങളും ആരാധനക്രമങ്ങളും സംരക്ഷിക്കുന്നതിനുള്ള തീഷ്ണമായ ഉത്സാഹത്തിൽ സാർവത്രിക സഭയിൽനിന്നു സാഹചര്യ സമ്മർദത്തിൽ ഭിന്നിച്ചുപോകാൻ നിർബന്ധിതരായവർ, വിശ്വാസത്തിന്റെ ഐക്യത്തിൽ ഒന്നായിത്തീരാൻ ദീർഘകാലം ആത്മാർഥ പരിശ്രമം നടത്തിയതിന്റെ നിരവധി തെളിവുകൾ ചരിത്രത്തിലുണ്ട്. പോർച്ചുഗീസുകാരുടെ ശക്തി ഇന്ത്യയിൽ ക്ഷയിച്ചതോടെ പോർച്ചുഗീസ് വൈദിക മേധാവിത്വം ഏല്പിച്ച മുറിവുണക്കാൻ ഭിന്നിച്ചു നിന്നവർതന്നെ താത്പര്യമെടുത്തു.

1704-ൽ മാർത്തോമ്മ നാലാമനും സഹപ്രവർത്തകരും 12 വൈദികരും ചേർന്ന് നടത്തിയ ശ്രമങ്ങളും മാർത്തോമ്മ അഞ്ചാമൻ 1748-ൽ റോമുമായി ഇക്കാര്യത്തിനായി ബന്ധപ്പെട്ടതുമൊക്കെ ചരിത്രവസ്തുതകളാണ്. 1778-ൽ ഡയനീഷ്യസ് ഒന്നാമൻ എന്ന പേര് സ്വീകരിച്ച മാർത്തോമ്മ ആറാമൻ നടത്തിയ ഐക്യശ്രമം വിജയപരിസമാപ്തിയിൽ എത്തുന്നതായിപ്പോലും തോന്നി. 1790-ൽ തച്ചിൽ മാത്തുതരകന്റെയും മറ്റും അശ്രാന്ത പരിശ്രമഫലമായി ഡയനീഷ്യസ് ഒന്നാമൻ പുനരൈക്യപ്പെടുകയും 1790-ൽ ആലപ്പുഴ കത്തോലിക്കാ ദേവാലയത്തിൽ വന്ന് ആറുമാസം താമസിക്കുകയും ചെയ്തതാണ്. തന്റെ അനുയായികളെക്കൂടി സഭയിൽ സ്വീകരിക്കാനുള്ള റോമിന്റെ അനുവാദവും പാർത്ത് അദ്ദേഹം കഴിഞ്ഞു. യഥാസമയം ഔദ്യോഗിക അറിയിപ്പ് റോമിൽനിന്നു കിട്ടാത്തതിനാൽ നിരാശനായി തന്റെ യാക്കോബായ അനുയായികളുടെ മധ്യത്തിലേക്ക് അദ്ദേഹം തിരിച്ചു

www.malankaralibrary.com


പോയി. യാക്കോബായ ഭരണമേധാവിയായിരുന്ന ഡയനീഷ്യസ് നാലാമൻ പുനരൈക്യത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളും വിജയിച്ചില്ല. ഈ പുനരൈക്യശ്രമങ്ങളുടെ പരാജയത്തിനുള്ള വലിയ ഉത്തരവാദിത്വത്തിൽനിന്ന് അതതു കാലങ്ങളിലെ റോമൻ സഭാ നേതൃത്വത്തിന് ഒഴിഞ്ഞുമാറാനാവുകയില്ലെന്നതും നിഷേധിക്കപ്പെടാനാവാത്ത കാര്യമാണ്. അവരുടെ അനവധാനതയും വിവേകരാഹിത്യവും മറ്റും പണ്ടേ നടക്കേണ്ടിയിരുന്ന പുനരൈക്യത്തിനു കാലതാമസം വരുത്തി. 1930-ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമേനിയുടെ പരിശ്രമങ്ങൾ വിജയിച്ചപ്പോഴാണ് യാക്കോബായ സഭയിലെ അനേകം പിതാക്കന്മാരുടെ ചിരകാലാഭിലാഷം യാഥാർഥ്യമായതും പുനരൈക്യപ്രസ്ഥാനം ഇന്നറിയപ്പെടുന്ന രീതിയിൽ ആരംഭിച്ചതും.

പുനരൈക്യപ്രസ്ഥാനത്തിന്റെ കഥ ഈവാനിയോസ് തിരുമേനിയുടെ ത്യാഗോജ്ജ്വലമായ ആത്മധൈര്യത്തിന്റെ കഥകൂടിയാണ്. പുനരൈക്യത്തിനു തനിക്കാവേശവും സഹകരണവും നൽകിയ സഹമെത്രാന്മാരും സമുദായ നേതൃത്വവും അവസാനം അദ്ദേഹത്തെ തള്ളിപ്പറയുക മാത്രമല്ല, പുനരൈക്യത്തിൽനിന്നു പിന്തിരിപ്പിക്കാൻ സർവ സമ്മർദവും അദ്ദേഹത്തിനുമേൽ പ്രയോഗിക്കുകയും ചെയ്തു.

സഭൈക്യമെന്ന ക്രിസ്തുവിന്റെ അഭിലാഷത്തിന്റെ അർഥം ഗ്രഹിച്ച മഹാത്മാവായ ഈവാനിയോസ് തിരുമേനി താൻ കണ്ടെത്തിയ സത്യത്തിന്റെ മാർഗത്തിൽനിന്നും ലൗകിക നേട്ടങ്ങൾക്കുവേണ്ടി പിന്മാറാൻ തയാറായില്ല. താൻ സ്ഥാപിച്ച ബഥനി ആശ്രമത്തിൽ നിന്ന് എല്ലാം ഉപേക്ഷിച്ച് ഇറങ്ങിത്തിരിക്കാൻ നിർബന്ധിതനായ അദ്ദേഹം ക്രിസ്തുവിൽ സകലതും നേടുകയായിരുന്നുവെന്ന് പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതവിജയം തെളിയിക്കുന്നു. മാർ ഈവാനിയോസ് തിരുമേനിയും അദ്ദേഹത്തോടൊപ്പം പുനരൈക്യപ്പെട്ട മാർ തിയോഫിലോസ് തിരുമേനിയും തഴച്ചുവളരുന്ന പുനരൈക്യപ്രസ്ഥാനത്തിനും മലങ്കര സഭയ്ക്കും അടിത്തറയിട്ടു.

പുനരൈക്യത്തിന്റെ കനകജൂബിലി ആഘോഷിക്കുന്ന ഈയവസരത്തിൽ ത്യാഗോജ്ജ്വലമായ ആ പിതാക്കന്മാരുടെ ആത്മാക്കൾ ആനന്ദനിർവൃതിയടയുന്നുവെന്നതു തീർച്ച. കലപ്പയിൽ കൈവച്ചിട്ട് തിരിഞ്ഞുനോക്കുന്നവരെപ്പറ്റിയുള്ള ദൈവവചനം അവർക്കു പ്രചോദനമായി. അഭിമാനത്തിന്റെ പ്രശ്നമായിരുന്ന ഒരു കേസിലെ വിജയമോ മറ്റു ലൗകിക നേട്ടങ്ങളോ ആ ദൈവിക മനുഷ്യരെ ദൈവ നിവേശിതമായ തീരുമാനത്തിൽനിന്നു വ്യതിചലിപ്പിച്ചില്ല.

www.malankaralibrary.com



എക്യുമെനിസത്തിന്റെ അർഥമെന്തെന്നു മനസിലാക്കിയ ആ സഭാ പിതാക്കന്മാരെ അവഹേളിക്കാൻ, സത്യത്തിന്റെ മുമ്പിൽ പുറംതിരിഞ്ഞു നിൽക്കാൻ തുനിഞ്ഞവർ അവഹേളിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. പുനരൈക്യപ്രസ്ഥാനത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന ഈയവസരത്തിൽ അവരുടെമേലും അവരുടെ സമർഥരായ പിൻഗാമികളുടെമേലും പുനരൈക്യപ്പെട്ട ദൈവജനത്തിന്റെമേലും ആക്ഷേപങ്ങൾ ചൊരിയാൻ ചിലർ മുതിരുന്നത് യഥാർഥത്തിൽ സഹതാപാർഹമാണ്. നിഷേധാത്മകമായ ഈ സമീപനത്തിൽനിന്നും എത്രയുംവേഗം അവർ മാറുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാവരും ഒന്നാകാൻ പിതാവായ ദൈവത്തോടു പ്രാർഥിച്ച ക്രിസ്തുനാഥന്റെ പ്രാർഥനയുടെ ചൈതന്യം ഉൾക്കൊണ്ട മലങ്കര സഭാ നേതൃത്വത്തെയും മലങ്കരസഭാ തനയരെയും ഈ ജൂബിലി വേളയിൽ ക്രിസ്തുവിലുള്ള ഐക്യത്തെ കാംക്ഷിക്കുന്ന സകല ജനതയും അഭിവാദ്യം ചെയ്യുന്നു. കഷ്ടപ്പാടുകളുടെയും ക്ലേശങ്ങളുടെയും മധ്യത്തിലൂടെ വളർന്നുവലുതായിക്കൊണ്ടിരിക്കുന്ന മലങ്കരസഭയ്ക്ക് ഈ ജൂബിലി നവചൈതന്യം പ്രദാനം ചെയ്യട്ടെ. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേരള യാക്കോബായ സഭയിലെ ഏറ്റവും വിദ്യാസമ്പന്നനായിരുന്ന മാർ ഈവാനിയോസ് തിരുമേനി ഉയർത്തിപ്പിടിച്ച സത്യത്തിന്റെ ദീപശിഖ പുനരൈക്യ പ്രസ്ഥാനത്തിന് അണയാത്ത ദീപമായി നിന്നുകൊണ്ട് എന്നും പ്രകാശമാകട്ടെ.

www.malankaralibrary.com

# ധന്യൻ മാർ ഈവാനിയോസ്: മലങ്കരസഭയുടെ അനുഗ്രഹവും പുണ്യവും

**സു**വിശേഷത്തിന്റെ സാക്ഷികളായി ദൈവൈക്യത്തിലും മനുഷ്യരുടെ സാഹോദര്യത്തിലും ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള വലിയ സന്ദേശമാണ് ധന്യൻ മാർ ഈവാനിയോസ് പിതാവ് (1882-1953) മലങ്കരസഭയ്ക്കു നല്കിയത്. ദൈവാശ്രയത്തെ മുറുകെപ്പിടിച്ച് പ്രാർത്ഥനയിലും വ്രതനിഷ്ഠയിലും കൗദാശികാനുഭവത്തിലും ആമഗ്നനായി കടന്നുപോയ പിതാവ് സഭയ്ക്കു പകർന്നു നല്കിയ മാതൃക എത്രയോ വലുതാണ്.



കാലങ്ങൾക്കു മുമ്പേ സഞ്ചരിക്കാനും മിഷൻ ചൈതന്യത്തിന്റെയും സന്യാസസമൂഹത്തിന്റെയും വെളിച്ചം സഭാമക്കളിലേയ്ക്ക് എത്തിക്കാനും അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ പുതിയ തലമുറ കണ്ടു പഠിക്കേണ്ടതാണ്.

www.malankaralibrary.com


ഭാരതം മുഴുവൻ സുവിശേഷം എത്തിക്കുന്നതിന് അധികാരപ്പെട്ട മലങ്കരസഭയ്ക്ക് ഇന്ത്യയ്ക്കു പുറത്തും പ്രേഷിതജോലികൾ ഏറ്റെടുത്തുനടത്താൻ ഇന്നുള്ള ശക്തി ധന്യൻ മാർ ഈവാനിയോസിന്റെ ദീർഘദർശനങ്ങളാണ്. വെളിച്ചത്തിന്റെ ഈ പോരാളിയുടെ സത്പ്രവർത്തികളും പ്രാർത്ഥനാജീവിതവും എന്നെന്നും സഭയ്ക്ക് അനുഗ്രഹവർഷവും പുണ്യവുമായി നിലനിൽക്കും.

അത്യുൽകൃഷ്ടമായ ചിന്തകളാൽ ഹൃദയങ്ങളെ നിറയ്ക്കണമേ എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. 'വിജ്ഞാനോപരിസ്ഥനായ ദൈവമേ, ... സത്യവിജ്ഞാനമാകുന്ന പ്രഭകൊണ്ട് അവിടുന്ന് ലോകത്തെ പ്രകാശിപ്പിക്കേണമേ' എന്ന് അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. ദൈവസ്നേഹത്തിന്റെ പുണ്യം ഹൃദയത്തിൽ നിറച്ച് വീരോചിതമായി മുന്നേറുമ്പോൾ തന്റെ മുന്നിലെത്തുന്ന ആരെയും സഹോദരനായി കാണാൻ അദ്ദേഹത്തിനു സാധിച്ചു.

ആശ്രമതുല്യമായ ജീവിതത്തിലൂടെ കണ്ടെത്തിയ ഹൃദയനൈർമല്യവും പ്രാർത്ഥനയിലൂടെ നേടിയ കരുത്തും ചൈതന്യവും സഭയുടെ വളർച്ചയ്ക്ക് അടിസ്ഥാനമായി. പരിവർത്തനഘട്ടത്തിൽ ദൈവികവെളിപാടിന് പൂർണമായും കീഴ്പ്പെടാനുള്ള ദൈവാശ്രയബോധം അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയെ വളർത്തി. വിശ്വാസത്തെക്കുറിച്ചും കൂദാശകളെക്കുറിച്ചും പ്രസംഗിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ വൈദികജീവിതത്തിന്റെ തുടക്കക്കാലത്രയും ശ്രമിച്ചിരുന്നത്. അങ്ങനെ 'കൂദാശ ശെമ്മാശൻ' എന്നറിയപ്പെട്ടു.

പ്രതിസന്ധികളുടെ ഘട്ടത്തിൽ ദൈവതിരുമുമ്പിൽ കളിമണ്ണിനെയെന്നവണ്ണം സ്വയം വിട്ടുകൊടുക്കാൻ അദ്ദേഹത്തിനു തുണയായത് ആഴത്തിലുള്ള പ്രാർത്ഥനയും ധ്യാനവും ദൈവാശ്രയവുമായിരുന്നു. സന്യാസത്തിന്റെയും മിഷണറി ജീവിതത്തിന്റെയും വഴികൾ തുറന്നുകിട്ടിയതും ഇങ്ങനെതന്നെ. 'അദൃശ്യമായ ഒരു പരാശക്തി നമ്മുടെ മനസിനെ തൂക്കിപ്പിടിച്ചുകൊണ്ട് മിഷണറി സമൂഹചിന്തയാകുന്ന വഴിയിലൂടെ വലിച്ചിഴച്ചുകൊണ്ട് പോകുന്നതുപോലെ നമുക്കു തോന്നിയിട്ടുണ്ട്. അപ്പോൾ ബലംപ്രയോഗിച്ചുകൊണ്ടു നാം നമ്മുടെ മനസിനെ ഒരിടത്തു കുറ്റിതറച്ചുറപ്പിക്കാതെ യഥേഷ്ടം അതിനെ അയച്ചു വിട്ടുകൊണ്ട് എവിടെയാണ് അത് സ്വയമേവ ചെന്നുറയ്ക്കുന്നതെന്നും പ്രാർത്ഥനയോടുകൂടി നാം സശ്രദ്ധം വീക്ഷിച്ചു വന്നു.' (*ഗിരിദീപം, സെറാമ്പൂർ വാസം, പേജ് 58*)

അവിഭക്ത മലങ്കരസഭയുടെ നേതൃനിരകളിൽ പ്രശോഭിച്ചിരുന്ന

www.malankaralibrary.com


ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മനസിൽ ആഴത്തിലുള്ള വിള്ളലുണ്ടാക്കിയതായിരുന്നു സഭയിൽ ഉണ്ടായ വിഭജനം. ഇക്കാര്യത്തെക്കുറിച്ച് ആത്മകഥയായ ഗിരിദീപത്തിലും ബഥനിനിയോഗത്തിലും വിശദമായി പരാമർശിക്കുന്നുണ്ട്. ഗിരിദീപത്തിൽ ഈവാനിയോസ് പിതാവ് എഴുതിയത് ഇങ്ങനെയാണ്: 'സമുദായ പ്രധാനന്മാരെന്ന് അഭിമാനിക്കുന്നവർ തമ്മിലുള്ള അസൂയയും മത്സരവും നാം വേണ്ടുവോളം കണ്ടുകഴിഞ്ഞിരിക്കുന്നു. പള്ളികളിലായ പള്ളികളിലെവിടെയും സമാധാനവും സന്തുഷ്ടിയും കാണപ്പെടുന്നില്ല. സംക്ഷിപ്തമായി പറയുന്നപക്ഷം സ്വസമുദായമാകവെ കീറിയും വ്രണപ്പെട്ടിരിക്കുകയുമത്രെ.'

ഭിന്നതകളിൽനിന്ന് പൂർണമായി മാറിനിൽക്കുന്നതിനും ദൈവത്തിന്റെ അരുളപ്പാടുകളിൽ ജീവിതവിശുദ്ധിയോടെ മുന്നോട്ടുപോകുന്നതിനും അദ്ദേഹത്തിനു സാധിച്ചു. പദവിയോ ധനമോ സ്വത്തുവകകളോ പരിഗണിക്കാതെ സത്യം കണ്ടെത്തുന്നതിനുള്ള ഒരു തീർത്ഥയാത്രയായാണ് പുനരൈക്യത്തെ അദ്ദേഹം വിശേഷിപ്പിച്ചത്. ആത്മസമർപ്പണത്തോടെ അഞ്ചാളിൽനിന്ന് അഞ്ചുലക്ഷമായി വളർന്നതിന്റെ ചരിത്രം ഇത് സാക്ഷ്യപ്പെടുത്തുന്നു. നല്ലവനായ ദൈവം പടിപടിയായി മുന്നോട്ടു നയിക്കുമെന്ന ഉറച്ച ആത്മവിശ്വാസമായിരുന്നു ഈവാനിയോസ് പിതാവിന്റെ കൈമുതൽ. ഈ ദർശനത്തിന്റെ കരുത്തിൽ രൂപപ്പെട്ട ബഥനിയുടെയും ശൈശവാശ്രമത്തിന്റെയും കന്യകാമഠത്തിന്റെയും മിഷനുകളുടെയും തുടർച്ചയാണ് ഇന്നത്തെ മലങ്കരസുറിയാനി കത്തോലിക്കാസഭ.

വിദ്യാഭ്യാസത്തിലൂടെ സമുദായത്തിന്റെ പുനരുദ്ധാരണം എന്നത് അദ്ദേഹം ചിന്തിച്ചുറപ്പിച്ചിരുന്നു. നമ്മുടെ സഭയുടെ അധോഗതിക്ക് പ്രധാനഹേതു പട്ടക്കാരിൽ പഠിപ്പും ഭക്തിയും ഇല്ലാത്തതാകുന്നു എന്ന് രേഖപ്പെടുത്തിയത് നന്നേ ചെറുപ്പത്തിലാണെന്ന് ഓർക്കണം. സമുദായത്തിലെ വൈദികരിൽനിന്ന് ആദ്യമായി എംഎ ബിരുദം നേടിയതും ഈവാനിയോസ് പിതാവാണല്ലോ. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഈ ചിന്തകളാണ് സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തെക്കുറിച്ചുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കാൻ കാരണമായത്. സമുദായോന്നമനത്തിന്റെ കാര്യത്തിൽ സ്ത്രീവിദ്യാഭ്യാസത്തിന് ഉയർന്ന പങ്കുണ്ടെന്ന് അദ്ദേഹം മനസിലാക്കി. ദൈവഭക്തിയും ജീവിതശുദ്ധിയും ഉയർന്നുവരാൻ സ്ത്രീകൾ മുന്നോട്ടുവരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

ജീവിതകാലത്തെന്നും സത്യാന്വേഷണത്തിന്റെ തീർത്ഥാടകനായി

www.malankaralibrary.com



രുന്നു ധന്യൻ മാർ ഈവാനിയോസ്. ചരിത്രത്തെ മുറുകെ പിടിച്ച് ഭാരതസംസ്കൃതിയുടെ ചൈതന്യനിറവാൽ മുന്നേറിയ യാത്രയിൽ തളർന്നിരിക്കാൻ അദ്ദേഹം കൂട്ടാക്കിയതേയില്ല. മലമുകളിൽ കൊളുത്തിയ വിളക്കുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അത് പാറക്കെട്ടുകൾക്ക് അപ്പുറവും വനവിശാലതയേയും കടന്ന് താഴ്വാരങ്ങളിലാകെയും പ്രകാശം പരത്തി. ത്യാഗത്തെ വസ്ത്രമായും ദാരിദ്ര്യത്തെ ശിരോലങ്കാരമായും അദ്ദേഹം കരുതിയെന്നു മാത്രമല്ല, അതിനായി പ്രാർത്ഥിച്ചു. എത്ര മുറിവുകളേറ്റാലും അവയെ കൂട്ടാക്കാതെ ദൈവസ്നേഹത്തിനുവേണ്ടി യുദ്ധം ചെയ്യാൻ അദ്ദേഹം സ്വയംസന്നദ്ധനായിരുന്നു.

ദൈവത്തിന്റെ പ്രതിച്ഛായ സ്വന്തം ഹൃദയത്തിൽ പ്രശോഭിപ്പിക്കാനും മറ്റുള്ളവരിൽ പ്രതിഫലിപ്പിക്കാനും സാധിച്ചുവെന്നതാണ് വിശുദ്ധിയിലേക്കു വളർന്ന ഈ ധന്യജീവിത രഹസ്യം.

www.malankaralibrary.com

# ധന്യൻ മാർ കുര്യാളശേരി പിതാവ്

**കാ**ലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ടും മനസ്സിൽ സുഗന്ധവാഹിയായ ഓർമയായി കുര്യാളശേരി പിതാവ് ഇന്നും ജീവിക്കുന്നു.



ചങ്ങനാശേരി അതിരൂപതയുടെ നായകനും ദിവ്യകാരുണ്യ ആരാധനാസമൂഹത്തിന്റെ സ്ഥാപകനുമെന്ന നിലയിലാണ് ചരിത്രത്തിൽ അദ്ദേഹത്തിന്റെ ഇടം. എന്നാൽ, മനുഷ്യമനസ്സുകളിൽ അദ്ദേഹത്തിനുള്ള സ്ഥാനം വിശുദ്ധനായ ദിവ്യകാരുണ്യ ഭക്തനെന്ന നിലയിലാകും. ആ ഭക്തിയുടെ പ്രണേതാക്കളും പ്രഘോഷകരുമായി ലോകമെങ്ങും സേവനം ചെയ്യുന്ന ആരാധനാസമൂഹം ധന്യനായ പിതാവിന്റെ സജീവ സ്മാരകമായി പിതാവിന്റെ ദിവ്യദൗത്യം തുടർന്നുകൊണ്ടിരിക്കുന്നുവെന്നത് ചങ്ങനാശേരി അതിരൂപതയെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനാർഹമായ കാര്യമാണ്.

അഭിവന്ദ്യ പവ്വത്തിൽ പിതാവ് കുര്യാളശേരി പിതാവിനെപ്പറ്റി എഴുതിയ ലേഖനത്തിലെ ഒരു ഖണ്ഡിക, ഒരു പത്രപ്രവർത്തകനെന്ന നിലയിൽ എന്നെ ചിന്തിപ്പിച്ചു, ആഹ്ലാദിപ്പിച്ചു.

www.malankaralibrary.com


ഇതാണ് ആ വാക്യങ്ങൾ: 'സാമൂഹികസമ്പർക്ക മാധ്യമങ്ങളെപ്പറ്റിയുള്ള കുര്യാളശേരി പിതാവിന്റെ വീക്ഷണം ഇന്നും പ്രസക്തം തന്നെ. നിരീശ്വരത്വം, അസന്മാർഗികത തുടങ്ങിയവ വളർത്തുന്ന തത്വശാസ്ത്രങ്ങൾ കടന്നുകയറുന്ന സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ, സമൂഹത്തിൽ വിശുദ്ധിയുടെ അന്തരീക്ഷം നിലനിർത്താൻ തടസമാകുമെന്ന് ദൈവദാസൻ കുര്യാളശേരിക്കു ബോധ്യമുണ്ടായിരുന്നു. തന്മൂലം ഇവയെ ചെറുത്തുനിൽക്കാൻ പര്യാപ്തമാകുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണത്തിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു.'

ആ ദീർഘവീക്ഷണത്തിന്റെ മുമ്പിൽ ഇന്നത്തെ തലമുറ ഒരുപക്ഷേ ലജ്ജിച്ചു തലതാഴ്ത്തേണ്ടിവരുമെന്നു പറയേണ്ടിയിരിക്കുന്നു. സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ പ്രതികൂല അഥവാ നിഷേധാത്മക സ്വാധീനത്തെപ്പറ്റിയും ധാർമികതയിൽ അടിയുറച്ച കരുത്തുറ്റ മാധ്യമങ്ങൾ ഉണ്ടാകേണ്ടതിനെപ്പറ്റിയും ബോധ്യമില്ലാത്ത ഒരു സമൂഹമുണ്ടെങ്കിൽ അതു നമ്മുടെ സമൂഹമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നുവെന്നത് ഖേദകരമാണ്. കുര്യാളശേരി പിതാവിന്റെ പിൻഗാമികളായ അഭിവന്ദ്യ പിതാക്കന്മാർ (അഭിവന്ദ്യരായ പെരുന്തോട്ടം പിതാവും പവ്വത്തിൽ പിതാവും) കത്തോലിക്കാ മാധ്യമങ്ങളുടെ വിശിഷ്യാ, ദീപികയുടെ, വളർച്ചയ്ക്കായി അക്ഷീണം യത്നിച്ചു. എങ്കിലും ചെവികൊടുക്കേണ്ടവരെല്ലാം ആ പിതൃശബ്ദത്തിന് ചെവികൊടുത്തില്ലെന്നത് ഒരു ദുഃഖസത്യമല്ലേ?

ധന്യനായ കുര്യാളശേരി പിതാവിന്റെ മക്കളായ ആരാധനാസമൂഹം പിതാവിന്റെ ചൈതന്യം മനസിലാക്കി കത്തോലിക്കാ മാധ്യമങ്ങളുടെ വളർച്ചയ്ക്കായി വിലപ്പെട്ട ത്യാഗങ്ങൾ സഹിക്കുകയും അധ്വാനിക്കുകയും ചെയ്യുന്നുണ്ടെന്ന് അഭിമാനപൂർവം ഞാൻ പറയട്ടെ. അതുകൊണ്ടുതന്നെ ആരാധനാ സന്ന്യാസിനിസമൂഹത്തിന് എന്റെ നന്ദിയും അഭിവാദ്യങ്ങളും.

ധന്യനായ പിതാവ് നിങ്ങളുടെ പാദങ്ങൾക്കു വിളക്കും ജീവിതത്തിന് മാർഗദർശിയുമാകട്ടെ. ധന്യ പിതാവ് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന നിമിഷത്തിനായി പ്രാർഥനയോടെ നമുക്കു കാത്തിരിക്കാം. നന്ദി.

www.malankaralibrary.com

# മാധ്യമശക്തി തിരിച്ചറിഞ്ഞ മാർ പവ്വത്തിൽ

**അ**ഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് (1930–2023) ഭൗതികമായി വിടവാങ്ങുന്നത് ഭാരത കത്തോലിക്കാ സഭയ്ക്കാകെയും സീറോ മലബാർ സഭയ്ക്കു പ്രത്യേകിച്ചും ശൂന്യമായൊരിടം അവശേഷിപ്പിച്ചുകൊണ്ടാണ്. എഴുപത്തഞ്ചാം വയസ്സിൽ ഔദ്യോഗിക സ്ഥാനങ്ങളിൽനിന്നു മാറിനിന്നിട്ടും മരണംവരെ സഭാകാര്യങ്ങളിൽ അദ്ദേഹം കർമനിരതനായിരുന്നു എന്നിടത്താണ് ഈ ശൂന്യത സഭയിലാകെ അനുഭവപ്പെടുന്നത്.



ന്യൂനപക്ഷാവകാശധ്വംസനങ്ങളോ ന്യൂനപക്ഷ വിദ്യാഭ്യാസാവകാശ നിഷേധങ്ങളോ ഉണ്ടായപ്പോഴൊക്കെ അദ്ദേഹം അവയ്ക്കെതിരേ ശാന്തഗംഭീരമായി ഗർജിച്ചു. ന്യൂനപക്ഷാവകാശങ്ങളൊക്കെയും ഭരണഘടനയിൽ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും യാതൊരു ഭരണാധികാരികളുടെയും ഔദാര്യമല്ലെന്നും അദ്ദേഹം ശക്തിയുക്തം വാദിച്ചു. അവ സാധിതമാക്കുന്നതിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ കലഹം ഏതെങ്കിലുമൊരു രാഷ്ട്രീയകക്ഷിയോടോ ഭര

www.malankaralibrary.com


ണാധികാരിയോടോ മാത്രമായിരുന്നില്ല. അക്കാര്യങ്ങളിൽ ആരോ ടെങ്കിലും പ്രത്യേക എതിർ പ്പോ പ്രത്യേക വിരോധമോ ആ ഹൃദയ ത്തിൽ കാത്തുവച്ചതുമില്ല.

പവ്വത്തിൽ പിതാവിന്റെ ആ വാദങ്ങൾക്ക് ഉച്ചഭാഷിണിയായതു പല പ്പോഴും ദീപിക ദിനപത്രമായിരുന്നു എന്നതിൽ ദീപികയുടെ മുൻ ചീഫ് എഡിറ്റർ എന്ന നിലയിൽ അഭിമാനമുണ്ട്. വന്ദ്യപിതാവിനെ അടുത്തറിഞ്ഞ ഒരാളെന്ന നിലയിൽ ഉറപ്പുള്ള ചില കാര്യങ്ങൾ പങ്കുവയ്ക്കട്ടെ. താൻ അഭിഷിക്തനാക്കപ്പെട്ടത് ഏതൊരു ദൗത്യത്തി നുവേണ്ടിയായിരുന്നു എന്ന ഉറച്ച ബോധ്യവും തന്നെ നിയോഗിച്ച വൻ എന്താവശ്യപ്പെടുന്നു എന്നതുമായിരുന്നു ആ ചിന്താധാരകളെ നയിച്ചത്. അതിനുവേണ്ടിയായിരുന്നു നിലപാടുകളിലെ ആ ശാഠ്യ ങ്ങളത്രയും. പാവനമായ ആ കൈകളിലൂടെ ജപമാലമണികൾ ഉരുണ്ടുനീങ്ങിയത് അതിനുവേണ്ടിയായിരുന്നു.

പിതാവ് രോഗിയായി ആശുപത്രിയിൽ ചികിത്സയിലാണെന്ന് അറിഞ്ഞ നിമിഷംതന്നെ ആഗ്രഹിച്ചു, അദ്ദേഹത്തെ ഒന്നു സന്ദർശി ക്കണമെന്ന്. പിതാവിന്റെ സെക്രട്ടറിയച്ചനെ ഫോണിൽ ബന്ധപ്പെട്ടു. വിളിച്ചറിയിച്ചശേഷം വരുകയാണു നല്ലതെന്ന് അദ്ദേഹം സ്നേഹ ത്തോടെ നിർദേശിച്ചു. ഏറെ ആഗ്രഹിച്ച ആ സന്ദർശനം സാധിച്ചു. വളരെ സന്തോഷവാനായി ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സ യിൽ കഴിഞ്ഞിരുന്ന പിതാവിനെ സന്ദർശിക്കാനായത് ഒരു ഭാഗ്യ മായി കരുതുന്നു.

ഇരുപതു മിനിട്ടോളം പിതാവിനോടൊപ്പം ചെലവഴിച്ചു. സെക്രട്ടറി യച്ചനും ഒപ്പമുണ്ടായിരുന്നു. പിതാവ് സാവധാനമാണല്ലോ സംസാരി ക്കുക. എന്തെങ്കിലും മനസ്സിലാകാതെ പോയാൽ സെക്രട്ടറിയച്ചൻ അതു പറഞ്ഞുതരും. കട്ടിലിൽ കിടക്കുമ്പോൾ പിതാവിനു നേരേ കാണാൻ സാധിക്കുംവിധം പ്രതിഷ്ഠിച്ചിരിക്കുന്ന തിരുഹൃദയരൂപ മുണ്ട് ഭിത്തിയിൽ. സെക്രട്ടറിയച്ചൻ പറഞ്ഞു: “ആ തിരുഹൃദയത്തി ലേക്കു നോക്കി പിതാവ് സദാസമയവും സുകൃതജപം ചൊല്ലിക്കൊ ണ്ടാണിരിക്കുന്നത്.” അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് കൂട്ടിച്ചേർത്തു: “ഹൃദയം ഹൃദയത്തോടു സംസാരിക്കുന്നു...” സ്വതവേ പ്രസന്നമായ പിതാവിന്റെ മുഖം അതു കേട്ടതോടെ കൂടുതൽ പ്രകാശമാനമായി.

സത്യത്തിൽ, ഹൃദയം ഹൃദയത്തോടു സംസാരിക്കുക തന്നെയാ യിരുന്നു! ആ കഴുത്തിൽ സുന്ദരമായൊരു ജപമാലയുണ്ടായിരുന്നു. പിതാവിന്റെ ഹൃദയഭാഗത്തുതന്നെ ജപമാലയുടെ ക്രൂശിതരൂപം

www.malankaralibrary.com


ചേർന്നുകിടന്നു. ഹൃദയം ഹൃദയത്തോടു സംസാരിക്കുന്ന ആ പുണ്യനിമിഷങ്ങളിൽ പിതാവിനോട് ആശീർവാദം ആവശ്യപ്പെട്ടു. എന്റെ നെറ്റിയിൽ കുരിശു വരച്ച് എന്നെ ആശീർവദിച്ച അസുലഭ നിമിഷങ്ങൾ...!

ഈ സന്ദർശനാവസരത്തിൽ, കരുതിയില്ല പിതാവ് ഇത്രവേഗം നിത്യ തയിലേക്കു യാത്രയാകുമെന്ന്. പിതാവിന്റെ അന്നത്തെ ആരോഗ്യ സ്ഥിതി വിലയിരുത്തി മനസ്സിൽ മന്ത്രിച്ചു; പിതാവ് ഇനിയും ഏറെ ക്കാലംകൂടി ഇവിടെയുണ്ടാകുമെന്ന്. എന്നാൽ, കാവ്യഭാഷയിൽ പറ ഞ്ഞാൽ, 'ദൈവത്തിന്റെ മനമാരു കണ്ടു...'

2023 മാർച്ച് 18-ാം തീയതി ഉച്ചകഴിഞ്ഞപ്പോൾ ലഭിച്ച വാർത്ത എന്നെ ശോകമൂകനാക്കി. ആ പാവനാത്മാവിനുവേണ്ടി പ്രാർത്ഥിച്ചു.

സുഖമില്ലാതിരിക്കെ അകലെനിന്നു യാത്രചെയ്ത് പിതാവിനെ പോയി കാണാൻ പ്രേരിപ്പിച്ചത് ദൃഢമായൊരു ആത്മബന്ധമാണ്. ദീർഘകാലം ദീപികയിൽ ജോലിചെയ്യാൻ ഭാഗ്യം ലഭിച്ച ഒരു വ്യക്തി യെന്ന നിലയിൽ, ദീപികയെ ആത്മാർത്ഥമായി സ്നേഹിച്ച ഒരു വ്യക്തിയെന്ന നിലയിൽ, ദീപികയെ അതിലേറെ സ്നേഹിക്കുകയും പ്രതിസന്ധികളിലും പ്രശ്നങ്ങളിലും ദീപികയ്ക്കൊരു കാവലാൾ എന്നതുപോലെ ഉറക്കമൊഴിച്ച് കരുതൽ നൽകുകയും ചെയ്ത മാർ പവ്വത്തിലുമായി ആത്മബന്ധമുണ്ടാവുക സ്വാഭാവികം മാത്രം. പിതാ വിന്റെ സ്നേഹവും കരുതലും പ്രോത്സാഹനവും എപ്പോഴും എന്നോടൊപ്പമുണ്ടായിരുന്നു.

ചില വ്യക്തികളുമായി ബന്ധപ്പെടുക ധന്യമായ അനുഭവമാണ്. എന്നെ സംബന്ധിച്ചിടത്തോളം ആ ധന്യാനുഭവങ്ങളിൽ അതിപ്രധാ നമാണ് ആർച്ച്ബിഷപ് മാർ പവ്വത്തിലുമായുള്ള ആത്മബന്ധം. ഒരു കാലത്ത് വളരെ ദൂരെനിന്നു മാത്രമാണ് അദ്ദേഹത്തെ കണ്ടിരുന്നത്. മാധ്യമങ്ങളുടെ ശക്തിയും വിലയും അറിയുന്ന ഒരു പിതാവ് എന്ന നിലയിലാണ്, മൂല്യബോധമുള്ള മാധ്യമങ്ങളുടെ പ്രസക്തിയെപ്പറ്റി അവബോധമുള്ള ഒരു പിതാവെന്ന നിലയിലാണ്, പവ്വത്തിൽ പിതാ വിനെ പത്രപ്രവർത്തകനായി അടുത്തറിയുന്നതും അന്നുമുതൽ കൂടു തൽ ആദരിച്ചതും സ്നേഹിച്ചതും ബഹുമാനിച്ചതും.

1989-ന്റെ ആദ്യപകുതി. സി.എം.ഐ സഭയുടെ കോട്ടയം സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ ഉടമസ്ഥതയിലായിരുന്നു അന്ന് ദീപിക ദിനപത്രം. ദീപിക എല്ലാവരുടേതുമാണ്. എന്നാൽ, ആരുടേ തുമല്ലാതായി സാമ്പത്തിക പ്രതിസന്ധികൾ നേരിട്ടപ്പോൾ അതി

www.malankaralibrary.com


നൊരു പോംവഴി കണ്ടെത്തേണ്ട ചുമതല ഉടമസ്ഥാവകാശം കൈയാളുന്നവരുടേതാണ് എന്നതിൽ തർക്കമില്ല. ദീപിക എങ്ങനെയായിരിക്കണമെന്ന് മറ്റെല്ലാവർക്കും അവരവരുടേതായ നിലപാടുകളിലൂന്നിയ അഭിപ്രായങ്ങളുണ്ട്. ഈ സാഹചര്യത്തിൽ, ഒരു സന്യാസസഭയിലെ, ഒരു പ്രൊവിൻസിന്റെ സ്വന്തമായി, തികച്ചും പരിമിതമായ സാമ്പത്തികാവസ്ഥയിൽ, ദീപിക മുന്നോട്ടു പോകുന്നതിലും നല്ലത്, കേരളസഭയുടെ ഈ ജിഹ്വയെ സഭയ്ക്കു വിട്ടുകൊടുക്കുകയായിരിക്കും എന്നൊരു ചിന്ത സിഎംഐ കോട്ടയം പ്രവിശ്യാ സമൂഹത്തിലെ ചിലരിൽ വളർന്നുവന്നു.

സാമ്പത്തികപ്രതിസന്ധി അതിരൂക്ഷവും സങ്കീർണവുമായിരുന്ന ആ കാലഘട്ടത്തിൽ ദീപികയുടെ ഭരണത്തിനു ചുക്കാൻ പിടിച്ചിരുന്നത് മാനേജിംഗ് എഡിറ്റർ റവ. ഡോ. തോമസ് ഐക്കരയച്ചൻ ആയിരുന്നു. പ്രശ്നപരിഹാരത്തിന് അഭിപ്രായം തേടി അദ്ദേഹം ആദ്യം സമീപിച്ചത് പവ്വത്തിൽ പിതാവിനെയാണ്. പിതാവിന്റെ ഭാഗത്തുനിന്നുണ്ടായ സഹകരണത്തെപ്പറ്റി ഏറെ നന്ദിയോടെ ബഹു. ഐക്കരയച്ചൻ അനുസ്മരിക്കുന്നതു കേട്ടിട്ടുണ്ട്.

തോമസ് ഐക്കരയച്ചന്റെ നീക്കത്തിന് പവ്വത്തിൽ പിതാവ് സമ്പൂർണ പിന്തുണയാണു നൽകിയത്. കൂട്ടായ ആലോചനയുടെ ഓരോ വേളയിലും പിതാവിന്റെ ഉപദേശനിർദേശങ്ങൾ അദ്ദേഹം സ്വീകരിച്ചുപോന്നു. ദീപികയെ സിഎംഐ സഭയിലെ ഒരു പ്രവിശ്യയുടെ മാത്രം സ്വന്തമായി നിറുത്താതെ കേരള സഭയ്ക്കു വിട്ടുകൊടുക്കുക എന്ന നിലപാട് ഒടുവിൽ 'രാഷ്ട്രദീപിക ലിമിറ്റഡ്' എന്ന കമ്പനിയുടെ രൂപീകരണത്തിലും പിന്നീട് 1989 സെപ്റ്റംബർ 15-ാം തീയതിയിലെ കൈമാറ്റത്തിലും കലാശിച്ചു. വിട്ടുകൊടുക്കാനുള്ള തീരുമാനം സിഎംഐ സമൂഹത്തിന്റേതായിരുന്നെങ്കിലും കേരളസഭ ഏറ്റെടുക്കുകയെന്ന തീരുമാനത്തിന്റെ പിന്നിലെ ശക്തി അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ ആയിരുന്നു. കമ്പനി രൂപീകരണത്തിനു വേണ്ട ഉപദേശനിർദേശങ്ങൾ നൽകിക്കൊണ്ട് തോമസ് ഐക്കരയച്ചനുമായി സഹകരിച്ച പിതാവിന് ദീപികയെപ്പറ്റി വലിയ സ്വപ്നങ്ങളാണുണ്ടായിരുന്നത്. കേരളസഭയുടെ തണലിൽ ദീപിക വളർന്നു വലുതാകണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. സഭാ നേതൃത്വത്തിന്റെയും സഭയിലെ ആത്മീയ നേതൃത്വത്തിന്റെയും അല്മായ നേതൃത്വത്തിന്റെയും പിൻബലത്തോടെ സമൂഹത്തിന്റെ ആധികാരിക ശബ്ദമായി, ശക്തിയായി, ദീപിക മാറുക എന്നതായിരുന്നു പിതാവിന്റെ സ്വപ്നമെന്നു കരുതുന്നു.

www.malankaralibrary.com


1989-ൽ ദീപിക, രാഷ്ട്രദീപിക കമ്പനിക്കു കൈമാറുമ്പോൾ അന്നത്തെ കമ്പനി ചെയർമാന്റെ ഒരാവശ്യം വൈദികരെല്ലാം ദീപിക വിട്ടു പോകണമെന്നതായിരുന്നു. അങ്ങനെ വൈദികസാന്നിധ്യം ദീപികയിൽ ഇല്ലാതായി. 1990-ൽ ഞാനും ദീപിക വിട്ടു. അധികാരികളുടെ നിർദേശാനുസരണം വൈദികശുശ്രൂഷയ്ക്കായി അമേരിക്കയിലേക്കു പോയി. എങ്കിലും ദീപിക വായിക്കാതിരിക്കാനാവില്ലല്ലോ. മെയിലിൽ ദീപിക വരുത്തിയായിരുന്നു വായന. ദീപിക എക്കാലവും പിന്തുടർന്നിരുന്ന ചില ധാർമികമൂല്യങ്ങൾക്കു നിരക്കാത്ത പരസ്യങ്ങളും വാർത്തകളും ഫോട്ടോകളും ദീപികയിൽ സാധാരണമായപ്പോൾ 'ഇത് എന്ത്' എന്നു ചോദിക്കാനും 'ഇങ്ങനെ വല്ലതും സിഎംഐക്കാർ നടത്തിയിരുന്ന കാലത്ത് ദീപികയിൽ വന്നാൽ അതിനെ വിമർശിക്കാനും പത്രം നിർത്തിക്കളയുമെന്നു ഭീഷണിപ്പെടുത്താനും ധാരാളം സഭാധികാരികൾ ഉണ്ടായിരുന്നല്ലോ' എന്ന് കത്തെഴുത്തുകളിലൂടെ എനിക്കു പരാതിപ്പെടാനും ഒരേയൊരു പിതാവേ ഉണ്ടായിരുന്നുള്ളൂ. അത് ഞാൻ അന്നും എന്നും സ്നേഹിച്ചിരുന്ന, വിശ്വസിച്ചിരുന്ന, പവ്വത്തിൽ പിതാവായിരുന്നു.

ചിലപ്പോൾ മൂർച്ചയേറിയ ഭാഷയിലെഴുതിയ കത്തുകൾക്കു പോലും ആ കത്തുകളിലെ ആത്മാർത്ഥത തിരിച്ചറിഞ്ഞ് മറുപടി അയച്ചിരുന്ന പിതാവിന്റെ വാത്സല്യവും സ്നേഹവും മാന്യതയും ഔദാര്യവും എനിക്കൊരിക്കലും മറക്കാനാവില്ല. അന്നു സംഭവിച്ചുകൊണ്ടിരുന്ന ഗുരുതരമായ ധർമച്യുതികൾ തിരുത്താൻ നടപടികൾ സ്വീകരിക്കും, അതിനായി തന്നാൽ സാധ്യമായതെല്ലാം ചെയ്യാം എന്നൊക്കെ മറുപടി തന്ന പിതാവിന്റെ ആ മാന്യത, ആ മഹാമനസ്കത, എന്റെ ഓർമയിൽ ഇന്നും പച്ചകെടാതെ നിൽക്കുന്നു. അങ്ങനെയൊക്കെ സമരസപ്പെടാനും സമാശ്വസിപ്പിക്കാനും ഒരേയൊരു പവ്വത്തിൽ പിതാവിനു മാത്രമേ ആകൂ എന്നു കരുതുന്നു.

ഔദ്യോഗിക ജീവിതത്തിലെ അടങ്ങാത്ത തിരക്കുകൾക്കിടയിലാണ് ഹ്രസ്വമെങ്കിലും അർഥവത്തായ മറുപടിയെഴുതാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നത്. ഓ, ഇതൊക്കെ അത്ര ആനക്കാര്യമാണോ, അവഗണിക്കാവുന്ന സ്വഭാവവിശേഷമല്ലേ എന്ന് വായനക്കാരിൽ ചിലർക്കെങ്കിലും തോന്നിയേക്കാം. പക്ഷേ, എന്റെ എളിയ വീക്ഷണത്തിൽ അതൊരു ആനക്കാര്യംതന്നെയാണ്. അതിന്റെ പിന്നിലെ മാന്യതയും സംസ്കാരസമ്പന്നതയും വളരെ വലുതുതന്നെയാണ്. അദ്ദേഹം ദീപികയെ സ്നേഹിക്കുന്നുവെന്ന എന്റെ ബോധ്യവും ദീപികയെ സ്നേഹിക്കുന്ന ഒരു എളിയ സന്ന്യാസവൈദികനാണ് പൈകടയച്ചൻ എന്ന അദ്ദേഹത്തിന്റെ തിരിച്ചറിവും

www.malankaralibrary.com


ഈ ആത്മബന്ധത്തിന് അടിസ്ഥാനമായി.

ദീപികയുടെ ചരിത്രത്തിലെ തീർത്തും കരിപുരണ്ട കാർമേഘാവൃത മായിരുന്ന ഒരു കാലഘട്ടം കഴിഞ്ഞ് സൂര്യോദയം സാധ്യമായ നാളു കളിൽ ജോസ് പന്തപ്ലാംതൊട്ടിയിലച്ചൻ ചീഫ് എഡിറ്റർ തസ്തിക യിൽ ദീപികയിലേക്കു തിരിച്ചുവന്നു. മൂന്നു മാസത്തിനുശേഷം അദ്ദേ ഹത്തിന് ആ സ്ഥാനത്തുനിന്നും വിരമിക്കേണ്ടിവന്നു. സിഎംഐ സഭയുടെ പ്രിയോർ ജനറാളായി ജോസച്ചൻ തെരഞ്ഞെടുക്കപ്പെട്ട തായിരുന്നു കാരണം. ആ സാഹചര്യത്തിലാണ് അഭിവന്ദ്യ പിതാ ക്കന്മാർ ദീപികയുടെ ചീഫ് എഡിറ്ററായി എന്നെ നിയോഗിച്ചതും 18 വർഷത്തെ സുദീർഘ ഇടവേളയ്ക്കു ശേഷം ദീപികയിലേക്കു തിരിച്ചുവന്നതും.

ഇടതുപക്ഷ സർക്കാരിന്റെ ഭരണം. ന്യൂനപക്ഷാവകാശ സംബന്ധ മായും വിദ്യാഭ്യാസമേഖലയിലെ സ്വാശ്രയ കോളജ് പ്രശ്നങ്ങളുടെ പേരിലും കത്തോലിക്കാ സഭയെയും ന്യൂനപക്ഷ സ്ഥാപനങ്ങളെ യും പ്രതിരോധത്തിലാക്കാൻ ഇടതുപക്ഷ സർക്കാർ അവരുടെ ആവ നാഴിയിലെ അസ്ത്രങ്ങൾ മുഴുവൻ എടുത്തു തൊടുത്തുകൊണ്ടി രുന്ന കാലം. ഈ അവസരത്തിൽ സമൂഹത്തിനു വ്യക്തമായ ദിശാബോധം പകരാൻ ദീപികയിലേക്ക് മിക്കവരും ഉറ്റുനോക്കിയി രുന്നു. ആ ദൗത്യനിർവഹണത്തിൽ ദീപികയുടെ കരുത്തുറ്റ കരവും സമുദായത്തിന്റെ ആധികാരിക ശബ്ദവുമായിരുന്ന അഭിവന്ദ്യനായ പവ്വത്തിൽ പിതാവ് ചെയ്ത സേവനങ്ങൾ നിസ്സീമമാണ്.

ഓരോരോ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഒട്ടും വൈകാതെതന്നെ വിഷയം ആഴമായി പഠിച്ച് അദ്ദേഹം എഴുതിയ ലേഖനങ്ങൾ ദീപിക യുടെ എഡിറ്റോറിയൽ പേജിനെ ഈടുറ്റതാക്കി. ആ ലേഖനങ്ങൾ, അതിലെ വാദഗതികൾ, ആശയസമ്പുഷ്ടത... ഒക്കെ എതിരാളിക ളുടെപോലും അഭിനന്ദനത്തിനു പാത്രമായി. ഇതര മതവിഭാഗ ങ്ങളിലെ നേതാക്കൾവരെ പവ്വത്തിൽ പിതാവ് എന്തെഴുതുന്നുവെന്ന് ശ്രദ്ധിക്കുകയും അദ്ദേഹത്തിന്റെ ശബ്ദത്തിന് സാകൂതം ചെവികൊടു ക്കുകയും ചെയ്തു. 'നിങ്ങൾക്ക് ഒരു പവ്വത്തിൽ പിതാവുണ്ടല്ലോ, ആശയസമ്പന്നമായ നേതൃത്വം നൽകാൻ...' എന്ന രീതിയിൽ മറ്റു മതവിഭാഗക്കാർ സംസാരിക്കുന്നതു കേൾക്കാൻ സാധിച്ചപ്പോൾ, നമുക്ക് ഇങ്ങനെയൊരു നേതാവുണ്ടല്ലോ എന്നതിൽ അഭിമാനം കൊണ്ടിട്ടുണ്ട്.

അതേസമയം, ഉള്ളതു പറയണമല്ലോ. പ്രാദേശിക ചിന്താഗതിക്കാ രായ ചില സമുദായ നേതാക്കളും വ്യക്തിവിരോധം വച്ചുപുലർത്തി

www.malankaralibrary.com


ക്കൊണ്ടിരുന്നവരും 'എന്തിന് എന്നും പവ്വത്തിൽ പിതാവ് എഴുതുന്നു, അദ്ദേഹമാരാ ഇതൊക്കെ സമൂഹത്തിനുവേണ്ടി പറയാൻ...' എന്നൊക്കെ പ്രതികരിക്കുകയും ആ നന്മയെ അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തിട്ടുള്ള കാര്യവും ഒരു ചരിത്രസത്യപൂർത്തീകരണത്തിനായി ഇവിടെ കുറിക്കട്ടെ.

ചങ്ങനാശേരി പോലെ വലിയ ഒരു അതിരൂപതയുടെ ആർച്ച്ബിഷപ് എന്ന പദവിയിൽനിന്നും 75-ാം വയസിൽ വിരമിച്ചപ്പോൾ റിട്ടയർമെന്റ് ജീവിതത്തിന്റെ ആനുകൂല്യങ്ങൾ അനുഭവിച്ച് വിശ്രമത്തിന്റെ വാല്മീകത്തിൽ ഒതുങ്ങിക്കളയാമെന്നൊന്നും അദ്ദേഹം കരുതിയില്ല. വായനയുടെയും എഴുത്തിന്റെയും ലോകത്തേക്ക് അദ്ദേഹം കൂടുതലായി തിരിഞ്ഞു. രൂപതാതിർത്തികൾക്ക് അതീതമായി പിന്നീട് അദ്ദേഹത്തിന്റെ നേതൃത്വം. പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും മധ്യത്തിൽ അദ്ദേഹം താപസനായി. പേനയും കടലാസുമായി കളിത്തോഴന്മാർ. ഒരു വീഴ്ചമൂലം ഉണ്ടായ ശാരീരികക്ഷതവും അസുഖവും വേദനയും നടക്കാനുണ്ടായ ചെറിയ ബുദ്ധിമുട്ടും മാത്രം മതിയായിരുന്നു സർഗാത്മക ജീവിതത്തിൽനിന്നും പലരെയും പിന്തിരിപ്പിക്കാൻ. എന്നാൽ, അതൊന്നും അദ്ദേഹത്തെ ജീവിതദൗത്യത്തിൽനിന്നു പിന്തിരിപ്പിച്ചില്ല. ചിട്ടയായ ജീവിതം, സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ ജീവിതത്തെ സമ്പന്നമാക്കാൻ, ഉപകാരപ്രദമാക്കാൻ, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടമെങ്കിലുമായി മാറുവാൻ, ആഗ്രഹിക്കുന്ന ആർക്കും വലിയൊരു മാതൃകയാണ് മാർ പവ്വത്തിൽ.

ആ ജീവിതത്തിൽ കൃത്യനിഷ്ഠയുണ്ട്, വിനയാന്വിതമായ കാർക്കശ്യമുണ്ട്, ആരെയും ആകർഷിക്കുന്ന ആഭിജാത്യമുണ്ട്. സത്യം അംഗീകരിക്കാനും ഭീഷണികൾക്കു മുമ്പിൽ മുട്ടുമടക്കാതിരിക്കാനുമുള്ള ആർജവവും ധീരതയുമുണ്ട്. എല്ലാ നന്മകളും ഒത്തുചേരുമ്പോൾ ഉണ്ടാകുന്ന ലാവണ്യമുണ്ട്. ഇഷ്ടവും അനിഷ്ടവുമല്ല അദ്ദേഹത്തെ നയിക്കുക. ബോധ്യങ്ങളും ബോധ്യങ്ങളോടുള്ള വിട്ടുവീഴ്ചയില്ലാത്ത ഒത്തുചേരലും അദ്ദേഹത്തെ അനന്യനാക്കുന്നു. പുതുപ്പണക്കാരന്റെ ജാഡയും കൗശലമുദ്രിതമായ പെരുമാറ്റങ്ങളും തിരിച്ചറിയുന്ന അദ്ദേഹം സത്യമേതെന്ന് പക്ഷംചേരാതെ അന്വേഷിക്കുന്നു. അതുകൊണ്ടുതന്നെയാകാം അദ്ദേഹം എല്ലാവർക്കും ഏതവസരത്തിലും സംലഭ്യനായത്.

അവിഭക്ത തലശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് സ്വന്തം ജീവിതാനുഭവത്തിൽനിന്നും

www.malankaralibrary.com


വ്യക്തിബന്ധത്തിൽനിന്നും പവ്വത്തിൽ പിതാവിനെപ്പറ്റി എഴുതിയ ഒരു കുറിപ്പ് 'യുഗപ്രഭാവനായ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത' എന്ന ലേഖന സമാഹാരത്തിൽ എടുത്തുചേർത്തിട്ടുണ്ട്. 'ആത്മീയസാധനയുടെ ആൾരൂപം' എന്നതാണ് ആ കുറിപ്പിന്റെ തലക്കെട്ട്. വള്ളോപ്പിള്ളി പിതാവ് എഴുതി: 'നമ്മുടെ സഭയിൽ ഇന്നു നിലവിലിരിക്കുന്ന പല പ്രശ്നങ്ങളുടെയും കാരണം സഭയുടെ ചരിത്രം അറിയാത്തതാണ്. അറിയാത്ത ഒന്നിനെ സ്നേഹിക്കുക സാധ്യമല്ലല്ലോ.'

ഫ്രഞ്ചുകാരനും ലത്തീൻ സഭാംഗവുമായ പൗരസ്ത്യ തിരുസംഘത്തിന്റെ മുൻ തലവൻ ടിസറാംഗ് തിരുമേനിയുടെ വാക്കുകൾ ഇത്തരുണത്തിൽ ഞാൻ അനുസ്മരിക്കുന്നു, "*I love your church, because I know her history*' (ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു. കാരണം, എനിക്കവളുടെ ചരിത്രം അറിയാം). ഇപ്രകാരം സഭയെ അറിഞ്ഞു സ്നേഹിക്കുന്നവർക്ക് അനുകരിക്കാൻ പറ്റിയ മാതൃകകൂടിയാണ് മാർ ജോസഫ് പവ്വത്തിൽ.

ചരിത്രമറിയാത്തവർക്ക്, സഭാചരിത്രമറിയാത്തവർക്ക്, സഭയാകുന്ന ഉദ്യാനത്തിലെ ഫലദായക വൃക്ഷങ്ങളായിരിക്കുക എളുപ്പമല്ല. ഓരോ കാറ്റിലും അവർ വളഞ്ഞ് നിലംതൊട്ടുകൊണ്ടിരിക്കുകയോ ഒടിഞ്ഞു വീഴുകയോ ചെയ്യും. ചരിത്രം അറിയുകയും ചരിത്രത്തിൽ ജീവിക്കുകയും ചെയ്യുക എന്നത് രണ്ടു കാര്യമാണ്. ചരിത്രത്തെ ആഴത്തിൽ അറിഞ്ഞുകൊണ്ട് സ്വന്തം കാലഘട്ടത്തെ ധന്യമാക്കി ജീവിക്കുക എന്നതു മഹത്തരമാണ്. സഭാവിജ്ഞാനീയത്തിലും ദൈവശാസ്ത്രത്തിലും ചരിത്രത്തിലും ആധികാരികവും അനിഷേധ്യവുമായ അവഗാഹം നേടിയ പവ്വത്തിൽ പിതാവ് ചെയ്തിരുന്നത് അതാണ്.

വൈദിക-സന്ന്യാസ പരിശീലനകാലത്ത് അവശ്യം ലഭിക്കേണ്ട ചരിത്രാവബോധം അർഥികൾക്കു നൽകാൻ ഇന്നു സഭാനേതൃത്വത്തിനു കഴിയുന്നുണ്ടോ എന്ന ചോദ്യം ഏറെ പ്രസക്തമാണ്. 'എനിക്ക് ചരിത്രമേ അറിയേണ്ട' എന്ന നിലപാട് സ്വീകരിക്കുന്ന ഒരു വിഭാഗം ശക്തിപ്പെട്ടുവരുന്നതു കണ്ടതുകൊണ്ടാകാം നമ്മുടെ സഭയിൽ ഇന്നു നിലവിലിരിക്കുന്ന പല പ്രശ്നങ്ങളുടെയും കാരണം സഭയുടെ ചരിത്രം അറിയാത്തതുകൊണ്ടാണെന്ന് വള്ളോപ്പിള്ളി പിതാവ് എഴുതിയത്.

കാര്യങ്ങളുടെ ഗൗരവത്തിലേക്കു വിരൽ ചൂണ്ടുന്ന വള്ളോപ്പിള്ളി

www.malankaralibrary.com


പിതാവിന്റെ മറ്റൊരു വാക്യംകൂടി ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ, 'ആകാശത്തിൻ കീഴിലുള്ള ഏതു വിഷയത്തെക്കുറിച്ചും പഠിക്കാതെ അഭിപ്രായം പറയുന്നവർ നമ്മുടെ സമൂഹത്തിൽ ഏറെയുണ്ട്. ഈയടുത്തയിടെ ഞാൻ ഒരു മെത്രാനോട് പാറേമാക്കൽ ഗോവർണദോരുടെ വർത്തമാനപ്പുസ്തകം വായിച്ചിട്ടുണ്ടോ എന്നു ചോദിച്ചു; 'വായിച്ചിട്ടില്ല' ഉടൻ വന്നു ഉത്തരം.'

മലബാർ സഭയുടെ ചരിത്രത്തിലെ ഒരു ശ്രദ്ധേയ രേഖയെപ്പറ്റി ഒന്നുമറിയാത്ത സഭാതനയരാണു നമ്മിൽ പലരും. ഇവിടെയാണു പവ്വത്തിൽ തിരുമേനിയുടെ സവിശേഷത. അദ്ദേഹം മുൻവിധി കൂടാതെ സത്യം തുറന്നെഴുതുന്നു. സത്യമെന്തെന്നറിയാൻ ആശിക്കുന്നവർ അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിക്കണം. ഔദ്യോഗിക സഭാപ്രബോധനം നമുക്ക് അതു വഴി ലഭിക്കും എന്നുള്ളതു തീർച്ചയാണ്. എഴുതിയതു പവ്വത്തിൽ പിതാവാണെന്നതുതന്നെ എഴുതിയിരിക്കുന്ന കാര്യങ്ങൾക്ക് ആധികാരികത നൽകുന്നു.'

അറിവു നേടാനും അറിവ് പകരാനുമായി മുഴുവൻ സമയവും വിനിയോഗിച്ചിരുന്ന പവ്വത്തിൽ പിതാവിന്റെ ജീവിതശൈലി സാധാരണക്കാർക്ക് അനുകരിക്കുക അത്ര എളുപ്പമല്ല. പ്രാർഥനയ്ക്കും പഠനത്തിനും എഴുത്തിനുമായി പങ്കുവയ്ക്കപ്പെട്ടിരുന്ന ആ ജീവിതത്തിന്റെ ലാളിത്യവും ഇതിനെല്ലാമിടയിൽ തനിക്കൊരു തിരക്കുമില്ലെന്ന ഭാവത്തിൽ സന്ദർശകരോടു കാണിച്ചിരുന്ന സൗഹൃദത്തിൽ പ്രകടമാകുന്ന സ്വാഭാവവിശേഷവും അനന്യമാണ്. ഏതൊരു പ്രതിസന്ധിയിലും അഭിപ്രായവ്യത്യാസത്തിലും സമചിത്തത കൈവെടിയാതെ ആലോചിച്ചുറച്ച തീരുമാനങ്ങളിൽ അചഞ്ചലനായി സത്യത്തിന്റെയും നന്മയുടെയും പക്ഷത്ത് അദ്ദേഹം നിന്നു. ഉറപ്പേറിയ പദപ്രയോഗങ്ങളിലും തന്റെ വാക്കുകൾ ആരെയും വേദനിപ്പിക്കരുതെന്നു നിർബന്ധമുള്ള അദ്ദേഹത്തിന്റെ പ്രതിപക്ഷ ബഹുമാനം വിമർശകരെയും അദ്ഭുതപ്പെടുത്തിയിരുന്നു.

രാഷ്ട്രീയകാര്യങ്ങളിലായാലും വിദ്യാഭ്യാസ പ്രശ്നങ്ങളിലായാലും സാമൂഹികമോ ധാർമികമോ ആയ പ്രശ്നങ്ങളിലായാലും ചിന്തിക്കാതെ പ്രശ്നങ്ങളുടെ വിവിധ വശങ്ങൾ പഠിക്കാതെ പവ്വത്തിൽ പിതാവ് അഭിപ്രായം പറഞ്ഞതായി ആരും ആരോപിക്കുകയില്ല. അദ്ദേഹം അഭിപ്രായം പറഞ്ഞാൽ അത് ആധികാരികമായിരിക്കും. മറ്റു ചില നേതാക്കളുടെ പ്രഖ്യാപനങ്ങളിൽ കാണാനാകുന്ന അപക്വതയും വർഗീയതയും വിദ്വേഷവും പവ്വത്തിൽ പിതാവിന്റെ എഴുത്തിലോ സംസാരത്തിലോ ഒരിക്കലും ഉണ്ടായിരുന്നില്ല. സാമുദായിക

www.malankaralibrary.com


സൗഹാർദം നിലനിന്നു കാണാനുള്ള അത്യുത്കടമായ ആഗ്രഹമാണ് പ്രതികരണങ്ങളിൽ സമചിത്തത പുലർത്താൻ പവ്വത്തിൽ പിതാവിനെ പ്രേരിപ്പിച്ചിരുന്നത്.

എന്റെ വൈദികജീവിതത്തിലും പത്രപ്രവർത്തന മേഖലയിലെ ഔദ്യോഗിക ജീവിതത്തിലും മാർ പവ്വത്തിൽ എനിക്ക് മാർഗദർശിയായിരുന്നു, പ്രോത്സാഹകനായിരുന്നു. താൻ ചെയ്യുന്നതും എഴുതുന്നതുമൊന്നും തിരുത്തലിനും എഡിറ്റിംഗിനും അതീതമാണെന്ന മിഥ്യാധാരണയൊന്നും അദ്ദേഹത്തിനില്ലായിരുന്നു. ആവശ്യമായ തിരുത്തലുകൾ വരുത്താനുള്ള പൂർണ സ്വാതന്ത്ര്യം എഡിറ്റർക്കു തരുന്ന വിനീത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

'എന്റെ ലേഖനം തിരുത്താൻ, വെട്ടിക്കുറയ്ക്കാൻ, എഡിറ്റ് ചെയ്യാൻ ഈ പത്രക്കാർ ആരാണ്' എന്നു ചോദിച്ചു കലിതുള്ളുന്ന അഹന്തയുടെ ആൾരൂപങ്ങളായ പല വ്യക്തികളെയും കണ്ടിട്ടുള്ളതുകൊണ്ട് ഈ വലിയ മനുഷ്യന്റെ തുറന്ന മനസിനെപ്പറ്റി എനിക്കു പറയാതിരിക്കാനാവില്ല; ഓർക്കാതിരിക്കാനാവില്ല. അഗാധവും പരപ്പാർന്നതുമായ അറിവിന്റെ മിഴിവാർന്ന ഈ ദീപശിഖ ഇനിയും ഏറെക്കാലം ജനലക്ഷങ്ങൾക്കു പ്രകാശമേകട്ടെ എന്നു പ്രാർഥിക്കുന്നു. പവ്വത്തിൽ പിതാവിന് ആദരാഞ്ജലികൾ...!

www.malankaralibrary.com

# മാർ സെബാസ്റ്റ്യൻ വയലിൽ: ഒരു സാന്ത്വനപ്രകാശം

**പ**തിനൊന്നാം വയസ്സിലാണ് വയലിൽ മാണിക്കുട്ടി അച്ചനെപ്പറ്റി ആദ്യം കേട്ടത്. കേൾക്കാനുണ്ടായ സാഹചര്യം ചരിത്രപ്രാധാന്യം ഉള്ളതുതന്നെ. അതിവിശാലമായ ചങ്ങനാശേരി രൂപതയുടെ ഭാഗമായിരുന്ന പാലായെ ഒരു സ്വതന്ത്ര രൂപതയാക്കി 1950-ൽ റോമിൽനിന്നും കല്പനയുണ്ടായി. ഈ പുതിയ രൂപതയുടെ മെത്രാനായി പാലാക്കാരൻ വയലിൽ മാണിക്കുട്ടിയച്ചനെ നിയമിച്ച വാർത്ത കേരളത്തിലെവിടെയും എത്തി. ഇടമറുക് സെന്റ് ആന്റണീസ് സ്കൂളിൽ (അന്ന് നെച്ചിക്കാട്ടുപാറ സ്കൂൾ എന്നും അറിയപ്പെട്ടിരുന്നു) നൽകിയ സ്വീകരണത്തിൽ ചങ്ങനാശേരിയുടെ



പുതിയ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട മറ്റൊരു പാലാക്കാരനായ മാത്യു കാവുകാട്ട് പിതാവും ഒന്നിച്ച് എത്തിയപ്പോൾ വിദ്യാർത്ഥികളായിരുന്ന ഞങ്ങൾക്ക് അന്നേവരെ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള ഒരു ആഘോഷദിവസമായി. അന്നാണ് വയലിൽ മാണിക്കുട്ടിയച്ചൻ ആരാണെന്ന് അറിയുന്നത്. ആ മാണിക്കുട്ടിയച്ചനാണ് സർവ്വാദരണീയനായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയായത്. അതോടെ മാണിക്കുട്ടിയെന്ന ഓമനപ്പേര് ഔദ്യോഗികമായി അപ്രത്യക്ഷമായെന്നു പറയാം.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ജനിച്ച മാണിക്കുട്ടിയച്ചൻ ഇ.എസ്.എൽ.സി (ഇന്നത്തെ പത്താംക്ലാസ്) പാസായശേഷം

www.malankaralibrary.com


കോളജ് വിദ്യാഭ്യാസം നടത്തിയത് തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ്, ചങ്ങനാശേരി സെന്റ് ബർക്ക്മാൻസ്, തിരുവനന്തപുരം മഹാരാജാസ് എന്നിവിടങ്ങളിലാണ്. 1928-ൽ എം.എ. ബിരുദം നേടി. അക്കാലത്ത് പാലായിലും പരിസരപ്രദേശങ്ങളിലുമൊക്കെ ബിരുദം നേടിയവർ അധികമൊന്നും ഉണ്ടായിരുന്നില്ല. ബിരുദം നേടിയ ഉടൻ തന്നെ മാണിക്കുട്ടിയച്ചൻ സെമിനാരിയിൽ ചേർന്നു. 1935 ഡിസംബറിൽ വൈദികാഭിഷിക്തനായി.

'നിന്റെ വഴികൾ സുന്ദരം' എന്നാണല്ലോ വയലിൽ പിതാവിന്റെ ആത്മകഥയുടെ പേര്. ഒരു ആത്മീയമനുഷ്യന്റെ ആത്മീയയാത്രാ കഥനത്തിന് നൽകാവുന്ന സുന്ദരമായ നാമം. ഒരു മെത്രാൻ വെറുമൊരു ഭൗതിക ഭരണാധികാരിയല്ല. ആത്മീയ അധ്യാപകശ്രേഷ്ഠനാണ്. അല്ലെങ്കിൽ അങ്ങനെയായിരിക്കണം. അങ്ങനെയായിരിക്കുന്ന മെത്രാന്റെ ഭൗതികകാര്യ ഭരണത്തിനുമുണ്ടാകും ഒരു ലാവണ്യം... ഒരു ചാരുത... ഒരു ദൈവികസ്പർശം.

ആത്മീയാധ്യാപകശ്രേഷ്ഠനായി മാണിക്കുട്ടിയച്ചനെ ഉയർത്തിക്കൊണ്ടുവന്ന് മാർ സെബസ്റ്റ്യൻ വയലിൽ പിതാവാക്കിയ ദൈവത്തിന് അദ്ദേഹപ്പറ്റി നല്ല ഒരു പദ്ധതി അനാദികാലം മുതലേ ഉണ്ടായിരുന്നു. വൈദികജീവിതം ആരംഭിച്ചതേ സഭാധികാരികൾ അദ്ദേഹത്തെ വഴിതിരിച്ചുവിട്ടത് അധ്യാപനരംഗത്തേക്കായിരുന്നു. പാലാ സെന്റ് തോമസ് ഹൈസ്കൂളിലും ട്രെയിനിംഗ് സ്കൂളിലുമായി വിളങ്ങിയ ആ അധ്യാപനജീവിതം അനേകരുടെ ആത്മാവിൽ, നിരവധി പേരുടെ ബുദ്ധിയിൽ, പ്രകാശം പരത്താനുള്ള ഒരവസരമാക്കി എന്നതിന്റെ തെളിവാണ് അക്കാലത്തെ പാലാ ജനതയ്ക്ക് അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹാദരവുകൾ. സ്വന്തം വീട്ടിലെ ഓമനപ്പേരിൽ തന്നെ അദ്ദേഹം ശിഷ്യരുടെയും നാട്ടുപ്രമാണിമാരുടെയും ഹൃദയത്തിൽ കൂടുകെട്ടിയെന്നതുതന്നെ അതിനു തെളിവാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ ആറ് ദശകങ്ങളിൽ കേരളത്തിലെ ജനസാമാന്യം വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിൽ കാര്യമായ ഒരു വളർച്ചയും കൈവരിച്ചവരായിരുന്നില്ല. ഉന്നതവിദ്യാഭ്യാസം ബാലികേറാമലയായി കരുതപ്പെട്ടതാണ് അതിനു കാരണം. വയലിൽ പിതാവ് ഉന്നതവിദ്യാഭ്യാസം നടത്തിയ സ്ഥലങ്ങളുടെ പേര് മുകളിൽ സൂചിപ്പിച്ചത് വെറുതെയല്ല. തൃശ്ശിനാപ്പള്ളി, ചങ്ങനാശേരി, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഉന്നതവിദ്യാഭ്യാസത്തിന് മകനെ അയയ്ക്കാൻ അദ്ദേഹത്തിന്റെ പിതാവിന് കഴിവുണ്ടായിരുന്നതുകൊണ്ട് കാര്യം നടന്നു. എന്നാൽ, സാധാരണ ജനത

www.malankaralibrary.com


യുടെ സ്ഥിതി അതായിരുന്നില്ല. നിരവധി ഗ്രാമപ്രദേശങ്ങളിൽ എസ്.എസ്.എൽ.സി വരെ പഠിക്കണമെങ്കിൽ അനേകം മൈലുകൾ മഴക്കാലത്തും വേനൽക്കാലത്തും മൺറോഡുകളിലൂടെയും ഇടവഴികളിലൂടെയും മലകളിലൂടെയും കയറിയിറങ്ങി സഞ്ചരിച്ച് എത്തേണ്ടിയിരുന്നു. ചെറുപ്പത്തിലേതന്നെ നല്ല വിദ്യാഭ്യാസം ലഭിക്കാൻ മാണിക്കുട്ടിയച്ചനു ഭാഗ്യമുണ്ടായത് പിന്നീട് സാധാരണ പാലാക്കാർക്ക് അനുഗ്രഹമായി. മെത്രാനാകുന്നതിനുമുൻപുതന്നെ പാലായിൽ ഒരു കോളജ് ഉണ്ടാകണമെന്നാഗ്രഹിച്ച അദ്ദേഹം അതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൊതുജനനേതാക്കളുടെ സഹകരണത്തോടെ ആരംഭിച്ചിരുന്നു.

കേരളത്തിൽ കോളജുകൾ നന്നേ കുറവുള്ള കാലം. ചില കോളജുകളിലാകട്ടെ കത്തോലിക്കാ വിദ്യാർഥികൾക്കു പ്രവേശനം കിട്ടുക എളുപ്പവുമായിരുന്നില്ല. അന്ന് ഉന്നതവിദ്യാഭ്യാസം നേടാനായവരുടെയൊക്കെ ആശ്രയം തൃശ്ശിനാപ്പള്ളിയിലെ സെന്റ് ജോസഫ്സ് കോളജ് മാത്രമായിരുന്നു. അവിടെ പോയി പഠിക്കാൻ അന്ന് എത്രപേർക്കു സാധിക്കും?

ഈയൊരു തിരിച്ചറിവാണ് പാലായിൽ ഒരു കോളേജ് എന്ന മാണിക്കുട്ടിയച്ചന്റെ സ്വപ്നങ്ങൾക്കു വിത്തു പാകിയത്. തുടർന്ന് മാണിക്കുട്ടിയച്ചന്റെ ശ്രദ്ധ മുഴുവൻ പാലായിൽ ഒരു കോളജ് ആരംഭിക്കുന്നതിലായിരുന്നു. തന്റെ വൈദികശുശ്രൂഷയ്ക്ക് ഒരു ഭംഗവും വരുത്താതെതന്നെ അതു സാധ്യമാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. സ്വാഭാവികമായും ഇത്തരം നീക്കങ്ങൾ അദ്ദേഹത്തെ എല്ലാവർക്കും അഭിഗമ്യനാക്കി. സഭാമക്കളുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ വളർച്ചയ്ക്കും പ്രദേശത്തിന്റെ വളർച്ചയ്ക്കും നാനാജാതിമതസ്ഥരായ അയൽക്കാരുടെ വളർച്ചയ്ക്കും ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ കൂടിയേ തീരൂ എന്ന ആ സുമനസ്സിന്റെ നിശ്ചയദാർഢ്യത്തിന് എല്ലാ നല്ല മനുഷ്യരുടെയും പിന്തുണ ലഭിച്ചു. മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടതോടെ സ്വന്തം നാട്ടിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ത്വരിതമാകുകയും പാലായിലെ പ്രശസ്തമായ സെന്റ് തോമസ് കോളജ് സ്ഥാപിതമായി കേരളത്തിലെങ്ങും അറിയപ്പെടുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനമായി വളരുകയും ചെയ്തു എന്നത് ചരിത്രം. ഓട്ടോണമസ് കോളജിന്റെ പദവിയിലേക്ക് ഈ കോളജ് ഉയർന്നുകഴിഞ്ഞു. പെൺകുട്ടികൾക്കു വിദ്യാഭ്യാസം ലഭിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധ്യമുണ്ടായിരുന്ന പിതാവ് അൽഫോൻസാ കോളജും സ്ഥാപിച്ചുകൊണ്ടാണ് ആ കർമപദ്ധതി പൂർത്തിയാക്കിയത്.

www.malankaralibrary.com


എന്റെ വീക്ഷണത്തിൽ, പാലായും പരിസരപ്രദേശങ്ങളും ഇന്നത്തെ രീതിയിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളർന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണഭൂതൻ പാലായെ ഒരു വിദ്യാഭ്യാസകേന്ദ്രമാക്കിയ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവാണ്. 1950-കൾ ആരംഭിക്കുന്നതിനുമുൻപുതന്നെ അദ്ദേഹം വിഭാവനം ചെയ്ത് ആരംഭിച്ച പാലാ സെന്റ് തോമസ് കോളജ് തലമുറകളുടെ കണ്ണുകളിൽ പ്രതീക്ഷയുടെ വെളിച്ചം വീശി. അവരുടെ മനസ്സിലെ ഇരുളകറ്റിയ പ്രകാശഗോപുരമായിരുന്നു ഈ വിദ്യാഭ്യാസകേന്ദ്രം. ഇത് പാലായെ മാത്രമല്ല പ്രഭാപൂർണമാക്കിയത്, പാലാ രൂപതയ്ക്കു പുറത്തുള്ള കാഞ്ഞിരപ്പള്ളി, തൊടുപുഴ തുടങ്ങിയ പ്രദേശങ്ങളിൽനിന്നും വിദ്യാർത്ഥികൾ പാലായിലേക്ക് ഒഴുകിവന്നു. പാലായിലേക്ക് ബസ് സൗകര്യം ഉണ്ടായിരുന്നതുകൊണ്ട് കുട്ടികൾക്ക് ഇവിടെയെത്താൻ എളുപ്പമായിരുന്നു. അന്ന് തൊടുപുഴയും കാഞ്ഞിരപ്പള്ളിയുമൊക്കെ വളർന്നുവരുന്ന പ്രദേശങ്ങളായിരുന്നെങ്കിലും അവിടെയൊന്നും അക്കാലത്ത് ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലായിരുന്നു.

വിദ്യാഭ്യാസം നേടിയതുകൊണ്ട്, അതും വീട്ടിൽനിന്നുകൊണ്ടുതന്നെ നേടാനായതുകൊണ്ട്, ഉന്നതവിദ്യാഭ്യാസം നേടാനുള്ള മഹാഭാഗ്യം ലഭിച്ച ആയിരങ്ങളുണ്ട്. സ്വദേശത്തും ഇന്ത്യയുടെ വൻ നഗരങ്ങളിലും വിദേശത്തും വലിയ ഉദ്യോഗങ്ങൾ നേടി ജീവിതത്തിൽ വിജയിച്ചവരുണ്ട്. പാളത്തൊപ്പിയും കൈക്കോട്ടും കലപ്പയും വെട്ടരിവാളുമായി കാർഷികജീവിതത്തിൽ മാത്രം മുഴുകിക്കഴിഞ്ഞിരുന്ന ഇന്നാട്ടിലെ വലിയൊരു വിഭാഗത്തെ വിദ്യാസമ്പന്നമായ ഒരു സമൂഹമാക്കിയതിൽ മാർ സെബാസ്റ്റ്യൻ വയലിലിനും അദ്ദേഹത്തിന്റെ സ്വപ്നസാക്ഷാത്കാരമായ സെന്റ് തോമസ് കോളേജിനുമുള്ള പങ്ക് വിവരണാതീതമാണ്.

തന്നെ വത്തിക്കാൻ ഭരമേല്പിച്ച 'പാലാ' എന്ന പുതിയ രൂപതയിലെ ആധ്യാത്മികരംഗത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ ഭാരതസഭയാകെ അംഗീകരിക്കുന്നുണ്ട്. ഇത്രയേറെ ദൈവവിളികൾ മറ്റൊരു രൂപതയിൽനിന്നും ഉണ്ടായിട്ടുണ്ടാവില്ല. പാലാ രൂപതയിൽനിന്നും ഉത്തരേന്ത്യൻ രൂപതകളിലെല്ലാം അനേകം മിഷനറി വൈദികരും രൂപതാധികാരികളായി മെത്രാന്മാരും ഉണ്ടായിട്ടുണ്ട്. ആ നിലയ്ക്കു മാത്രമല്ല, ഏതു നിലയ്ക്കും പാലാ രൂപതയിലെ വിശ്വാസിസമൂഹത്തിന് അദ്ദേഹം വലിയ പിതാവാണ്.

പാലാ രൂപതയിലെയും സമീപപ്രദേശങ്ങളിലെയും ഇളംതലമുറയ്ക്ക് മാർ സെബാസ്റ്റ്യൻ വയലിലിനെപ്പറ്റി വേണ്ടത്ര അറിവുണ്ടോ എന്നു

www.malankaralibrary.com


സംശയമുണ്ട്. അദ്ദേഹം തലമുറകൾക്കായി സംഭാവന ചെയ്ത പാലാ സെന്റ് തോമസ് കോളജിനെ തങ്ങളുടെ വിദ്യാഭ്യാസക്കളരിയായി ഉപയോഗിച്ചു കടന്നുപോകുന്നവർക്കും അദ്ദേഹത്തെപ്പറ്റി എന്തൊക്കെ അറിയാം എന്നറിയില്ല. തങ്ങളുടെ മുൻ തലമുറകൾക്ക് മാനസികപ്രകാശമേകിയ സെന്റ് തോമസ് കോളജ്, മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ ഒരു 'ജീവസ്മാരകം' ആണെന്നതല്ലേ വസ്തുത? ബൗദ്ധികമായും വിദ്യാഭ്യാസപരമായും ഇരുട്ടിലായിരുന്ന ഒരു സംസ്കാരത്തെ, കാർഷിക സംസ്കാരം നിലനിർത്തിക്കൊണ്ടുതന്നെ, ആധുനിക ശാസ്ത്രീയ സംസ്കാരത്തിലേക്കു നയിച്ച വയലിൽ പിതാവ് എല്ലാവർക്കും ബൗദ്ധികവും ആത്മീയവുമായ പ്രകാശമേകുന്ന വഴിവിളക്കാണ്.

'നിന്റെ വഴികൾ എത്ര സുന്ദരം' എന്ന ആത്മകഥയിൽ അദ്ദേഹം വിനീതമനസ്കനായി കുറിച്ചു: "ദൈവത്തിന്റെ തൃക്കരങ്ങളിൽ ഞാൻ വെറും ഒരു ഉപകരണം മാത്രമായിരുന്നതേയുള്ളൂ. രൂപതയിൽ എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ എല്ലാ മേന്മകളും സർവ്വശക്തനായ ദൈവത്തിന്റേതാണ്. എന്തെങ്കിലും വീഴ്ചകളോ താഴ്ചകളോ കുറവുകളോ വന്നുപോയിട്ടുണ്ടെങ്കിൽ ഞാൻ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. എനിക്ക് ഈ ലോകത്തിൽ സ്വന്തമായുള്ള നിങ്ങളെ ഞാൻ സ്നേഹിച്ചു. അവസാനം വരെ സ്നേഹിക്കുകയും ചെയ്യും."

മെത്രാൻസ്ഥാനം സ്വീകരിച്ചപ്പോൾ മുദ്രാവാക്യമായി സ്വീകരിച്ചത് 'ദൈവം എന്റെ പ്രകാശമാകുന്നു' (*Dominus illuminatio Mea*) എന്നതായിരുന്നു. 'സാന്ത്വനപ്രകാശമേ എന്നെ നയിച്ചാലും...' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. ആ സാന്ത്വനപ്രകാശത്തിൽ വയലിൽ പിതാവ് നയിക്കപ്പെട്ടു. സ്വന്തം രൂപതാ ബുള്ളറ്റിനു നൽകിയ പേരുതന്നെ 'സാന്ത്വനപ്രകാശം' എന്നായിരുന്നു. അതു വെറും ഒരു ബുള്ളറ്റിനല്ല. പാലാ രൂപതയെ എന്നും നയിക്കേണ്ട പ്രകാശമാണ് - സാന്ത്വനമേകുന്ന പ്രകാശം. ദൈവത്തിന്റെ സഭതന്നെ സാന്ത്വനപ്രകാശമാണല്ലോ.

സഭയിൽ കുറേ വൈദികരും അവരിൽ പരോക്ഷസ്വാധീനം ചെലുത്തുന്ന ചില മെത്രാന്മാരും നിർഭാഗ്യവശാൽ ഭൗതികനേട്ടങ്ങൾക്കും സ്വന്തം വാശി-വൈരാഗ്യങ്ങളുടെ വിജയത്തിനുമായി ഭിന്നസ്വരം ഉയർത്തുമ്പോൾ ഈ സാന്ത്വനപ്രകാശം കുറഞ്ഞ് ക്രമേണ ഇരുൾ പരക്കുന്നുവോ...? അങ്ങനെ സംഭവിക്കാതിരിക്കട്ടെ... ഇരുളകറ്റുന്ന ഈ സാന്ത്വനപ്രകാശത്തിന്റെ പ്രഭ പരന്നൊഴുകട്ടെ എക്കാലവും.

www.malankaralibrary.com

# പ്ലാസിഡച്ചൻ എന്ന വഴികാട്ടി

**ബ**ഹുമുഖ പ്രതിഭയായിരുന്ന ഫാ. പ്ലാസിഡ് പൊടിപാറ സിഎംഐ (1899–1985) സീറോ മലബാർ സഭയ്ക്കു തനതായ വ്യക്തിത്വം സ്ഥാപിച്ചെടുക്കുന്നതിൽ നിർ ണായക പങ്കുവഹിച്ച മഹദ് വ്യക്തിയാണ്. ശിഷ്യർ അദ്ദേഹത്തെപ്പറ്റി എഴുതിയതും പങ്കുവച്ചതുമായ കാര്യങ്ങൾ പ്ലാസിഡ ച്ചൻ എന്ന മനുഷ്യനെ, ഗുരു വിനെ, മഹാനെ, മഹനീയമായി അവതരിപ്പിക്കുന്നു. അവരുടെ വീക്ഷണം ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം ഒരു പണ്ഡിതൻ, സാത്വികൻ, പക്വമതി, ഗവേഷകൻ, സേവനതത്പരൻ, എല്ലാവർ ക്കും പ്രിയങ്കരൻ... അദ്ദേഹത്തെപ്പറ്റിയുള്ള മധുരസ്മരണകളല്ലാതെ മറ്റൊന്നും ശിഷ്യന്മാർ ക്കില്ല. പണ്ഡിതലോകത്തിലും സഭാമണ്ഡലത്തിലും പ്രശോഭിച്ചിരുന്ന ഒരു വിജ്ഞാനജ്യോതിസായിരുന്ന പ്ലാസിഡച്ചനിൽ, പ്രശംസയും പ്രശസ്തിയും ഒട്ടും ഇഷ്ടപ്പെടാതെ അജ്ഞാതനായി കഴിയുവാൻ ശ്രദ്ധിച്ചിട്ടുള്ള ആ മഹാത്മാവിൽ, അദ്ദേഹത്തിന്റെ ശിഷ്യന്മാർ അന്നും ഇന്നും അഭിമാനംകൊള്ളുകയാണ്.



പ്ലാസിഡച്ചന്റെ ശിഷ്യനായിരുന്ന ബഹുമാനപ്പെട്ട റെയ്നോൾഡ്സച്ചൻ ബഹുമാനപ്പെട്ട പ്ലാസിഡച്ചനെപ്പറ്റി മനോഹരമായി എഴുതിയിട്ടുണ്ട്. തങ്ങളെ സമീപിക്കുന്നവരുടെ ഹൃദയങ്ങളിൽ എന്നുമെന്നും തങ്ങിനിൽക്കുന്ന മുദ്ര പതിപ്പിക്കാൻ വശ്യശക്തിയുള്ള ചില വ്യക്തികളെ ചുരുക്കമായിട്ടെങ്കിലും നാം കാണാറുണ്ടല്ലോ. പ്ലാസിഡച്ചന് ഇപ്രകാരമുള്ള ഒരു വശ്യശക്തിയുണ്ടായിരുന്നുവെന്ന് അദ്ദേഹത്തെ അടുത്തറിയുന്നവർക്കൊക്കെ ബോധ്യമായിട്ടുണ്ട്.

www.malankaralibrary.com


പാണ്ഡിത്യത്തിന്റെ പ്രകാശധോരണിയേക്കാൾ നമ്മെ അദ്ദേഹത്തിലേക്ക് ആകർഷിക്കുന്നത് മധുരസുന്ദരമായ അദ്ദേഹത്തിന്റെ വിനയമാണ്. യഥാർത്ഥ പാണ്ഡിത്യത്തിന്റെ കുലമുദ്ര വിനയമാണെന്നു മനസിലാക്കുമ്പോൾ പ്ലാസിഡച്ചന്റെ വിനയത്തിന്റെ അർഥം നമുക്കും സുവിദിതമാകും. തങ്ങളിൽ എളിയവരെയും തങ്ങളോടൊപ്പം കരുതുവാൻ ആഴമുള്ള വിനയത്തിൽനിന്നും ജന്മമെടുക്കുന്ന ഹൃദയവിശാലതയ്ക്കു മാത്രമേ കഴിയൂ. മനുഷ്യനെ മനുഷ്യനായിക്കാണാനുള്ള അനിതരസാധാരണമായ സിദ്ധി പ്ലാസിഡച്ചനുണ്ടായിരുന്നു. എത്ര ഗഹനങ്ങളായ വിഷയങ്ങളെയും പണ്ഡിതനും പാമരനും ഒന്നുപോലെ ഗ്രഹിക്കത്തക്കവിധം അവതരിപ്പിക്കാനുള്ള അസാമാന്യമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

വിഷയത്തിലുള്ള അഗാധമായ വ്യുല്പത്തി, കാര്യവിവേചനശേഷി, അവ വിശദീകരിക്കുന്നതിലെ തെളിമ തുടങ്ങിയവ പ്ലാസിഡച്ചനെ വിജയശ്രീലാളിതനായ പ്രഫസറും ശിഷ്യരുടെ സ്നേഹഭാജനവുമാക്കി. അദ്ദേഹത്തിന്റെ ആഴവും പരപ്പുമാർന്ന അറിവിൽനിന്നും കൊളുത്തപ്പെട്ടത് ഒരായിരം തിരികളല്ല, അതിലേറെയാണെന്ന് തെല്ലും അതിശയോക്തിയില്ലാതെ പറയാവുന്നതാണ്.

കാര്യങ്ങളെ നേരാംവണ്ണം കാണുകയും കാര്യങ്ങൾ യഥായോഗ്യം നിർവഹിക്കുകയും ചെയ്യുന്നതിനുള്ള വഴക്കത്തിനാണല്ലോ സാമാന്യബോധം എന്നു പറയുന്നത്. നർമബോധവും ജ്ഞാനവും കൂടിച്ചേർന്ന അദ്ദേഹത്തിന്റെ സാമാന്യബുദ്ധി ആരുടെയും ശ്രദ്ധയും ആദരവും പിടിച്ചെടുക്കുന്നതായിരുന്നു. ഇതൊക്കെയാണെങ്കിലും അദ്ദേഹത്തിന് പണ്ഡിതഭാവമോ പെരുമാറ്റത്തിൽ പൊങ്ങച്ചമോ തരിപോലും ഉണ്ടായിരുന്നില്ല. മഹാന്മാരുടെ ഭാഷയിൽ പറഞ്ഞാൽ, അറിവിന്റെ ഭാരമൊക്കെയും ഒരു പൂവിനെ കൈയിലെടുക്കുന്ന ലാഘവത്തോടെ അദ്ദേഹം വഹിച്ചു.

ഒരു പണ്ഡിതൻ മാത്രമല്ല പ്ലാസിഡച്ചൻ. അടിസ്ഥാനപരമായി പ്രായോഗികബുദ്ധിയുള്ള ആളായിരുന്നു അദ്ദേഹം. വിവിധ സ്രോതസുകളിലൂടെ അറിവ് ഒരുവനിലേക്ക് ഒഴുകിവരുന്നു. കുറെയേറെ അറിവുകൾ വിസ്മൃതിയിലാകുന്നു. എന്നാൽ, അറിവു തരുന്ന ജ്ഞാനം തങ്ങിനിൽക്കുന്നു എന്നൊരു ചൊല്ലുണ്ട്. പ്ലാസിഡച്ചനിൽ എല്ലാം തങ്ങിനിന്നു. അദ്ദേഹത്തിന്റെ പ്രശസ്തമായ '*The Church and the Pope*' എന്ന ഗ്രന്ഥം പ്രശാന്തവും ജ്ഞാനപൂർണവും ഏകാഗ്രവുമായ വാദമുഖങ്ങൾക്കു ദൃഷ്ടാന്തമാണ്. സഭാ വിജ്ഞാനീയത്തിലെ ഒരു ക്ലാസിക്കാണ് ഈ ഗ്രന്ഥം. മതപരമായ ആശയങ്ങൾ

www.malankaralibrary.com


ക്കു പ്രതിവിധി തേടി പലരും അദ്ദേഹത്തെ സമീപിച്ചിരുന്നു. കലങ്ങി മറിഞ്ഞ മനസ്സോടെ അദ്ദേഹത്തെ സമീപിച്ചവർ ശാന്തമനസ്കരായിട്ടാണ് അദ്ദേഹത്തിന്റെ പക്കൽനിന്നു മടങ്ങിയത്.

മിഴിവുറ്റ സേവനമാണ് ഒരധ്യാപകനെന്ന നിലയിൽ അദ്ദേഹം സമൂഹത്തിനു കാഴ്ചവച്ചത്. പ്ലാസിഡച്ചന്റെ ശിഷ്യനാണെന്നു പറയുന്നതിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അഭിമാനംകൊണ്ടിരുന്നു. ഗമാലിയേലിന്റെ ശിഷ്യനാണു താനെന്നു പറഞ്ഞ പൗലോസിനെപ്പോലെയാണ് പ്ലാസിഡച്ചന്റെ ശിഷ്യന്മാരും. എത്ര പ്രയാസമുള്ള വിഷയങ്ങളായിരുന്നാലും അവ ലളിതമായും സുഗമമായും കൈകാര്യം ചെയ്യാൻ ഒരു പ്രത്യക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഈ കഴിവാണ് അദ്ദേഹത്തെ അത്യുത്തമനായ അധ്യാപകനാക്കിയത്.

അദ്ദേഹത്തിന്റെ മുഖം എപ്പോഴും തെളിമയുള്ള ആകാശംപോലെയായിരുന്നു. ക്ഷോഭത്തിന്റെ കാർമേഘമൊന്നും അങ്ങോട്ട് എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ഏതു ചുറ്റുപാടും നർമരസത്തോടെ ദർശിക്കാനുള്ള രസികത്വം അദ്ദേഹത്തിന്റെ കൂടെപ്പിറപ്പായിരുന്നു.

സ്വതവേ വാചാലനല്ലാത്ത അദ്ദേഹം സ്വയം മറന്നു വാചാലനാകുന്ന ഏക സന്ദർഭം തിരുസഭ, മാർപാപ്പയുടെ അധികാരം, കിഴക്കൻ സഭകളും ആരാധനക്രമങ്ങളും തുടങ്ങിയ വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോഴാണ്. ഭക്തിപ്രകടനങ്ങൾ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ അംശമേ ആയിരുന്നില്ല.

റോമിൽ പഠിച്ച അദ്ദേഹത്തിന്റെ ഹൃദയം പാവനമായ ആ നഗരത്തിൽ വച്ചിട്ടാണ് പോന്നതെന്നും വീണ്ടും റോമിനു പോകാനുള്ള ഭാഗ്യമുണ്ടാകുമെന്നും പത്രോസിന്റെ പാദത്തിങ്കൽ അന്ത്യവിശ്രമം കൊള്ളാനാണ് തന്റെ ആഗ്രഹമെന്നും പഠനശേഷം നാട്ടിലെത്തിയ അദ്ദേഹം പറയാറുണ്ടായിരുന്നതായി ശിഷ്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അത്രയ്ക്കും ആഴമേറിയതായിരുന്നു തിരുസഭയോടും പത്രോസിനോടും പിൻഗാമികളോടും അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി. പക്ഷേ, ആ ആഗ്രഹം അവസാനകാലത്ത് സാധിതമായില്ല. രോഗിയും അവശനുമായപ്പോൾ, റോം കഴിഞ്ഞാൽ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായ ചെത്തിപ്പുഴയിലേക്ക്, സിഎംഐ സഭാധികാരികൾ, അദ്ദേഹത്തെ കൊണ്ടുപോന്നു. അതും ദൈവഹിതത്തിന്റെ, ദൈവപരിപാലനയുടെ, ഭാഗമായിരുന്നെന്നു കരുതാം. സീറോ മലബാർ സഭയുടെ പിതാവെന്ന് അഭിവന്ദ്യ പവ്വത്തിൽ

www.malankaralibrary.com


പിതാവ് വിശേഷിപ്പിച്ച ആ സഭാപിതാവ് ചങ്ങനാശേരിയിൽത്തന്നെ അന്ത്യവിശ്രമം കൊള്ളണമെന്നതായിരുന്നു ദൈവതിരുമനസ്. എന്തുകൊണ്ടും സഭാപിതാക്കന്മാരുടെ നിരയിലേക്കു കടന്നുവരാൻ അദ്ദേഹം യോഗ്യനാണ്, വിശുദ്ധികൊണ്ടും വിജ്ഞാനംകൊണ്ടും.

പ്ലാസിഡച്ചന്റെ വത്സലശിഷ്യരിൽ ഒരാളായിരുന്ന ബഹുമാനപ്പെട്ട റെയിനോൾഡ്സ് അച്ചൻ, പ്ലാസിഡ് സപ്തതിയുടെ അവസരത്തിൽ ഇങ്ങനെ എഴുതി: 'നിശബ്ദമായി സഭാസേവനം അനുഷ്ഠിച്ചിട്ടുള്ള ആളാണ് ബഹുമാനപ്പെട്ട പ്ലാസിഡച്ചൻ. സേവനത്തിന്റെ ആഴവും പരപ്പും ഇന്നു ശബ്ദരഹിതമായ രേഖകളിൽ ഒതുങ്ങിക്കിടക്കുക യാണ്. അപ്രശസ്തനായി കഴിയാനാഗ്രഹിക്കുന്ന അദ്ദേഹത്തിന് ഇതിൽ തെല്ലും അസന്തുഷ്ടിയില്ല. ജീവിക്കുന്ന യാഥാർഥ്യമാണ ല്ലോ ചരിത്രം. ചരിത്രത്തിന്റെ കാഹളധ്വനി മുഴങ്ങുന്ന നാളിൽ ഇന്നുറങ്ങിക്കിടക്കുന്ന പ്രമാണരേഖകൾ ഉണർന്ന് അദ്ദേഹത്തിന്റെ സഭാസേവനങ്ങൾക്കു സാക്ഷ്യംവഹിച്ചുകൊള്ളും.'

സന്ന്യാസജീവിത പരിശീലനകാലത്തെ കഠിനവും എന്നാൽ മനു ഷ്യത്വപൂർണവുമായ ആധ്യാത്മിക അച്ചടക്കം പ്ലാസിഡച്ചനിൽ ഒരു സുവർണ സ്വഭാവം രൂപപ്പെടുത്തി. ലോകത്തിന്റെ തീക്ഷ്ണമായ ഉലയിലല്ല ആധ്യാത്മിക ഏകാന്തതയുടെ ദിവ്യമായ പർണശാലയി ലാണ് അദ്ദേഹത്തിന്റെ താലന്തുകളും സ്വഭാവവും വളർച്ച പ്രാപി ച്ചത്. ഈ സ്വഭാവമാണ് സഹജീവികളുടെ ദോഷത്തങ്ങളെക്കുറിച്ച് ദയാപൂർണമായ സഹിഷ്ണുത പുലർത്താൻ അദ്ദേഹത്തിനു കെല്പേകിയത്, വേദനകളും ദുരിതവുമനുഭവിക്കുന്ന എല്ലാവർക്കും അനുകമ്പാപൂർണമായ സേവനം നൽകാൻ അദ്ദേഹത്തെ പ്രാപ്ത നാക്കിയത്, ആഗോളസഭയിലെ ഉന്നതരുമായി പൗരസ്ത്യസഭകളെ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള യോഗ്യത നേടിക്കൊ ടുത്തത്. പൊതുജനശ്രദ്ധയിൽനിന്നും തസ്തികകളിൽനിന്നും പദവി കളിൽനിന്നും ആഡംബരങ്ങളിൽനിന്നും അദ്ദേഹം അകന്നുനിന്നു.

പുണ്യചരിതനായ മതപണ്ഡിതനാണദ്ദേഹം; അതേസമയം വിനീത നായ അവധൂതനും. ഒളിഞ്ഞിരിക്കുന്ന ഈ മഹത്വമാകാം അദ്ദേ ഹത്തെ നിത്യനഗരത്തിലേക്കു വിളിക്കാനും പൗരസ്ത്യ തിരുസംഘ ത്തിന്റെ കൺസൾട്ടന്റാക്കാനും റോമിനെ പ്രേരിപ്പിച്ചത്. അങ്ങനെ 'പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായി. അതു കർത്താ വിന്റെ ചെയ്തിയായിരുന്നു. അതു നമ്മുടെ കണ്ണുകൾക്കു വിസ്മയ മാകുന്നു.'

മലബാർ സഭയുടെ മഹാനായ ചരിത്രകാരൻ എന്നു പ്ലാസിഡച്ചനെ

www.malankaralibrary.com


വിശേഷിപ്പിക്കാറുണ്ട്. പൂർവകാലത്തിന്റെ കനത്ത ഇരുളിലേക്കുള്ള അദ്ദേഹത്തിന്റെ അന്വേഷണം നമ്മുടെ പുരാതനസഭയിലെ ആദിമ കാല ആചാരങ്ങളിലേക്കും പാരമ്പര്യങ്ങളിലേക്കും വെളിച്ചം വീഴ്ത്തി. നമ്മുടെ ആരാധനക്രമത്തിന്റെ അടിക്കല്ലുകൾ അദ്ദേഹം അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്തു. 'ക്രിസ്തുവിന്റെ രഹസ്യവും സത്യസഭയുടെ യഥാർഥ സ്വഭാവവും സ്വന്തം ജീവിതത്തിലും മറ്റുള്ളവരുടെ മുമ്പാകെയും പ്രകടമാക്കാൻ വിശ്വാസികൾക്കുള്ള പ്രധാന ഉപാധിയാണ് ആരാധനക്രമം' എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു.

ആരാധനക്രമ നവീകരണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ മാനസിക ചക്രവാളത്തിൽ മിന്നുന്ന നക്ഷത്രമാണ് ഫാ. പ്ലാസിഡ് സിഎംഐ. സീറോ മലബാർ ആരാധനക്രമ നവീകരണത്തിന്റെ പ്രണേതാവ് അദ്ദേഹമാണെന്നതിൽ സംശയമില്ല. ഒരുപിടി തത്പര കക്ഷികളുടെ കൈവേലയാലുണ്ടായ ഭീമഹർജിയും എതിർപ്പും മറികടന്ന് സീറോ മലബാർ സഭയ്ക്ക് ആ വലിയ സേവനം ചെയ്തതിന് സഭ അദ്ദേഹത്തോടു നന്ദി പുലർത്തേണ്ടതാണ്.

സീറോ മലബാർ സഭയുടെ ആരാധനക്രമ നവീകരണത്തിന്റെ ആണിക്കല്ല് ബഹുമാനപ്പെട്ട പ്ലാസിഡച്ചനാണെങ്കിൽ അദ്ദേഹം തന്റെ സഭാ സ്ഥാപകനായ വിശുദ്ധ പിതാവിന്റെ വിശ്വസ്ത മകനും അനുഗാമിയുമെന്ന നിലയിൽ ഒരു ചരിത്രദൗത്യം പൂർത്തിയാക്കുക കൂടിയാണ് ചെയ്തതെന്നു പറയാതിരിക്കാനാവില്ല. വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് തന്റെ കാലഘട്ടത്തിലെ തുലോം പരിമിതമായ സാഹചര്യങ്ങളിൽ ആരാധനക്രമ പരിഷ്കാരത്തിനു ശ്രമിക്കുകയും സുറിയാനി സഭയുടെ പൈതൃകത്തെപ്പറ്റി സഭാതനയരെ ബോധവാന്മാരാക്കാൻ ഏറെ പരിശ്രമിക്കുകയും ചെയ്തു. ചാവറപ്പിതാവിന്റെ ആ ദൗത്യപൂർത്തീകരണത്തിന് ദൈവം തെരഞ്ഞെടുത്ത കരങ്ങളായിരുന്നു പ്ലാസിഡച്ചന്റേത്.

ബഹുമാനപ്പെട്ട പ്ലാസിഡച്ചന് റോമിൽ പഠിക്കാൻ അവസരം ലഭിച്ചതും വത്തിക്കാൻ ലൈബ്രറിയിലെ പുരാതനരേഖകളുമായി പരിചയപ്പെടാൻ സാധിച്ചതും ഇതര കിഴക്കൻസഭകളുമായി അടുത്തു ബന്ധപ്പെടാൻ സാധിച്ചതുമൊക്കെ അദ്ദേഹത്തിനു ലഭിച്ച സുവർണാവസരങ്ങളായിരുന്നു.

ചാവറപ്പിതാവിന്റെ കാലത്ത് സ്വപ്നം കാണാൻപോലും സാധിക്കാത്ത കാര്യങ്ങളായിരുന്നു ഇതെല്ലാം. ദൈവപരിപാലനയിൽ തനിക്കു കിട്ടിയ ഓരോ അവസരവും ഓരോ നിമിഷവും വാഴ്ത്ത

www.malankaralibrary.com


പ്പെട്ട ചാവറപ്പിതാവ് തുടങ്ങിവച്ച ആരാധനക്രമ പരിഷ്കരണത്തിനായി പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും റോമിലെ തന്റെ സ്വാധീനം ഉപയോഗിച്ച് കാര്യങ്ങൾ നേടിയെടുക്കുന്നതിനുമായി യത്നിച്ചതിന്റെ ഗുണഫലങ്ങളാണ് ആരാധനക്രമ പരിഷ്കരണ നേട്ടങ്ങളിലൂടെ നാമിന്ന് അനുഭവിക്കുന്നത്. ചാവറപ്പിതാവ് തന്റെ ഈ പ്രിയ പുത്രനിൽ ഏറെ അഭിമാനിക്കുന്നുണ്ടാവും, തീർച്ച. തിരുസഭയോടുള്ള വിധേയത്വവും പൗരസ്ത്യ പാരമ്പര്യത്തിലുള്ള അഭിമാനവും രണ്ടുപേരിലും തിളങ്ങിനിന്ന സഭാത്മക വിശേഷഗുണങ്ങളാണ്.

സീറോ മലങ്കരസഭയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും കാര്യമെടുത്താൽ അവിടെയും ഫാ. പ്ലാസിഡ് വിലമതിക്കപ്പെടേണ്ട വ്യക്തിയാണ്. അവരെ സംബന്ധിച്ചിടത്തോളം അദ്ദേഹം ആരായിരുന്നുവെന്ന് അവരുടെ ചരിത്രം പഠിക്കുന്ന ആർക്കും അറിയാം. പുനരൈക്യത്തിന്റെ തുടക്കം മുതൽ അവരുടെ ബിഷപ്പുമാരുടെ ഉപദേഷ്ടാവും പരിശുദ്ധ സിംഹാസനം അവർക്കുവേണ്ടി നിയോഗിച്ച അപ്പസ്തോലിക വിസിറ്ററുമായിരുന്നു അദ്ദേഹം. മലങ്കര സഭയുടെ കാനൻ നിയമം ക്രോഡീകരിച്ചത് അദ്ദേഹമാണ്. മാർ ഈവാനിയോസിന്റെയും മാർ സേവേറിയോസിന്റെയും ഉറ്റ സുഹൃത്തായിരുന്നു ഫാ. പ്ലാസിഡ്.

വേഷവിധാനത്തിലെ ലാളിത്യവും പെരുമാറ്റത്തിലെ എളിമയും ദൈവത്തിന്റെയും ജനങ്ങളുടെയും ഈ വലിയ മനുഷ്യനെ അലങ്കരിക്കുന്നു. ശിരസ് മേഘങ്ങളിലുരുമ്മി നിൽക്കുമ്പോഴും തന്റെ കാലുകൾ മണ്ണിലാണെന്ന് അദ്ദേഹം ഉറപ്പാക്കുന്നു. സമ്പന്നരും ദരിദ്രരും ചെറുപ്പക്കാരും വൃദ്ധരും പണ്ഡിതരും അജ്ഞരുമെല്ലാം അദ്ദേഹത്തിന്റെ സ്നേഹിതരായിരുന്നു. ആർക്കും എപ്പോൾ വേണമെങ്കിലും അദ്ദേഹത്തെ സമീപിക്കാമായിരുന്നു, ഏതാവശ്യത്തിനും. പ്രജ്ഞയിൽ പിന്നാക്കമായവർ അദ്ദേഹത്തിൽനിന്നു കൂടുതൽ അനുകമ്പയും ശ്രദ്ധയും നേടി. ദരിദ്രരുടെയും ആദിവാസികളുടെയുമൊക്കെ ഭാഷകൾ ഹൃദിസ്ഥമാക്കുകയും അവരുമായി അവരുടെ ഭാഷയിൽ സംസാരിക്കുകയും ചെയ്തു ഈ ബുദ്ധിജീവി.


പ്രഭാതത്തിന്റെ കൃത്യനിഷ്ഠയും രാത്രിയുടെ പ്രശാന്തതയും ശിശുവിന്റെ നൈർമല്യവും കുരുവിയുടെ നിരുപദ്രവശീലവും കണ്ണാടിയുടെ സുതാര്യതയും ശോശന്നപ്പൂവിന്റെ മിതത്വവും പകൽവെളിച്ചത്തിന്റെ പ്രസന്നതയും അദ്ദേഹത്തിൽ സമ്മേളിക്കുന്നു. ആധുനിക സീറോ മലബാർ സഭയുടെ പിതാവായ ആ പ്രഗത്ഭ വ്യക്തിത്വത്തിനു മുൻപിൽ നമുക്കു ശിരസ്സു നമിക്കാം.

www.malankaralibrary.com

# കാലം കെടുത്താത്ത തീപ്പന്തം

*(അടിയന്തരാവസ്ഥക്കാലത്ത് ദീപിക പത്രാധിപരായിരുന്ന ഫാ. കൊളംബിയർ കയത്തിൻകര സിഎംഐയെപ്പറ്റിയുള്ള അനുസ്മരണം)*

ഇന്ത്യൻ പത്രമാധ്യമരംഗത്ത് ധീരതയുടെയും ആദർശത്തിന്റെയും പര്യായമായി വളർന്ന ഫാ. കൊളംബിയർ കയത്തിൻകര സിഎംഐയെ ചരിത്രപുരുഷൻ എന്നു വിശേഷിപ്പിക്കുന്നതിൽ അതിശയോക്തിയില്ല. പൗരാവകാശത്തിനും ജനാധിപത്യത്തിനും മാധ്യമസ്വാതന്ത്ര്യത്തിനും വിലങ്ങുകൾ വീണ അടിയന്തരാവസ്ഥയുടെ ഇരുണ്ടദിനങ്ങളിൽ ദീപികയുടെ എഡിറ്റോറിയൽ കോളം ശൂന്യമായിട്ടു പ്രതിഷേധിക്കാൻ പ്രധാന എഡിറ്റർമാർ തുനിഞ്ഞപ്പോൾ അവർക്കു പിന്തുണ നൽകിയ കൊളംബിയറച്ചൻ അന്നത്തെ തലമുറയുടെ മനസിൽ ഇന്നും ജീവിക്കുന്നുണ്ട്. 1948 മുതൽ 1952 വരെ തേവര എസ്.എച്ച് കോളജിൽ പൗരസ്ത്യഭാഷാ വിഭാഗം അധ്യാപകൻ, കുടുംബദീപം, കർമല കുസുമം മാസികകളുടെ എഡിറ്റർ, പാലാ സെന്റ് വിൻസെന്റ് സ്കൂൾ സ്ഥാപകൻ തുടങ്ങിയ നിലകളിൽ സേവനമനുഷ്ഠിച്ച കൊളംബിയറച്ചൻ 1964 -ലാണ് ദീപികയുടെ സാരഥ്യം ഏറ്റെടുത്തത്. പ്രഗത്ഭനും നിർഭയനുമായ പത്രാധിപർ, പതിറ്റാണ്ടിലേറെ കേരളരാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ തിരിച്ച തന്ത്രശാലി തുടങ്ങിയ നിലകളിൽ പത്രപ്രവർത്തന-രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ കർമനിരതനായിരുന്നു കൊളംബിയറച്ചൻ.



ഭരണാധിപരുടെ ഭീഷണികൾക്കും താക്കീതുകൾക്കും കീഴടങ്ങാനാ

www.malankaralibrary.com


വാത്തവിധം ശക്തമായിരുന്നു ധാർമികതയിലും മാനുഷികതയിലും ഊന്നിയ ആ വ്യക്തിത്വം. പ്രഗത്ഭനായ പത്രാധിപരായിരിക്കെത്തന്നെ സിഎംഐ സഭയുടെ സർവതോമുഖമായ പ്രവർത്തന മണ്ഡലങ്ങളിൽ അസാമാന്യമായ പ്രാപ്തിയും സിദ്ധിയും അച്ചൻ പ്രകടിപ്പിച്ചിരുന്നു. സിഎംഐ സഭയുടെ ജനറൽ ചാപ്റ്ററുകളിൽ വളരെ ചെറുപ്പത്തിൽതന്നെ പങ്കെടുക്കാൻ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിരുന്നുവെന്നത് അദ്ദേഹത്തിന്റെ അസാമാന്യമായ കഴിവിനും ദീർഘവീക്ഷണത്തിനും സഭ നൽകിയ അംഗീകാരമായിരുന്നു.

സ്വന്തം വിശ്വാസപ്രമാണങ്ങളിലും ആദർശങ്ങളിലും അണുവിട വ്യതിചലിക്കാതിരുന്ന ഈ വന്ദ്യപുരോഹിതനെതിരേ രാഷ്ട്രീയ കേരളം ഉയർത്തിയ വിമർശനക്കൊടുങ്കാറ്റുകളെ ഏറ്റുമുട്ടലിന്റെ ഭാഷയിലല്ല, മറിച്ച് ഗാംഭീര്യമാർന്ന പുഞ്ചിരികൊണ്ടാണ് അദ്ദേഹം നേരിട്ടത്. സ്വതന്ത്രമായ വീക്ഷണവും പദ്ധതിയും എല്ലാക്കാര്യങ്ങളിലും ഉണ്ടായിരുന്നെങ്കിലും സഭാ മേലധികാരികളുടെ നിർദേശങ്ങളോട് അപ്പാടെ വിധേയപ്പെടാൻ സമുന്നതമായ പത്രാധിപരായിരിക്കെത്തന്നെയും അദ്ദേഹത്തിന് യാതൊരു വൈമനസ്യവുമുണ്ടായിരുന്നില്ല.

ദീപികയെ ഔന്നത്യത്തിന്റെ പടവുകളിലേക്കു നയിച്ച്, കേരളത്തിന്റെ രാഷ്ട്രീയ, ആധ്യാത്മിക, സംസ്കാരിക രംഗങ്ങളിൽ പ്രതിഭാശാലിയായ പത്രാധിപരെന്ന് അറിയപ്പെടുമ്പോഴും ലാളിത്യത്തിന്റെ ആൾരൂപമായിരുന്നു കൊളംബിയറച്ചൻ. ദീപിക പത്രാധിപർ, സിഎംഐ പ്രൊവിൻഷ്യൽ കൗൺസിലർ, മാന്നാനം, പാലാ, ആശ്രമാധിപൻ തുടങ്ങിയ പദവികൾ വഹിച്ച കാലങ്ങളിലൊക്കെ ലൈൻ ബസുകളിലെ സാധാരണ യാത്രക്കാരനായിരുന്നു അദ്ദേഹം. ദീപിക പത്രാധിപരായിരുന്ന കൊളംബിയറച്ചൻ വ്യക്തിപരമായ യാത്രകളിൽ ഔദ്യോഗിക വാഹനം ഉപയോഗിക്കാതെ കെഎസ്ആർടിസി ബസ് കാത്ത് ക്ഷമയോടെ ബേക്കർ ജംഗ്ഷനിൽ നിൽക്കുന്ന കാഴ്ച അന്ന് അധികമാരും ശ്രദ്ധിച്ചിട്ടുണ്ടാവില്ല.

കൊളംബിയറച്ചനെ അടുത്തറിഞ്ഞിട്ടുള്ളവർക്കെല്ലാം അദ്ദേഹവുമായി ബന്ധപ്പെട്ട അനുഭവങ്ങളും സംഭവങ്ങളും പറയാനുണ്ടാവും. ജനഹൃദയങ്ങളിൽ അത്രയേറെ ചിരപ്രതിഷ്ഠ നേടിയ മഹത് വ്യക്തിത്വമായിരുന്നു ഈ പാലാക്കാരന്റേത്. അസാമാന്യ വ്യക്തിത്വത്തിന്റെയും നീതിനിഷ്ഠമായ രാഷ്ട്രീയചിന്തകളുടെയും ഉടമയായിരുന്നു ഫാ. കൊളംബിയർ കയത്തിൻകര. ഒന്നര പതിറ്റാണ്ട് കേരളത്തിന്റെ രാഷ്ട്രീയ, സാമുദായിക, ഭരണനയങ്ങളെ അദൃശ്യമായ ഒരു ശക്തിയെപ്പോലെ നിയന്ത്രിച്ചുവെന്നതിന് ചരിത്രം സാക്ഷി.

www.malankaralibrary.com


സിഎംഐ സഭയുടെ എക്കാലത്തെയും പ്രഗത്ഭ സന്തതികളിലൊരാളും സഭയുടെ സർവതോമുഖ വളർച്ചയ്ക്ക് ദിശാബോധം പകർന്ന ദാർശകനികനുമായിരുന്നു അച്ചൻ. ദീർഘകായനായ അച്ചന്റെ മുഖത്തെ തേജസും ആകർഷണീയ വ്യക്തിത്വവും ശാന്തമെങ്കിലും ദൃഢമായ സംഭാഷണശൈലിയും അദ്ദേഹത്തെ അറിയുന്നവരുടെ മനസുകളിലെ മായാത്ത മുദ്രയാണ്. ആശയപരമായി വിയോജിപ്പുണ്ടായിരുന്നവർക്കും അദ്ദേഹം ആരാധ്യനും ബഹുമാന്യനുമായിരുന്നു. അന്ന് ദീപിക മുടങ്ങാതെ വായിക്കാത്ത ഒരു രാഷ്ട്രീയനേതാവും കേരളത്തിലുണ്ടായിരുന്നില്ല.

1964-ൽ ആഭ്യന്തരമന്ത്രി പി.ടി. ചാക്കോയുടെ മരണവും കേരള കോൺഗ്രസിന്റെ സ്ഥാപനവും ശങ്കർ മന്ത്രിസഭയുടെ പതനവും ഒക്കെച്ചേർന്ന സംഭവബഹുലമായ ഒരു രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ഫാ. കൊളംബിയർ ദീപികയുടെ സാരഥ്യം ഏറ്റെടുക്കുന്നത്. ചുരുങ്ങിയ കാലത്തിനുള്ളിൽ കേരള രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്ന ചാലകശക്തിയായി ദീപികയും ദീപിക പത്ര ഓഫീസും മാറി. അച്ചന്റെ മുന്നിൽ കരം കൂപ്പാത്ത ഒരു രാഷ്ട്രീയ നേതാവും മന്ത്രിയും അന്ന് ഈ സംസ്ഥാനത്തെ ഒരു മുന്നണിയിലും ഉണ്ടായിരുന്നില്ല.

കത്തോലിക്കാ സഭയുടെ ശക്തിസ്രോതസും അവകാശസംരക്ഷണ പോരാളിയുമായി ദീപിക ഒന്നാം നിരയിൽ തിളങ്ങി. മലബാറിലും ഇടുക്കിയിലും നടന്ന കുടിയിറക്കുനീക്കങ്ങളിൽ ദീപിക കർഷകന്റെ അവകാശപ്പോരാളിയായി നിലകൊണ്ടു. കർഷകാവകാശ സംരക്ഷണം കൊളംബിയറച്ചന്റെ തീവ്രവികാരമായിരുന്നു.

അടിയന്തരാവസ്ഥയിൽ ദേശീയ ദിനപത്രങ്ങൾ പോലും കാണിക്കാത്ത ധീരത പുലർത്തിയ കൊളംബിയറച്ചനെ, പിന്നീട് കേരളത്തിലെത്തിയ ഇന്ദിരാഗാന്ധി കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ, ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കുന്ന പ്രധാനമന്ത്രിയെ കാണാനാഗ്രഹിക്കുന്നില്ലെന്നു പറയുകയും അച്ചനെ അറസ്റ്റ് ചെയ്യുന്ന സാഹചര്യത്തിലേക്കു വരെ കാര്യങ്ങൾ എത്തുകയും ചെയ്തു. ഒട്ടേറെ ദേശീയനേതാക്കൾ ജയിലിൽ കിടക്കുന്ന അന്നത്തെ സാഹചര്യത്തിൽ അച്ചന്റെ മറുപടിയെ ധീരമെന്നല്ല, സാഹസികമെന്നാണു വിശേഷിപ്പിക്കേണ്ടത്.

എന്നാൽ, ഏതാനും മാസങ്ങൾക്കുള്ളിൽ കേന്ദ്രസർക്കാരുമായുള്ള ബന്ധത്തിൽ കാര്യമായ മാറ്റം വന്നു. പിന്നീട് 1976 ഫെബ്രുവരി

www.malankaralibrary.com


യിൽ പാലായിൽ നടന്ന ദീപിക ബാലസഖ്യത്തിന്റെ ലക്ഷം പുഷ്പ മേളയിൽ ഇന്ദിരാഗാന്ധി മുഖ്യാതിഥിയായി പങ്കെടുത്തു പ്രശംസ ചൊരിഞ്ഞത് ദീപികയ്ക്കും കൊളംബിയറച്ചനുമുള്ള അംഗീകാര മായിരുന്നു.

കേരള പത്രമുടമാസംഘം പ്രസിഡന്റ്, മാധ്യമങ്ങൾക്കുവേണ്ടിയുള്ള സിബിസിഐയുടെ എപ്പിസ്കോപ്പൽ സെക്രട്ടറി, സംസ്ഥാന സർ ക്കാരിന്റെ പ്രസ് അഡ്വൈസറി കമ്മിറ്റിയംഗം, വാഴ്ത്തപ്പെട്ട അൽ ഫോൻസാമ്മയുടെ നാമകരണ നടപടി കമ്മീഷൻ അംഗം തുടങ്ങിയ പദവികളും അച്ചൻ വഹിച്ചിട്ടുണ്ട്. പത്രപ്രവർത്തനത്തിലെ മികവിന് കേസരി അവാർഡ്, കെസിബിസി അവാർഡ്, കേരള സഭാതാരം അവാർഡ് തുടങ്ങിയ ബഹുമതികൾക്കും അദ്ദേഹം അർഹനായി. ദീപിക തൃശൂർ എഡിഷനു തുടക്കംകുറിച്ചത് ബഹുമാനപ്പെട്ട അച്ച നാണ്.

കേരള മാധ്യമരംഗത്ത് ബഹുമുഖപ്രതിഭ എന്ന അംഗീകാരത്തിനും വിശേഷണത്തിനും അദ്ദേഹം അർഹനായി.

ജന്മംകൊണ്ട് ആരും മഹത്തുക്കളാകുന്നില്ല. കർമവീഥിയിലെ ധർമ ബോധവും ധീരോദാത്തമായ നന്മബോധവുമാണ് ഒരു വ്യക്തിത്വ ത്തിന്റെ ശ്രേഷ്ഠതയുടെ അളവുകോൽ. ഇരുണ്ട വഴികളിൽ വെളിച്ച മുണ്ടാകാൻ പാതയിൽ തീയിടുകയല്ല ദൈവം ചെയ്യുന്നത്. ഊതി ക്കെടുത്തില്ലെന്ന് ഉറപ്പുള്ളവന്റെ കൈയിൽ, ചീറിയടിക്കുന്ന കാറ്റിലും കെടാതെ കാക്കുമെന്ന് ഉറപ്പുള്ളവന്റെ കൈയിൽ, ഒരു പന്തം കത്തി ച്ചു കൊടുക്കുകയാണു ദൈവം ചെയ്യുന്നത്.

എല്ലാവരുടെ കൈയിലും പന്തം കത്തിയാൽ കാലത്തിനുതന്നെ തീ പിടിക്കുമെന്നറിയുന്ന ദൈവം, തെരഞ്ഞെടുക്കുന്നവരെ മാത്രമാണ് തീപ്പന്തമാക്കുന്നത്. ദൈവം തീപ്പന്തമാക്കുന്നവരെ പ്രവാചകർ എ ന്നാണു വിളിച്ചിരുന്നത്. കാലമെത്ര കഴിഞ്ഞാലും നന്മയുള്ള മനസ്സു കളിൽ ഈ വഴികാട്ടികളായ പന്തങ്ങളുടെ ഓർമകൾ, വെളിച്ച ത്തിന്റെ സ്ഫുലിംഗങ്ങൾ പടർത്തും. ആ വഴികാട്ടികളെപ്പറ്റിയുള്ള ഓർമകൾ സുമനസ്സുകൾക്ക് വഴിദീപങ്ങളാകും. ഇരുട്ടു കട്ടപിടിച്ച ഒരുകാലത്ത്, കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാ സ, പത്രപ്രവർത്തക മണ്ഡലങ്ങളിൽ ഒരു തീപ്പന്തമാകാൻ ദൈവം വിളിച്ച പ്രവാചകധീരതയുടെ ഉടമയായിരുന്നു ബഹു. കൊളംബി യർ കയത്തിൻകര അച്ചൻ.

www.malankaralibrary.com

# ഫാ. ബ്രിട്ടോ – ഒരു സ്നേഹാനുസ്മരണം

ദീർഘകാലം ബഹു. ബ്രിട്ടോച്ചൻ എന്റെ ഗുരുഭുതനായിരുന്നു. സ്നേഹവും വാത്സല്യവുമുള്ള പണ്ഡിതനായ ഗുരുഭൂതൻ. തത്വ



ശാസ്ത്രവും ദൈവശാസ്ത്രവുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന വിഷയങ്ങളെങ്കിലും ആകാശത്തിനു കീഴിലുള്ള ഏതു വിഷയത്തെപ്പറ്റിയും ആധികാരികമായി ക്ലാസെടുക്കാൻ കഴിവുള്ള, എല്ലാക്കാര്യങ്ങളെപ്പറ്റിയും കുറച്ചെങ്കിലും അറിവു നേടിയിട്ടുള്ള, ആ അറിവിനെ രാകിമിനുക്കി സൂക്ഷിച്ച ഒരു ബഹുമുഖപ്രതിഭയായിരുന്നു ഫാ. ജോൺ ബ്രിട്ടോ ചെത്തിമറ്റം സിഎംഐ.

ദൈവശാസ്ത്രവും തത്വശാസ്ത്രവും അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. ജർമൻ, ഫ്രഞ്ച് തുടങ്ങിയ യൂറോപ്യൻ ഭാഷകളുടെ അടിസ്ഥാനപാഠങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷും മലയാളവും പഠിപ്പിച്ചിട്ടുണ്ട്. സ്വതവേ വിരസത തോന്നാവുന്ന തത്വശാസ്ത്ര -ദൈവശാസ്ത്ര വിഷയങ്ങൾ പ്രധാന കൈമുതലായുള്ള വ്യക്തിയായിരുന്നെങ്കിലും നല്ലൊരു മലയാള അധ്യാപകൻകൂടിയായിരുന്നു അദ്ദേഹം എന്നു കേൾക്കുമ്പോൾ ചിലർക്കൊക്കെ അതൊരദ്ഭുതമായി തോന്നിയേക്കാം. അദ്ദേഹത്തിന്റെ മലയാളം ക്ലാസുകളും അദ്ദേഹം നൽകിയ പ്രോത്സാഹനവും പിൽക്കാലത്ത് എന്റെ പത്രപ്രവർത്തന ജീവിതത്തിന് ഏറെ പ്രചോദനമായിട്ടുണ്ടെന്ന കാര്യം നന്ദിയോടെയാണ് എന്നും ഓർക്കുക.

ബഹുമുഖപ്രതിഭയായിരുന്ന ബ്രിട്ടോച്ചൻ ചരിത്രത്തിൽ അറിയപ്പെടുക ശിഷ്യവത്സലനായിരുന്ന പ്രഗത്ഭനായ ഒരു അധ്യാപകൻ എന്ന

www.malankaralibrary.com


നിലയിലായിരിക്കും. ഏതാണ്ട് 40 വർഷം നീണ്ടുനിന്ന അദ്ദേഹത്തിന്റെ അധ്യാപനസപര്യയുടെ പ്രധാന തട്ടകം ബെംഗളൂരു ധർമാരാം കോളജ് ആയിരുന്നെങ്കിലും, ഒട്ടും അപ്രധാനമല്ലാത്ത ഒരു തട്ടകമായിരുന്നു ന്യൂയോർക്കിലെ പ്രശസ്തമായ ഫോർഡാം യൂണിവേഴ്സിറ്റിയും. അദ്ദേഹത്തിന്റെ അമേരിക്കൻ സുഹൃത്തുക്കളും വിദ്യാർഥികളും പറഞ്ഞു കേട്ടിട്ടുണ്ട്, അദ്ദേഹം ഒരു കാലഘട്ടത്തിൽ ഫോർഡാമിൽ തത്വശാസ്ത്ര വിഭാഗത്തിലെ ഏറ്റവും പ്രഗത്ഭനും വിദ്യാർഥികൾക്ക് ഏറ്റവും പ്രിയങ്കരനുമായ അധ്യാപകനായിരുന്നുവെന്ന്. തത്വശാസ്ത്രേതര വിഷയങ്ങൾ പഠിച്ചിരുന്നവർ പോലും സൗകര്യം കിട്ടുമ്പോഴൊക്കെ അദ്ദേഹത്തിന്റെ ക്ലാസുകൾ അറ്റൻഡ് ചെയ്തിരുന്നു. അത്രമാത്രം പ്രസിദ്ധമായിരുന്നു ഫോർഡാമിലെ അദ്ദേഹത്തിന്റെ തത്വശാസ്ത്ര ക്ലാസുകൾ. അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും വിഷയാവതരണത്തിലുള്ള കഴിവുമാണ് അദ്ദേഹത്തെ വിദ്യാർഥികളുടെ ഇഷ്ടപ്രഫസറാക്കി മാറ്റിയത്.

ബഹു. ബ്രിട്ടോച്ചൻ നല്ലൊരു അധ്യാപകനായിരുന്നെങ്കിൽ അതിന്റെ പ്രധാന കാരണം അദ്ദേഹം നല്ലൊരു വിദ്യാർഥികൂടി ആയിരുന്നുവെന്നതാണ്; ഒപ്പം, തൊഴിലിനോടു നീതിപുലർത്തുന്ന സമർപ്പണവും. മരണംവരെ ഒരു വിദ്യാർഥിയായിരുന്നു ബഹു. ബ്രിട്ടോച്ചനെന്നു പറഞ്ഞാൽ അതിൽ ലവലേശം അതിശയോക്തിയില്ല. അധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്നവരിലാരെങ്കിലും അവരുടെ ജീവിതദൗത്യത്തിൽ പരാജയപ്പെടുന്നുണ്ടെങ്കിൽ അതിനു പ്രധാന കാരണം പുതിയ പുതിയ അറിവു നേടാത്തതും സമർപ്പണ മനോഭാവത്തോടെ തൊഴിലിനോടു നീതി പുലർത്താത്തതും മാത്രമായിരിക്കും.

ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ തത്വശാസ്ത്ര-ദൈവശാസ്ത്ര വിഷയങ്ങൾക്കുപുറമേ ഏതു വിഷയവും ചുരുങ്ങിയ സമയം കൊണ്ടു പഠിച്ചു പഠിപ്പിക്കാനുള്ള അസാമാന്യമായ ഒരു സിദ്ധി, ഒരു പ്രതിഭാവിലാസം അദ്ദേഹത്തിനുണ്ടായിരുന്നു. വളരെ ചുരുക്കം ചിലരിൽ മാത്രം കാണാൻ കഴിയുന്ന അപൂർവ ധിഷണാശക്തിയും വിശാലമായ വായനയും ആഴമായ ചിന്തയും അദ്ദേഹത്തെ അറിവിലും പാണ്ഡിത്യത്തിലും അപൂർവനാക്കി. അദ്ദേഹം ബഹുഭാഷാ പണ്ഡിതനായിരുന്നു. മാതൃഭാഷയ്ക്കും ഇംഗ്ലീഷിനുംപുറമേ പ്രമുഖ ആധുനിക യൂറോപ്യൻ ഭാഷകളും ക്ലാസിക് ഭാഷകളായ സംസ്കൃതം, ലാറ്റിൻ, സുറിയാനി, ഗ്രീക്ക് ഭാഷകളും അദ്ദേഹത്തിന് അനായാസം വഴങ്ങുമായിരുന്നു. പഠിപ്പിക്കാൻ മാത്രം അറിവ് ഈ ഭാഷകളിലെല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു.

www.malankaralibrary.com


ശാസ്ത്രവിഷയങ്ങളിലും സാമൂഹികവിഷയങ്ങളിലുമായി പതിന്നാലു പുസ്തകങ്ങൾ രചിച്ച ബഹു. ബ്രിട്ടോച്ചൻ സർഗപ്രതിഭ കൊണ്ടും പാണ്ഡിത്യംകൊണ്ടും അദ്ദേഹത്തിന്റെ സമകാലികരിൽ എന്തുകൊണ്ടും ഉന്നതശീർഷനായിരുന്നു. കഴിഞ്ഞ അര നൂറ്റാണ്ടിനിടെ കേരളസഭ കണ്ട അതികായനായ പണ്ഡിതശ്രേഷ്ഠനായിരുന്നു ബ്രിട്ടോച്ചനെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പാശ്ചാത്യ ദൈവശാസ്ത്രവും പൗരസ്ത്യ ദൈവശാസ്ത്രവും ഒരേപോലെ അദ്ദേഹത്തിനു വഴങ്ങിയപ്പോൾ ഒരു സമന്വയത്തിന്റെ പാത തുറക്കാൻ ഇന്ത്യൻ ദൈവശാസ്ത്രത്തിലും ഇന്ത്യൻ തത്വശാസ്ത്രത്തിലും ഉള്ള അഗാധമായ അറിവ് സഹായകമായി. വേദങ്ങളും ഉപനിഷത്തുകളും ഈ കത്തോലിക്കാ വൈദികന് ഒരു പരിധിവരെ കാണാപ്പാഠമായിരുന്നു എന്നത് പലർക്കും വിശ്വസിക്കാൻ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും.

ഈ പണ്ഡിതന് പാണ്ഡിത്യത്തിന്റേതായ യാതൊരു ജാഡയുമില്ലായിരുന്നു. ലളിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതശൈലി. ലാളിത്യം ഒരു കൂടെപ്പിറപ്പെന്നപോലെയായിരുന്നു അമേരിക്കയിലായാലും ഇന്ത്യയിലായാലും അദ്ദേഹം ജീവിച്ചത്. അമേരിക്കയിലും ഇന്ത്യയിലും ഏതാനുംവർഷം ഒന്നിച്ചു ജീവിക്കാൻ സാധിച്ച എനിക്ക് എന്റെ അനുഭവത്തിൽനിന്നുതന്നെ അക്കാര്യം ഉറപ്പിച്ചു പറയാനാവും.

അമേരിക്കയിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ആതിഥ്യം ഞാൻ സ്വീകരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി നൽകിയ താമസസ്ഥലത്ത് സ്വയം ഭക്ഷണം പാകംചെയ്ത്, അലക്കും അടിച്ചുവാരലും ശുചീകരണവും സ്വയം നടത്തി അദ്ദേഹം ജീവിച്ചു. അധ്വാനം അഭിമാനമായിരുന്നു അദ്ദേഹത്തിന്. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാനുള്ള ഒരു അസാധാരണ സേവന മനോഭാവം അദ്ദേഹത്തിനുണ്ടായിരുന്നു.

ഒരിക്കലും മറക്കാത്ത ഒരു ജീവിതാനുഭവം എനിക്കുണ്ട്. ഞാൻ വൈദികവിദ്യാർഥിയായിരുന്ന കാലം. അറുപതുകളിലെ സംഭവമാണ്. ഞങ്ങളുടെ കുറെ വൈദികവിദ്യാർഥികൾ ബഹു. ബ്രിട്ടോച്ചന്റെ നേതൃത്വത്തിൽ പീരുമേടിനടുത്തുള്ള അഴുതയിലെ വിശ്രമവസതിയിൽ താമസിക്കുകയായിരുന്നു. ഒരുദിവസം ഞാനും എന്റെ ഒരു സഹപാഠിയും അവരോടൊപ്പം ചേർന്നു. നല്ല തണുപ്പുള്ള കാലമായിരുന്നു. അക്കാലത്ത് പീരുമേട്ടിലെയും അഴുതയിലെയും തണുപ്പ് അത്ര നിസാരമായിരുന്നില്ല. എന്റെ കൈവശം രാത്രികാല തണുപ്പിനെ പ്രതിരോധിക്കാൻ ഒന്നുമില്ല. എന്റെ പ്രശ്നം എങ്ങനെയോ

www.malankaralibrary.com


മനസിലാക്കി വേണ്ടതെല്ലാം അദ്ദേഹംതന്നെ കൊണ്ടുവന്നു തന്നപ്പോൾ അത് എക്കാലവും എന്റെ ഓർമയിൽ നിൽക്കുന്ന ബ്രിട്ടോച്ചന്റെ ജനനമായിരുന്നു. ചില കാലങ്ങളിൽ അഭിപ്രായവ്യത്യാസങ്ങളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും സ്നേഹവും സൗഹൃദവും വിനീത വ്യക്തിത്വവും വെളിവാക്കി എന്റെ ജീവിതത്തിലേക്കു കടന്നുവന്ന ആ വലിയ മനുഷ്യനെ, ബ്രിട്ടോച്ചനെ ഞാൻ ഒരിക്കലും മറന്നിട്ടില്ല. ചെറിയ കാര്യമല്ലേ അന്ന് ചെയ്തതെന്നു വല്ലവർക്കും തോന്നിയേക്കാമെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം അതു വലിയ കാര്യംതന്നെയായിരുന്നു. ആ വലിയ മനുഷ്യനിലെ ലളിതമായ നന്മ എന്റെ മനസിൽ പച്ചകെടാതെ നിൽക്കുന്നു.

നല്ലൊരധ്യാപകനായിരുന്ന, എന്നും നന്മ വിതറി കടന്നുപോയ എന്റെ ഗുരുഭൂതന്റെ സുന്ദരസ്മരണയ്ക്കു മുമ്പിൽ എന്റെ വിനീത നമോവാകം. ആ അധ്യാപകശ്രേഷ്ഠന്റെ മാതൃക ഇന്നത്തെ തലമുറയിലെ അധ്യാപകർക്ക് പ്രചോദനമാകട്ടെയെന്ന് ആഗ്രഹിക്കുന്നു.

www.malankaralibrary.com

# ഇന്ത്യയുടെ ഫാ. ഡാമിയൻ: ബാബ ക്രിസ്തുദാസ് എന്ന കുര്യാച്ചൻ

ഇന്ത്യയുടെ ഫാ. ഡാമിയനായിരുന്ന ഫാ. ക്രിസ്തുദാസിനെ കുഷ്ഠരോഗികളുടെ കൺകണ്ട ദൈവമെന്നോ അവരുടെ ബാബ എന്നോ ഒന്നും ആമുഖമായി ഞാൻ വിശേഷിപ്പിക്കുന്നില്ല. അദ്ദേഹം എന്റെ മനസിൽ എന്നും കുര്യാച്ചനാണ്. വേലംമാരുകുടിയിൽ വി.സി. കുര്യനെന്ന കുര്യാച്ചൻ. എന്റെ കളിക്കൂട്ടുകാരനും സഹപാഠിയുമാണ് അദ്ദേഹം. ഇടമറുകിലെ അന്നത്തെ ചെമ്മൺ പാതകളിലൂടെയും ഗ്രാമീണവഴികളിലൂടെയും നടന്നുപോയ ബാല്യത്തിന്റെ സുന്ദരസ്മരണകളാണ് സുന്ദർപുരിന്റെ ബാബ ക്രിസ്തുദാസായി മാറിയ കുര്യാച്ചനെക്കുറിച്ച് എന്റെ മനസിൽ നിറഞ്ഞുനിൽക്കുന്നത്.



കൊൽക്കത്തയിലും ബിഹാറിലെ സുന്ദർപുരിലുമായി മുപ്പതിനായിരത്തിലേറെ കുഷ്ഠരോഗികളായ ഭിക്ഷാടകരെ ചികിത്സിച്ച് സുഖപ്പെടുത്തി എന്നത് കുര്യാച്ചനെന്ന ക്രിസ്തുദാസിന്റെ സംഭവബഹുലവും പുണ്യപൂരിതവുമായ ജീവിതത്തിലെ ഒരു അധ്യായം മാത്രമേ ആകുന്നുള്ളൂ. പരിമിതികളെയും വെല്ലുവിളികളെയും ദൈവാശ്രയത്തിലൂടെ എങ്ങനെ അതിജീവിക്കാമെന്നും ആരാലും അറിയപ്പെടാതെ, അംഗീകാരങ്ങൾ ചോദിച്ചുവാങ്ങാതെ, അംഗീകാരങ്ങൾ ആഗ്രഹിക്കാതെ, ആർക്കും വേണ്ടാത്തവരായ, അനാഥരായ, വ്രണമൊലിക്കുന്ന കുഷ്ഠരോഗികളെയും അവരുടെ മക്കളെയും

www.malankaralibrary.com


ശുശ്രൂഷിച്ച് സനാഥരും സന്തോഷവാന്മാരും സുരക്ഷിതരുമാക്കി എന്നതാണ് അദ്ദേഹത്തിന്റെ ജീവിതഗ്രന്ഥത്തിലെ ഇതര അധ്യായങ്ങൾ മുഴുവൻ.

അദ്ദേഹത്തിന്റെ സെമിനാരിപഠനം ഏറെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. കുര്യാച്ചന്റെ സന്ന്യാസജീവിതം ത്യാഗോജ്ജ്വലമായിരുന്നു. ദാരിദ്ര്യം, എളിമ, വിശുദ്ധി, സേവനം എന്നിവയുടെ കാണപ്പെട്ട ആൾരൂപമായിരുന്നു ആ ജീവിതം. ജീവിച്ചിരിക്കെ ശുശ്രൂഷയാലും സുകൃതങ്ങളാലും ശരിക്കും ക്രിസ്തുദാസനായ കുര്യാച്ചൻ, ക്രിസ്തുദാസച്ചൻ ഇന്ന് സ്വർഗീയസന്നിധിയിൽ നിന്ന് നമ്മെ, ഈ നാട്ടുകാരെ, വീക്ഷിക്കുന്നുണ്ടെന്നതിൽ സംശയം വേണ്ട. രാജ്യം പദ്മശ്രീയോ ദേശീയ അവാർഡുകളോ ഒന്നും നൽകി ആദരിച്ചില്ലെങ്കിലും ഭാരതരത്നം ലഭിക്കാവുന്നതിനെക്കാൾ മഹത്തരമായിരുന്നു അനുപമ ക്രിസ്തീയ സ്നേഹത്തിന്റെ ആൾരൂപമായി മാറിയ ക്രിസ്തുദാസിന്റെ ശുശ്രൂഷകളും സേവനങ്ങളും.

ബിഹാറിലെ റക്സോളിൽ നേപ്പാൾ അതിർത്തിയിലുള്ള സുന്ദർപുർ എന്ന ഗ്രാമത്തിൽ കുഷ്ഠരോഗികൾക്കായി ഇദ്ദേഹം സ്വയം പര്യാപ്തമായ ഒരു ഗ്രാമം സ്ഥാപിച്ച് അവരോടൊപ്പം താമസിച്ച് സ്വജീവിതം ഒരു ബലിയായി അർപ്പിച്ചു.

1937 ഏപ്രിൽ 12-ന് ഇടമറുകിൽ വേലംമാരുകുടി ചാക്കോയുടെയും മുത്തനാട്ട് ഏലിയുടെയും ആറാമത്തെ പുത്രനായി പിറന്ന കുര്യാച്ചൻ ഇടമറുക് സെന്റ് ആന്റണീസ്, വലിയകുമാരമംഗലം സെന്റ് പോൾസ് സ്കൂളുകളിൽ വിദ്യാഭ്യാസം ചെയ്തു. ഏർക്കാട്, ബെംഗളുരു എന്നിവിടങ്ങളിൽ വൈദികപഠനത്തിനുശേഷം 1969 ഡിസംബറിൽ കൊൽക്കത്തയിൽ മദർ തെരേസയുടെ സേവനപ്രവർത്തനങ്ങളിൽ പങ്കാളിയായി. കുഷ്ഠരോഗികളുടെ ശുശ്രൂഷ ജീവിതവ്രതമായി സ്വീകരിച്ച ബ്രദർ വി.സി. കുര്യന് ക്രിസ്തുദാസ് എന്ന പേരു നൽകിയത് മദർ തെരേസയാണ്.

സുന്ദർപുരിലെ അനാഥരായ കുഷ്ഠരോഗികളെ മടിയിൽ കിടത്തി ആശ്വാസത്തിന്റെ തൈലം മുറിവിലും ഹൃദയത്തിലും പുരട്ടിയ വേളകളിൽ ആ രോഗികൾ നൽകിയ ഓമനപ്പേരാണ് ബാബ എന്നത്.

വൈദികപട്ടം സ്വീകരിച്ച ശേഷം 1981-ൽ മദർ തെരേസയുടെ നിർദേശത്തിൽ ബിഹാറിലെ ചമ്പാരൻ ജില്ലയിലെ റക്സോളിൽ കുഷ്ഠരോഗികൾക്കായി ലിറ്റിൽഫ്ളവർ എന്ന പേരിൽ അഗതിമന്ദിരവും ചികിത്സാലയവും ആരംഭിച്ചു. ഏവരാലും ഉപേക്ഷിക്കപ്പെട്ട കുഷ്ഠ

www.malankaralibrary.com


രോഗികളെ സൗഖ്യപ്പെടുത്തി അവരെ സുന്ദർപുർ ഗ്രാമത്തിൽ ക്രിസ്തുദാസ് പുനരധിവസിപ്പിച്ചു.

മദർ തെരേസ നൽകിയ ഒരുപെട്ടി മരുന്നും നൂറോളം രൂപയും മാത്രമാണ് കുഷ്ഠരോഗികളെ തേടി ബിഹാറിലെത്തുമ്പോൾ ക്രിസ്തുദാസിനുണ്ടായിരുന്നത്. ചമ്പാരൻ ജില്ലയിലെ റക്സോളിൽ നേപ്പാൾ അതിരിടുന്ന സുന്ദർപുർ എന്ന ഊഷരഭൂമിയിലേക്കാണ് ക്രിസ്തുദാസ് ഇറങ്ങിച്ചെന്നത്.

സ്വന്തം മക്കളും ജീവിതപങ്കാളിയും പുറത്താക്കിയ ഒരുപറ്റം കുഷ്ഠരോഗികൾ പൂഴിമണ്ണിൽ ഇഴയുകയും മരണം കാത്ത് കുടിലുകളിൽ കഴിയുകയും ചെയ്തിരുന്ന ഭയാനകവും ദയനീയവുമായ കാഴ്ചയാണു ക്രിസ്തുദാസിന് അവിടെ കാണാനായത്. ഇവരോടൊപ്പം ഈറ്റക്കമ്പുകൾകൊണ്ട് കുടിൽ കെട്ടി പാർത്ത് കുഷ്ഠരോഗികളെ ശുശ്രൂഷിച്ചുതുടങ്ങി.

പതിനായിരക്കണക്കിന് കുഷ്ഠരോഗികളെയാണ് അവിടെ അദ്ദേഹം ശുശ്രൂഷിച്ചത്. അനേകായിരം കുഷ്ഠരോഗികൾക്കു മാത്രമല്ല അവരുടെ മക്കൾക്കും റക്സോൾ ജനതയ്ക്കും അതിനപ്പുറം നേപ്പാളിലും ക്രിസ്തുദാസ് സ്തുത്യർഹനായ ബാബയായിരുന്നു. അതേ കള്ളിമുണ്ടും തോർത്തും ഒരു മുഷിഞ്ഞ കുപ്പായവും ധരിച്ച് കുഷ്ഠരോഗികളെ ഉമ്മവച്ച് ആശ്വസിപ്പിച്ച എളിമയുടെ മനുഷ്യൻ.

മദർ തെരേസയെപ്പോലെതന്നെ ക്രിസ്തുദാസ് ആരെയും ക്രിസ്ത്യാനിയാക്കിയില്ല. സുന്ദർപുരിലെ അനേകായിരം മക്കളിൽ രണ്ടുപേർ മാത്രമായിരുന്നു ക്രൈസ്തവർ. സുന്ദർപുർ ലിറ്റിൽ ഫ്ളവർ ആശ്രമത്തിൽ എന്നും ഭജനയും പ്രാർഥനയുമുണ്ടായിരുന്നു. അവരുടെ ഭജനകളിൽ അവരോടൊപ്പം പങ്കുചേർന്ന ഈ മിഷനറി ബലിയർപ്പിക്കുകയും ബലിയാവുകയുമായിരുന്നു. ഈ ശുശ്രൂഷയ്ക്കിടെ രണ്ടുതവണ ക്രിസ്തുദാസ് കുഷ്ഠരോഗ ബാധിതനായെങ്കിലും തളരാതെ രോഗസൗഖ്യം നേടി തന്റെ ശുശ്രൂഷ തുടർന്നു.

കുഷ്ഠരോഗിക്ക് മരുന്ന് നൽകുക മാത്രമല്ല, ചോരയും ചലവും ഒഴുകുന്ന ആ മുറിവുകളെ അദ്ദേഹം കഴുകിത്തുടച്ചു. ക്രിസ്തുദാസിന്റെ വാക്കുകൾ കടമെടുത്താൽ ശാരീരികമായ മുറിവുകളെക്കാൾ ആന്തരിക മുറിവുകൾ ഉണക്കുകയെന്നതായിരുന്നു വലുത്. ഓരോ കുഷ്ഠരോഗിക്കും അവഗണനയുടെയും പീഡനത്തിന്റെയും അനുഭവങ്ങളാണ് പങ്കുവയ്ക്കാനുണ്ടായിരുന്നത്.

സ്നേഹവും കാരുണ്യവുംകൂടി കുഷ്ഠരോഗിക്ക് മരുന്നിനൊപ്പം നൽ

www.malankaralibrary.com


കേണ്ടിയിരുന്നു. കുഷ്ഠം ഭേദമായാലും മരണംവരെ അയാളെ കുഷ്ഠ രോഗബാധിതനായി കണ്ട് തീണ്ടാപ്പാടകലെ മാത്രം നിറുത്തുന്ന സാഹചര്യത്തിൽ അവർക്ക് പുനരധിവാസം നൽകുകയെന്ന മഹ നീയ ശുശ്രൂഷയും അദ്ദേഹം നിർവഹിച്ചു.

കുഷ്ഠരോഗിയുടെ കുഷ്ഠം ബാധിക്കാത്ത കുഞ്ഞുങ്ങളെയും സമൂ ഹം ആട്ടിപ്പായിക്കുന്ന ദയനീയ സ്ഥിതിയും നിലനിന്നിരുന്ന കാലം. ദയനീയമായ ഈ സാഹചര്യത്തിനു മാറ്റമുണ്ടാക്കാൻ ക്രിസ്തുദാസ് സുന്ദർപുരിനെ കുഷ്ഠരോഗികളുടെ മാത്രമല്ല കുഷ്ഠം ഭേദപ്പെട്ടവ രുടെയും സുന്ദരഗ്രാമമാക്കി സൃഷ്ടികർമം നിർവഹിച്ചു.

മഹത്തരം എന്നല്ല അനുപമം എന്നുവിശേഷിപ്പിക്കേണ്ട ഈ ജീവിത ത്തെപ്പറ്റി 'സുന്ദർപുരിലെ സ്നേഹവിപ്ലവം' എന്ന പേരിൽ ദീപിക ആറുദിവസത്തെ ലേഖനപരമ്പര പ്രസിദ്ധീകരിച്ചിരുന്നത് നിങ്ങളിൽ ചിലരെങ്കിലും വായിച്ചിരിക്കാം. ലക്ഷക്കണക്കിന് വായനക്കാർ വികാരവായ്പോടെയാണ് അതു വായിച്ചിരുന്നതെന്ന് അന്ന് ഞങ്ങൾ ക്കു ലഭിച്ചിരുന്ന ഫോൺകോളുകളും കത്തുകളും സാക്ഷ്യപ്പെ ടുത്തി. പരമ്പരയുടെ അവസാനദിനം ക്രിസ്തുദാസിന്റെ ഫോൺ നമ്പരും ഞങ്ങൾ നൽകിയിരുന്നു. ഒട്ടേറെപ്പേർ വിളിച്ചതായും ചില രൊക്കെ കുഷ്ഠരോഗികൾക്കു മരുന്നിന് എന്ന പേരിൽ പണം അയച്ചുകൊടുത്തതായും കുര്യാച്ചൻ ഞങ്ങളെ വിളിച്ച് നന്ദിയോടെ അറിയിക്കുകയുണ്ടായി.

കോഴിക്കോട്ടുള്ള ഒരു മുസ്ലിം സഹോദരൻ ഇതു വായിച്ചിട്ട് അദ്ദേഹ ത്തോട് ചോദിച്ചുവത്രേ, 'ഒരുമാസം സുന്ദർപുരിൽ താമസിക്കാനും കുഷ്ഠരോഗികളെ ശുശ്രൂഷിക്കാനും അനുവദിക്കാമോ' എന്ന്. ക്രിസ്തുദാസ് അദ്ദേഹത്തെ അവിടേക്ക് ക്ഷണിച്ചു. തനിക്കു കേരള ത്തിൽനിന്നു കിട്ടിയ വലിയ സ്നേഹത്തിന്റെ പ്രതീകമായിരുന്നു ആ മുസ്ലിം സഹോദരന്റെ നല്ല മനസെന്ന് ക്രിസ്തുദാസ് ഞങ്ങളെ അറിയിച്ചു.

*ദി വീക്ക്* ആഴ്ചപ്പതിപ്പ് 2009-ൽ മാൻ ഓഫ് ദി ഇയർ പുരസ്കാരം നൽകി ബാബയെ ആദരിച്ചു.

കുറെ വർഷങ്ങൾക്കുമുമ്പ് ക്രിസ്തുദാസിന് ഹൃദയസംബന്ധമായ ശസ്ത്രക്രിയ വേണ്ടിവന്നു. റക്സോൾ ആശുപത്രിയിൽ അദ്ദേഹം കിടക്കുമ്പോൾ ആശുപത്രിവളപ്പിൽ അലമുറയിട്ടും കൈകൾ ഉയർ ത്തി പ്രാർഥിച്ചും അയ്യായിരത്തോളം കുഷ്ഠരോഗികളും അവരുടെ മക്കളും ഒരാഴ്ച പ്രാർഥനാ മന്ത്രങ്ങളുമായി കാത്തുകിടന്നു

www.malankaralibrary.com


എന്നോർക്കുമ്പോഴാണ് ആ സ്നേഹത്തിന്റെ ആഴം നാം കാണേണ്ടത്. അഞ്ചാം നാൾ ക്രിസ്തുദാസിനെ പൂക്കൾ വിതറിയും കുരവയിട്ടുമാണ് ആശുപത്രിയിൽനിന്ന് ഇവർ സുന്ദർപുരിലേക്ക് ആനയിച്ചത്. മരണം തന്നെ വിളിക്കുന്നതായി ആറുമാസം മുമ്പ് അദ്ദേഹത്തിനു തോന്നിയിരിക്കണം. ആ വേർപാടിന് ഒരാഴ്ചമുമ്പ് സുന്ദർപുരിലെ എല്ലാ വീടുകളിലും ലയങ്ങളിലും ഒരു സ്നേഹസന്ദർശനം അദ്ദേഹം നടത്തി. ജീപ്പ് നിറയെ കുട്ടികൾക്ക് സമ്മാനങ്ങളുമുണ്ടായിരുന്നു.

എല്ലാവർക്കും ജോലി, എല്ലാവർക്കും വരുമാനം, എല്ലാവർക്കും നിക്ഷേപം, എല്ലാവർക്കും സുരക്ഷ... ഗാന്ധിയൻ വീക്ഷണത്തിലെ സ്വയംപര്യാപ്ത ഗ്രാമം എന്ന ആശയം അദ്ദേഹം സുന്ദർപുരിൽ യാഥാർഥ്യമാക്കി. കൈകാലുകൾ അറ്റുപോയവർക്ക് യന്ത്രസഹായത്താൽ ജോലി. അതല്ലെങ്കിൽ പറ്റുന്ന ജോലി. രണ്ടു കൈകളും നഷ്ടമായ സാധുവിന് അദ്ദേഹം സുന്ദർപുർ ഗ്രാമത്തിലേക്കുള്ള വാതിൽക്കൽ കാവൽക്കാരനായി ജോലികൊടുത്തു. നെയ്ത്ത്, കൃഷി, മീൻവളർത്തൽ തുടങ്ങി ഒട്ടേറെ തൊഴിലുകൾ നൽകി അദ്ദേഹം സുന്ദർപുരിൽ അദ്ഭുതങ്ങൾ സൃഷ്ടിച്ചു.

സുന്ദർപുരിനു വേണ്ടതെല്ലാം അവിടെ വിളയിച്ചു. ഒന്നോർക്കണം മഴയില്ലാതെ വരണ്ടുകിടന്ന 42 ഡിഗ്രി ചൂടുള്ള ഊഷരഭൂമിയിലാണ് ക്രിസ്തുദാസ് കുഴൽക്കിണറുകൾ കുഴിച്ച് ഇങ്ങനൊരു പറുദീസ സൃഷ്ടിച്ചത്. കുഷ്ഠരോഗിക്ക് അയൽഗ്രാമങ്ങൾ അവരുടെ കിണറുകളിൽനിന്ന് കുടിവെള്ളം നിഷേധിച്ച സാഹചര്യത്തിലാണ് അദ്ദേഹം കുഴൽക്കിണറുകൾ കുത്തിയത് എന്നുംകൂടി പറയേണ്ടതുണ്ട്.

കുഷ്ഠരോഗികളുടെ മക്കൾക്കായി ആരംഭിച്ച ലിറ്റിൽഫ്ളവർ സ്കൂൾ ജൂണിയർ കോളജായി വളർന്ന് ബിഹാറിലെ ഏറ്റവും പ്രമുഖ വിദ്യാലയങ്ങളിലൊന്നായി. ആയിരക്കണക്കിന് കുഷ്ഠരോഗികളുടെ മക്കളെ സ്വന്തം മക്കൾക്കു നൽകുന്ന കരുതലോടെ പഠിപ്പിച്ചും സ്നേഹിച്ചും അദ്ദേഹം വളർത്തി. ക്രിസ്തുദാസിന്റെ ഈ വളർത്തുമക്കളിൽ ചിലർ ഇന്നു കളക്ടറും പൈലറ്റും എൻജിനീയറുമൊക്കെയായി മാറിയിട്ടുണ്ടെന്നു പറഞ്ഞാൽ അവിശ്വസനീയം എന്നു തോന്നിയേക്കാം. വലിയ കരുതലുള്ള പിതാവായിരുന്നു അദ്ദേഹം. തന്റെ കാലശേഷവും ഗ്രാമത്തിൽ തലമുറകളോളം അവർക്കു ചികിത്സയും സുരക്ഷയും ഉറപ്പാക്കണമെന്ന് ബാബയ്ക്ക് നിർബന്ധമുണ്ടായിരുന്നു. തന്റെ സ്വയംപര്യാപ്ത ഗ്രാമത്തിൽ പശു വളർത്തിയും പാൽ വിറ്റും പത്തുകോടി രൂപ സമാഹരിച്ച് ഇദ്ദേഹം കുഷ്ഠരോഗികളുടെ

www.malankaralibrary.com


ക്ഷേമത്തിനായി ഒരു ട്രസ്റ്റും രൂപീകരിച്ചിട്ടുണ്ട്. കുഷ്ഠരോഗികൾ തന്നെയാണ് ട്രസ്റ്റികൾ.


കുഷ്ഠരോഗികളുടെ ശുശ്രൂഷ നിയോഗമായെടുത്ത ഇദ്ദേഹം കഴിഞ്ഞ നാലു പതിറ്റാണ്ടിനിടെ മൂന്നുതവണ മാത്രമാണു കേരളത്തിലെത്തിയത്. സുന്ദർപുരിലെ കുഷ്ഠരോഗികൾ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ആൾരൂപമായി കണ്ട് ക്രിസ്തുദാസിന് ബാബ എന്നു പേരു നൽകി. ബാബ എന്നാൽ സ്നേഹനിധിയായ പിതാവ്. വീടുവിട്ടിറങ്ങി അഞ്ചു പതിറ്റാണ്ട് പൂർത്തിയാക്കുമ്പോൾ അതിനിടെ രണ്ടോ മൂന്നോ തവണ മാത്രമാണ് അദ്ദേഹം നാട്ടിലെത്തിയത്. പ്രിയ മാതാപിതാക്കളുടെ സംസ്കാരച്ചടങ്ങിൽപ്പോലും അദ്ദേഹത്തിനു വരാനായില്ല. ആ നിമിഷവും ക്രിസ്തുദാസ് കുഷ്ഠരോഗികളെ മാറോടു ചേർത്ത് ബലി അർപ്പിക്കുകയായിരുന്നു. അതേ, ക്രിസ്തുദാസ് ഒരു ഭാരതരത്നമായിരുന്നു. ദൈവസന്നിധിയിൽ മദർ തെരേസയെയും ഫാ. ഡാമിയനെയുംപോലെ ബാബ ക്രിസ്തുദാസും, അതേ നമ്മുടെ പ്രിയപ്പെട്ട കുര്യാച്ചനും, വലിയ ബഹുമതികൾ നേടിക്കഴിഞ്ഞുവെന്ന് നമുക്ക് വിശ്വസിക്കാം. തീർച്ചയായും വിശുദ്ധമായിരുന്നു ആ ജീവിതബലി.

പള്ളിക്കൂടത്തിലെ നിഷ്കളങ്കനായ ഈ കളിക്കൂട്ടുകാരനെ ഞങ്ങൾ സെമിനാരിയിൽ ചേർന്നശേഷം കണ്ടത് ബെംഗളുരുവിലെ ഒരു സെമിനാരി വിദ്യാർഥിയായാണ്. അവസാനം കണ്ടത് കൊൽക്കത്തയിൽ മദർ തെരേസയുടെ കുഷ്ഠരോഗ ചികിത്സാകേന്ദ്രത്തിൽ. ഞാൻ അവിടെ ചെല്ലുമ്പോൾ അദ്ദേഹം തന്റെ സ്ഥാപനത്തിന്റെ മുറ്റത്ത് തുറസായ സ്ഥലത്ത് ഒരു രോഗിയെ കുളിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ രംഗം ഞാൻ ഒരിക്കലും മറക്കില്ല. കുളിപ്പിക്കൽ കഴിഞ്ഞ് അദ്ദേഹം എന്നെ സ്വീകരിച്ച് അകത്തു കൊണ്ടുപോയി കാപ്പി തന്നു. അവർ ഉപയോഗിക്കുന്ന അതേ പാത്രങ്ങളിൽ! കുഷ്ഠരോഗികൾക്കു ജീവൻ നൽകി, അവരോടൊപ്പം അവരുടെ ഭക്ഷണം കഴിച്ചും വെള്ളം കുടിച്ചും സ്നേഹിച്ചും സ്നേഹം പങ്കുവച്ചും ക്രിസ്തുവിന്റെ ദരിദ്രജീവിതം സ്വജീവിതത്തിൽ അന്വർഥമാക്കിയും ജീവിച്ച കുര്യാച്ചനാണ് എന്റെ മനസ് നിറയെ. ഇത്ര വലിയ ഒരു സഹപാഠി എനിക്കുണ്ടായല്ലോ എന്നോർക്കുമ്പോൾ ഞാൻ അഭിമാനംകൊള്ളുന്നു. ഇത്ര വലിയൊരു മനുഷ്യൻ നമ്മുടെ ഇടവകയുടെ മകനാണെന്നത് നമ്മെ അഭിമാനപുളകിതരാക്കട്ടെ. ദൈവം കുര്യാച്ചനെ അനുഗ്രഹിക്കട്ടെ. കുര്യാച്ചനിലൂടെ നമ്മെയും. തലമുറകൾക്ക് കുര്യാച്ചൻ ഒരു മാതൃകാദീപമാകട്ടെ.

www.malankaralibrary.com

# ഫാ. ജോർജ് കനീസിയൂസ് കച്ചിറമറ്റം: ശ്രേഷ്ഠമിഷനറി

ബഹു. ജോർജച്ചനെ (1936-2021) വലിയ ബഹുമാനാദരവോടെയാണ് എന്റെ മനസിൽ എന്നും സൂക്ഷിച്ചിരുന്നത്. സ്തുതിവചനങ്ങൾ കേട്ട് ആസ്വദിച്ചു പുളകം കൊള്ളുന്ന, അങ്ങനെ ബലൂൺ പോലെ വീർത്ത് താൻ എന്തോ ആണെന്നു കരുതുന്ന, ഒരു വ്യക്തിയല്ല എന്റെ സഹപാഠിയായ ജോർജ് കനീസിയൂസ് കച്ചിറമറ്റത്തിലച്ചൻ. അതുകൊണ്ടു വസ്തുനിഷ്ഠമായ കാര്യങ്ങളേ എനിക്ക് അദ്ദേഹത്തെപ്പറ്റി പറയാനാവൂ.



ഒറ്റവാക്യത്തിൽ പറഞ്ഞാൽ ചെറുപ്പകാലം മുതൽതന്നെ അദ്ദേഹം നിഷ്കളങ്കതയുടെ, നന്മയുടെ, സത്യസന്ധതയുടെയൊക്കെ ആൾരൂപമായിരുന്നു. താൻ എന്തോ ആണെന്ന ഭാവം അദ്ദേഹത്തിന് ഒരിക്കലും ഉണ്ടായിരുന്നില്ല. എന്നാൽ, താൻ എന്തായിത്തീരണമെന്ന കാര്യത്തിൽ അദ്ദേഹത്തിനു വ്യക്തതയുണ്ടായിരുന്നു എന്നു ഞാൻ കരുതുന്നു. അതായത് അദ്ദേഹം ഇന്ന് എന്തായിരിക്കുന്നുവോ അതായിത്തീരുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ സ്വപ്നം. യേശുവിന്റെ നന്മയും സ്നേഹവും മിഷൻ പ്രദേശങ്ങളിലെ പാവങ്ങൾക്ക് തന്റെ ജീവിതമാതൃകയിലൂടെ അനുഭവവേദ്യമാക്കുക. അക്കാര്യത്തിൽ അദ്ദേഹം പൂർണമായും വിജയിച്ചുവെന്നതിനുള്ള അംഗീകാരംകൂടിയാണ് സീറോമലബാർ സഭ അദ്ദേഹത്തിനു നൽകിയ പുരസ്കാരവും ആദരിക്കലും.

www.malankaralibrary.com


അദ്ദേഹത്തിന്റെ ചെറുപ്പകാല നിഷ്കളങ്കതയുടെ ഒരു സംഭവകഥ ജോർജച്ചന്റെ ഒരു സഹപാഠി എന്നോടു പറഞ്ഞത് ഓർക്കുന്നു. വോളിബോൾ കളിക്കുകയായിരുന്നു ജോർജും കൂട്ടുകാരായ സെമിനാരി വിദ്യാർഥികളും. ജോർജ് അടിച്ച ഒരു പന്ത് എടുക്കാൻ ശ്രമിച്ചപ്പോൾ എതിർസൈഡിലെ ജോർജിനെക്കാൾ ഉയരമുള്ള ഒരു ബ്രദറിന്റെ കൈ ഉളുക്കാനിടയായി. ജോർജിനു ദുഃഖമായി. ക്ഷമ ചോദിക്കാനായി ഓടിയെത്തിയ അദ്ദേഹം പറഞ്ഞു, ''ബ്രദറേ, ഞാൻ ഉദ്ദേശിച്ചിടത്തു കൊണ്ടില്ല. പന്ത് പ്ലെയ്സ് ചെയ്ത സ്ഥലം വേറേയായിരുന്നെങ്കിലും ഇങ്ങനെ സംഭവിച്ചുപോയി. ക്ഷമിക്കണം,'' എന്നായിരുന്നു ജോർജിന്റെ അഭ്യർഥന. കൈ ഉളുക്കിയ പ്രതി നല്ലൊരു തമാശക്കാരനായിരുന്നു. അദ്ദേഹം പറഞ്ഞു, ''തലയ്ക്കിട്ടോ മറ്റോ ആണോ ലക്ഷ്യമാക്കിയത്.'' ജോർജിന്റെ നിഷ്കളങ്കതയും സിംപ്ലിസിറ്റിയും വെളിവാക്കുന്ന ചെറിയൊരു സംഭവമായിരുന്നു അത്.

ഞങ്ങൾ അഞ്ചുവർഷം സഹപാഠികളായിരുന്നു - സന്ന്യാസ പരിശീലനകാലത്തെ സഹപാഠികൾ. ആരിലും മതിപ്പ് സൃഷ്ടിക്കുന്ന ഒരു വ്യക്തിത്വമായിരുന്നു ജോർജിന്റേതെന്നു ഞാൻ ഓർക്കുന്നു. പ്രസംഗത്തിലുള്ള ജോർജിന്റെ പ്രാഗത്ഭ്യം മാത്രമായിരുന്നില്ല ആ മതിപ്പിനു കാരണം. അസാധാരണമായ തീഷ്ണത നിറഞ്ഞതായിരുന്നു അന്നും ആ വ്യക്തിത്വം.

തത്വശാസ്ത്ര പഠനാവസാനം ഞങ്ങൾ വഴിപിരിഞ്ഞു. ഞങ്ങൾ രണ്ടു കർമ്മമണ്ഡലങ്ങളിലായി. എങ്കിലും ജോർജ് കച്ചിറമറ്റം എന്ന വ്യക്തിയിൽനിന്നു മാനസികമായി ഞാൻ വഴിപിരിഞ്ഞില്ല.

ആരോടും പ്രത്യേക മമതയോ ആരോടും വെറുപ്പോ മനസിൽ സൂക്ഷിക്കാത്ത, വിശ്വാസതീക്ഷ്ണയ്ക്കും പ്രവർത്തന തീക്ഷ്ണയ്ക്കും മറ്റെല്ലാത്തിനേക്കാളും ഉപരി സ്ഥാനം നൽകുന്ന, പ്രകൃതമായിരുന്നു ജോർജിന്റേത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ നിഷ്കപടതയുടെയും നിഷ്കളങ്കതയുടെയും ആൾരൂപം. അദ്ദേഹത്തെ ഞാൻ എന്നും മനസിൽ കൊണ്ടുനടക്കാനുള്ള കാരണവും അതു തന്നെയായിരുന്നു.

താൻ എന്തിനായി വിളിക്കപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവ് ഒരു സന്ന്യാസാർഥിയായിരുന്നപ്പോൾ മുതൽ ജോർജിനുണ്ടായിരുന്നു. തദനുസൃതമായിരുന്നു അദ്ദേഹത്തിന്റെ നടപ്പും എടുപ്പും സംസാരവുമെല്ലാം. 1962-ൽ ഇന്ത്യയിലെ ആദ്യ സീറോമലബാർ മിഷൻ പരിശുദ്ധ പിതാവ് സിഎംഐ സഭയെ ഏല്പിച്ചു. മിഷന്റെ (ഛാന്ദാ

www.malankaralibrary.com


മിഷൻ) എക്സാർക്കായി (പിന്നീട് ബിഷപ്) നിയമിതനായതു ഞങ്ങളുടെ ഗുരുഭൂതനായിരുന്ന ബഹു. ജനുവാരിയൂസച്ചനാണ്. എനിക്കു തികച്ചും ആത്മബന്ധമുണ്ടായിരുന്ന ഒരു ആത്മീയ പിതാവ്. അദ്ദേഹത്തോടൊത്തു മിഷനിൽ പോകാൻ ആഗ്രഹിച്ചെങ്കിലും അദ്ദേഹത്തിന്റെയും ദൈവത്തിന്റെയും തെരഞ്ഞെടുപ്പിൽ ഞാൻ ഉണ്ടായിരുന്നില്ല. ജോർജാകട്ടെ സെമിനാരി ജീവിതകാലത്തുതന്നെ മിഷന്റെ വഴി തെരഞ്ഞെടുത്ത് അതിനായി ഒരുങ്ങി. പരിപൂർണ സമർപ്പണത്തിന്റെ വഴിയിലെ സുദീർഘമായ തീർഥയാത്രയുടെ ആരംഭമായിരുന്നു അത്.

ഛാന്ദായിലെ വറൂർ എന്ന സ്ഥലത്ത് ആരംഭിച്ച ആ സേവനരംഗം ഞങ്ങൾ സന്ദർശിച്ചിട്ടുണ്ട്. എന്തൊരു സ്നേഹത്തോടെയാണ് എന്നെയും എന്നോടൊപ്പം ഉണ്ടായിരുന്നവരെയും അദ്ദേഹം സ്വീകരിച്ചതെന്ന് ഓർക്കുന്നു. ജോർജച്ചന്റെ ത്യാഗപൂർണമായ ജീവിതത്തിന്റെ കഥ രചിക്കണമെങ്കിൽ ഛാന്ദായിലെ ആദ്യകാല മിഷനറിമാരോടൊപ്പം അദ്ദേഹത്തിന്റെ നന്മയുടെ ഗുണഭോക്താക്കളെ കണ്ട് അവരുടെ അധരങ്ങളിൽനിന്നു വീഴുന്ന വാക്കുകൾ ശേഖരിക്കണം. അവർക്കു മാത്രമേ ജോർജച്ചന്റെ, അവരുടെ കൺമുന്നിലെ ദൈവമനുഷ്യന്റെ, യഥാർഥ കഥകൾ പറയാനാവൂ. ഛാന്ദായിലെ ആദ്യകാല മിഷനറിമാരുടെ ത്യാഗസുരഭിലമായ അനുഭവകഥകൾ, അവരുടെ സേവനഗാഥകൾ, ഭാരതമിഷന്റെ ഇതിഹാസത്തിൽ സ്ഥാനംപിടിക്കേണ്ടതും തലമുറകൾ പാടിയാഘോഷിക്കേണ്ടതുമാണ്.

ജോർജച്ചന്റെ സേവനരംഗം കേരളമായിരുന്നെങ്കിലെന്ന് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. എങ്കിൽ, പ്രസംഗിക്കാത്ത വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ നാട്ടിൽനിന്നുള്ള ജോർജ് കച്ചിറമറ്റം അച്ചൻ പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന്, ശ്രോതാക്കളെ തന്നിലൂടെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന വലിയൊരു വചനപ്രഘോഷകനാകുമായിരുന്നു. ചെറുപ്പത്തിൽ അത്ര ഗംഭീരമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗശൈലിയും ആശയവിനിമയ പാടവവും. ശരിക്കും അതൊരു ഒഴുക്കായിരുന്നു. ശാന്തസുന്ദരമായ ഒഴുക്ക്. കേരളത്തിന് അദ്ദേഹത്തെ ശ്രവിക്കാൻ ഭാഗ്യമില്ലാതെപോയി. എന്നാൽ ഛാന്ദാ മിഷനിലെ അനേകം കുഗ്രാമങ്ങൾക്ക് അതൊരനനുഗ്രഹമായി. അവിടുത്തെ ഗ്രാമീണർ അനുഗ്രഹീതരായി.

തങ്ങളുടെ വലിയ അഭിമാനമായി കച്ചിറമറ്റം കുടുംബക്കാർ ജോർജച്ചനെ കാണട്ടെ. കുടുംബത്തിന്റെ മാത്രമല്ല രാമപുരത്തിന്റെതന്നെ അഭിമാനമാണ്, സിഎംഐ കുടുംബത്തിന്റെ ഈ ഓമനപുത്രൻ.

www.malankaralibrary.com



അനേകം തലമുറകൾക്ക് അദ്ദേഹം വഴികാട്ടിയാകട്ടെ. അനേകം തലമുറകൾ ഈ പിതാവിന്റെ നന്മകൾ വാഴ്ത്തിപ്പാടട്ടെ. അദ്ദേഹം നന്മയുടെ പൂനിലാവായി, വിശ്വാസത്തിന്റെ ദൂതനായി, ഇനിയും ഏറെക്കാലം ഛാന്ദായിലെ ഗ്രാമീണവാസികൾക്കു ശുശ്രൂഷ ചെയ്യട്ടെ.

സത്യസന്ധമായ ബോധ്യങ്ങളോടെ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കും അദ്ദേഹം പ്രചോദനമാകട്ടെ. വിളവിന്റെ നാഥന്, വയലിന്റെ ഉടമയ്ക്ക്, നൂറുശതമാനം വിളവ് നൽകിയ ശുശ്രൂഷകനാണദ്ദേഹം. ജോർജച്ചനെപ്പോലെ മറ്റൊരു മിഷനറിയെ ഒരിടത്തും ഇന്നു കണ്ടെത്താനാവില്ല.

www.malankaralibrary.com

# കൊച്ചേട്ടൻ എന്ന മാഞ്ഞൂസ് അച്ചൻ

**ഫാ.** മാഞ്ഞൂസ് കളപ്പുര സിഎംഐ എന്ന സന്യാസവൈദികന്റെ പ്രവർത്തനമേഖലകൾ വിശാലമാണെങ്കിലും പ്രകടനപരതയേതുമില്ലാത്ത നിശബ്ദസേവനമായിരുന്നു ആ മുഖമുദ്ര. അതിനാൽ തന്നെ അധികമാരും ശ്രദ്ധിച്ചില്ല, ആ നേതൃപാടവവും വ്യക്തിവൈശിഷ്ട്യവും. നിശബ്ദസേവനത്തിന്റെ മാതൃകയായ ഈ സിഎംഐ സഭാസന്താനം 1961 –ലാണ് ദീപിക ദിനപത്രത്തിന്റെ ആഭിമുഖ്യത്തിലുള്ള ദീപിക ബാലസഖ്യത്തിന്റെ (ഡി.സി. എൽ) ചുമതലക്കാരനായി, ബാലസഖ്യം അംഗങ്ങളുടെ 'കൊച്ചേട്ടൻ' ആയി എത്തിയത്. ബാലസഖ്യത്തിന്റെ സ്ഥാപകനായ, പ്രശസ്തനായ ഫാ. ആബേൽ സിഎംഐയുടെ പിൻഗാമിയായി വന്ന അദ്ദേഹം 1961 മുതൽ പതിനെട്ടു വർഷത്തിലധികം ആ സേവനം തുടർന്നു. ദീപിക ബാലസഖ്യം കുടുംബമേള ആദ്യമായി സംഘടിപ്പിച്ചത് മാഞ്ഞൂസ് അച്ചനായിരുന്നു. പിൽക്കാലത്ത് സ്കൂൾ യുവജനോത്സവം എന്ന ആശയത്തിനു ബീജാവാപമായത് ദീപിക ബാലസഖ്യം കുടുംബമേളയായിരുന്നു എന്നത് അധികമാരും ഓർക്കാനിടയില്ല.



വലിയൊരു ആചാര്യന്റെ ഒട്ടും കുറയാത്ത പിൻഗാമിയാകാൻ നിയുക്തനായ മാഞ്ഞൂസ് അച്ചൻ സ്കൂൾ വിദ്യാർത്ഥികളുടെ നന്മയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ച സമർപ്പിത വ്യക്തിത്വത്തിനുടമയായിരുന്നു. ദീപിക ബാലസഖ്യത്തിലൂടെ ലഭിച്ച വ്യക്തിത്വവികാസത്തിലൂടെ സമൂഹത്തിന്റെ നാനാതുറകളിൽ വിരാജിക്കുന്ന പ്രഗത്ഭർ അനവധി

www.malankaralibrary.com


യാണ്. ഇപ്പോൾ പശ്ചിമബംഗാൾ ഗവർണറായ സി.വി. ആനന്ദ ബോസ് മാഞ്ഞൂസ് അച്ചന്റെ കാലത്ത് ബാലസഖ്യം ജനറൽ സെക്രട്ടറിയായിരുന്നു. ഇക്കാലയളവിൽ, 1970-ൽ രാഷ്ട്രപതി വി.വി. ഗിരിയായിരുന്നു ഡി.സി.എൽ. രക്ഷാധികാരി.

ബാലസഖ്യം അംഗങ്ങളുടെ സംഖ്യ ഒരുലക്ഷമായപ്പോൾ 1976 ഫെബ്രുവരി 12-ന് പാലായിൽ 'ലക്ഷം പുഷ്പമേള' എന്ന കുട്ടികളുടെ മഹാമേള മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണ് ഉദ്ഘാടനം ചെയ്തത്. ഇന്ത്യ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ കുട്ടികളുടെ സംഘടനയാണ് ദീപിക ബാലസഖ്യം എന്ന് ഇന്ദിരാഗാന്ധി ഉറക്കെ പ്രഖ്യാപിക്കുമ്പോൾ സംഘടനയുടെ അമരക്കാരനായ മാഞ്ഞൂസച്ചൻ യാതൊരു ഗർവും തലക്കനവും കൂടാതെ ആത്മഹർഷത്തോടെ, വിനീതനായി വേദിയിലുണ്ടായിരുന്നു.

ഇത്രയൊക്കെ മഹത്തായ കാര്യങ്ങൾ ചെയ്ത അദ്ദേഹത്തിന്റെ ശിരസ് എവിടെയും നേതാവ് എന്ന നിലയിൽ ഉയർന്നുകണ്ടിട്ടേയില്ല. കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി അവരെ അദ്ദേഹം മുന്നിൽ നിന്നല്ല, പിന്നിൽനിന്നാണു നയിച്ചതെന്ന് ബാലസഖ്യം ജനറൽ സെക്രട്ടറിയായിരുന്ന സി.വി. ആനന്ദബോസ് കേരളശബ്ദം വാരികയിൽ അനുസ്മരിച്ചിട്ടുണ്ട്. നേതൃനിരയിലേക്ക് തന്നെയും മറ്റു കുട്ടികളെയും ഉയർത്തിക്കൊണ്ടുവരാനുള്ള കൊച്ചേട്ടന്റെ പരിശ്രമങ്ങളെപ്പറ്റി സവിസ്തരം വാരികയിൽ അദ്ദേഹം പ്രതിപാദിക്കുന്നു (കേരളശബ്ദം, ഒക്ടോബർ 27, 2013).

മനസ്സും വാക്കും കർമവുംകൊണ്ട് ആരുമായൊക്കെ ഇടപെട്ടോ, അവരിൽ ആത്മീയതയുടെ, സാഹോദര്യത്തിന്റെ, സ്നേഹത്തിന്റെ, വെള്ളിവെളിച്ചം വിതറിയ സന്ന്യാസശ്രേഷ്ഠനായിരുന്നു മാഞ്ഞൂസച്ചൻ. കൊച്ചേട്ടൻ എന്ന വിളിപ്പേര് സർവ്വാത്മനാ അന്വർത്ഥമാക്കിയ ജീവിതം. കുട്ടികൾക്കു മാത്രമല്ല, എല്ലാവർക്കും അദ്ദേഹം കൊച്ചേട്ടനായിരുന്നു, ഒരു കാര്യത്തിലും വല്യേട്ടൻ ഭാവമില്ലാത്ത വിനീതനായ കൊച്ചേട്ടൻ. സദാ സൗമ്യദീപ്തമായ ചിരിയിലൂടെ, നുറുങ്ങുതമാശകളിലൂടെ, സ്നേഹവായ്പിലൂടെ, ആത്മാർത്ഥതയിലൂടെ, നിഷ്കളങ്കതയിലൂടെ, പതിനായിരങ്ങളുടെ ഹൃദയങ്ങളെ കൊച്ചേട്ടൻ കീഴടക്കി.

സി.എം.ഐ സഭയുടെ പുണ്യസന്താനങ്ങളിൽ ഒരാളായിരുന്ന ഫാ. മാഞ്ഞൂസ് കളപ്പുര സന്യാസജീവിതത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് അതിന്റെ പൂർണതയിൽ ജീവിച്ച വൈദികനായിരുന്നു.

www.malankaralibrary.com


തന്റെ സന്യാസസഭയെ അമ്മയായിക്കണ്ട് ആദരിച്ച് സേവനം ചെയ്ത സഭാസന്താനം; വിശുദ്ധ ചാവറപ്പിതാവിന്റെ വിശ്വസ്തനായ പിൻഗാമി.

ബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ, 'കുട്ടികളുടെ ദീപിക' മാസികയുടെ എഡിറ്റർ, മാനേജർ എന്നീ നിലകളിലൊക്കെ വിശ്രമമില്ലാത്ത ജീവിതമാണ് നയിച്ചിരുന്നതെങ്കിലും സഹപ്രവർത്തകരായ സന്ന്യാസിമാർക്കും സാധാരണക്കാർക്കും അദ്ദേഹം എപ്പോഴും സംലഭ്യനും സമീപസ്ഥനുമായിരുന്നു. ബാലസഖ്യം സംബന്ധിച്ച തിരക്കേറിയ പൊതുപ്രവർത്തനരംഗങ്ങളിൽ ഹൃദയനൈർമല്യത്തിന്റെ ആൾരൂപമായിരുന്ന അദ്ദേഹം സന്ന്യാസം മഹാഭാഗ്യമായി കരുതി. സന്ന്യാസജീവിതം ആത്മീയമായ ഒരു ആനന്ദമാണ് അദ്ദേഹത്തിനു നൽകിയിരുന്നത്. ആ ആനന്ദം തന്റെ പ്രവർത്തനമേഖലകളിൽ അയത്നരഹിതമായി പ്രസരിക്കുക സ്വാഭാവികം. ഇളംതെന്നൽ പോലെ, കുഞ്ഞോളങ്ങൾ പോലെ, അത് മനസ്സുകളെ കുളിരണിയിച്ചുകൊണ്ടിരുന്നു.

കൊച്ചേട്ടന്റെ സാന്നിധ്യം എവിടെയായിരുന്നാലും ഏവർക്കും അത് സന്തോഷപ്രദമായിരുന്നു. ആ സാന്നിധ്യത്തിൽ ആരുടെയും മുഖം വിവർണമാകുമായിരുന്നില്ല. കാരണം, അവരൊക്കെയും മാഞ്ഞൂസച്ചന്റെ ആത്മീയസത്തയുടെ പ്രസരണവെളിച്ചം അറിയാതെ അനുഭവിച്ചവരായിരുന്നു. തിരുസഭയുടെ വിശ്വാസസംഹിതകളോട് നൂറു ശതമാനവും വിശ്വസ്തത പുലർത്താൻ കഴിഞ്ഞ ആ പുണ്യവ്യക്തിത്വത്തിന്റെ പ്രസരണികൾ നൽകിയ കുളിർമ അദ്ദേഹവുമായി ഇടപെട്ടിട്ടുള്ളവരൊക്കെ അനുഭവിച്ചു. നിഷ്കളങ്കതയുടേതായ ഒരു ജീവിതവിശുദ്ധിയായിരുന്നു അത്.

സന്യാസജീവിതത്തോടു നൂറു ശതമാനവും വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ പൊതു പ്രവർ ത്തനങ്ങളിലെല്ലാം തിളങ്ങിനിൽക്കാനാവുക എന്നത് നിസാര കാര്യമല്ല. താൻ എവിടെയൊക്കെ സന്ന്യാസസമൂഹങ്ങളിലും ഭവനങ്ങളിലും ജീവിച്ചിട്ടുണ്ടോ ആ സമൂഹത്തെയൊന്നാകെ ചൈതന്യവത്താക്കുന്നൊരു ഊഷ്മളസാന്നിധ്യമായിരുന്നു മാഞ്ഞൂസച്ചൻ. *A Spiritual fire that ignited everyone around him was a God given gift.* അജപാലനകാര്യത്തിൽ ഇത്രയും ആവേശത്തോടെ ജീവിക്കുന്ന ഒരു വൈദികനെ കണ്ടിട്ടില്ലെന്ന് ഒരു ഹൈന്ദവ സഹോദരൻ മാഞ്ഞൂസച്ചനെപ്പറ്റി പറഞ്ഞതായി കേട്ടിട്ടുണ്ട്.

ഒരിക്കലും വിട്ടുവീഴ്ചകളില്ലാത്ത ചില മുൻഗണനകൾ (Priorities)

www.malankaralibrary.com


മാഞ്ഞൂസച്ചനു ജീവിതത്തിൽ ഉണ്ടായിരുന്നു. ദീപിക ബാലസഖ്യത്തിന്റെ കൊച്ചേട്ടൻ എന്ന നിലയിൽ രാവും പകലും ക്യാമ്പുകളും സ്കൂൾ സന്ദർശനങ്ങളുമായി ഓടിനടന്നപ്പോഴും കുട്ടികളുടെ ദീപിക, കർമ്മല കുസുമം മാസികകളുടെ ചീഫ് എഡിറ്റർ എന്നീ നിലകളിൽ തിരക്കേറിയ ജീവിതം നയിച്ചപ്പോഴും താൻ ആത്യന്തികമായി ഒരു സന്ന്യാസവൈദികനാണെന്ന കാര്യം അദ്ദേഹം മറന്നില്ല. സ്കൂൾ വിദ്യാർത്ഥികളുമായി ഇടപഴകി ജീവിക്കുമ്പോൾ അവരുടെ ബൗദ്ധികവും കായികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം മുൻപന്തിയിലായിരുന്നു.

ധാർമികബോധമുള്ള ഒരു നേതൃനിരയെ സമൂഹത്തിന്റെ നന്മയ്ക്കായി വളർത്തിയെടുക്കുകയെന്നത് മാഞ്ഞൂസച്ചന് എന്നും ആവേശമായിരുന്നു. നല്ലൊരു സാഹിത്യകാരനും അക്ഷരസ്നേഹിയുമായിരുന്ന മാഞ്ഞൂസച്ചൻ തിരക്കിനിടയിലും അറുപതിലധികം ലഘുഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അതിൽ ഏറെയും വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും നല്ല ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള രചനകളായിരുന്നു.

എത്ര കഠിനാധ്വാനത്തിലും തളരാത്തതും സമഗ്രതയുള്ളതുമായ വ്യക്തിത്വമായിരുന്നു അച്ചന്റേത്. തന്നോടു സംസാരിക്കുന്നവർക്കെല്ലാം പോസിറ്റീവ് എനർജി പകർന്നുനൽകുന്ന അപൂർവത. ജീവിതത്തിന്റെ പെരുവഴിയിലും ഇടവഴിയിലും കണ്ടുമുട്ടിയ സർവ്വരും മാഞ്ഞൂസച്ചനെപ്പറ്റി നന്മ മാത്രമേ പറഞ്ഞുകേട്ടിട്ടുള്ളൂ. സഭാധികാരികൾ ഏല്പിക്കുന്ന ഏതു കർത്തവ്യവും വിശ്വസ്തതയോടെയും പരാതിയില്ലാതെയും നിർവ്വഹിക്കുക എന്നത് സ്വന്തം ധർമമായി കരുതിയ കർമയോഗി.

'കുഞ്ഞുങ്ങളെ തടയേണ്ട, അവർ എന്റെ അടുക്കൽ വരട്ടെ' എന്ന് അരുൾചെയ്ത യേശുക്രിസ്തുവിനെപ്പോലെയായിരുന്നു മാഞ്ഞൂസച്ചൻ. രണ്ടു ദശാബ്ദത്തോളം കുട്ടികളുടെ സ്വന്തം 'കൊച്ചേട്ടൻ' ആയിരുന്ന അദ്ദേഹം അവരുടെ നിസ്വാർത്ഥനായ സംരക്ഷകനും നായകനുമായി. ഒന്നും പ്രതിഫലം വാങ്ങാതെ, ഒന്നും സമ്പാദിക്കാതെ, നന്മകൾ വാരിവിതറിയ ആ നായകൻ പുതുതലമുറയെ ധാർമികതയുടെ തേനും പാലും ഊട്ടിവളർത്തി.

ഭൗതികവീക്ഷണത്തിൽ നോക്കിയാൽ അമ്പരപ്പിക്കുന്നതെന്നോ മഹത്തരമെന്നോ ഭൗതികലോകം വിലയിരുത്തുന്ന പിടിച്ചടക്കലൊന്നും മാഞ്ഞൂസച്ചൻ നടത്തിയിട്ടില്ല. ഫലകങ്ങളിൽ ഫാ. മാഞ്ഞൂസ് എന്ന് ഒരിടത്തും കൊത്തിവച്ചിട്ടുണ്ടാവില്ല; അതിനൊന്നും

www.malankaralibrary.com


അദ്ദേഹം ആഗ്രഹിച്ചതുമില്ലല്ലോ. എവിടെയും അടയാളപ്പെടുത്താതെ കടന്നുപോകാനാണ് ആ സന്ന്യാസവര്യൻ ആഗ്രഹിച്ചത്. എന്നാൽ, പതിനായിരങ്ങളുടെ ഹൃദയഭിത്തിയിൽ ആ പേര് മായാത്തവിധം കൊത്തിവച്ചിട്ടുണ്ടാകുമെന്നതു വേറെ കാര്യം.

ഉന്നതശ്രേണിയിലുള്ള ആരുമായും അദ്ദേഹത്തിനു പ്രത്യേകമായൊരു മമതയോ കൂട്ടുകെട്ടോ ഉണ്ടായിരുന്നില്ല. വളരെ സാധാരണമായ ചുറ്റുപാടിൽ, സാധാരണക്കാരുമായി ഇടപഴകി, സാധാരണ കാര്യങ്ങൾ അസാധാരണ ധീരതയോടെ നിർവഹിച്ച, നിഷ്ഠയുള്ള സന്ന്യാസവൈദികനായിരുന്നു അദ്ദേഹം. പ്രധാനമായും കുട്ടികളായിരുന്നു കൂട്ടുകാർ. രണ്ടു ദശാബ്ദക്കാലത്തോളം കുട്ടികളുടെ ഒരു വലിയ കുടുംബം എന്നു വിശേഷിപ്പിക്കാവുന്ന, ഡി.സി.എൽ എന്ന ചുരുക്കപ്പേരിലുള്ള ദീപിക ബാലസഖ്യത്തിന്റെ നടുനായകത്വം വഹിച്ചു. വെറുമൊരു നായകനല്ല; കുട്ടികളെ വലിയവരാക്കുന്നതിനുവേണ്ടി കുട്ടിയായിത്തീർന്ന വലിയ മനുഷ്യൻ - വലിയ നായകൻ! കുട്ടികളുടെ മനസ്സിന്റെ നൈർമല്യവും വിശുദ്ധിയും സ്വായത്തമാക്കി അവരിലൊരാളായ നായകൻ. കുട്ടികളെ എങ്ങനെ എല്ലാ വിധത്തിലും വലിയവരാക്കാം എന്നു ചിന്തിച്ചു പ്രവർത്തിച്ച നായകൻ.



*ദീപിക ബാലസഖ്യം സംഘടിപ്പിച്ച 'ലക്ഷം പുഷ്പമേള' ഉദ്ഘാടനം ചെയ്യാനെത്തിയ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്കൊപ്പം ദീപികയുടെ പത്രാധിപർ ഫാ. കൊളംബിയർ, ബാലസഖ്യം കൊച്ചേട്ടൻ ഫാ. മാഞ്ഞൂസ് കളപ്പുര എന്നിവർ മുൻനിരയിൽ*

www.malankaralibrary.com



കുട്ടികൾക്ക് കൊച്ചേട്ടൻ പ്രിയങ്കരനായത് മഞ്ഞുപോലെ വെൺമയുള്ള, മാടപ്രാവിനെപ്പോലെ നിഷ്കളങ്കമായ ആ മനസ്, അവർക്കുവേണ്ടി സമർപ്പിച്ചതുകൊണ്ടായിരുന്നു.

ദൈവത്തിന്റെ ശക്തി കഴിഞ്ഞാൽ, ലോകത്തിനു മേലുള്ള ഏറ്റവും ശക്തമായ സ്വാധീനം ഒരു സംശുദ്ധ ജീവിതത്തിന്റെ പ്രശാന്തസൗന്ദര്യമാണെന്ന കവിഹൃദയരുടെ ജീവിതവീക്ഷണത്തോടു ചേർത്തുവച്ചേ കൊച്ചേട്ടൻ എന്ന ഫാ. മാഞ്ഞൂസ് കളപ്പുരയെ അനുസ്മരിക്കാനാവൂ. സി.വി. ആനന്ദബോസ് അനുസ്മരിച്ചതുപോലെ, പിന്നിൽനിന്നു നയിച്ച ശക്തിസ്രോതസ്സായിരുന്നു മാഞ്ഞൂസ് അച്ചൻ. മുൻനിര നായകന്റെ സ്ഥാനത്തുനിന്ന് പിന്നിലേക്കു മാറി കുട്ടികളെ ഭാവിയുടെ നായകരാക്കിയ മഹാമനുഷ്യൻ. മുൻനിരയിൽ കൊടിക്കൂറകൾക്കൊപ്പം ശിരസ്സുയർത്തി പിന്നിലേക്ക് ഒരിക്കലും തിരിഞ്ഞുനോക്കാത്ത നേതാക്കൾ പഠിക്കേണ്ട പാഠപുസ്തകം - അതാണ് ഫാ. മാഞ്ഞൂസ് കളപ്പുര സിഎംഐ; അഥവാ തലമുറകളുടെ സ്വന്തം കൊച്ചേട്ടൻ.

www.malankaralibrary.com

# ഫാ. ജോൺ ബോസ്കോ തോട്ടക്കര: മാനവികതയുടെ മനുഷ്യൻ

**കാ**രിയാറ്റി യൗസേപ്പ് മെത്രാപ്പോലീത്ത, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, തച്ചിൽ മാത്തു തരകൻ, കുടക്കച്ചിറ അന്തോനി കത്തനാർ, നിധീരിക്കൽ മാണിക്കത്തനാർ, പ്ലാസിഡ് അച്ചൻ എന്നിവരുടെ പിൻഗാമിയായ ജോൺ ബോസ്കോ തോട്ടക്കര അച്ചൻ (1920–2005), പുന്നൂസ് എന്ന മാമ്മോദീസാപ്പേരിലും അറിയപ്പെടുന്നു. മാർത്തോമ്മാ നസ്രാണികളുടെ ഐക്യത്തിനും ഉയിർത്തെഴുന്നേല്പിനുംവേണ്ടി ആജീവനാന്തം പടപൊരുതിയ അദ്ദേഹം 'എട്ടാമത്തെ വ്യാകുലം' എന്നും അറിയപ്പെടുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ നാട്ടുമെത്രാന്മാരെ കിട്ടുവാൻവേണ്ടി റോമായിലേക്കെഴുതി എന്ന കാരണത്താലാണല്ലോ ഏഴു വ്യാകുലങ്ങൾ സിഎംഐ സഭയിൽനിന്നു പുറത്താക്കപ്പെടുന്നത്.



മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട തുടങ്ങിയ സ്ഥലങ്ങളിൽ പോയി പാർക്കുന്ന സീറോ മലബാർ അംഗങ്ങൾക്കുവേണ്ടി മെത്രാന്മാരെ നിയമിക്കുക എന്ന് ആദ്യം ആവശ്യപ്പെട്ടത് 1952-ൽ ഫാ. ജോൺ ബോസ്കോ സിഎംഐ ആണ്. സീറോ മലബാർ സഭയ്ക്കുവേണ്ടി ഒരു പാത്രിയർക്കീസിനെ അഥവാ ഏറ്റം കുറഞ്ഞ പക്ഷം ഒരു മേജർ മെത്രാപ്പോലീത്തയെ നിയമിക്കുക എന്നും സഭയ്ക്ക് ഇന്ത്യയിലുടനീളം പ്രേഷിതവേല അനുവദിക്കുക എന്നും

www.malankaralibrary.com


ആവശ്യപ്പെട്ടത് അദ്ദേഹംതന്നെ. പറങ്കികൾ വരുന്നതുവരെ അഖിലേന്ത്യാ മെത്രാപ്പോലീത്തയുടെയും അഖിലേന്ത്യാ അർക്കദിയാക്കോന്റെയും കീഴിൽ കഴിഞ്ഞിരുന്ന മാർതോമ്മാ നസ്രാണികളെ മധ്യകേരളത്തിന്റെ ചെറിയ കോണിൽ ചവിട്ടിക്കൂട്ടിയിട്ട് ആ ശ്ലൈഹികസഭയെ ഇല്ലാതാക്കുന്നതിനെതിരേ ശബ്ദിക്കാൻ ദൈവമയച്ച പ്രവാചകനാണ് അദ്ദേഹം. ചിതറിപ്പോയ മാർത്തോമ്മാ നസ്രാണികളെ  ഒന്നിച്ചുകൂട്ടാൻ പടപൊരുതിയ ഒറ്റയാൾ പട്ടാളം.

പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ അടിമത്തത്തിൽ ഇട്ടിരുന്ന സീറോമലബാർ സഭയുടെ കഴുത്തിലെ ചങ്ങല 1953-ൽ തലശേരി രൂപതാ സ്ഥാപനത്തോടെ കർദിനാൾ ടിസ്റാങ്ങും പ്ലാസിഡച്ചനും കൂടി പൊട്ടിച്ചെറിഞ്ഞു. പറങ്കി പക്ഷപാതികൾ ഇടതടവില്ലാതെ പരാതിപ്രളയങ്ങൾ റോമിലേക്ക് ഒഴുക്കിക്കൊണ്ടിരുന്നു. ഇവയൊക്കെ പ്ലാസിഡ് അച്ചന്റെ വിശ്വസ്ത ശിഷ്യനായ ബോസ്കോ അച്ചനെ പിടിച്ചുകുലുക്കി.

1960–61 വർഷത്തിൽ അംബികാപ്പൂർ മിഷൻ നടത്താൻവേണ്ടി ഫാ. ബോസ്കോ, ഫാ. ദീയെഗോ, ഫാ. വിയാനി എന്നീ മൂന്നു സിഎംഐ വൈദികരെ ആ സ്ഥലത്തെ ലത്തീൻ മെത്രാൻ ക്ഷണിച്ചുവരുത്തി. ചുരുങ്ങിയ കാലംകൊണ്ട് അവർ ചെയ്തുതീർത്ത കാര്യങ്ങൾ കണ്ട കർദിനാൾ വലേരിയൻ ഗ്രേഷ്യസ് പോലും അവരെ അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു: “ഞങ്ങൾ ലത്തീൻകാർക്ക് ഇരുപത്തഞ്ചു കൊല്ലം കൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യം നിങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ ചെയ്തുതീർത്തിരിക്കുന്നു.” സീറോ മലബാർ സഭയെ ഇന്ത്യയിലുടനീളം മിഷൻ പ്രവർത്തനത്തിനു വിട്ടാൽ ഇന്ത്യയിൽ ലത്തീൻ സഭ വേരുപിടിക്കില്ലെന്നു മനസ്സിലാക്കി അംബികാപ്പൂർ മിഷൻ നിർത്തിക്കളഞ്ഞു. ഈ അവസരത്തിൽ  ഭോപ്പാൽ ആർച്ച്ബിഷപ് യൂജിൻ ഡിസൂസ രൂപതയുടെ ഒരു ഭാഗം വിഭജിച്ച് ഛാന്ദാ രൂപതയായി സീറോമലബാർ സഭയ്ക്കു വിട്ടുകൊടുത്തു.

ബോസ്കോ അച്ചനിൽ ആളിക്കത്തിക്കൊണ്ടിരുന്ന സഭാ സ്നേഹവും അഭിമാനബോധവും സഭൈക്യചിന്തകളും 1953 ഡിസംബർ 31-ാം തീയതി തലശേരി രൂപത സ്ഥാപിക്കപ്പെട്ടതു മുതൽ മൂർത്തരൂപം പ്രാപിച്ചു. അതിന്റെ ഫലമാണ് ‘നസ്രാണി നവജീവ പരിഷത്ത്’ പ്രസിദ്ധീകരിച്ച ‘*Hendo: The Church of India.*’ ഇത് 1964 ഒക്ടോബർ 18-ാം തീയതി രണ്ടാം വത്തിക്കാൻ കൗൺസിലിൽ ബോംബുപോലെ ചെന്നുവീണു. ഇതോടെ ഇന്ത്യയിൽ എന്താണു നടക്കുന്നതെന്നു കൗൺസിലിൽ ചർച്ചാവിഷയമായി. *Orientalium*

www.malankaralibrary.com


*Ecclesiarum* എന്ന പ്രമാണരേഖയുടെ സൃഷ്ടിക്ക് അങ്ങനെ പൂഞ്ഞാറുകാരൻ പുന്നൂസ് അർക്കദിയാക്കോൻ പങ്കാളിയായി. ഈ പുന്നൂ സിനെ എനിക്കു പരിചയപ്പെടണം എന്നു പറഞ്ഞുകൊണ്ട് ജർമൻ പണ്ഡിതനായ Johannes Madey പ്ലാസിഡ് അച്ചനെ സമീ പിച്ചു. ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഇതു ചർച്ചാവിഷയമായി.

കർദിനാൾ വലേരിയൻ ഗ്രേഷ്യസിന്റെ കീഴിൽ ഇന്ത്യയിലെ കുറെ ലത്തീൻ മെത്രാന്മാരും നവജീവ പരിഷത്തിനെതിരേ പടയൊരുക്കം ആരംഭിച്ചു. അവരുടെ സ്വാധീനത്തിൽപ്പെട്ട അന്നത്തെ സിഎംഐ അധികാരികൾ ചിന്താക്കുഴപ്പത്തിലായി. എരിതീയിൽ എണ്ണയൊഴി ച്ചുകൊണ്ട് അന്ന് ഇന്ത്യയിലെ പേപ്പൽ ഇന്റർനൂൺഷ്യോ റോബർട്ട് നോക്സ് 1965 ഒക്ടോബർ മാസം 12–ാം തീയതി ബോസ്കോ അച്ച നെതിരേ ശിക്ഷയുടെ വാളുയർത്തി. '*സഭയുടെ അടിത്തറ നിഷേ ധിക്കുന്ന ബോസ്കോ ശിക്ഷിക്കപ്പെടണം. സഭയുടെ അടിസ്ഥാന മിട്ട അതിന്റെ സ്ഥാപകന്റെ ദൈവത്വം അയാൾ നിഷേധിച്ചിരിക്കു ന്നു. അതുകൊണ്ട് അയാൾ ഒരു ക്രിസ്ത്യാനിയല്ല.*'

സഭയ്ക്കുവേണ്ടി ജീവിതം ബലികഴിച്ച ത്യാഗികളുടെ പട്ടികയിൽ പ്രഥമസ്ഥാനീയൻതന്നെ ബോസ്കോ അച്ചൻ. സീറോ മലബാർ സഭയുടെ അഖിലേന്ത്യാ അജപാലന പദവിയുടെ പുനരുദ്ധാരണ ത്തിനുവേണ്ടിയും പ്രവാസികളായി അന്യസംസ്ഥാനങ്ങളിലും വിദേശത്തും താമസിക്കുന്ന സീറോ മലബാർ സഭാംഗങ്ങൾക്ക് സ്വന്തം ആരാധനക്രമം അനുഷ്ഠിക്കാനുള്ള അവസരവും സ്വാത ന്ത്ര്യവും ലഭിക്കുന്നതിനുവേണ്ടിയും ഒരു ജീവിതം മുഴുവൻ ത്യാഗ പീഠത്തിൽ ബലിയേകിയവനാണ് അദ്ദേഹം.

സീറോ മലബാർ സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ കോറി യിടേണ്ട ഒരു സുന്ദരനാമം ആണ് ഫാ. ജോൺ ബോസ്കോ തോട്ട ക്കര. അദ്ദേഹം സ്വയം 'ഗുരു യോഹന്ദ്' എന്നു വിളിച്ചു. അഭിമാനി യായ ഒരു സിഎംഐ സന്ന്യാസ സഭാംഗമായിരുന്നു അദ്ദേഹം. കുരിശിന്റെ പോഷത്തം തന്റെ ജീവിതത്തിൽ ഏറ്റുവാങ്ങിയ ഒരു സാധാരണ സന്ന്യാസവൈദികൻ. അദ്ദേഹത്തിന്റെ വിശുദ്ധിയുടെ ആഴം ഗ്രഹിച്ചവർ ചുരുക്കം.

ലോകത്തിൽ, തന്റെ നിരവധി സന്ന്യാസ സഹോദരങ്ങളുടെ ദൃഷ്ടി യിൽ അദ്ദേഹം ഒരു വിശുദ്ധ പോഷനായിതന്നെ ജീവിച്ചു. ഹൈസ്കൂൾ അധ്യാപകനാകുവാൻവേണ്ട യോഗ്യതയുണ്ടായിട്ടും

www.malankaralibrary.com


ഒരിടത്തും കയറിപ്പറ്റാൻ അദ്ദേഹം ശ്രമിച്ചില്ല. ചിലർ അധികാര സ്ഥാനങ്ങളിൽ കടന്നുകൂടാൻ ശ്രമിക്കുന്നതു കണ്ട് നിഷ്കളങ്കമായി കുടുകുടെ ചിരിച്ച വ്യക്തി! അറിവുകൊണ്ടും കഴിവുകൊണ്ടും വളരെ ഉന്നതമായ പദവികൾക്ക് അർഹതയുണ്ടായിരുന്നിട്ടും ലോകം പോഷത്തമെന്നു വിളിച്ചവയെ സ്വീകരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ സന്ന്യാസ ജീവിതശൈലി. അതൊരു ബലിയായിരുന്നു.

അതിബൃഹത്തായ ഒരു പുസ്തകശേഖരം അദ്ദേഹത്തിന്റെ അഗാധ പാണ്ഡിത്യത്തിനും ഗവേഷണത്വരയ്ക്കും സാക്ഷ്യം നൽകിക്കൊണ്ട് അദ്ദേഹത്തെ വട്ടമിട്ടു നിന്നിരുന്നു. അദ്ദേഹത്തെ മുറിയിൽ കയറി കണ്ടിട്ടുള്ളവർക്കറിയാം, കിടക്കുന്ന കട്ടിലിൽപോലും നിറയെ പുസ്തകങ്ങളും കടലാസുകളുമായിരിക്കും.

പ്ലാസിഡച്ചനെന്ന മഹാവൃക്ഷത്തിന്റെ തണലിൽ വളർന്ന ഒരു വടവൃക്ഷമായിരുന്നു ബോസ്കോ അച്ചനെന്ന അരുമശിഷ്യൻ. കിഴക്കൻ സിറിയൻ സഭയുടെ ചരിത്രത്തിൽ അദ്ദേഹം ഒരു അവസാന വാക്കായിരുന്നു. ശിഷ്യൻ ഗുരുവിനെപ്പോലെയായാൽ മതിയെന്നതിനാൽ ചില കാര്യങ്ങളിൽ ബോസ്കോ അച്ചൻ ഗുരുവിനേക്കാൾ വലിയവനായിരുന്നുവെന്ന് എഴുതുന്നില്ല. ലത്തീൻ മേധാവിത്വത്തിൽ തന്റെ മാതൃസഭയ്ക്കു വന്ന തകർച്ചകൾ കണ്ടു നിഷ്ക്രിയനായിരിക്കാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. ചരിത്രാവബോധം അതിനു കാരണമായി. മാതൃസഭയുടെ നൈയാമികമായ അവകാശത്തിനുവേണ്ടി ധീരമായി, ശക്തമായി, അദ്ദേഹം നിലകൊണ്ടു. ചിന്തിച്ചു, സംസാരിച്ചു, എഴുതി. രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പിതാക്കന്മാരുടെ പഠനത്തിനും അറിവിനുമായി അദ്ദേഹം നസ്രാണി നവജീവ പരിഷത്തിനുവേണ്ടി ഒരു മെമ്മോറാണ്ടം തയ്യാറാക്കി. *Hendo* എന്നായിരുന്നു അതിന്റെ പേര്. അതായത് '*Hendo-The Church of India*' – ഇന്ത്യയിലെ സഭ. അയച്ചത് ഒക്ടോബർ 15, 1964–ൽ.

ചരിത്രത്തിന്റെയും ദൈവവിജ്ഞാനീയത്തിന്റെയും സഭാ നിയമത്തിന്റെയും പശ്ചാത്തലത്തിൽ ആധികാരികമായി എഴുതിയ ഈ മെമ്മോറാണ്ടം സീറോ മലബാർ സഭയുടെ സ്വത്വബോധത്തിൽനിന്ന് ജന്മംകൊണ്ടതായിരുന്നു. ഇത് കൈയിൽ കിട്ടിയപ്പോഴാണ് സെന്റ് തോമസ് ക്രിസ്ത്യൻസ് എന്ന ഒരു അപ്പസ്തോലിക സമൂഹത്തെക്കുറിച്ചും വിദേശ മിഷനറി മേധാവിത്വത്തിൽ നൂറ്റാണ്ടുകളായി അവർ സഹിച്ച കഷ്ടപ്പാടുകളെപ്പറ്റിയും തെക്കേ ഇന്ത്യയിൽ കേരളമെന്ന ഒരു കൊച്ചുസംസ്ഥാനത്തിന്റെ ചെറിയ ഒരു കോണിൽ

www.malankaralibrary.com


അവരെ തളച്ചിട്ടിരിക്കുന്നതിനെപ്പറ്റിയും സൂനഹദോസ് പിതാക്കന്മാർ ആദ്യമായി അറിയുന്നത്. ഏതാനും മൈലുകൾ മാത്രം നീളവും വീതിയുമുള്ള കൊച്ചുലോകത്തിന്റെ (Proper Territory) അതിർത്തികൾക്കു പുറത്തേക്കു ജോലിക്കും താമസത്തിനുമായി പോകുന്ന ഈ സഭയിലെ അംഗങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നടത്തുവാനോ തങ്ങളുടെ പരിമിത അതിർത്തിക്കപ്പുറം ദൈവരാജ്യ സുവിശേഷം പ്രസംഗിക്കാനോ ഈ സഭയ്ക്ക് അധികാരമില്ലെന്നും സൂനഹദോസ് പിതാക്കന്മാർ ആദ്യമായി അങ്ങനെ അറിഞ്ഞു!

ഇങ്ങനെയുമുണ്ടോ ഒരു സഭാ സമൂഹം – അതും അപ്പസ്തോലിക് സഭാസമൂഹം! വത്തിക്കാൻ കൗൺസിലിലേക്ക് ബോസ്കോ അച്ചന്റെ പിന്തുണയിൽ നവജീവ പരിഷത്ത് മെമ്മോറാണ്ടം അയച്ചതുകൊണ്ടാണ് സെന്റ് തോമസ് ക്രിസ്ത്യൻസ് എന്ന ഒരു കത്തോലിക്കാ ക്രൈസ്തവസമൂഹത്തെപ്പറ്റി ലോകം മുഴുവൻ സാവധാനം അറിഞ്ഞത്. സംഭവം ചിലരെ ചൊടിപ്പിച്ചുവെന്നത് വേറെ കാര്യം.

ലത്തീൻ സഭയുടെ നിയന്ത്രണത്തിൻ കീഴിൽ ഭാരതത്തിലെ മാർത്തോമ്മാ നസ്രാണിസഭ അനുഭവിച്ച പാരതന്ത്ര്യം രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ച ദിവസം ഭാരതനസ്രാണിസഭയുടെ സ്വപ്നദിനമായിരുന്നു. ഇന്ന് നമ്മുടെ നസ്രാണി സഭ – സെന്റ് തോമസ് ചർച്ച് – ലോകമെങ്ങും അറിയപ്പെടുന്നുണ്ടെങ്കിൽ അതിന് നാം നന്ദി പറയാൻ ഓടിയെത്തേണ്ട കബറിടങ്ങളിൽ ഒട്ടും അപ്രധാനമല്ല, ബഹു. ബോസ്കോ അച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന പൂഞ്ഞാർ സിഎംഐ ചെറുപുഷ്പാശ്രമ സെമിത്തേരിയിലെ കബറിടം. നസ്രാണിസഭയുടെ ലക്ഷ്യസാധ്യത്തിനായി താൻ നിശബ്ദനായി ഏറ്റെടുത്ത ത്യാഗങ്ങളുടെയും സഹനങ്ങളുടെയും നേരിട്ട അവഗണനകളുടെയും സഹിച്ച പരിഹാസങ്ങളുടെയും വേദന അച്ചൻ ഹൃദയത്തിൽ ഒതുക്കി.

ഇന്നു സീറോമലബാർ സഭയ്ക്കു കൈവന്നിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഗുണഭോക്താക്കൾ ഒരിക്കലും മറന്നുപോകരുത് അവരുടെ മുൻതലമുറ താണ്ടിയ ചോരയും കണ്ണീരും കലർന്ന വഴികൾ. അവരതു മറന്നാൽ മഹാരഥന്മാർ അവരോടു ക്ഷമിക്കുമായിരിക്കും. പക്ഷേ, ആ മുൻ തലമുറയെ മറക്കുന്നവർക്കു ചരിത്രം മാപ്പുകൊടുക്കില്ല. അദ്ദേഹത്തിന്റെ ദൗത്യം മനോഹരമായി സാക്ഷാത്കരിക്കപ്പെട്ടതു കാണുമ്പോൾ ഹൃദയം ആനന്ദംകൊള്ളുന്നു.

സീറോ-മലബാർ സഭയിൽ ഐക്യത്തിന്റെ ആത്മാവ് അകലെയാണെന്നു കാണുമ്പോൾ, ഭിന്നിപ്പും വേർപെടലും ഉണ്ടാകുവാനുള്ള

www.malankaralibrary.com


വഴിമരുന്നുകൾ അവിടെയും ഇവിടെയും ഇപ്പോഴും നീറിക്കൊണ്ടിരിക്കുന്നുവെന്ന് കാണുമ്പോൾ, ഭാവിയെപ്പറ്റി ഭയം തോന്നാതിരിക്കുന്നുമില്ല. ഐക്യത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയുടെ കാര്യത്തിൽപോലും നമ്മുടെയിടയിൽ അനൈക്യമാണ്.

'ജൂബിലി നിറവിൽ സീറോ-മലബാർ സഭ' എന്ന തലക്കെട്ടിൽ അഭിവന്ദ്യ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് 2018 ജനുവരി 13, ശനിയാഴ്ചയിലെ ദീപികയിൽ എഴുതിയ ലേഖനത്തിൽനിന്നുള്ള ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ: 'കേരളത്തിലെ എറണാകുളം, ചങ്ങനാശേരി പ്രവിശ്യകളുടെ ഭൂപ്രദേശം മാത്രം Proper Territory ആയിരുന്നെങ്കിൽ ഇന്ന് അത് ഇന്ത്യ മുഴുവനുമായി വ്യാപിച്ചു. അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട് എന്നീ പ്രദേശങ്ങളിൽ രൂപതാസംവിധാനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും സഭയ്ക്കു ലഭിച്ചു. ആരാധനക്രമകാര്യത്തിൽ വളരെ വളർച്ചയുണ്ടായെങ്കിലും ആവശ്യമായ ഐക്യവും സംരക്ഷണവും അനുരൂപണവും ഇനിയും സാദ്ധ്യമായിട്ടില്ല എന്നതിൽ നാം വേദനിക്കുന്നുണ്ട്.' എന്നു മാറും ഈ വേദന? ആരു മാറ്റും ഈ വേദന?

## ഓർമകളിൽ നിറയുന്ന ബോസ്കോ അച്ചൻ

*(സുറിയാനി പണ്ഡിതനും സമകാലികനുമായ ഫാ. ഇമ്മാനുവൽ തെള്ളിയിൽ സിഎംഐ ബോസ്കോ അച്ചനെക്കുറിച്ചുള്ള ഓർമകൾ പങ്കുവയ്ക്കുന്നു)*

**ബോ**സ്കോ അച്ചൻ എപ്പോഴും, ഏതു പ്രതിസന്ധിയിലും ചിരിക്കുകയും പ്രസന്നത പാലിക്കുകയും ചെയ്തിരുന്നു. അവസാന നാളിൽ മേരി ക്വീൻസ് ആശുപത്രിയിൽവച്ച് ശക്തിയായ വേദനയുടെ നടുവിൽ ഒരു ദിവസം മാത്രമാണ് അദ്ദേഹത്തെ ചിരി കൂടാതെ കണ്ടത്. അന്നു രാത്രി അദ്ദേഹം മരിക്കുകയും ചെയ്തു. അദ്ദേഹത്തെ കാണാൻ ആശുപത്രിയിൽ സഹോദരീഭർത്താവ് വെള്ളാപ്പാട്ടുകുന്നേൽ പാപ്പച്ചൻ വന്നപ്പോൾ ആരാണു രോഗിയെന്നു സംശയിച്ചുപോകത്തക്ക വിധത്തിലായിരുന്നു ചിരിയും കളിയും പെരുമാറ്റവും. വളരെ തെറ്റിദ്ധരിക്കപ്പെട്ട കാലഘട്ടത്തിലും ചിരിയും കളിയും അദ്ദേഹത്തെ വിട്ടുമാറിയിരുന്നില്ല. വൈദികനായശേഷം എസ്.ബി. കോളേജിൽ സുവോളജി പഠിച്ചുതുടങ്ങിയെങ്കിലും

www.malankaralibrary.com


ശുചിത്വബോധം മൂലം ചരിത്രത്തിലേക്കു മാറിയാണ് അദ്ദേഹം ഡിഗ്രി യെടുത്തത് (ചരിത്രപഠനത്തിനായി അദ്ദേഹത്തെ ഓക്സ്ഫോർ ഡിൽ അയയ്ക്കാൻ ആലോചനയുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. തെറ്റിദ്ധാരണകളാലും മറ്റും അതു നടന്നില്ല).

ഹെന്ദോ രണ്ട്, മൂന്ന് മുതലായ പ്രസിദ്ധീകരണങ്ങളുടെ കർത്താവ് ബോസ്കോ അച്ചനാണെന്നു തെറ്റിദ്ധരിച്ച്, അന്നത്തെ ജനറാളച്ചൻ ഒരു കമ്മീഷനെ വയ്ക്കുകയും അദ്ദേഹത്തെ വിളിച്ച് ആറു മാസം ജോലിയൊന്നുമില്ലാതെ ജനറലേറ്റിൽ താമസിപ്പിക്കുകയും അവിടെ നിന്നു സ്വന്തം ആശ്രമത്തിലേക്കയച്ചപ്പോൾ ആശ്രമം വിട്ടാൽ പുറ ത്തൊരിടത്തും കുർബാന ചൊല്ലാൻ പാടില്ലെന്നു മുടക്കുകൽപ്പന കൊടുക്കുകയും അതിന്റെ കോപ്പി ഇന്ത്യയിലെ എല്ലാ മെത്രാ ന്മാർക്കും അയയ്ക്കുകയും ചെയ്തു. ഒരു മാസം ശാന്തനായി കാത്തി രുന്നശേഷം ജനറാളച്ചന്റെ കൽപ്പനയ്ക്ക് ഒരു മറുപടി തയ്യാറാക്കി അദ്ദേഹത്തിന് അയച്ചുകൊടുത്തു. അതിന്റെ കോപ്പി ഇന്ത്യയിലെ എല്ലാ മെത്രാന്മാർക്കും അയച്ചു. അച്ചന്റെ സ്നേഹിതനായ ജർമ്മൻ ഡോക്ടർ മാഡായിയും അദ്ദേഹത്തിന്റെ സ്നേഹിതൻ ഗ്രീക്ക് മാറോ നൈറ്റ് പാത്രിയർക്കീസും ഇടപെട്ട് റോമിൽനിന്നും ബഹു. പ്ലാസി ഡച്ചനെ കമ്മീഷനായി അയയ്ക്കുകയും അദ്ദേഹത്തിന്റെ റിപ്പോർ ട്ടിന്റെ അടിസ്ഥാനത്തിൽ മുടക്കുകളൊക്കെ മാറ്റുകയും ചെയ്തു.

സുറിയാനി കുർബാനയാണ് അദ്ദേഹം എന്നും ചൊല്ലിയിരുന്നത് 1962-ലെ മലയാള വിവർത്തനം അദ്ദേഹത്തിനു തൃപ്തികരമായിരു ന്നില്ല. മറ്റാർക്കും അസൗകര്യമുണ്ടാകാതെ വെളുപ്പിനു മൂന്നുമണി ക്കെഴുന്നേറ്റ് കുർബാന ചൊല്ലുമായിരുന്നു. ഗുരുവായ ബഹു. പ്ലാസി ഡച്ചനെ അദ്ദേഹം എന്നും സ്നേഹിച്ചു ബഹുമാനിച്ചിരുന്നു. നമ്മു ടെ സീറോ-മലബാർ സഭയെയും ആരാധനക്രമത്തെയും അദ്ദേഹം അത്യധികം സ്നേഹിച്ചു. അതിന്റെ സ്വാതന്ത്ര്യത്തിനായി അവസാ നം വരെ യത്നിച്ചു. മദ്രാസ്, ബോംബെ, കൽക്കട്ട മുതലായ സ്ഥലങ്ങ ളിലെല്ലാം പോയി പഠിച്ച്, നമ്മുടെ ആളുകളുടെ സ്ഥിതിവിവരങ്ങൾ ശേഖരിച്ച്, വത്തിക്കാൻ സൂനഹദോസിന് അയയ്ക്കപ്പെട്ട ഹെന്ദോയെ സഹായിച്ചു. പഴയ റെയ്ഗാർ അംബികപ്പൂർ മിഷനിലും അദ്ദേഹം ജോലിചെയ്തിട്ടുണ്ട്. നാട്ടിലുള്ള പല ഇടവകകളിലും അദ്ദേഹം ധ്യാനപ്രസംഗങ്ങൾ നടത്തി. കുമ്പസാരാദി പള്ളി ശുശ്രൂഷകളിലും പങ്കെടുത്തിരുന്നു. കഴിയുന്ന സേവനം ആർക്കും ചെയ്തുകൊടു ക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

ചരിത്രസ്നേഹിയും പുസ്തകസ്നേഹിയുമായിരുന്നു അദ്ദേഹം. ധാരാളം പുസ്തകങ്ങളും മാസികകളും വായിക്കുകയും ചെയ്തി

www.malankaralibrary.com


രുന്നു. ഒരു കണ്ണ് തിമിരത്തിന് ഓപ്പറേഷൻ ചെയ്തശേഷവും വായന കുറച്ചില്ല. പത്രങ്ങളുടെയും മാസികകളുടെയും പുസ്തകങ്ങളുടെയും ഇടയിലായിരുന്നു ഉറങ്ങിയിരുന്നത്. കട്ടിലിൽപോലും അവ വച്ചിരുന്നു.

സഭയിലെ ആദ്യപിതാക്കന്മാരെ അനുകരിച്ച് നിഷ്പാദുകനായാണ് അദ്ദേഹം ചൂടുകാലത്തും ടാറിട്ട റോഡിലൂടെ നടന്നിരുന്നത്. ളോഹയും അത്തരത്തിലുള്ളതുമാണു ധരിച്ചിരുന്നത്. അവസാനകാലത്തു കുറച്ചുനാൾ ഡോക്ടറുടെ നിർദേശപ്രകാരം പുറത്തു പോകുമ്പോൾ വള്ളിച്ചെരുപ്പു ധരിച്ചിരുന്നു.

പഴയ തോട്ടക്കര വീട് തികച്ചും ഒരു ചരിത്രസ്മാരകമാണ്. പാണ്ടിപ്പറയരുടെ ആക്രമണങ്ങളിൽനിന്നു രക്ഷപ്പെടുവാൻ, അവർ തീപ്പന്തങ്ങളെറിഞ്ഞാലും അപകടം ഭവിക്കാതെ, തട്ടിനു മണ്ണിന്റെ സംരക്ഷണമുണ്ടായിരുന്നു. താഴെ ഒളിച്ചിരിക്കാൻ നിലവറയും ശത്രു അകത്തെത്തിയാൽ അകലെ ചെന്നിറങ്ങാൻ അടുത്ത പറമ്പിൽ തുറവിയും ഉണ്ടായിരുന്നു. അടുത്തകാലത്ത് അത് അടച്ചുകളഞ്ഞു. ഏതാണ്ട് ആയിരം വർഷം പഴക്കമുള്ള അറയും പുരയുമാണത്. മൈലക്കൊമ്പ് മാപ്പിളയെന്ന പേരിൽ തൊടുപുഴ അടുത്തുള്ള മുതലക്കോടത്തുനിന്നാണു പണ്ട് സാഹചര്യ സമ്മർദത്താൽ അരുവിത്തുറയിൽ വന്നു താമസം തുടങ്ങിയത്. അതിനുശേഷം പൂഞ്ഞാറിലേക്കു മാറി. ഇപ്പോൾ പ്രൈമറി (മിഡിൽ) സ്കൂളിരിക്കുന്ന സ്ഥലത്തു വീടു വച്ചു. ബന്ധുമിത്രാദികളുടെ സഹായത്തോടെ, ഭരണങ്ങാനത്തുനിന്ന് അച്ചനെ (മഫ്തിയിൽ – അരുവിത്തുറക്കാർ എതിർക്കാതെ) കൊണ്ടുവന്ന് പള്ളിയും തുടങ്ങി. ആ വീടു നശിപ്പിക്കപ്പെട്ടപ്പോഴാണ് തോട്ടിനക്കരെ (ഇപ്പോഴത്തെ) വീടു വച്ച് തോട്ടക്കരയെന്ന് അറിയപ്പെടാൻ തുടങ്ങിയത്. പൂഞ്ഞാർ തോട്ടക്കര ചാക്കോയും അന്നയുമാണ് മാതാപിതാക്കൾ.

മുത്തോലി ബോർഡിംഗ് ഹൗസ് റെക്ടർ, കരിക്കാട്ടൂരിലെയും അംബികാപ്പൂരിലെയും അപ്പസ്തോലിക് സ്കൂൾ റെക്ടർ എന്നീ നിലകളിലും മുത്തോലി മൈനർ സെമിനാരി, കൂത്താട്ടുകുളം മേരിഗിരി കോളജ്, പാലാ സെന്റ് വിൻസെന്റ് സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകൻ എന്നീ നിലകളിലും പ്രവർത്തിച്ചു. പ്രിയോർ ജനറാൾ ഹൗസ് (എറണാകുളം), കുര്യനാട്, പാലമ്പ്ര, അമനകര എന്നിവിടങ്ങളിലും താമസിച്ചിട്ടുണ്ട്. അവസാനത്തെ ആറു വർഷം പൂഞ്ഞാർ ചെറുപുഷ്പാശ്രമത്തിലായിരുന്നു.

ചങ്ങനാശേരി എസ്.ബി കോളേജിലും തിരുവനന്തപുരം മാർ ഇവാ

www.malankaralibrary.com


നിയോസ് കോളേജിലും പഠിച്ച ബോസ്കോ അച്ചന്റെ ഇഷ്ടവിഷയം സഭാചരിത്രമായിരുന്നു. മാർത്തോമ്മാ നസ്രാണികളുടെ ചരിത്രം പഠിക്കുകയും ചരിത്രരേഖകൾ ശേഖരിക്കുകയും ചെയ്തു. 'ഏഷ്യയിലെ മാർത്തോമ്മാ സഭകൾ' എന്ന ഗ്രന്ഥത്തിന്റെ രചനയിൽ തോമസ് നങ്ങച്ചിവീട്ടിലച്ചനെ സഹായിച്ചു. പ്ലാസിഡ് സപ്തതി സ്മരണിക, മാണിക്കത്തനാർ ശതാബ്ദി സ്മരണിക എന്നിവ പ്രസിദ്ധീകരിച്ചു.

കേരളം മുഴുവനിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും സുറിയാനി കത്തോലിക്കർക്ക് സഭാപരമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ തീവ്രയത്നമാണ് ബോസ്കോ അച്ചന്റെ സ്മരണയെ അനശ്വരമാക്കുന്നത്. നിവേദനങ്ങളിലൂടെയും നവജീവപരിഷത്തിന്റെ പ്രസിദ്ധീകരണങ്ങളിലൂടെയും അദ്ദേഹം നടത്തിയ ശ്രമങ്ങളുടെകൂടി ഫലങ്ങളാണ് തലശ്ശേരി രൂപതയുടെ സ്ഥാപനം, രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യ സഭകൾക്കു നൽകിയഅംഗീകാരം, മലബാർ സഭയ്ക്ക് അടുത്തകാലത്തു ലഭിച്ച ഉന്നതപദവി എന്നിവ.

നല്ലൊരു വാഗ്മികൂടിയായിരുന്ന ബോസ്കോ അച്ചൻ അനേകം പള്ളികളിൽ ധ്യാനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. വളരെ ലളിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതരീതി. സന്തോഷം നിറഞ്ഞ ആ പൊട്ടിച്ചിരി എല്ലാവരുടെയും ഓർമയിൽ നിലനിൽക്കും.


സഭാചരിത്ര ഗവേഷണത്തിനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക അദ്ദേഹത്തിന്റെ ജീവിതാഭിലാഷമായിരുന്നു. ഒരു മുറി നിറയെ അപൂർവ്വ ഗ്രന്ഥങ്ങളും പുരാതനരേഖകളും ശേഖരിച്ചു സൂക്ഷിച്ചത് ആ ലക്ഷ്യത്തോടെയാണ്.

പൂഞ്ഞാറിൽ ഒരു പബ്ലിക് ലൈബ്രറി തുടങ്ങാനും ബോസ്കോ അച്ചന് ആഗ്രഹമുണ്ടായിരുന്നു. അതിനായും പുസ്തകങ്ങൾ ശേഖരിച്ചിരുന്നു. അതിനായി കെട്ടിടവും നടത്താനാളും മറ്റും ആവശ്യമായിരുന്നതിനാൽ അതു നടപ്പായില്ല. അപൂർവ്വ പുസ്തകങ്ങളും ചരിത്രരേഖകളും കണ്ടാൽ അവയുടെ ഫോട്ടോസ്റ്റാറ്റ് എങ്കിലും സമ്പാദിക്കുമായിരുന്നു. തോമ്മാശ്ലീഹായുടെ സെന്റിനറി സമീപിച്ചപ്പോൾ അദ്ദേഹം സ്ഥാപിച്ചതായി പറയപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും മലയാറ്റൂരിലും (എന്നെയും കൊണ്ടുപോയി) പോയി ഫോട്ടോ എടുപ്പിച്ചു സൂക്ഷിച്ചു. നമ്മുടെ ആരാധനാക്രമാദികൾ സംബന്ധിച്ച് നല്ല ലേഖനങ്ങളെഴുതിയവർക്ക് നസ്രാണി നവജീവ പരിഷത്തിന്റെ പേരിൽ പ്രോത്സാഹന സമ്മാനങ്ങളും നൽകിയിരുന്നു.

www.malankaralibrary.com

# തെള്ളിയിലച്ചൻ: ആഴത്തിലുള്ള അറിവ്, അസാമാന്യ മനക്കരുത്ത്

**അ**ർപ്പണബോധം, അറിവ്, പൗരസ്ത്യ പാരമ്പര്യത്തിലുള്ള വിശ്വാസം, നിഷ്ഠയോടെയുള്ള ജീവിതം, അധ്വാനിക്കാനുള്ള സന്നദ്ധത, ഗവേഷണസ്വഭാവം എന്നിവയെല്ലാം ഒത്തുചേർന്ന വ്യക്തിത്വമായിരുന്നു എമ്മാനുവേൽ തെള്ളിയിൽ (1925–2015) അച്ചന്റേത്. സുറിയാനി പണ്ഡിതനായിരുന്ന അദ്ദേഹം സീറോ മലബാർ സഭയ്ക്കും പൗരസ്ത്യപാരമ്പര്യത്തിനും വലിയ മുതൽക്കൂട്ടായിരുന്നു. എല്ലാക്കാര്യത്തിലും അതീവ തീക്ഷ്ണതയുണ്ടായിരുന്ന അച്ചൻ വാക്കുകളിലും പ്രവൃത്തികളിലും തികഞ്ഞ സത്യസന്ധത പുലർത്തി. ലാളിത്യമാണു നടപ്പിലും എടുപ്പിലും



പ്രകടമായിരുന്നത്. സഭയോടുള്ള വിധേയത്വം അദ്ദേഹത്തിന്റെ അജപാലന ജീവിതത്തിൽ എവിടെയും ദൃശ്യമായിരുന്നു. അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു.

സീറോ-മലബാർ സഭയുടെ കാനോനാ നമസ്കാരങ്ങളും പാട്ടുകളും സുറിയാനിയിൽനിന്നു വിവർത്തനം ചെയ്തതിൽ പ്രധാന പങ്കുവഹിച്ചത് എമ്മാനുവേൽ അച്ചനായിരുന്നു. സുറിയാനി സഭയുടെ പ്രഭാത പ്രാർത്ഥനയായ സപ്രായിലെ 'പുലരിപ്രഭയിൽ കർത്താവേ, സാമോദം നിൻ ദാസരിതാ...' എന്ന ഗാനം അദ്ദേഹം രചിച്ചതാണ്. പൗരസ്ത്യ സഭാപണ്ഡിതനായ ഫാ. പ്ലാസിഡ് സിഎംഐയുടെ ശിഷ്യനായ അദ്ദേഹം ആയിരത്തോളം കവിതകൾ രചിച്ചിട്ടുണ്ട്.

www.malankaralibrary.com


നാലു കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. കത്തെഴുതിയിരുന്നതുപോലും കവിതാരൂപത്തിലായിരുന്നു. കൂടാതെ, പത്തു പുസ്തകങ്ങളും അഞ്ചു ഗവേഷണ പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഫാ. എമ്മാനുവേൽ തെള്ളി, ലോകത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഹോമിയോ ചികിത്സയിലും പ്രാവീണ്യമുണ്ടായിരുന്നു.

തികഞ്ഞ നിശ്ചയദാർഢ്യം ഏതു കാര്യത്തിലും പ്രകടമാക്കി. ബോധ്യങ്ങളുടെ മനുഷ്യനായിരുന്നു അദ്ദേഹം. മനസ്സിനു മേധാവിത്വം നൽകിയ ഒരു വ്യക്തിത്വം. ശരീരത്തിന്റെ അവശതകൾ മനസ്സിന്റെ കരുത്തുകൊണ്ട് അകറ്റിനിർത്തി. തികച്ചും തനിമയുള്ള ഒരു വ്യക്തിത്വം. അസാധാരണവും ആകർഷകവും അനുകരിക്കാൻ വിഷമമുള്ളതുമായ വ്യക്തിത്വം. ആഢ്യത്വവും കുലീനത്വവും ജീവിതവിശുദ്ധിയും സമ്യക്കായി സമ്മേളിച്ചിരുന്ന ഈ ഉന്നതവ്യക്തിത്വം സിഎംഐ സഭയെ സമ്പന്നമാക്കി. വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിൽ പ്രത്യേക സന്തോഷം കണ്ടെത്തിയ അദ്ദേഹം എല്ലാക്കാര്യങ്ങളും സരസമായി അവതരിപ്പിക്കുന്നതിൽ സമർഥനായിരുന്നു.

പൂഞ്ഞാർ തെള്ളിയിൽ പരേതരായ കുഞ്ചാക്കോ-ഏലിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായി 1925 ഫെബ്രുവരി 5-ാം തീയതി ഫാ. എമ്മാനുവേൽ സിഎംഐ ജനിച്ചു. അദ്ദേഹത്തിന് നാലു സഹോദരന്മാരും മൂന്നു സഹോദരിമാരുമാണ് ഉണ്ടായിരുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മാന്നാനം സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1946 ഒക്ടോബർ 15-ാം തീയതി അമ്പഴക്കാട് നൊവിഷ്യേറ്റ് ഭവനത്തിൽ ആദ്യവ്രതം അനുഷ്ഠിച്ചു. ചെത്തിപ്പുഴയിൽനിന്ന് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പഠനം പൂർത്തിയാക്കി. 1953 ഡിസംബർ 8-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു.

തുടർന്ന് ബഹു. എമ്മാനുവേൽ അച്ചൻ കെ.ഇ. കോളേജ് മാന്നാനം, സെന്റ് ജോസഫ്സ് കോളേജ് ദേവഗിരി (കോഴിക്കോട്) എന്നിവിടങ്ങളിൽ അദ്ധ്യാപകനായും അമനകര സെന്റ് പയസ് ഐടിസിയിൽ പ്രഥമ പ്രിൻസിപ്പലായും ജോലിചെയ്തു. അറിയപ്പെടുന്ന സുറിയാനി പണ്ഡിതനായ അദ്ദേഹം വൈദികവിദ്യാർത്ഥികളുടെ സുറിയാനി അദ്ധ്യാപകനായി ദീർഘകാലം സേവനമനുഷ്ഠിച്ചു. മുത്തോലി, കൂടത്തായി, പാലാ, കപ്പാട്, മാനന്തവാടി, പൂഞ്ഞാർ എന്നിവിടങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. അമേരിക്കയിലെ ബ്രൂക്ലിൻ രൂപതയിൽ അജപാലന ശുശ്രൂഷ ചെയ്ത അദ്ദേഹം 1964-67 കാല

www.malankaralibrary.com


ഘട്ടത്തിൽ ഇറാഖിലെ വൈദികവിദ്യാർത്ഥികളെ കൽദായ സുറിയാനി വ്യാകരണം പഠിപ്പിക്കുകയും മിഷനറി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. സുറിയാനി-ഇംഗ്ലീഷ്-മലയാളം ലക്സിക്കൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൗരോഹിത്യ ശുശ്രൂഷകളിൽ അതീവതത്പരനായിരുന്ന എമ്മാനുവേൽ അച്ചൻ തികച്ചും ലളിതമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. ആശ്രമ ദിനചര്യകളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തു. ആശ്രമത്തിലെ അംഗങ്ങളോടും ദൈവജനത്തോടും കുടുംബാംഗങ്ങളോടും സ്നേഹപൂർവ്വമാണു പെരുമാറിയിരുന്നത്. രോഗികളെ സന്ദർശിക്കുവാനും ആശ്വസിപ്പിക്കുവാനും കുമ്പസാരിപ്പിക്കുവാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.


കൂടെ വസിച്ചിരുന്നവർക്ക് വലിയൊരു സ്നേഹിതനായിരുന്നു. അസാമാന്യ മനക്കരുത്തുള്ള ഒരു വ്യക്തി. 75 വയസ് കഴിഞ്ഞപ്പോൾ സ്കൂട്ടർ ഓടിക്കാൻ പഠിച്ചു എന്നതും ലൈസൻസ് സമ്പാദിച്ച് പൊതുനിരത്തിൽ വാഹനം ഓടിച്ചു എന്നതും പ്രായാധിക്യത്തിലും ഒരു ചെറുപ്പക്കാരൻ അദ്ദേഹത്തിൽ ഉണ്ടായിരുന്നു എന്നു തെളിയിച്ചു. അവസാനകാലത്തുപോലും മാവിൽ കയറി മാങ്ങാ പറിച്ച് ആശ്രമവാസികൾക്കു സന്തോഷം നൽകാനും ഏതു ചില്ലയിലും കയറി പേരയ്ക്ക പറിക്കാനും കൃശഗാത്രനായിരുന്ന എമ്മാനുവേലച്ചന് യാതൊരു ബുദ്ധിമുട്ടുമില്ലായിരുന്നു.

പൂഞ്ഞാർ ചെറുപുഷ്പാശ്രമ സെമിത്തേരിയിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

www.malankaralibrary.com

# ആൽബനച്ചൻ: ആയിരത്തിലൊരാൾ

**അ**നശ്വര കലാകാരനായ ദൈവത്തിന്റെ വൈഭവമാർന്ന കലാസൃഷ്ടിയാണ് പ്രകൃതിയും മനുഷ്യരുമെല്ലാം. തന്റെ കലാവിഷ്കാരങ്ങളുടെ മൂല്യം കണക്കാക്കാൻ കലാബോധമുള്ളവർക്കേ കഴിയൂ. ലെയനാർഡോ ഡാവിഞ്ചിയെപ്പോലെയുള്ള കലാകാരന്മാരുടെ അതിമനോഹരമായ സൃഷ്ടികൾക്കുള്ള മതിപ്പുവില കേട്ടാൽ ആരും അദ്ഭുതപ്പെടും. മൊണാലിസ എന്ന ചിത്രത്തിന്, അന്ത്യത്താഴ ചിത്രത്തിന്, യേശുവിന്റെ ചിത്രത്തിന്, വിലയേറുന്നത് അതിശയകരമായി നോക്കിനിൽക്കാനേ കലാബോധമില്ലാത്ത അരസികനായ ഒരുവനു കഴിയൂ. ഡാവിഞ്ചി വരച്ച യേശു



വിന്റെ ചിത്രം 500 മില്യൻ ഡോളറിന് സൗദി അറേബ്യയുടെ കിരീടാവകാശി ലേലത്തിൽ പിടിച്ചതായി വാർത്ത കണ്ടു. തന്റെ കാഴ്ചബംഗ്ലാവിന്റെ മൂല്യവർധനയായിരുന്നിരിക്കാം രാജാവിന്റെ ലക്ഷ്യം; സന്ദർശകരുടെ എണ്ണം വർധിക്കുന്നതനുസരിച്ച് ആദായവും!

ദൈവത്തിന്റെ അനുപമസൃഷ്ടിയായ മനുഷ്യന്റെ കലാമൂല്യം ആരാണു നിശ്ചയിക്കുക? ഓരോ മനുഷ്യനെയും വിലയിരുത്തുന്നവന്റെ സൗന്ദര്യബോധമനുസരിച്ചും മാനദണ്ഡമനുസരിച്ചുമായിരിക്കും മൂല്യനിർണയം നടക്കുക. ആധുനികലോകത്ത് ഒരുവന്റെ അധികാരക്കസേരയും പണസ്വാധീനവുമായിരിക്കാം മൂല്യനിർണയത്തിന്റെ മാനദണ്ഡം. രാഷ്ട്രീയത്തിലായാലും മതസംഘടനകളിലായാലും സഭകളിലായാലും സന്ന്യാസത്തിൽ പോലും ഇന്ന് മൂല്യനിർണയത്തിന്റെ പ്രധാന ഘടകം അധികാരക്കസേരയുടെയും

www.malankaralibrary.com


പണക്കൊഴുപ്പിന്റെയും സ്വാധീനമാണെന്നതിൽ തർക്കം വേണ്ട. മാനദണ്ഡങ്ങൾ ആപേക്ഷികമാകുമ്പോൾ മൂല്യനിർണയത്തിന് നിയതമായൊരു നിയമമില്ലാതാകുന്നു. എല്ലാ രംഗത്തും കസേരയ്ക്കുവേണ്ടിയുള്ള കടിപിടി കലശലാകുന്നതിന്റെ കാരണവും ഇതു തന്നെയാണ്. ഇത്തരം ലോകത്തിൽ കസേരയും കാശും ഇല്ലാത്തവന്റെ കാര്യം കട്ടപ്പുക! അങ്ങനെയൊരു കട്ടപ്പുകയുടെ കഥ പറയാൻ താത്പര്യം തോന്നുന്നു. പറയാതിരുന്നാൽ, ഒരിക്കലും തീരാത്ത കുറ്റബോധമുണ്ടായെന്നു വരാം.

ആ കഥയിലെ കഥാപാത്രമാണ് അധികമാർക്കും പരിചയമില്ലാത്ത ഫാ. ആൽബൻ നെടുങ്കനാൽ സിഎംഐ (1936-2020) എന്ന സന്ന്യാസവൈദികൻ. അദ്ദേഹം സ്വന്തം ബയോഡേറ്റ പോലും എഴുതി എവിടെയും കൊടുത്തിട്ടില്ല; ആരുടെയും ഓർമയിൽ സൂക്ഷിക്കാനായി. ജന്മംകൊണ്ടു, ജീവിച്ചു, ഏല്പിക്കപ്പെട്ട ദൗത്യങ്ങൾ നിശബ്ദസേവനത്തിന്റെ പൂർണതയിൽ നിറവേറ്റി, വിധാദാതാവ് വിളിച്ചപ്പോൾ മടങ്ങി. സന്ന്യാസസഭയിലെ 'ഒബിചറി' എന്ന ഓർമപ്പുസ്തകത്തിന്റെ ഏതോ ഒരു താളിൽ ഒരു പടം. വിവരണങ്ങളേതുമില്ലാത്തതിനാൽ അധികപേജുകൾ ആവശ്യമില്ലല്ലോ... അത്രതന്നെ!

കസേരകളൊക്കെ ഉണ്ടായിരുന്നെങ്കിലും അത് അധികാരം അടയാളപ്പെടുത്തുന്ന തരത്തിലുള്ളതായിരുന്നില്ല. സ്വന്തമായി, സ്വതന്ത്രമായി കാശ് വാരി ചിലവഴിക്കാറില്ലായിരുന്നു. സ്വന്തം നേട്ടങ്ങൾക്കുവേണ്ടി ചിരികൾ മുഖത്ത് തേച്ചുപിടിപ്പിക്കുകയോ അഭിനയിക്കുകയോ ചെയ്തില്ല. സ്ഥാനമാനങ്ങളുടെയും സമ്പത്തിന്റെയുമൊക്കെ മുഖ്യധാരയിൽനിന്നു മാറിയുള്ള പാർശ്വവത്കരണം താൻ പ്രതിജ്ഞ ചെയ്ത ദാരിദ്ര്യവ്രതത്തിന്റെ അലുക്കുകളോടു ചേർത്തുവച്ച് ആഭരണമാക്കി. ചരമയോർമ വായനകളിൽ പോലും ആ പേര് അധികമെങ്ങും കേട്ടില്ല.

ആൽബനച്ചന്റെ മരണവാർഷികദിനത്തിൽ, കസേരയുടെയും കാശിന്റെയും പേരിൽ പ്രമുഖരെന്നു വാഴ്ത്തപ്പെടുന്ന ആരെങ്കിലും മരിച്ചിട്ടുണ്ടെങ്കിൽ ആ പേർ വായനയ്ക്കായി സ്ഥിരീകരിക്കപ്പെടുകയും ആൽബനച്ചൻ എന്ന പേര് ഒഴിവാക്കപ്പെടുകയും ചെയ്യും. അത്രയുമേയുള്ളൂ ആൽബനച്ചന്റെ വില! മൂല്യത്തിന്റെ മാനദണ്ഡം, ജീവിച്ചിരുന്ന കാലത്തെ സമ്പത്തും അധികാരവും താൻപോരിമയും വില കൂടിയ വസ്ത്രവുമൊക്കെ ആണെങ്കിൽ ആൽബനച്ചന് വില കുറഞ്ഞതിൽ ആരെ കുറ്റപ്പെടുത്താനാവും?

അങ്ങനെ ചിന്തിച്ചുപോയപ്പോൾ ആൽബച്ചനെപ്പറ്റി രണ്ടു വാക്കു

www.malankaralibrary.com


കോറിയിട്ടു കടന്നുപോകണമെന്ന് അങ്കുശരഹിതമായ ഒരാഗ്രഹം. അതു നിറവേറ്റുമ്പോൾ ഒരു ആത്മസംതൃപ്തി. അദ്ദേഹത്തെ അപ്പച്ചായനെന്നു വിളിച്ചിരുന്ന സ്വന്തക്കാർക്കും ബന്ധുക്കൾക്കും, സന്ന്യാസസഭയിൽ അദ്ദേഹത്തെ അടുത്തറിഞ്ഞ സമകാലീനരോ പിൻമുറക്കാരോ ഉണ്ടെങ്കിൽ അവർക്കും ഈ ആത്മസംതൃപ്തിയുടെ ഒരു നുള്ള് അനുഭവപ്പെടുമെന്നു കരുതുന്നു... അവരുടെ മുഖത്ത് പ്രസന്നമായൊരു ഭാവവിശേഷം മിന്നിമായുമെന്നു വിശ്വസിക്കുന്നു...

പെരിങ്ങളം എന്ന കുഗ്രാമത്തിൽ 1936–ൽ ജനനം. പൂഞ്ഞാറിൽനിന്ന് ഏതാണ്ട് അഞ്ചു കിലോമീറ്റർ കിഴക്ക്. നെടുങ്കനാൽ എന്നു കുടുംബപ്പേര്. കർഷകരായ മാതാപിതാക്കൾ. അപ്പച്ചൻ എന്നു വിളിപ്പേരുള്ള ഇളയ മകൻ. ജോസഫ് എന്നു മാമ്മോദീസപ്പേര്. മകന് ഏറ്റവും നല്ല വിദ്യാഭ്യാസം കിട്ടണമെന്ന് ദീർഘവീക്ഷണമുള്ള മാതാപിതാക്കൾ ആഗ്രഹിച്ചു. എറണാകുളത്ത് തേവരയിലെ സിഎംഐ സ്കൂളിൽ പഠിപ്പിക്കണമെന്നാണ് ആശ. അക്കാലത്ത് പെരിങ്ങളത്തുനിന്ന് തേവരയിലേക്കു പോകുകയെന്നു പറഞ്ഞാൽ, ഇന്നു പെരിങ്ങളത്തുനിന്ന് ന്യൂയോർക്കിലേക്കു പോകുന്നതിലും ക്ലേശമുള്ള കാലം. അതായിരുന്നല്ലോ അന്നത്തെ യാത്രാസൗകര്യപരിമിതി? എന്തായാലും തിരുവിതാംകൂർ നാട്ടുരാജ്യത്തിൽനിന്നും കൊച്ചി നാട്ടുരാജ്യത്തിൽപ്പെട്ട തേവരയിലെ കർമ്മലീത്ത സഭക്കാരുടെ (ഇപ്പോൾ സിഎംഐ) വിദ്യാലയത്തിലേക്ക് അപ്പച്ചൻ നെടുങ്കനാൽ എന്ന ചെറുബാലൻ പഠനാർത്ഥം പറിച്ചുനടപ്പെട്ടു. അവിടെ ബോർഡിംഗിൽ താമസിച്ച് പത്താംതരം വരെ പഠിച്ചു. ഫാ. ഹയാസീന്ത് തുടങ്ങിയ ആത്മീയശ്രേഷ്ഠരുടെ ഇഷ്ടപുത്രനായി വളർന്ന അപ്പച്ചൻ ബോർഡിംഗിലെ ചാപ്പലിൽ അവരുടെ അൾത്താരബാലനുമായി. ആ അൾത്താരബാലന് ബലിപീഠത്തിങ്കലേക്കു ചുവടുവയ്ക്കാനും യേശുനാഥന്റെ തിരുശരീര–രക്തങ്ങൾ കൈകളിലേന്താനും പ്രചോദനമായത് ആ ശ്രേഷ്ഠപുരോഹിതരുടെ സന്മാതൃകയും സ്വാധീനവുമായിരിക്കാം.

എൻ.ജെ. ജോസഫുമായുള്ള, സഹോദരമക്കളുടെ സ്വന്തം അപ്പച്ചായിയുമായുള്ള, പരിചയബന്ധം ആരംഭിച്ചിട്ട് ഇതെഴുതുന്ന ഇക്കാലത്തെ് ഏഴു പതിറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. ചെറുപ്പം മുതലേ സത്യസന്ധതയും നിഷ്കളങ്കതയുമായിരുന്നു ജോസഫിന്റെ മുഖമുദ്ര. തേവരയിലെ സ്കൂൾ പഠനാനന്തരം മാതാപിതാക്കളുടെ ആശീർവാദത്തോടെ വൈദികപഠനത്തിനായി മാന്നാനത്തെ മൈനർ സെമിനാരിയിൽ ജോസഫ് ചേർന്നു. 1963–ൽ സന്ന്യാസവൈദികനായി

www.malankaralibrary.com


അഭിഷിക്തനായി. പെരിങ്ങളം ഗ്രാമത്തിലെ അരുവിപോലെ സ്വച്ഛന്ദവും തെളിമയാർന്നതുമായിരുന്നു ആ സന്ന്യാസജീവിതം. ആശ്രമാധികാരികൾ ഏല്പിക്കുന്ന ഏതു ജോലിയും ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും നിശബ്ദമായും നിർവഹിക്കുന്ന അനുസരണയുള്ളൊരു യുവവൈദികനായിരുന്നു ജോസഫ് ആൽബൻ. നെടുങ്കനാൽ എൻ.ജെ. ജോസഫിന് സന്ന്യാസത്തിൽ ലഭിച്ച പേരാണ് ആൽബൻ എന്നത്. അക്കാലത്ത് സന്യാസത്തിലേക്കു കടക്കുമ്പോൾ പുതിയൊരു പേരുകൂടി നൽകുമായിരുന്നു. പഴയ മനുഷ്യരെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനാകുന്നതിന്റെ ആത്മീയമായ അടയാളം പോലെയായിരുന്നു ആ പേരുമാറ്റം.

ഭൗതികവീക്ഷണത്തിൽ, ഏതെങ്കിലും ധീരകൃത്യങ്ങളുടെയോ നേട്ടങ്ങളുടെയോ പേരിൽ ആൽബനച്ചനെപ്പറ്റി ആർക്കും വാരിക്കോരി വാഴ്ത്തുമൊഴികളുണ്ടാവില്ല. അടുത്തറിഞ്ഞവർക്കേ ആ മഹത്വമറിയൂ. ഡോക്ടറേറ്റ് ഇല്ലാത്തവരോട് എന്തോ കുറഞ്ഞവർ എന്ന ഭാവത്തിൽ പെരുമാറുന്നവർക്ക് അറിയില്ലായിരിക്കാം, ഈ പുണ്യവ്യക്തിത്വത്തിന് ഒരു അടിസ്ഥാന സെക്കുലർ ഡിഗ്രിപോലും ഇല്ലായിരുന്നുവെന്ന്. ഉന്നതവിദ്യാഭ്യാസത്തിനുള്ള ബൗദ്ധികയോഗ്യത ആൽബച്ചന് ഇല്ലാതിരുന്നതുകൊണ്ടല്ല. ഗണിതശാസ്ത്രത്തിൽ അഗ്രഗണ്യനായ ആൽബനച്ചന് ഉന്നതവിദ്യാഭ്യാസം ലഭിച്ചിരുന്നങ്കിൽ മാത്തമാറ്റിക്സിൽ ഡോക്ടറേറ്റ് സിദ്ധിക്കുമായിരുന്നു എന്ന് അദ്ദേഹവുമായി അടുത്തിടപഴകിയിട്ടുള്ള ഈ ലേഖകൻ ഉറപ്പായും വിശ്വസിക്കുന്നു. ദീപികയിൽ കാഷ്യറായിരുന്നപ്പോഴും മറ്റ് അവസരങ്ങളിലുമൊക്കെ ഇതു നേരിട്ടു ബോധ്യപ്പെട്ടിട്ടുണ്ട്. ധാരാളം വായിക്കുമായിരുന്ന ആൽബനച്ചൻ മികച്ചൊരു തത്ത്വജ്ഞാനികൂടിയായിരുന്നു. പക്ഷേ, തന്റെ ഇത്തരം കഴിവുകളൊന്നും പുരമുകളിൽ കയറി കൊട്ടിഘോഷിക്കാറില്ലായിരുന്നു എന്നതാണ് ആ വ്യക്തിത്വത്തിന്റെ വൈശിഷ്ട്യം.

അമൂർത്തമായ ഭാവാത്മക ചിന്താസരണികളിൽ അഭിരമിക്കുകയും അതാസ്വദിക്കുകയും ചെറിയ ബൗദ്ധികതല തർക്കങ്ങളിൽ ഏർപ്പെട്ട് തന്റെ നിലപാടുകളിൽ ഉറച്ചുനിന്നു വാദിക്കുകയും സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നതൊക്കെ അദ്ദേഹത്തിന്റെ കൊച്ചുകൊച്ചു സന്തോഷങ്ങളാണെന്നു തിരിച്ചറിയുമ്പോൾ ആൽബനച്ചനിലെ ചിന്തകനോട് ഏറെ ബഹുമാനം തോന്നിയിട്ടുണ്ട്. പിന്നെയെന്തേ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് അദ്ദേഹത്തോട് ആരും സംസാരിച്ചില്ല എന്നതിന് ഉത്തരം കണ്ടുപിടിക്കുക എളുപ്പമല്ല. സ്വതവേ പിൻവാങ്ങൽ സ്വഭാവക്കാരനായിരുന്ന അദ്ദേഹത്തെ ആരും ഒന്നിനും

www.malankaralibrary.com


നിർബന്ധിച്ചില്ല എന്നുവേണം മനസിലാക്കാൻ. ഒരുകാര്യം മാത്രമറിയാം; ബന്ധുക്കൾക്കും സഹപാഠികൾക്കും സഹപ്രവർത്തകർക്കുമൊക്കെ അദ്ദേഹം 'പാവം ആൽബനച്ചൻ' ആയിരുന്നു. ചോദിച്ചു നേടുക, ഇടിച്ചുകയറി പിടിച്ചുവാങ്ങുക, സ്വന്തം സ്ഥാനം ഉറപ്പിക്കുക എന്നിങ്ങനെയുള്ള സാമർത്ഥ്യക്കാരുടെ ബഹളങ്ങളിൽനിന്ന് അദ്ദേഹം നിസംഗനായി വേറിട്ടു നടന്നു; ആൾക്കൂട്ടത്തിൽ തനിയെ!

തന്റെ ദൈവവിളിയെപ്പറ്റി ആഴത്തിൽ ബോധ്യമുണ്ടായിരുന്ന അദ്ദേഹത്തിന് സന്ന്യാസവൈദികജീവിതം കഴിയുന്നിടത്തോളം സമ്പൂർണമായിരിക്കുന്നതിലായിരുന്നു കൂടുതൽ നിഷ്ഠയെന്നു തോന്നിയിട്ടുണ്ട്. ആത്മീയജീവിതവീക്ഷണത്തിലൂടെ ആൽബനച്ചനെ കണ്ടിട്ടുള്ളവർക്കറിയാം, ദൈവികമനുഷ്യനായ സന്ന്യാസിയും ആദ്ധ്യാത്മികതയുടെ സജീവസാക്ഷ്യവുമായിരുന്നു അദ്ദേഹമെന്ന്. ഹൃദയനൈർമല്യവും നിഷ്കളങ്കതയും സത്യസന്ധതയും ദൈവഭക്തിയുമൊക്കെ സമഞ്ജസമായി സമ്മേളിച്ച വ്യക്തിപ്രഭാവം. അതിനാൽ തന്നെ പരാതികളേതുമില്ലാത്ത ആ ജീവിതം അദ്ദേഹത്തിന് ഹരമായിരുന്നു.

സന്ന്യാസത്തിലെ ദാരിദ്ര്യവ്രതം പൂർണമായുൾക്കൊണ്ട ലളിതജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. യാതൊരുവിധ ആഡംബരവും പ്രകടനങ്ങളുമില്ല. യഥാർത്ഥ സന്യാസജീവിതത്തിനുണ്ടായിരിക്കേണ്ട നിഷ്ഠകൾ അനുവർത്തിക്കുകയും ആ മഹത്വം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കുകയും ചെയ്തു. വാക്കിലും പ്രവൃത്തിയിലും സേവനരംഗത്തും വച്ചുകെട്ടലുകളില്ലാത്ത സൗമ്യനായിരുന്നു അദ്ദേഹമെന്ന് സഹപ്രവർത്തകർ സംശയലേശമെന്യേ സാക്ഷ്യപ്പെടുത്തിയിരുന്നു.

മറ്റുള്ളവരെ എങ്ങനെ സഹായിക്കാനാകും എന്നതായി രുന്നു അദ്ദേഹത്തിന്റെ ചിന്ത. രോഗികളും വൃദ്ധരുമായവരോട് പ്രത്യേകമായൊരു മമതയും കാരുണ്യഭാവവുമായിരുന്നു അദ്ദേഹത്തിന്. അദ്ദേഹത്തിന്റെ ഒരു സേവനത്തിന് നന്ദി പറഞ്ഞാൽ അതു കേൾക്കാത്തതുപോലെ 'താൻ ചെയ്തതിൽ പ്രത്യേകിച്ച് എന്തിരിക്കുന്നു' എന്ന ഭാവത്തിൽ കടന്നുപോകുമായിരുന്നു; പ്രശംസാവചസുകൾക്കും മുഖസ്തുതികൾക്കുമെതിരേ മുഖംതിരിച്ച്. താൻ ചെയ്തത് തന്റെ ധർമവും കർമവുമായിരുന്നല്ലോ എന്നതായിരിക്കാം അദ്ദേഹത്തിന്റെ ചിന്ത.

ജോലി ചെയ്ത സ്ഥാപനങ്ങളിലൊക്കെ കാഷ്യറും കണക്കനുമാ

www.malankaralibrary.com


യിട്ടായിരുന്നു ആൽബനച്ചന്റെ നിയോഗം. ദീപികയിലും ധർമാരാം കോളജിലും പ്രൊവിൻഷ്യൽ ഹൗസിലും മറ്റ് ആശ്രമങ്ങളിലുമെല്ലാം സിഎംഐ സഭയുടെ മികച്ചൊരു 'കണക്കപ്പിള്ള' ആയിരുന്നു ആൽബനച്ചൻ. അന്നന്നു കണക്കുകൾ തീർത്ത് എല്ലാം എണ്ണിയുറപ്പിച്ചേ അദ്ദേഹം കിടന്നുറങ്ങുമായിരുന്നുള്ളൂ. ആൽബനച്ചനെ ഏല്പിച്ച കണക്കു സംബന്ധിച്ച് ആശ്രമാധിപർക്കോ മറ്റാർക്കെങ്കിലുമോ വേവലാതി തെല്ലും വേണ്ടാത്തവിധം സത്യസന്ധതയും സ്ഫടികസമാനമായ കൃത്യതയും ആ കണക്കുബുക്കുകളിലുണ്ടായിരുന്നു. ദീപികയിലെ ജീവനക്കാർ ആൽബച്ചനെ സ്നേഹിച്ചിരുന്നത് അദ്ദേഹത്തിലെ നന്മയും കാരുണ്യവും ദർശിച്ചാണ്. പാവപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ കരുണ പ്രത്യേകമായി എടുത്തുപറയേണ്ടതാണ്. തന്റെ ഔദാര്യമനസ്കത ചൂഷണം ചെയ്തു കബളിപ്പിച്ചവരെക്കുറിച്ചു പോലും 'പാവങ്ങൾ... ബുദ്ധിമുട്ടുകൊണ്ടല്ലേ...' എന്നായിരുന്നു വിശുദ്ധമായ ആ നീതീകരണം.


ആധുനികതയുടെ ഇക്കാലത്ത് ഏതു രംഗത്തും റേറ്റിംഗ് സർവസാധാരണമാണല്ലോ. വിദ്യാഭ്യാസരംഗത്തും കലാ-കായിക മേഖലകളിലും രാഷ്ട്രീയത്തിലുമെല്ലാം റേറ്റിംഗ് കൂട്ടാൻ ഓടുകയാണ് വ്യക്തികളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമെല്ലാം. എന്നാൽ, ദൈവത്തിന്റെ വിളിയിലേക്കുള്ള റേറ്റിംഗായിരുന്നു ആൽബനച്ചൻ ലക്ഷ്യംവച്ചതെന്നാണ് ലേഖകൻ മനസ്സിലാക്കിയിട്ടുള്ളത്.

എല്ലാ മേഖലയിലുമുണ്ട് പുത്തൻതലമുറയുടെ റേറ്റിംഗ് ലക്ഷ്യം; അപ്പോൾ പഴയ തലമുറകളും അവരുടെ ആശയങ്ങളും നിഷ്ഠകളും അരികുവത്കരിക്കപ്പെടുകയോ ഒഴിവാക്കപ്പെടുകയോ ചെയ്തേക്കാം. ആൽബനച്ചൻ അവരിലൊരാളായാൽ അത് ആ ജീവിതവിജയത്തിൽ ചാർത്തപ്പെട്ട പൊൻതൂവലായേ കരുതാനാവൂ. കണക്കുകാര്യങ്ങളിൽ കണിശക്കാരനായ ആൽബനച്ചന്റെ സ്ഥാനം ജീവദാതാവിന്റെ കണക്കുപുസ്തകത്തിലുണ്ടാവും; ഉയർന്ന റേറ്റിംഗിൽ!

www.malankaralibrary.com

# കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള: ഏകാന്തപഥികനായ മഹാകവി

**ബൈ**ബിളിന്റെ ആഴങ്ങളിലെ മുത്തുകളെ പെറുക്കിയടുക്കി കവിതയുടെ ഒരു മഹാപ്രപഞ്ചം സൃഷ്ടിച്ച മഹാകവിയാണ് കട്ടക്കയം ചെറിയാൻ മാപ്പിള.



കട്ടക്കയത്തെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം എന്നോ പാടിപ്പഠിച്ച അദ്ദേഹത്തിന്റെ കവിതകളും സാധാരണക്കാരനായി ജീവിച്ച അസാധാരണക്കാരനായിരുന്ന അദ്ദേഹത്തിന്റെ എളിയ രൂപവും മനസിൽ തെളിഞ്ഞുവരാറുണ്ട്. ഒറ്റമുണ്ടുടുത്ത്, ഭംഗിയായി മടക്കിയ തോൾമുണ്ടും ധരിച്ച്, നെഞ്ചോടു ചേർത്തുപിടിച്ച വേദപുസ്തകവുമായി നിൽക്കുന്ന ആ വിനയരൂപത്തെ ആർക്കാനാണു മറക്കാനാവുക. പുതിയ തലമുറയ്ക്ക് അപരിചിതനെന്നു തോന്നുമെങ്കിലും ഒരുകാലത്ത് മലയാള കാവ്യമണ്ഡലത്തിലെ അതികായനായിരുന്നു മഹാകവി കട്ടക്കയം. കവി എന്നറിയപ്പെടാൻവേണ്ടി കവിതയെഴുതിയ ആളല്ല കട്ടക്കയം ചെറിയാൻ മാപ്പിള.

ജന്മനാതന്നെ കവിയായിരുന്ന അദ്ദേഹം പിന്നെ മഹാകവിയായെന്നു മാത്രം. തന്റെ ജന്മസിദ്ധമായ കഴിവുകളെ തിരിച്ചറിയുകയും ആത്മാവിൽ ഉറങ്ങിക്കിടന്ന കവിതകളെ വിളിച്ചുണർത്തി കൃത്രിമത്വമൊന്നുമില്ലാതെ സഹൃദയസമക്ഷം സമർപ്പിക്കുകയും ചെയ്ത മഹാനുഭാവനാണ് മഹാകവി കട്ടക്കയം.

ആശാനും ഉള്ളൂരും വള്ളത്തോളും ഉൾപ്പെടുന്ന കവിത്രയങ്ങൾക്കൊപ്പം കവിതാലോകത്ത് സ്വന്തം സ്ഥാനം അടയാളപ്പെടു

www.malankaralibrary.com


ത്തിയ കവിശ്രേഷ്ഠനായിരുന്നു അദ്ദേഹം. ജന്മനാടിന്റെ അഭിമാനമാണ് കവിയായ ചെറിയാൻ മാപ്പിള. പാലായുടെ മണ്ണിൽനിന്നു വളവും ഊർജവും സ്വീകരിച്ചാണ് അദ്ദേഹം കവിതയെഴുതിയത്. ആ കവിതകളാണ് അദ്ദേഹത്തെ മഹാകവിയാക്കിയതും മലയാളത്തിലെ മറ്റു കവികൾക്കൊപ്പമോ അതിനപ്പുറമോ എത്തിച്ചതും. ചെറുകവിതകളും ശ്ലോകങ്ങളും മുതൽ ഇരുപത്തിനാലു സർഗങ്ങളിലായി വളർന്നുപന്തലിച്ചു പുഷ്പിച്ച 'ശ്രീയേശുവിജയം' മഹാകാവ്യം വരെ വ്യാപിച്ചുകിടക്കുകയാണ് കട്ടക്കയത്തിന്റെ കാവ്യപ്രപഞ്ചം.

സാഹിത്യത്തിന്റെ ഒട്ടുമിക്ക ശാഖകളിലും അദ്ദേഹം കൈവയ്ക്കുകയും അവയിലെല്ലാം സുഗന്ധപുഷ്പങ്ങൾ വിരിയിക്കുകയും ചെയ്തു. വേദപുസ്തകത്തിൽ ഭക്തിപൂർവം മുങ്ങിത്തപ്പി അവിടെ വിളഞ്ഞുകിടക്കുന്ന അമൂല്യങ്ങളായ മുത്തുകളെ തന്റെ വിശ്വാസത്തിന്റെ തീക്ഷ്ണതയിൽ ഊതിക്കാച്ചി കാലാതിവർത്തിയായ കൃതികളാക്കുകയായിരുന്നു അദ്ദേഹം. 'സത്യനാദ കാഹള'ത്തിലായിരുന്നു ആദ്യകാല കവിതകൾ പ്രസിദ്ധീകരിക്കപ്പെട്ടത്. പിന്നീട് കേരളമിത്രം, നസ്രാണി ദീപിക, മലയാള മനോരമ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലെ സ്ഥിരം എഴുത്തുകാരനായി മാറി.

കവി ആയിരിക്കുമ്പോൾത്തന്നെ നല്ല കുടുംബനാഥനും നല്ല കർഷകനുമായി വർത്തിച്ച പ്രതിഭാശാലിയായിരുന്നു കട്ടക്കയം. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കവികളിൽ കവിയുടെയും കൃഷിക്കാരന്റെയും കുടുംബനാഥന്റെയും ആത്മാംശം തെളിഞ്ഞുകാണുന്നത്. താൻ പ്രവർത്തിച്ചുപോന്ന മൂന്നു മേഖലകളോടും നീതിപുലർത്തിയ അദ്ദേഹം ആ രംഗങ്ങളിലെ പകരംവയ്ക്കാനാവാത്ത മാതൃകയായിരുന്നു. ആധ്യാത്മികചിന്തകളിൽ ഊന്നിയുള്ളവയായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. അതുകൊണ്ടുതന്നെ അദ്ദേഹം കേരള ക്രൈസ്തവസമൂഹത്തിലെ സാഹിത്യസമ്രാട്ട് എന്നാണറിയപ്പെട്ടത്.

അപാരമായ പാണ്ഡിത്യത്തേക്കാളധികം സ്വതസിദ്ധമായ വാസനാഗുണവും തജ്ജന്യമായ രചനാസൗഷ്ഠവവും പദപരമായ ലാളിത്യവുമാണ് കട്ടക്കയത്തിന്റെ കൃതികളിൽ പ്രധാനമായും പ്രകാശിതമാകുന്നതെന്ന് നിരൂപകന്മാർ വിലയിരുത്തുന്നു.

ആരെയും അനുകരിക്കാതെ സ്വന്തമായ ഒരു പാത വെട്ടിത്തെളിച്ച് അതിലൂടെ സഞ്ചരിച്ച ഏകാന്തപഥികനാണ് മഹാകവി കട്ടക്കയം.

www.malankaralibrary.com


പണത്തിനും പ്രശസ്തിക്കുമപ്പുറം കൃതികളിൽ രചനയുടെ അത്യപൂർവമായ സായൂജ്യം തേടിയ കവി. ആരുടെയും പ്രോത്സാഹനത്തിനും പ്രശംസയ്ക്കുംവേണ്ടി അദ്ദേഹം നിന്നുകൊടുത്തില്ല. തന്റെ രചനകളിൽ ഉള്ളത് ഉള്ളതുപോലെ പറയാനായിരുന്നു അദ്ദേഹത്തിനു താത്പര്യം. അലങ്കാരങ്ങളോ ആടയാഭരണങ്ങളോ ഇല്ലാതെ സാമാന്യജനത്തിന്റെ സാധാരണ ഭാഷയിലാണ് അദ്ദേഹമെഴുതിയത്. അതു ജനം വായിച്ചു. അവർ മഹാകവിയെ തങ്ങളുടെ മനസ്സിൽ, ആസ്വാദനമണ്ഡലത്തിൽ, സ്നേഹത്തോടെ പ്രതിഷ്ഠിക്കുകയും ചെയ്തു.

'ശ്രീയേശുവിജയം' മഹാകാവ്യം, കവിയുടെ സാഹിത്യവാസനയുടെ ശാശ്വതസ്മാരകമായി എക്കാലവും പ്രശോഭിക്കും. ലളിതകോമളമായ പദങ്ങൾകൊണ്ട് സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. അർത്ഥാവബോധത്തിനോ ആശയവ്യക്തതയ്ക്കോവേണ്ടി ആ രചനകൾ ഒരിക്കൽകൂടി വായിക്കേണ്ടിവരില്ല. എത്ര ഗംഭീരമായ ആശയങ്ങളെയും അദ്ദേഹം അനായാസം തന്റെ രചനാപാടവത്താൽ ആസ്വാദ്യകരമാക്കുന്നു.

വന്ധ്യയായിപ്പോയ ഭാരതത്തിന് അനേകം നൂറ്റാണ്ടുകൾക്കുശേഷം ലഭിച്ച പുതുജീവിതത്തിന്റെ ഉദയസൂര്യനാണ് കട്ടക്കയത്തിന്റെ ശ്രീയേശുവിജയം മഹാകാവ്യമെന്നാണ് പ്രഫ. സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടിരിക്കുന്നത്.

പരിപൂർണമായ കവിതാവാസനയുള്ള ഒരു വശ്യവചസിനല്ലാതെ അക്ലിഷ്ടമനോഹരമായ ഇത്തരത്തിലുള്ള ഒരു മഹാകാവ്യം ഒരിക്കലും നിർമിക്കാൻ കഴിയില്ലെന്ന് മഹാകവി ഉള്ളൂർ പറഞ്ഞു. കട്ടക്കയം കവിതയെ കൂട്ടിലടച്ച് സംസാരിപ്പിക്കുകയല്ലെന്നും ആ അരുമക്കിളി അതിന്റെ ആഹ്ലാദച്ചിറകുകൾ വിടർത്തി ദേവന്മാരുടെ വിശാലമായ പന്ഥാവിൽ പാട്ടുപാടി പറന്നുനടക്കുകയാണെന്നും മഹാകവി വള്ളത്തോൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

കവിതാലോകത്തെന്നപോലെ പാലായുടെ കലാ-സാംസ്കാരിക മേഖലയ്ക്കും കട്ടക്കയം ചെറിയാൻ മാപ്പിള നൽകിയ വിലയേറിയ സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടും.

എല്ലാവരും നന്മയുടെ വഴിയേ നടക്കണം എന്ന സന്ദേശമാണ് കട്ടക്കയം തന്റെ പിൻതലമുറയ്ക്കായി നൽകിയിരിക്കുന്നത്. മഹാകവിയുടെ ആ സന്ദേശം നമുക്കും ഉൾക്കൊള്ളാം; വരുംതലമുറകൾക്കായി കാത്തുവയ്ക്കുകയും ചെയ്യാം.

www.malankaralibrary.com

# സ്ത്രീശാക്തീകരണവും കസ്തൂർബാ ഗാന്ധിയും

**സ്ത്രീ**ശാക്തീകരണം സജീവ വിഷയമായിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി ഭാരതത്തിന്റെ സ്മൃതിമണ്ഡപത്തിൽ തെളിഞ്ഞു നിൽക്കുന്നിടത്തോളംകാലം ആ ഗാന്ധിയൻ ചിന്താപശ്ചാത്തലത്തിൽ എന്നും പ്രകാശിച്ചുനിൽക്കുന്ന ഒരു ചരിത്ര സ്ത്രീരത്നമായിരിക്കും കസ്തൂർബാ ഗാന്ധിയെന്നതിൽ സംശയമില്ല.

ഗാന്ധിജിയുടെ ജീവിതത്തോടൊപ്പം നടന്നുനീങ്ങിയ ഒരു ആദർശവനിതയായിരുന്നു കസ്തൂർബ. ഗാന്ധിജിയോടൊപ്പം ദക്ഷിണാഫ്രിക്കയിൽ ഇന്ത്യൻ വംശജരുടെ നന്മയ്ക്കായി പോർമുഖത്തിറങ്ങിയ കസ്തൂർബ മൂന്നുമാസം ജയിലിലാകുകയും കഠിനാധ്വാനം ശിക്ഷയായി വിധിക്കുകയും ചെയ്തു. ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു നേതൃത്വം കൊടുക്കാൻ ഇന്ത്യയിലേക്കു മടങ്ങിയപ്പോൾ അദ്ദേഹത്തോടൊപ്പം കസ്തൂർബാഗാന്ധി ഇന്ത്യയിലെത്തി സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്നു. നിരക്ഷരരായ ജനതയ്ക്ക് അക്ഷരാഭ്യാസം നൽകുകയും ആരോഗ്യപരിപാലനത്തിലും ശുചിത്വത്തിലും അച്ചടക്കത്തിലുമൊക്കെ പരിശീലനം നൽകുകയും ചെയ്തുകൊണ്ട് സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്ന ചരിത്രവും അവർക്കുണ്ട്.

അരി വെന്ത് പൂവുപോലെ വിടർന്ന് ഭക്ഷ്യയോഗ്യമാകുന്നതെങ്ങനെ എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതിന്റെ പിന്നിൽ വിറകോ ഗ്യാസോ കത്തിയെരിഞ്ഞ് കനലുകളായി തിളങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെടാറേ ഇല്ലായിരിക്കും. അത്രയ്ക്കും സാധാരണമാണ് അക്കാര്യം.

എന്നാൽ ഒരുകാര്യം ഓർക്കണം. ഓരോ ജീവിത വിജയകഥകളുടെയും പിന്നിൽ കത്തിയെരിഞ്ഞ്, കനലുകളായി, ചാരമായി, മാറിയ ഓരോ നിശബ്ദ ജീവിതകഥയുംകൂടിക്കാണും എന്ന്. മഹാത്മാ ഗാന്ധി

www.malankaralibrary.com


യുടെ പവിത്രമായ ജീവിതകഥയ്ക്കു പിന്നിൽ കത്തിയെരിഞ്ഞ് കനലായി, ചാരമായി, മാറിയ ഒരു സ്ത്രീരത്നമുണ്ടായിരുന്നു – കസ്തൂർ ബാ ഗാന്ധി.

ഓർക്കുക; 'വെന്തുനീറുന്ന ചോറിനു താഴെ കത്തിയെരിയുന്ന കനലുകളുണ്ട്.'

ഗാന്ധിജിയെ മാനവവംശം, അല്ലെങ്കിൽ കാലം മനസിൽ താലോലിച്ച് ഉണ്ണുകയാണ്... മാർട്ടിൻ ലൂഥർ കിംഗ്, മണ്ടേല, ബരാക് ഒബാമ തുടങ്ങിയ ലോകനേതാക്കൾ ഗാന്ധിസത്തിൽനിന്ന് ഊർജം സ്വീകരിച്ചവരാണ്.

ഗാന്ധിസം എന്ന ഈ വിരുന്നിനു ഗാന്ധിജിയെ പാകപ്പെടുത്താൻ സ്വയം കത്തിയെരിഞ്ഞ് കനലായത് കസ്തൂർബാ ഗാന്ധിയാണ്.

*'ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോൾ*
*ഭൂവിനാ വെളിച്ചത്തിൽ വെണ്മ ഞാൻ ഉളവാക്കി.'*

എന്ന മഹാകവി ശങ്കരക്കുറുപ്പിന്റെ വാക്കുകൾപോലെ കാലത്തിന്റെ നെഞ്ചിൽ എന്നും കത്തിജ്വലിക്കുന്ന ഗാന്ധി എന്ന പ്രകാശഗോപുരത്തിന് പ്രഭയേകാൻ സ്വന്തം ജീവിതം ബലിയായി നൽകിയ കസ്തൂർ ബാ ഗാന്ധി ത്യാഗോജ്വലമായ കുടുംബജീവിതത്തിനു മാതൃകയാണ്. അതുല്യമായ സ്ത്രീശക്തിക്കു മാതൃകയാണ്.

ഈ അടുത്തകാലത്ത് വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന ചില സ്ത്രീനാമങ്ങളുണ്ടല്ലോ. അവരിലാരുടെയും പേര് എടുത്തുപറയുന്നില്ല. ആ പേരുകളിലൊന്നും സ്ത്രീശാക്തീകരണത്തിന്റെ മഹോന്നത ദൃശ്യങ്ങൾ കാണാനാകില്ല. അവർക്കു ശക്തിയുണ്ടാകാം. അവരിൽ കാണുന്ന ശക്തി നന്മയുടെ ശക്തിയാണോ എന്നു നിങ്ങൾ സ്വയം ചോദിക്കണം. തിരിച്ചറിയണം.

ഇന്ന് എല്ലാ രംഗങ്ങളിലും രാഷ്ട്രീയത്തിലായാലും സാമൂഹികരംഗത്തായാലും പ്രതിഭ തെളിയിച്ച ഒട്ടേറെ മഹതികളെ കാണാനാവും. അവരായിരിക്കണം നിങ്ങളുടെ മാതൃക. ഒരു കസ്തൂർബാ ഗാന്ധിയോ മദർ തെരേസയോ ഝാൻസി റാണിയോ ആനി മസ്ക്രീനോ അക്കാമ്മ ചെറിയാനോ ഒക്കെ ഓരോ കാലഘട്ടത്തിൽ സ്ത്രീലോകത്തിന് കരുത്തിന്റെയും നന്മയുടെയും പ്രതീകങ്ങളായിരുന്നു. അവർ ചൊരിഞ്ഞ പ്രകാശത്തിൽ ചരിച്ച് കാലുകൾ ഇടറാതെ മുന്നോട്ടു നീങ്ങി ജീവിതവിജയം സ്വന്തമാക്കാൻ ആധുനിക തലമുറയ്ക്കു കഴിയട്ടെ.

www.malankaralibrary.com

# നാം സമാധാനത്തിന്റെ ഉപകരണങ്ങൾ

**ക്രൈ**സ്തവ വിശുദ്ധന്മാരിൽ ഇതര മതസ്ഥർക്കും ലോകത്തിനും സുപരിചിതനായ ഒരു മഹാവിശുദ്ധനാണ് അസീസിയിലെ വിശുദ്ധ ഫ്രാൻസിസ്. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന, അദ്ദേഹം നിരന്തരം പ്രാർഥിച്ചുകൊണ്ടിരുന്ന, ഹൃദയഹാരിയായ ഒരു പ്രാർഥന യുണ്ട്. സമാധാന പ്രാർഥനയെന്നാണ് അത് അറിയപ്പെടുക. അദ്ദേഹ ത്തിന്റെ ആ പ്രാർഥന ഇങ്ങനെ:

'*നാഥാ എന്നെ അങ്ങയുടെ സമാധാനത്തിന്റെ*
*ഉപകരണമാക്കേണമേ*
*വിദ്വേഷമുള്ളിടത്തു സ്നേഹവും*
*ദ്രോഹമുള്ളിടത്തു ക്ഷമയും*
*സന്ദേഹമുള്ളിടത്ത് പ്രത്യാശയും*
*അന്ധകാരമുള്ളിടത്ത് പ്രകാശവും*
*സന്താപമുള്ളിടത്തു സന്തോഷവും ഞാൻ വിതയ്ക്കട്ടെ.*'

ഈ പ്രാർഥനയുടെ അതിമനോഹരമായ ആന്തരികചൈതന്യം ഉൾ ക്കൊള്ളാൻ വിശ്വാസാചാരങ്ങൾക്കും വികല ദർശനങ്ങൾക്കും അതീ തമായി മനുഷ്യനു സാധിച്ചിരുന്നെങ്കിൽ മതസൗഹാർദ സമ്മേളന മെന്ന പേരിൽ ഒരു സമ്മേളനത്തിന്റെ ആവശ്യമുണ്ടാകുമായിരുന്നില്ല.

എന്താണു സമാധാനമെന്ന ആശയത്തിന്റെ ആന്തരികാർഥം. നീതി യുടെ പരിണിതഫലമാണ് സമാധാനമെന്ന് 13-ാം ലെയോ മാർപാപ്പ പറഞ്ഞത് കാര്യങ്ങൾ മനസിലാക്കിക്കൊണ്ടുതന്നെയാണ്. അനീതി കൊടികുത്തിവാഴുന്നിടത്ത് അസമാധാനമുണ്ടാകും. ആ അസമാധാ നത്തിലും സമാധാനത്തിന്റെ ഉപകരണമായി മാറാൻ കഴിയുക, അതിനു നാം തയാറാകുക, അതാണ് ഇന്നത്തെ ആവശ്യം. സമാ ധാനം എന്ന വാക്കിന് നാനാർഥങ്ങൾ നൽകിക്കൊണ്ട് തന്റെ സ്വന്തം സമാധാനം, അതായത് തന്റെ സ്വന്തം വീക്ഷണത്തിലുള്ള സമാ ധാനം ,അടിച്ചേൽപിക്കാൻ ശ്രമിച്ചുകൊണ്ട് ആരെങ്കിലും രംഗത്തി റങ്ങുമ്പോൾ, അതു കായികതലത്തിലോ ആശയതലത്തിലോ ആയി

www.malankaralibrary.com


രുന്നാൽത്തന്നെ അവിടെ അസമാധാനത്തിന്റെ കാർമേഘങ്ങൾ ഉയരും, തീർച്ച. ആ കാർമേഘം സൃഷ്ടിക്കുന്ന ഇരുളിൽപ്പോലും പ്രകാശകണങ്ങളായി മാറാനുള്ള ശക്തി ദൈവം നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്. ആ ശക്തിയെ തിരിച്ചറിയാൻ കഴിയുക, ആ പ്രകാശകണങ്ങളെ ആളിക്കത്തിക്കാൻ കഴിയുക, അതാണു ദൈവം നമ്മിൽനിന്ന് ഇന്നത്തേതുപോലുള്ള ഒരു കേരളസാഹചര്യത്തിൽ പ്രതീക്ഷിക്കുകയെന്ന് എനിക്കു തോന്നുന്നു.

പക്ഷേ, നിർഭാഗ്യവശാൽ തികച്ചും തെറ്റായ പാതയിലൂടെയാണ് മലയാളിസമൂഹം ഇന്നു നീങ്ങുന്നത്. അതിനു കാരണങ്ങൾ നിരവധിയാകാം. മതമൗലികവാദം ആർജിച്ചിരിക്കുന്ന കരുത്തിന് ആഗോളവത്കരണംപോലും ആധുനിക സാങ്കേതികവിദ്യകളുടെ വളർച്ചപോലും കാരണമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. അത് എന്തുമാകട്ടെ, എരിതീയിൽ എണ്ണയൊഴിക്കുന്ന ഒരു സംസ്കാരത്തിന്റെ വിജയഭേരിയാണ് നാം കേൾക്കുക. ആ സംസ്കാരത്തെ വളർത്തിക്കൊണ്ടുവരുന്നത് പ്രത്യയശാസ്ത്രശൂന്യമായ നമ്മുടെ വോട്ടുബാങ്ക് രാഷ്ട്രീയവും ഞാനുംകൂടി ഉൾപ്പെട്ടിരിക്കുന്ന മാധ്യമലോകത്തിന്റെ ധാർമികാധഃപതനവുമാണെന്നു പറയാൻ മടിക്കില്ല.

കാഴ്ചക്കാരെ ആകർഷിക്കാൻവേണ്ടി മത്സരിക്കുന്ന ചാനലുകൾ യാതൊരു ധാർമികബോധവും കൂടാതെയാണ് എരിതീയിൽ എണ്ണയൊഴിക്കുന്നതും നിരപരാധികളെ നിഷ്ഠൂരമായി അവഹേളിക്കുന്നതും ഭീകരപ്രസ്ഥാനങ്ങളെ മഹത്ത്വീകരിക്കുന്നതും. ഒരു വരിക്കാരൻപോലും നഷ്ടമാകരുതെന്നു മാത്രമല്ല രണ്ടുപേരെ കൂടുതൽ നേടുകയും വേണമെന്ന വാശിയിൽ സത്യത്തെ തമസ്കരിക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്നത് പലപ്പോഴും അപരാധമാണ്.

മത, രാഷ്ട്രീയ പരിമിതികൾക്കതീതമായി മനുഷ്യൻ, മനുഷ്യനെ ബഹുമാനിക്കുന്ന, അംഗീകരിക്കുന്ന, ഒരു മാനസികാവസ്ഥ കുട്ടികളിലും യുവാക്കളിലും സൃഷ്ടിക്കാൻ ഗവൺമെന്റിനും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും മതനേതാക്കൾക്കും ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം മറന്നുകൊണ്ട് സങ്കുചിത താത്പര്യങ്ങൾക്കു പിന്നാലെ പായുന്നവരുടെ, ധിക്കാരികളുടെ ഒരു ലോകത്തിന്, പ്രവൃത്തിയിലും പ്രസംഗത്തിലും അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നു. ധിക്കാരത്തിന്റെ ശബ്ദത്തിനും അവഹേളനത്തിന്റെ മുഴക്കത്തിനും ലഭിക്കുന്ന സ്വാഗതം തികച്ചും തെറ്റായ ഒരു സന്ദേശമാണ് ഇന്നു നൽകിക്കൊണ്ടിരിക്കുന്നത്. തെറ്റുകൾ അംഗീകരിക്കാനും തിരുത്താനും കഴിയാത്തവർ തെറ്റുകളിലേക്കുതന്നെ വഴുതിവീഴുന്നു.

www.malankaralibrary.com


രണ്ടു വോട്ടിനുവേണ്ടി ഏതു മതമൗലികവാദിയുമായും കൈകോർക്കാൻ തയാറാകുന്നവർക്ക് എങ്ങനെ സമാധാനത്തിന്റെ വെള്ളരിപ്രാവുകളെ ഇവിടെ പറത്താനാകും. നന്മയാഗ്രഹിക്കുന്ന എല്ലാവരുടെയും കൂട്ടായ യത്നംകൂടിയേതീരൂ, മലയാളലോകത്തെ ഗ്രസിച്ചിരിക്കുന്ന ഇരുളിൽനിന്നു മോചനം നേടാൻ.

ഏതു മതമാണ് ഈ ഏറ്റുമുട്ടലിൽ രക്ഷപ്പെടുക? ഏതു ദൈവത്തെയാണ് കൊന്നും കൊലവിളിച്ചും മനുഷ്യർ രക്ഷപ്പെടുത്തുക? വാളോങ്ങുന്ന മനുഷ്യന് ഒരുനിമിഷം ചിന്തിക്കാൻ സാധിച്ചിരുന്നെങ്കിൽ. താൻ വെട്ടിവീഴ്ത്തുന്ന മനുഷ്യൻ ദൈവത്തിന്റെ മകനും മകളും കുഞ്ഞുങ്ങളുമാണെന്ന് അറിഞ്ഞിരുന്നെങ്കിൽ. ഒരു മതവും തല്ലാനും കൊല്ലാനും അല്ല പഠിപ്പിക്കുക, സ്നേഹിക്കാനും സൗഹൃദം പുലർത്താനുമാണ്. മനുഷ്യൻ മനുഷ്യനെ വെറുക്കുമ്പോൾ മനസിൽ ദൈവം മരിക്കുന്നുവെന്നതല്ലേ യാഥാർഥ്യം.

നമ്മുടെ സതന്ത്രഭാരതത്തിന്റെ പശ്ചാത്തലം, ആരംഭം, നിർഭാഗ്യവശാൽ മുറിവുകളുടെ, രക്തച്ചൊരിച്ചിലിന്റേതായിപ്പോയി. പിറവിയിൽത്തന്നെ വിഭജനത്തിന്റെ മുറിവുകൾ ഹൃദയത്തിൽ പേറുന്ന ജനതയാണ് ഇന്ത്യ. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രം പിന്നെയും വിജയംകണ്ടപ്പോൾ ഇന്ത്യ സാമുദായികാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടു. ആ മുറിവ് പൂർണമായി ഉണക്കാൻ നമുക്കൊരിക്കലും കഴിഞ്ഞില്ല എന്നതു വേദനിപ്പിക്കുന്ന യാഥാർഥ്യമാണ്. 1947 ഓഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ പുലരിയിലേക്ക് ഉണർന്നെഴുന്നേല്ക്കുമ്പോൾ, രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, വർഗീയകലാപം ആളിക്കത്തിയ കൊൽക്കത്തയിൽ വിദ്വേഷത്തിന്റെ തീയണയ്ക്കാൻ ശാന്തിമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുകയായിരുന്നു.

വിവേചനത്തിന്റെ അപമാനവും വേദനയും എത്ര വലുതാണെന്നു മനസിലാക്കിയ ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ താമസകാലത്തു തന്നെ ദേശീയ ഐക്യത്തിനു സമുദായ സൗഹാർദം എത്രമാത്രം പ്രധാനമാണെന്നു തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ സ്വരാജിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ സങ്കല്പങ്ങളിൽ മതസൗഹാർദം ഒരു പ്രധാന ഘടകമായിത്തീർന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽ ഊതിക്കാച്ചിയെടുത്ത അനുഭവസമ്പത്തുമായി രാഷ്ട്രനേതൃത്വത്തിലെത്തിയ ഭരണഘടനാ സൃഷ്ടാക്കൾക്കു മതേതരത്വം രാഷ്ട്രത്തിന്റെ അടിസ്ഥാന പ്രമാണമാണെന്ന് എഴുതിച്ചേർക്കാൻ ഏറെയൊന്നും ആലോചിക്കേണ്ടിവന്നില്ല.

നാനാത്വത്തിലെ ഏകത്വമാണ് ഇന്ത്യയുടെ ശക്തിയെന്ന് പ്രഥമ

www.malankaralibrary.com


പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പ്രഖ്യാപിച്ചു. എന്നാൽ സ്വാതന്ത്ര്യം നേടി ഇത്രയധികം വർഷങ്ങൾ കഴിഞ്ഞിട്ടും സാമുദായിക സംഘർഷങ്ങളും വർഗീയപ്രശ്നങ്ങളും അവയുടെ ബീഭത്സമായ ആക്രമണരൂപത്തിൽത്തന്നെ നമ്മെ വേട്ടയാടുന്നുണ്ട് എന്നതൊരു വേദനിപ്പിക്കുന്ന യാഥാർഥ്യമാണ്. ബാബറി മസ്ജിദിന്റെ തകർച്ചയും ഗുജറാത്ത് കലാപവും ഒറീസയിൽ ക്രിസ്ത്യൻ മിഷനറിമാർക്കു നേരേയുണ്ടായ ആക്രമണങ്ങളും ഭീകരതയുടെ വളർച്ചയും രാഷ്ട്ര ഗാത്രത്തിൽ വലിയ മുറിവുകളുണ്ടാക്കി.

മതാടിസ്ഥാനത്തിലുള്ള ചേരിതിരിവുകൾ സമൂഹത്തിൽ വിദ്വേഷം സൃഷ്ടിക്കുമ്പോൾ വിഭജിക്കപ്പെടുന്നത് രാഷ്ട്രംതന്നെയാണ്. വിദ്വേഷമോ അക്രമമോ പൊതുധാരയിൽനിന്ന് ആരെയെങ്കിലും അകറ്റിനിർത്തലോ ഇന്ത്യൻ ദേശീയത പ്രോത്സാഹിപ്പിക്കുന്നില്ല. പക്ഷേ, അകൽച്ചയുടെ ദൂരങ്ങൾ കൂടിവരികയാണ്. അനുരഞ്ജനം സാധ്യമാകണമെങ്കിൽ പരസ്പരവിശ്വാസം വീണ്ടെടുക്കണം. സ്വാർഥചിന്തയുടെയും അസഹിഷ്ണുതയുടെയും പരിമിതിവട്ടങ്ങളിൽ ആളുകളെ തളച്ചിടാൻ ശ്രമിക്കുന്ന പ്രത്യയശാസ്ത്രങ്ങളും ചിന്താപദ്ധതികളും മേൽകൈ നേടുമ്പോൾ അതെങ്ങനെ സാധിക്കും?

വിവിധ സമുദായങ്ങളെ തമ്മിൽ അകറ്റിനിർത്തുന്ന ഒരു പ്രബോധനവും ഒരു മതത്തിനുമില്ല. സമസൃഷ്ടി സ്നേഹമാണ് എല്ലാ മതങ്ങളുടെയും സാരാംശം. സ്വാർത്ഥ ലക്ഷ്യത്താൽ നയിക്കപ്പെടുന്ന വ്യാഖ്യാതാക്കളാണ് വിവിധ സമുദായങ്ങൾക്കും സമുദായാംഗങ്ങൾക്കും ഇടയിൽ സംശയത്തിന്റെയും വിദ്വേഷത്തിന്റെയും മതിലുകൾ കെട്ടിപ്പൊക്കാൻ ശ്രമിക്കുന്നത്. വസുധൈവ കുടുംബകം എന്ന ഭാരതീയ സംസ്കാരത്തിന്റെ അർഥം ഉൾക്കൊള്ളാൻ ഇനിയെന്നാണു നമുക്കു കഴിയുക?

മഹാകവി രവീന്ദ്രനാഥ ടഗോർ ഗീതാഞ്ജലിയിൽ ഇങ്ങനെ എഴുതി: 'എവിടെ മനസ് നിർഭയമായിരിക്കുകയും ശിരസ് ഉയർന്നിരിക്കുകയും ചെയ്യുന്നുവോ, എവിടെ വിജ്ഞാനം സ്വച്ഛന്ദം പ്രവഹിക്കുന്നുവോ, എവിടെ സങ്കുചിത ഗൃഹഭിത്തികളാൽ ജനത വിഭജിക്കപ്പെടാതിരിക്കുന്നുവോ, ആ സ്വാതന്ത്ര്യത്തിന്റെ സ്വർഗത്തിലേക്ക് പിതാവേ എന്റെ രാജ്യത്തെ നയിക്കേണമേ.'

സങ്കുചിത ചിന്തകൾ ആധിപത്യം നേടുന്ന ഇക്കാലത്ത് ഈ പ്രാർഥനയുടെ പ്രസക്തി വർധിച്ചിട്ടേയുള്ളൂ.

www.malankaralibrary.com

# ജീവിതമൂല്യങ്ങൾ പഠിപ്പിച്ച ആത്മവിദ്യാലയം

**തി**കച്ചും കാലികമായി ചിന്തിക്കുകയും ചരിക്കുകയും ചരിത്രമാകുകയും ചെയ്തവരായിരുന്നു മാന്നാനം സെന്റ് എഫ്രേംസ് സ്കൂളിന്റെ സ്ഥാപകരായിരുന്ന സിഎംഐ സഭാപിതാക്കന്മാർ. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾക്ക് ദേശീയ ചരിത്രത്തിൽ വലിയൊരു സ്ഥാനമുള്ളതുപോലെ ആ കാലഘട്ടത്തിന് മധ്യകേരളത്തിലെ അക്ഷരാഭ്യാസവളർച്ചയിലും വലിയ സ്ഥാനമുണ്ട്.

1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജന്മംകൊണ്ടപ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നിർണായകമായ ഒരു കാലഘട്ടം ആരംഭിച്ചു. ദേശീയനേതാക്കൾ രാഷ്ട്രസ്വാതന്ത്ര്യത്തെപ്പറ്റി ചിന്തിച്ചപ്പോൾ അന്നത്തെ സിഎംഐ സഭാപിതാക്കന്മാർ മനുഷ്യന്റെ അറിവിലൂടെയുള്ള സർവസ്പർശിയായ മോചനത്തെപ്പറ്റി ചിന്തിച്ചു. അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്നും വിജ്ഞാനത്തിന്റെ സൂര്യോദയം മുന്നിൽ കണ്ടുകൊണ്ട് മനുഷ്യന്റെ സമഗ്രമോചനം ലക്ഷ്യമാക്കി 1885-ൽത്തന്നെ ഈ മാന്നാനം കുന്നിൽ അവർ ആരംഭിച്ച വിദ്യാലയമാണ് നമ്മുടെ ഈ സെന്റ് എഫ്രേംസ് ഹൈസ്കൂൾ.



*സെന്റ് എഫ്രേംസ് ഹൈസ്കൂൾ, മാന്നാനം*

www.malankaralibrary.com


വിശാലവീക്ഷണമുണ്ടായിരുന്ന ആ പിതാക്കന്മാരോട് നമുക്കു നന്ദി പറയാം. ഓരോ കാലഘട്ടത്തിൽ ഈ വിദ്യാലയത്തിൽ പഠിക്കാൻ ഭാഗ്യംചെയ്തവരായിരുന്നു നാമെല്ലാം. നമ്മെ സംബന്ധിച്ചിട ത്തോളം ഇതൊരു ഭാഗ്യമുഹൂർത്തമാണ്.

ഈ മാതൃവിദ്യാലയം 125 വർഷ ചരിത്രം പൂർത്തിയാക്കുമ്പോൾ ഇവിടെ ഒന്നിച്ചു ചേരുവാൻ ഭാഗ്യംചെയ്ത നമ്മുടെ മനസിൽ ഒത്തിരിയൊത്തിരി പഴയകാല ഓർമകൾ സജീവമായി പുനർജനി ക്കുന്നുണ്ടാവാം. കുട്ടിക്കാലത്തെ ആ ഓർമകളുടെ ചെപ്പുകൾ തുറ ക്കുമ്പോഴുണ്ടാകുന്ന സുഗന്ധമാകാം നിങ്ങളെല്ലാം ഇപ്പോൾ ആസ്വ ദിക്കുക. നിങ്ങളുടെയെല്ലാം മുഖത്ത് പ്രസരിക്കുന്ന ആനന്ദവും സംതൃപ്തിയും പ്രകാശവും ആ സുഗന്ധാസ്വാദനത്തിന്റെ പ്രതിഫല നമായിരിക്കുമെന്നു കരുതുന്നു.

യോഗാർഥിയായിരിക്കെ പത്താംക്ലാസിൽ, അന്നത്തെ എസ്എസ് എൽസി ക്ലാസിൽ, മാത്രമാണ് ഞാനിവിടെ പഠിച്ചത്. അക്കാലത്തെ യോഗാർഥികളുടെ പരിമിതമായ സ്വാതന്ത്ര്യത്തിൽ സ്കൂൾ ജീവിത ത്തിലും ഏറെ പരിമിതികളുണ്ടായിരുന്നു. പഠനത്തിനപ്പുറത്തേക്ക് അധികമൊന്നും ഞങ്ങൾക്ക് സ്കൂളിൽ ചെയ്യാനുണ്ടായിരുന്നില്ല. എങ്കിലും അന്നത്തെ അധ്യാപകരിൽ ചിലരും അവരുടെ കർമോത്സു കതയും വാത്സല്യവും സ്നേഹവും ഇന്നും മനസിൽ പച്ചകെടാതെ നിൽക്കുന്നുവെന്നതു പറയാതിരിക്കാനാവില്ല. ഹെഡ്മാസ്റ്ററും കൊവേന്തയിലെ പ്രിയോരച്ചനുമായി ഒരേസമയം പ്രവർത്തിച്ചിരുന്ന സ്നേഹംതന്നെയായ ബഹു. ബ്ലാസിയൂസച്ചന്റെ ഓർമയ്ക്കു മുമ്പിൽ ഈ അവസരത്തിൽ ശിരസ് നമിക്കാതിരുന്നാൽ അതു നന്ദികേടാ കും. എന്റെയും സഹപാഠികളുടെയും നന്മ മാത്രം ആഗ്രഹിച്ച ആ വലിയ വ്യക്തിത്വത്തിനു മുമ്പിൽ ഞാൻ തലകുനിക്കുന്നു.

അന്ന് ഞങ്ങളെ പഠിപ്പിച്ച മറ്റൊരു സ്നേഹസമ്പന്നനായ വൈദിക നായിരുന്നു ബഹു. ലദിസ്ലാവോസ് ചാവറയച്ചൻ. നല്ല നല്ല ഓർമ കളാണ് അദ്ദേഹത്തെപ്പറ്റിയും ഞങ്ങളുടെ ക്ലാസ് ടീച്ചറായിരുന്ന പ്രഗത്ഭനായ എൻ.സി. മാത്യുസാറിനെപ്പറ്റിയുമെല്ലാമുള്ളത്. പ്രോ ത്സാഹിപ്പിക്കുകയും സ്നേഹിക്കുകയും ലക്ഷ്യത്തിലേക്കു നയിക്കു കയും തെറ്റു കണ്ടാൽ ശിക്ഷിക്കുകയും ചെയ്ത അന്നത്തെ അധ്യാ പകർ കാലത്തിന്റെ കാലൊച്ച കേട്ടവരായിരുന്നു. വൈദികനായശേ ഷവും അവരിൽ പലരുമായും ബന്ധപ്പെട്ടിട്ടുണ്ട്. സ്വന്തം ശിഷ്യരിൽ അവർ വളരെ അഭിമാനം കൊള്ളുന്നതായും തോന്നിയിട്ടുണ്ട്. ശിഷ്യ സമ്പത്താണല്ലോ നല്ലൊരധ്യാപകന്റെ ഏറ്റവും വിലപ്പെട്ട സമ്പത്ത്.

www.malankaralibrary.com


നമ്മുടെയൊക്കെ വിദ്യാലയജീവിതത്തിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം. എന്റെ ഓർമ്മ പഴയകാല പകർത്തെഴുത്തുബുക്കിലേക്കു തിരിയുന്നു. പകർത്തുബുക്കിലെ ഇരട്ടവരകൾക്കുള്ളിൽ മലയാള അക്ഷരമാലയുടെ വള്ളിയും പുള്ളിയും കുനുപ്പും കൂട്ടക്ഷരവും അടുക്കിയൊതുക്കി അക്ഷരത്തെറ്റു കൂടാതെ വടിവോടെ എഴുതുന്നതിൽ ശ്രദ്ധിക്കുന്ന കാലം. ആ പകർത്തുബുക്ക് പരിശോധിക്കുന്ന ടീച്ചർ അതിൽ ചുവന്ന മഷികൊണ്ടു കോറിയിടുന്ന അഞ്ച് മാർക്ക് അല്ലെങ്കിൽ എട്ട് മാർക്ക്. പ്രാഥമിക വിദ്യാഭ്യാസകാലത്തെപ്പറ്റിയുള്ള മധുരതരമായ ഓർമകളാണവ.

മുതിർന്നവരാകുമ്പോഴാണ് നമ്മൾ തിരിച്ചറിയുന്നത് ഈ മാതൃവിദ്യാലയമായിരുന്നു നമ്മുടെ ആദ്യത്തെ ടെസ്റ്റ്ബുക്ക് എന്ന്. നമ്മുടെ ജീവിതമൂല്യങ്ങളുടെ ആദ്യാക്ഷരങ്ങൾ അക്ഷരത്തെറ്റു കൂടാതെ നോക്കി എഴുതിയത് ഈ ടെസ്റ്റ്ബുക്കിൽനിന്നായിരുന്നുവെന്ന് ഓർത്തുപോകുന്നു. വിദ്യാഭ്യാസജീവിതത്തിന്റെ ആരംഭകാലത്ത് നേർവരകൾക്കിടയിലൂടെ നാം സഞ്ചരിച്ചു. വരകൾ വരച്ചിട്ടില്ലാത്ത ജീവിതപുസ്തകത്തിൽ ജീവിതത്തെ വടിവൊത്ത രീതിയിൽ അക്ഷരത്തെറ്റില്ലാതെ എഴുതിത്തീർക്കാൻ നമുക്കു സാധിക്കുന്നത് ഇവിടെ ലഭിച്ച പരിശീലനത്തിന്റെ ഫലമായാണ്.

എന്റെ എംഫ്രേംസിനെ എന്റെ ജീവിതത്തിന്റെ ആദ്യ പാഠപുസ്തകമായി കാണുമ്പോൾ അതിലെ ഓരോ പാഠമായി മനസിൽ തെളിയുകയാണ് എന്റെ അധ്യാപകർ. ഇന്ന് പല കുട്ടികളുടെയും ജീവിതത്തിൽ അക്ഷരത്തെറ്റുകൾ ഉണ്ടാകുന്നുവെങ്കിൽ പ്രഥമ പാഠപുസ്തകമായ വിദ്യാലയത്തിനും അതിലെ വിവിധ പാഠങ്ങളായ അധ്യാപകർക്കും 'സ്പെല്ലിംഗ് മിസ്റ്റേക്ക്' ഉണ്ടെന്നു കരുതേണ്ടിയിരിക്കുന്നു.

അന്നത്തെ വിദ്യാർഥിമനസ്, പഠിക്കുകയെന്ന ഏകലക്ഷ്യത്തിൽ കുറ്റിയടിക്കപ്പെട്ടു കിടന്നു - വെറും പഠനമല്ല ജീവിതപാഠ പഠനം. ഇന്നാകട്ടെ കുട്ടികളുടെ ലക്ഷ്യബോധം മാറിപ്പോകുന്നു. ഇന്നവർ ചൂഷണങ്ങളുടെ ഉപകരണങ്ങളായി മാറുന്നു - objects of exploitation. പ്രത്യയശാസ്ത്രക്കാരുടെ ചിന്തകളുടെ, വരട്ടു തത്ത്വവാദികളുടെ ചിന്തകളുടെ ചുമട്ടുകാരായി വിദ്യാഥികളെ മാറ്റാനാണ് ചിലരുടെ ഇപ്പോഴത്തെ ശ്രമം.

മദ്രാസിലെ ഡോൺ ബോസ്കോ സ്കൂളിനെപ്പറ്റി കേട്ടിട്ടുണ്ട്. സ്കൂൾ ബസുകളൊന്നും ഇല്ലാത്ത സ്കൂൾ. മുഴുവൻ കുട്ടികളും സൈക്കിളിലാണ് വിദ്യാലയത്തിലേക്കു വരുന്നത്. അവിടെ എന്നും അധ്യ

www.malankaralibrary.com


യനം നടക്കും. ബസ് സമരം അവരെ ബാധിക്കില്ല. പഠിപ്പുമുടക്കില്ല. തനിച്ച് വീട്ടിൽനിന്നും ഇറങ്ങുന്നു. സ്വന്തം ഉത്തരവാദിത്വത്തിൽ സ്കൂളിലെത്തുന്നു, പഠിക്കുന്നു. കുട്ടികളിൽ ജീവിതത്തോടുള്ള ഉത്തരവാദിത്വം വർധിക്കുന്നു. സെൽഫ് റെസ്പോൺസിബിലിറ്റി യാണ് ശരിയായ വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടതെന്നു വിദ്യാർഥി കളെ ബോധ്യപ്പെടുത്തുന്ന ഒരു അധ്യയനസമ്പ്രദായം ഇനിയും വളരേണ്ടിയിരിക്കുന്നു.

കെ.ജി ക്ലാസ് മുതൽ കൊടുക്കുന്ന സന്ദേശം പഠിപ്പു മുടക്കുകയാണ് വിദ്യാഭ്യാസമെന്നാണ്. കെ.ജിക്കാരെക്കൊണ്ടു വരെ സമരം ചെയ്യി ക്കുന്നു! പഠിപ്പുമുടക്ക് ഒരു സമരമുറയായി സമൂഹവും അംഗീകരി ക്കുന്നു. വിദ്യാഭ്യാസമെന്നത് സ്വന്തം ഉത്തരവാദിത്വമാണെന്ന് വിദ്യാർഥികൾ കരുതുന്നില്ലെങ്കിൽ നിരർഥകമാകും അവരുടെ ഭാവി. ജീവിതത്തപ്പറ്റി ഒരു അയഞ്ഞ മൂല്യബോധമല്ല, നല്ലൊരു വിദ്യാലയം കൊടുക്കേണ്ടത്. ഇവിടെയാണ് നമ്മുടെ മാതൃവിദ്യാലയത്തിന്റെ പ്രസക്തിയെന്ന് എനിക്കു തോന്നുന്നു.

അയഞ്ഞ തന്ത്രികളിൽ ശ്രുതി തെറ്റിയ ഗാനം പാടാനല്ല സെന്റ് എഫ്രേംസ് നമ്മളെ പഠിപ്പിച്ചത്. അക്ഷരത്തെറ്റുകൾ കൂടാതെ ജീവിത മൂല്യങ്ങൾ സ്വഹൃദയത്തിൽ പകർത്തിയെഴുതാനും പ്രവൃത്തിക ളിൽനിന്ന് അതു മാഞ്ഞുപോകാതിരിക്കാനും മനസിൽ വറ്റാത്ത ആത്മവിശ്വാസത്തിന്റെ മഷി കോരിയൊഴിച്ചു നിറച്ച് നമ്മെ ഇവിടെ നിന്നും അയച്ചത് നമ്മുടെ ഈ ആത്മവദ്യാലയമാണ്. വൈദികരെന്ന നിലയിൽ നിസാരമായ കടപ്പാടല്ല നമുക്ക് ഈ ആത്മവിദ്യാലയത്തോ ടുള്ളത്. നമ്മിൽ പലരുടെയും ദൈവവിളി മൊട്ടിട്ടതും വികസിച്ചതും ഇവിടെനിന്നുതന്നെയായിരുന്നു.

പന്ത്രണ്ടാം ക്ലാസ് പഠനം കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ പിന്നെ വരയിട്ട ബുക്കിലല്ല നാം എഴുതുക. പുസ്തകത്തിലെ നേർവരകൾ പിന്നെ മനസ്സിലാണ്.  നിയന്ത്രണങ്ങളില്ലാത്ത ലോകത്തിൽ വിദ്യാ ഭ്യാസത്തിലൂടെ നേടിയ മൂല്യബോധത്തിന്റെ ഇരട്ടവരകൾക്കുള്ളിൽ ഒറ്റയ്ക്കു നടക്കാനുള്ള ആത്മശിക്ഷണമല്ലേ യഥാർഥ വിദ്യാഭ്യാസം? ആ ആത്മശിക്ഷണമാണ് നമ്മുടെ വിദ്യാലയം നമുക്കു തന്നതെന്നു വിശ്വസിക്കുന്നു.

www.malankaralibrary.com

# നന്മകൾ നിറഞ്ഞ ഒരു തീർഥയാത്ര

*(ചങ്ങനാശേരി അതിരൂപതയുടെ ശതോത്തര ജൂബിലി വേളയിൽ നടത്തിയ പ്രസംഗം)*

**ച**ങ്ങനാശേരി അതിരൂപത ശതോത്തര രജതജൂബിലി ആഘോഷിക്കുന്നു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ വലിയപള്ളിയും അതോടൊപ്പം ശതോത്തര രജതജൂബിലി ആഘോഷിക്കുന്നു. ഒരു കാലത്ത് ചങ്ങനാശേരി രൂപതയിലെ ഒരു കുഗ്രാമമായിരുന്ന മാന്നാനത്തെ വിശുദ്ധ യൗസേപ്പിതാവിന്റെ അച്ചുകൂടത്തിൽനിന്നു പുറത്തിറങ്ങിയ ദീപിക ദിനപത്രവും ശതോത്തര രജതജൂബിലി ആഘോഷിക്കുന്നു. അങ്ങനെ സഭയുടെ ചരിത്രത്തിലും സമൂഹത്തിന്റെ ചരിത്രത്തിലും എല്ലാംകൊണ്ടും ഭാഗ്യം ചെയ്ത ഒരു വർഷമായിരുന്നു 1887.

ദീപികയ്ക്ക് എക്കാലവും താങ്ങും തണലുമായിരുന്ന ചങ്ങനാശേരി അതിരൂപതയുടെയും മെത്രാപ്പോലീത്തൻ വലിയപള്ളിയുടെയും അവിടത്തെ വിശ്വാസിസമൂഹത്തിന്റെയും ഈ സന്തോഷവേളയിൽ ദീപികയുടെ പേരിൽ ആശംസകൾ നേരാൻ കിട്ടിയ അവസരത്തെ കനകാവസരമായി കണ്ടുകൊണ്ട്, ഒരു ഭാഗ്യമായി കണ്ടുകൊണ്ട്, ചങ്ങനാശേരി മെത്രാപ്പോലീത്തൻ വലിയപള്ളിയുടെ ബഹുമാന്യനായ വികാരി തോമസ് തുമ്പയിലച്ചനും ഈ ഇടവകയിലെ വിശ്വാസി



*മെത്രാസന മന്ദിരം, ചങ്ങനാശേരി*

www.malankaralibrary.com


സമൂഹത്തിനും ഏറെ സന്തോഷത്തോടെ ജൂബിലി ആശംസകൾ നേരുന്നു. നാം ജൂബിലിയെ കാണേണ്ടത് സമ്പന്നമായ സമാകൃഷ്ട മായ നന്മകൾ നിറഞ്ഞ ഒരു തീർഥയാത്രയായിട്ടാണ്. ഇന്നലകളുടെ ഓർമകളിൽകൂടി ഓരോ സംഭവങ്ങളുടെയും മഹത്തായ ഉറവിടങ്ങളി ലേക്ക് അല്ലെങ്കിൽ ആരംഭദിശയിലേക്ക് സാഘോഷം നടത്തുന്ന തീർഥയാത്രയാണത്, ആത്മീയയാത്രയാണത്. തലമുറകളുടെ ഓർമ കളിലൂടെ പിന്നോട്ടു ചരിക്കുമ്പോൾ കണ്ടെത്തുന്ന അടിവേരുകളുടെ ആഴം ഈ വിശ്വാസസമൂഹത്തെ അഭിമാനപൂരിതരാക്കും. ആ തീർഥ യാത്രയിൽ കൃതജ്ഞതാ സ്തോത്രങ്ങൾ പാടി നമസ്കരിച്ച് വില പ്പെട്ട ചരിത്രത്തിന്റെ വെളിച്ചത്തിലൂടെ യാത്രചെയ്യുമ്പോഴാണ് നാം യഥാർഥത്തിൽ ജൂബിലിയാഘോഷത്തിന്റെ ആനന്ദം ആസ്വദി ക്കുന്നത്. ഇതിനെ ഒരു ആരാധനയാക്കി മാറ്റുക.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഏഴാം അധ്യായം 24 മുതലുള്ള വാക്യങ്ങളിലെ, മണൽപ്പുറത്തും പാറപ്പുറത്തും വീട് പണിയുന്നവരുടെ ഓർമകളും വിശുദ്ധ മത്തായി 16:18 മുതൽ പത്രോസ് എന്ന പാറപ്പുറത്ത് ഈശോ പള്ളി പണിയുന്ന ചിത്ര ങ്ങളും ചേർത്തുവയ്ക്കാം.

125 വർഷങ്ങൾ പൂർത്തിയാക്കുന്ന ചങ്ങനാശേരി അതിരൂപതയും മെത്രാപ്പോലീത്തൻ ഇടവകപള്ളിയും ഒന്നേകാൽ നൂറ്റാണ്ടിന്റെ അനു ഗ്രഹസ്മരണകൾ പ്രാർഥനയാക്കി മാറ്റുന്ന ഈ ജൂബിലി വേളയിൽ ഒരു സത്യം നാം തിരിച്ചറിയുന്നുണ്ട്, ഈ പള്ളി പണിതുയർത്ത പ്പെട്ടത് അടിയുറച്ച ക്രിസ്തുവിശ്വാസത്തിന്റെ പാറയ്ക്കു മുകളി ലാണ്. 125 വർഷം പൂർത്തിയാക്കുന്ന ഈ ദൈവാലയം 125 വർഷത്തെ ദൈവകൃപയുടെ സാക്ഷ്യപേടകമാണ്, ഈ ഇടവകയുടെ 125 വർഷ ത്തെ വിശ്വാസജീവിതത്തിന്റെ ചരിത്രസാക്ഷ്യമാണ്. ഈ ജനങ്ങൾ ക്കു പിന്തുടരാൻ ഒരു മാർഗമുണ്ടെന്നും ഇന്നലെയും ഇന്നും എന്നും ആ വിശ്വാസത്തിന്റെ ഉറവിടമായ ക്രിസ്തു തങ്ങളുടെ വഴിയും സത്യവും ജീവനുമാണെന്നും ഈ ദേവാലയം ലോകത്തോടു പ്രഘോഷിക്കുന്നുണ്ട്. വെറും നൈമിഷിക സംതൃപ്തിയുടെ കുമിള കൾക്കു മുകളിലല്ല, ദൈവഹിതം നിറവേറുന്നതുവരെ കാത്തിരി ക്കാൻ കഴിവുള്ള, ഉറപ്പുള്ള സജീവശിലകളിലാണ് ഈ പള്ളി പണി തുയർത്തപ്പെട്ടത് എന്ന ആഹ്ലാദമാണ് ഇവിടെ ആരാധനയാകുന്നത്. ഈ ജൂബിലി ജീവനുള്ള ഒരു വിശ്വാസസമൂഹത്തിന്റെ ആഘോഷ മാണ്. ഇത്, ഈ സമൂഹത്തിന്റെ ജീവൻ ക്രിസ്തുനാഥനാണെന്നുള്ള പ്രഘോഷണമാണ്. ഇനിയും തുടരട്ടെ, ഈ ജീവന്റെ സുവിശേഷം.

www.malankaralibrary.com

# നിത്യതയുമായി ഇതിന് എന്തു ബന്ധം?

## *'What does it matter in the light of eternity?'*

ക്രൈസ്തവ വിശ്വാസികളും അവരെ നയിക്കുന്നവരെന്ന് ലോകം വിശ്വസിക്കുന്ന വൈദികരും മെത്രാന്മാരും ബലിയർപ്പിക്കുന്ന അവസരത്തിൽ ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ട്: *"വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ..."*

എല്ലാവർക്കും, പ്രത്യേകിച്ചു വൈദികർക്ക് പ്രചോദനവും പ്രതീക്ഷയുമാകേണ്ട ഒരു പ്രാർത്ഥനയാണിത്. ഒരു വ്യക്തിയെ, അവന്റെ ഹൃദയസ്നേഹം നേടിയെടുക്കുന്നതിനായി, അവനോടു കരുണ കാണിക്കുന്ന, അചഞ്ചലമായ ആർദ്രതയോടെയും കനിവോടെയും സൗഖ്യവും സമാധാനവും നൽകിക്കൊണ്ട്, അസാധാരണമായ കുലീനതയോടെ, അവനെ പിന്തെല്ലുന്ന സ്വർഗത്തിലെ വേട്ടപ്പട്ടിയെ (ഇംഗ്ലീഷ് സാഹിത്യത്തിൽ പ്രസിദ്ധമായ *'The hound of Heaven'*) ഈ വാക്യത്തിൽ - പ്രാർത്ഥനയിൽ കാണാം. ലോകത്തിന്റെ എല്ലാ അളവുകോലുകളെയും അതിലംഘിക്കുന്ന ഒരു സൗഹൃദത്തിന്റെ അക്ഷരാർത്ഥത്തിലുള്ള അവതരണമാണ് ഫ്രാൻസിസ് തോംസൺ *'The hound of Heaven'*ൽ നടത്തിയിരിക്കുന്നത്. അത് ദൈവത്തിന്റെ സ്വഭാവമാണ് - കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും കരുണ കാണിക്കുകയും ചെയ്ക എന്നത്.

ദൈവികകരുണയിലൂടെയുള്ള ആനന്ദകരമായ നിത്യതയെ പ്രതീക്ഷിക്കുന്നവരാണല്ലോ ക്രൈസ്തവർ. ഇവിടെ ക്ലെയിർവോയിലെ വിശുദ്ധ ബർസാർസിന്റെ ചോദ്യത്തിലേക്കുതന്നെ തിരിച്ചുവരാം. വിശുദ്ധരെല്ലാംതന്നെ തങ്ങളുടെ ജീവിതക്രമീകരണത്തിൽ സ്വീകരിച്ചിരുന്ന ഒരു അളവുകോലായിരുന്നു അത്. എന്റെ ഈ ചെയ്തികൾ ഓരോന്നിനും നിത്യതയുമായി എന്തു ബന്ധം? അനേകം കാര്യ

www.malankaralibrary.com


ങ്ങളിൽ ഇടപെടുന്നവരാണ് എല്ലാവരും. ഓരോ തീരുമാനമെടുക്കു മ്പോഴും ഓരോ വിധിയെഴുത്തു നടത്തുമ്പോഴും സ്വയം ചോദിക്കാ വുന്ന ചോദ്യം, *"What does it matter in the light of eternity?"*

ഒരിക്കലും ഉണ്ടാകരുതാത്ത തർക്കങ്ങളും അഭിപ്രായസംഘട്ടന ങ്ങളും ഏറ്റുമുട്ടലുകളും വാശിയും ഒറ്റപ്പെടുത്തലുകളുമൊക്കെ ഉന്ന തതലങ്ങൾ മുതൽ എല്ലായിടത്തും ഉണ്ടാകാറുണ്ട്. അറിയാതെതന്നെ യോ നിർബന്ധിതരായോ അതിലൊക്കെ നാം പക്ഷം പിടിക്കാറു മുണ്ട്. മത്തായിയുടെ സുവിശേഷം 15:1–9 ഇങ്ങനെ പറയുന്നു: '*അവർ മാനുഷികനിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു.*'

ഇങ്ങനെയുള്ളവരോട് യേശുവിന് ആഭിമുഖ്യമൊന്നുമില്ല. വളരെ യേറെ ഉതപ്പിനു കാരണമാകുംവിധം ക്രൈസ്തവസഭകളിൽ മിക്ക തിലും അനൈക്യത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞുവീശുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഉദ്ബോധനം (*1 കൊറി. 6:6*) എല്ലാവരും വിസ്മരിച്ച് തർക്കപരിഹാരത്തിന് പുറജാതികളുടെ പക്കലേക്ക് ഓടി പ്പോകുന്നു. ടെലിവിഷൻ ചാനൽ അവതാരകരെ തേടിപ്പോകുന്നു! അത്തരം അന്തിച്ചർച്ചകളുടെ ലക്ഷ്യം പ്രശ്നപരിഹാരമല്ല; പ്രശ്ന ങ്ങൾക്കുമേലുള്ള പ്രശ്നവത്കരണമാണ്. പ്രാർത്ഥനയും ജീവിത വുമായി ഒരു ബന്ധവുമില്ലാത്ത ഒരു ജീവിതശൈലി!

സീറോമലബാർ സഭയിൽ വിശുദ്ധ കുർബ്ബാന അർപ്പണം: '*അന്നാ പെസഹാത്തിരുനാളിൽ കർത്താവരുളിയ കല്പനപോൽ തിരു നാമത്തിൽ ചേർന്നീടാം... ഒരുമയോടീ ബലിയർപ്പിക്കാം... അനു രഞ്ജിതരായിത്തീർന്നീടാം...*' എന്നിങ്ങനെ അതിമനോഹരമായി നീട്ടിപ്പാടിക്കൊണ്ട് ബലിയർപ്പണം ആരംഭിക്കുന്നു. ഈ പ്രാരംഭ പ്രാർത്ഥനാഗീതത്തിന്റെ ചൈതന്യം നമ്മുടെ ജീവന്റെ ജീവനാകു മ്പോൾ യേശു ആഗ്രഹിച്ച സ്നേഹത്തിന്റെയും ഐക്യത്തിന്റെയും നേർസാക്ഷികളായി നാം മാറും; മാറണം.

'*ലോകം മുഴുവന്റെയും അനുരഞ്ജനത്തിനും എല്ലാ സഭകളുടെയും സമാധാനത്തിനുംവേണ്ടി ഞാൻ ഇവ അനുഷ്ഠിക്കുന്നു*' എന്ന പ്രഖ്യാപനം ആർക്കുവേണ്ടി? '*ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ് നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം... യോജിപ്പോടും ഐക്യ ത്തോടുംകൂടി ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം*' – ഈ പ്രാർത്ഥ നയ്ക്കു ശേഷം നടക്കുന്നതെന്ത്, നടത്തുന്നതെന്ത്...?

എന്തിനുവേണ്ടിയാണ് യേശു അവസാനമായി പ്രാർത്ഥിച്ചത്? ഐക്യ

www.malankaralibrary.com


ത്തിനുവേണ്ടിയല്ലേ? പക്ഷേ, യേശുവചന ചൈതന്യം ഉൾക്കൊള്ളാൻ ആരുണ്ട്? നമ്മുടെ ചിന്തകൾ, മാനസിക വ്യാപാരങ്ങൾ, ബന്ധങ്ങൾ, തീരുമാനങ്ങൾ, പുതിയ ഉദ്യമങ്ങൾ എന്നിവയിലെല്ലാം ഏർപ്പെടുമ്പോൾ 'ഇതു ദൈവേഷ്ടമാണോ? *What does it matter in the light of eternity?*' എന്നു ചിന്തിക്കാൻ പുരോഹിതർക്കെങ്കിലും സാധിച്ചിരുന്നെങ്കിൽ! അവർ ലോകത്തിന്റെ പ്രകാശമായ യേശുവിനോടൊപ്പം, ആ മഹാപുരോഹിതനോടൊപ്പം ലോകത്തിന്റെ പ്രകാശമായി മാറി അന്ധകാരമകറ്റിയേനെ.

ലക്കോർഡയർ പുരോഹിതരെപ്പറ്റി എഴുതിയത് – '*ലോകത്തിന്റെ നടുവിൽ ലോകത്തിന്റെ സന്തോഷങ്ങൾ മോഹിക്കാതെ ജീവിക്കുക, എല്ലാ കുടുംബത്തിലെയും അംഗമാകുക, ഒരു കുടുംബത്തിന്റെയും സ്വന്തമാകാതിരിക്കുക, എല്ലാ സഹനങ്ങളിലും പങ്കുചേരുക, എല്ലാ രഹസ്യങ്ങളിലേക്കും ഇറങ്ങിച്ചെല്ലുക, എല്ലാ വ്രണങ്ങളും വച്ചുകെട്ടുക, മനുഷ്യരിൽനിന്ന് ദൈവത്തിങ്കലേക്കു പോകുക, ദൈവത്തിൽനിന്ന് അവിടുത്തെ ആനന്ദവും പാപപ്പൊറുതിയുംകൊണ്ട് മനുഷ്യരിലേക്കു മടങ്ങുക...*' എന്നിങ്ങനെയാണ്.

ഈശോ സഭ സ്ഥാപിച്ചു. അതൊരു ആത്മീയമുന്നേറ്റമായിരുന്നു. ഈശോയുടെ സഭയെന്നാൽ അവിടുത്തെ ശരീരംതന്നെയാണ്. വിവിധ സംസ്കാരങ്ങളിൽ സഭ സ്വീകരിക്കപ്പെട്ടപ്പോൾ അവിടങ്ങളിൽ പലതരം ആരാധനരീതികൾ രൂപപ്പെട്ടുവന്നു. ആ ആരാധനാരീതികൾ ഓരോ റീത്തായി മാറി. അങ്ങനെ റോമൻ റീത്തും വിവിധങ്ങളായ പൗരസ്ത്യ റീത്തുകളുമുണ്ടായി. അതുമായി ബന്ധപ്പെട്ട വിശ്വാസികൾക്ക് അവയോരോന്നിനോടും ഒരു വൈകാരിക ബന്ധമുണ്ടായി. റീത്തുകൾ വിവിധമെങ്കിലും ഒരേ റീത്തിലെ ആരാധനാരീതിയിൽ പോലും ഐക്യമില്ലെങ്കിലോ? ഓർക്കുക; ഐക്യത്തിലാണ് ഓരോ റീത്തിന്റെയും നിലനില്പുതന്നെ.

www.malankaralibrary.com

# ചിന്താമണി മോതിരം

**പ**ണ്ടുകാലത്തെ പ്രസിദ്ധമായ ഒരു കഥ. അതൊരു വിശിഷ്ട മോതിരത്തിന്റെ കഥയാണ്. ആ മോതിരത്തിൽ ചിന്താമണി എന്ന മിന്നിത്തിളങ്ങുന്ന മാണിക്യക്കല്ല് പതിച്ചിരുന്നു. ഈ മോതിരം ധരിക്കുന്നയാർക്കും മധുര സ്വഭാവം ഉണ്ടാകുമെന്നത് അതിന്റെ സവിശേഷതയായിരുന്നു.



മോതിരം ലഭിച്ചയാൾ മരണവേളയിൽ അതു തന്റെ ഏകപുത്രനു കൊടുത്തു. മരണം വരെ അവനും മധുരസ്വഭാവമുള്ളവനായി. എല്ലാവരും അയാളെ സ്നേഹിച്ചു.

തലമുറകളിലൂടെ കടന്നുവന്ന ആ മോതിരം തറവാട്ടിലെ കുടുംബനാഥന്റെ പക്കൽ സ്വാഭാവികമായി വന്നുചേർന്നു. ആ മനുഷ്യനു മൂന്നു മക്കളുണ്ടായിരുന്നു. ഒരുപോലെ അവരെ സ്നേഹിക്കുന്നു. മക്കൾക്കെല്ലാം ഒരുപോലെ കൊടുക്കണമെന്നതിനാൽ രണ്ടു മോതിരംകൂടി തീർത്തു. അതോടെ ഒറിജിനലിനുവേണ്ടി മത്സരമായി. തുടർന്ന് കേസ് ന്യായാധിപന്റെ പക്കലെത്തി.

"ഇതിൽ ഏതാണ് അത്ഭുതശക്തിയുള്ളതെന്നു പറയാൻ എനിക്കു കഴിയില്ല. എന്നാൽ, നിങ്ങൾക്കു കഴിയും" എന്നായിരുന്നു ന്യായാധിപന്റെ പറഞ്ഞത്.

"എങ്ങനെ?"

"ധരിക്കുന്നയാളിന്റെ സ്വഭാവം മധുരതരവും ഹൃദ്യവുമാകു

www.malankaralibrary.com


മെന്നതാണല്ലോ ഇതിന്റെ പ്രത്യേകത. ഏതായാലും നിങ്ങളിൽ ഒരാൾ അതു ധരിക്കുമെന്നു വ്യക്തം. ധരിക്കുന്നയാൾ മധുരോദാര മായി പ്രവർത്തിക്കും. അയാളെ എല്ലാവരും തിരിച്ചറിയും..."

അവർ ചിന്തിച്ചു. മൂവരും അതീവ സൂക്ഷ്മതയോടെ ജീവിച്ചു. അതോ ടെ അവർ മൂവരും നന്മയുടെ ആൾരൂപങ്ങളായി.

പെരുമാറ്റത്തിലൂടെയാണ് ഒരു വ്യക്തിയെ നാം അറിയുന്നത്. എല്ലാ വരുടെയും സ്നേഹം പിടിച്ചുപറ്റും. തത്വചിന്തകനായ കൺഫ്യൂ സിയസ് ഒരിക്കൽ പറഞ്ഞു:

'സുന്ദരമായ ആത്മാവുള്ള മനുഷ്യൻ മധുരമായി സംസാരിക്കുന്നു. പക്ഷേ, മധുരമായി സംസാരിക്കുന്നവരെല്ലാം സുന്ദരമായ ആത്മാ വുള്ളവരല്ല.'

യഥാർത്ഥ സൗന്ദര്യം ആത്മാവിന്റെ സൗന്ദര്യമാണ്. വാക്കുകളിൽ മാത്രമല്ല, ആത്മാവിലും സ്നേഹം മുറ്റിനിൽക്കണം. സ്നേഹം ആത്മാവിൽ നിറഞ്ഞുകവിഞ്ഞൊഴുകണം. അപ്പോൾ നല്ല വ്യക്തി ത്വത്തിന്റെ ഉടമകളായി നാം മാറും. ചിന്താമണി രത്നം നമ്മുടെ ഹൃദയത്തിൽ നിറയുന്ന യഥാർത്ഥ സ്നേഹമായിത്തീരട്ടെ.

**നമ്മുടെ പ്രാർത്ഥന ഇതാവട്ടെ:**

'*നാഥാ നിൻ തൃക്കരങ്ങളിലെന്നെ നീ*
*സ്നേഹത്തിൻ വീണയാക്കൂ...*
*വിദ്വേഷം തിങ്ങുമിടങ്ങളിലെന്നെ നീ*
*ശാന്തിതൻ ദൂതനാക്കൂ...*
*പുരമുകളിൽ തനിച്ചിരുന്നു പാടും പക്ഷിയെപ്പോ-*
*ലുള്ള ഹൃദയങ്ങൾ തൻ മൗനദുഃഖങ്ങൾ*
*പങ്കിടുവാൻ സ്നേഹത്തിൻ ദൂതനാക്കൂ...*'

വിശ്വാസത്തിന്റേതായ നിയമങ്ങൾ മതിലുകളല്ല; പിന്നെയോ, ചിറകു കളാണ്. ദൈവസ്നേഹത്തിന്റെ അനന്തവിഹായസ്സിൽ പറന്നുയ രാൻ നമ്മെ സഹായിക്കുന്ന ചിറകുകൾ.

www.malankaralibrary.com

# കാലത്തിന്റെ മുമ്പിൽ കരം കൂപ്പി നിൽക്കട്ടെ

*'അവിടുന്ന് അവനെ മരുഭൂമിയിൽ, ശൂന്യത ഓരിയിടുന്ന മണ ലാരണ്യത്തിൽ കണ്ടെത്തി; അവനെ വാരിപ്പുണർന്നു. താത്പര്യ പൂർവം പരിചരിച്ച് തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ചു.'* (നിയമാവർ ത്തനം, 32: 10)

ഈ ഭൗതികലോകത്തിൽ ഓരോ ആത്മാവിനെയും ദൈവം കണ്ടെ ത്തുകയാണ്, ഒരു മരുഭൂമിയിലെന്നപോലെ. ദൈവം യഹൂദജനത യെ എങ്ങനെ സ്നേഹിച്ചുവെന്ന് പാടുവാനാണ് നിയമാവർത്തന പുസ്തകത്തിലെ ഗായകർ 'മോശയുടെ കീർത്തന'ത്തിൽ ശ്രമിക്കു ന്നതെങ്കിലും ദൈവം വാരിപ്പുണരുന്ന ഓരോ മനുഷ്യാത്മാവിനെയും ജീവിത മരുഭൂമിയിൽനിന്നും വാരിപ്പുണർന്ന്, എന്നെയും എല്ലാവ രെയും കാത്തുസൂക്ഷിക്കുന്ന അതിശയകരമായ ദൈവസ്നേഹ ത്തിന്റെയും കരുതലിന്റെയും മുമ്പിൽ കൈകൂപ്പി നിൽക്കുന്ന നിമിഷ ങ്ങൾ - അത് എത്രയോ സുന്ദരം.

ജീവിതത്തിന്റെ കൊച്ചുകൊച്ച് ഇടവേളകളിൽ, പകൽ സ്വപ്നയാ ത്രകളിൽ, കണ്ടതും കേട്ടതും വായിച്ചതും അതു ജീവിതത്തിന്റെ മരുഭൂമിയിൽവച്ചാകാം, ഏകാന്തതയുടെ മണലാരണ്യശൂന്യതയിൽ വച്ചാകാം. കുറിച്ചിട്ടത് ജീവിതസായാഹ്നത്തിൽ മറിച്ചുനോക്കിയ പ്പോൾ ആത്മാവിൽ കുളിരുകോരിയിടുന്ന അനുഭവം.

അന്നു കുറിച്ചുവച്ചവയിൽ ചില സുന്ദരചിന്തകളും ചിന്തകൾ നെയ് തെടുത്ത അക്ഷരനൂലുകളും അനുവാചകരുമായി പങ്കുവയ്ക്കാൻ എന്തോ ഒരു മോഹം - എന്തോ ഒരുൾപ്രേരണ.

ഇതിൽ അവിടെയും ഇവിടെയും പ്രത്യക്ഷപ്പെടുന്ന കാവ്യഭാഷയും വർണങ്ങളിൽ ചാലിച്ചുണക്കിയ വാക്കുകളും ചിന്തകളും അതിനു നിത്യമായ അസ്തിത്വമൂല്യം നൽകിയ അക്ഷരങ്ങളും വായനയിൽ അവരോടും ഇവരോടും കടംവാങ്ങിയതും അപ്പോഴപ്പോൾ ചിന്ത

www.malankaralibrary.com


യിൽ പൊട്ടിവിരിഞ്ഞതും കടം വാങ്ങിയവയ്ക്ക് അവസരോചിതം പൊടിപ്പും തൊങ്ങലുമൊക്കെ ചാർത്തിയതുമാകാം.

ഇതിൽ കവിതയും കാവ്യസുന്ദരങ്ങളായ ചിന്താപുഷ്പങ്ങളും ഉണ്ടെങ്കിൽ അവയ്ക്ക് എന്റെ മുന്നേ ചരിച്ച ഒത്തിരിയേറെപ്പേരോട് കടപ്പെട്ടിരിക്കുന്നു. കാലങ്ങൾക്കപ്പുറം വേണ്ട റഫറൻസുകളില്ലാതെ കുറിച്ചിടുകയും ഫയലിൽ എങ്ങനെയോ അവശേഷിക്കുകയും ജീവിതത്തിന്റെ സായംസന്ധ്യയിൽ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടെത്തുകയും ചെയ്തതായതുകൊണ്ട് പേരെടുത്തു പറഞ്ഞ് കടപ്പാട് പ്രകടിപ്പിക്കാൻ ഞാൻ അശക്തനാണ്. എങ്കിലും എന്നെ ഈ അക്ഷരരൂപങ്ങളിലുള്ള ആശയങ്ങളിലേക്കു നയിച്ചവരോടുള്ള കടപ്പാട് ഏറ്റുപറയുന്നു, ഏറെ നന്ദിയോടെ. എന്നെങ്കിലും ആരെങ്കിലുമൊക്കെ താത്പര്യപൂർവം ഇതു വായിച്ചാൽ അവർക്കും നന്ദി. എനിക്ക് അക്ഷരവും ആശയവും സംഭാവന ചെയ്തവരോടു നന്ദി!

**അങ്ങയെ കണ്ടെത്തുക ആനന്ദദായക അനുഭവം**

കിഴക്കൻ ചക്രവാളത്തിൽ പ്രഭാതം ഏഴു നിറങ്ങളിൽ കവിത രചിക്കുമ്പോൾ നാഥാ, അങ്ങയുടെ സുന്ദരമുഖം ഞാനവിടെ കാണുന്നു. നീലാകാശത്തിൽ വർണക്കതിരുകൾ വീശുന്ന പ്രഭാതസൂര്യനിൽ നാഥാ, അങ്ങയുടെ ഒളിമങ്ങാത്ത പ്രഭയുടെ പ്രശാന്തത ഞങ്ങൾ അനുഭവിക്കുന്നു. പ്രഭാതത്തിന്റെ ആദ്യരശ്മി കാണുമ്പോൾത്തന്നെ ഗാനാലാപനം നടത്തുന്ന കുരുവികൾ അങ്ങയുടെ മഹത്ത്വമാണ് പ്രകീർത്തിക്കുക. ആ ഗാനശ്രവണം അങ്ങയുടെ സാന്നിധ്യം എന്നെ അനുസ്മരിപ്പിക്കുന്നു. മഞ്ഞോ മഴയോ ശൈത്യമോ ഉഷ്ണമോ അവരുടെ ഗാനമാധുരിയുടെ ഇമ്പം കുറയ്ക്കില്ല - കാരണം അവർ പാടുന്നത് അങ്ങയുടെ സ്തുതിപ്പുകളാണ്.

മലമടക്കുകളിലൂടെ വളഞ്ഞുപുളഞ്ഞ് ചുറ്റിക്കറങ്ങി ഉയരങ്ങളിലേക്കു കുതിക്കുന്ന വീതികുറഞ്ഞ മലമ്പാതകൾ മലമുകളിലെ പരപ്പാർന്ന ഭൂമിയിൽ വന്നുനിൽക്കുംപോലെ, ജീവിതത്തിന്റെ നേരിയ മലമ്പാതകളിലൂടെ ഓടിയോടി ഞാൻ അങ്ങയുടെ ഔന്നത്യത്തിന്റെ പ്രശാന്തഭൂമിയിൽ വന്നുനിന്ന് ശാന്തിയുടെ ഓശാനഗാനങ്ങൾ പാടും. മുൾപ്പടർപ്പാർന്ന ഈ മലമ്പാതകൾ ഒഴുകിയെത്തുന്നത് അങ്ങയുടെ തിരുമുമ്പിലേക്കാണെന്ന ബോധ്യം ആത്മാവിന്റെ ഉഷ്ണമേഖലകളിൽ പെയ്യുന്ന വരപ്രസാദ മഴയാണ്. ജീവിതത്തിന്റെ തിരക്കേറിയ ഓരോ നിമിഷവും അങ്ങ് എന്നോടുകൂടെയുണ്ടെന്ന് ഞാൻ അറിയുന്നു. ജീവിതത്തിൽ മുൾപ്പാതകളിലും ദുർഘടമേഖലകളിലും

www.malankaralibrary.com


ചരിക്കേണ്ടി വരുമ്പോഴും അങ്ങയുടെ സ്നേഹത്തിന്റെ ഗാനങ്ങൾ പാടാൻ ഈ അറിവ് എനിക്കു ശക്തിയേറ്റും.

മഞ്ഞുകാലത്ത് മഞ്ഞിൻകണികകൾ ഊർന്ന് ഊർന്നു വീണ് മണ്ണിനൊപ്പം മരങ്ങളെയും ശാന്തിയുടെ വെള്ളവസ്ത്രം അണിയിക്കുമ്പോഴും ശൈത്യം ശമിക്കുമ്പോൾ ഉരുകിയൊലിച്ചുപോയ മഞ്ഞിന്റെ മറയിൽനിന്ന് വർണപ്പകിട്ടുള്ള നാമ്പുകളുമായി വിവിധ വർണങ്ങളിലുള്ള ലില്ലിച്ചെടികൾ തലയുയർത്തുമ്പോഴും അങ്ങയെ ഞാൻ കാണുന്നു.

ശരത്കാലത്തിന്റെ മാസ്മരശക്തി മണ്ണിലേക്കു തുളച്ചുകയറുമ്പോൾ, ലില്ലിച്ചെടികളുടെയും ഡാലിയച്ചെടികളുടെയും മുകുളങ്ങൾ മണ്ണിനു മുകളിലേക്കു തള്ളിക്കയറുമ്പോൾ, അങ്ങയുടെ സാന്നിധ്യം, സുഖം ഞങ്ങൾ അനുഭവിക്കുന്നു. വേനൽച്ചൂടിൽ എരിപൊരിയുന്ന മനുഷ്യനു പ്രശാന്തിയുടെ തണലേകുന്ന തണൽവൃക്ഷങ്ങളുടെ ശീതള സുഖത്തിൽ അങ്ങയുടെ സമാധാനവും ശാന്തിയുമാണ് ഞങ്ങൾ കണ്ടെത്തുക. എന്തിലുമേതിലും അങ്ങയുടെ സാന്നിധ്യം ഞങ്ങൾ കാണുന്നു, അനുഭവിക്കുന്നു. സംശയാതീതമായ അനുഭവമാണിത്. സംശയങ്ങളുടെ കരിമ്പാറക്കെട്ടുകൾ ചിലപ്പോഴെല്ലാം എന്റെ ഉൾക്കണ്ണുകളുടെ മുമ്പിൽ മതിലുകൾ ഉയർത്തിയിട്ടുണ്ട്. അപ്പോഴെല്ലാം അങ്ങയുടെ വലതുകരം അതിനെ തട്ടിമാറ്റി അങ്ങയുടെ പ്രശാന്ത സുന്ദരവും സുഖശീതളവുമായ സന്നിധിയിലേക്ക് എന്നെ മാടിവിളിച്ചിട്ടുണ്ട്.

ഏകാന്തപഥികനായി, ആരും സഹായത്തിനില്ലാതെ ഈ ഊഷര ഭൂമിയിലൂടെ നിരാശനായി നീങ്ങിയപ്പോൾ ഞാൻ തിരിഞ്ഞുനോക്കി – കൈനീട്ടി മാടിവിളിച്ച് ഓടിയെത്തുന്ന അങ്ങയെ ഞാൻ കണ്ടു. എന്തൊരാനന്ദകരമായ അനുഭവമായിരുന്നു അങ്ങയെ കണ്ടെത്തിയത്.

## ഉപമകൾ ഒരു കുറുക്കുവഴി

കാർഷിക പശ്ചാത്തലവുമായി ബന്ധപ്പെട്ട കർഷകാഭിമുഖ്യമുള്ള ഉപമകൾ അവസരോചിതം അരുൾ ചെയ്യുക യേശുവിന്റെ വചന പഠനങ്ങളിൽ സാധാരണമായിരുന്നു. ശ്രോതാക്കൾക്ക് കാതലായ ജീവിതസന്ദേശങ്ങൾ നൽകാനുള്ള കുറുക്കുവഴി.

വേണ്ടവിധത്തിൽ സ്ഥലമൊരുക്കി വിത്തു വിതയ്ക്കുന്ന കർഷകന് മനം കുളിപ്പിക്കുന്ന കാഴ്ചയാണ് വിത്തു മുളച്ച് വളർന്നു പുഷ്പിച്ച്

www.malankaralibrary.com


ഫലമേകുന്ന പ്രക്രിയ. ആ പ്രക്രിയ നടക്കുന്നതിന്റെ ശാസ്ത്രീയ വശങ്ങളൊന്നും അറിഞ്ഞുകൊണ്ടല്ല കർഷകൻ വിത്തുവിതയ്ക്കുന്നത്. അവനത് അറിയേണ്ട ആവശ്യമില്ല. അതറിയാവുന്നത് ദൈവത്തിനാണ്. ദൈവം നിറഞ്ഞുനിൽക്കുന്ന പ്രകൃതിക്കാണ്.

ആത്മീയകാര്യങ്ങളിലെ വളർച്ചയെപ്പറ്റി പറയുമ്പോഴും ഇതുതന്നെ അടിസ്ഥാന തത്വം. പടിപടിയായുള്ള ആത്മീയ വളർച്ച ദൈവാരൂപിയുടെ പ്രവർത്തനമാണ്. ദൈവം നമ്മുടെ മനസിലും ഹൃദയത്തിലും നിക്ഷേപിച്ചിരിക്കുന്നത് കടുകുമണിസമാനമായ ഒരു വിത്താണ്. ദൈവരാജ്യത്തിന്റെ വിത്ത്. ആ വിത്ത് നമ്മിൽ വളർന്നു വലുതാകണം, വടവൃക്ഷമാകണം. എല്ലാവിധ പക്ഷികൾക്കും ചേക്കേറാൻ കഴിയുന്ന, അഭയമാകാൻ കഴിയുന്ന വടവൃക്ഷം.

ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവികജീവൻ വളർന്നു വലുതാകട്ടെ. ഓരോരോ സാഹചര്യങ്ങളുടെ സമ്മർദത്തിൽ സങ്കുചിത മാനസരായി ഒതുങ്ങിയില്ലാതാകാതെ എല്ലാവരെയും ഉൾക്കൊള്ളാൻ കഴിയുംവിധം നാം വളർന്നുവലുതാകണമെന്നതാണ് യേശുവിന്റെ ആഗ്രഹം. സ്വാർഥതയുടെ മതിൽക്കെട്ടുകളാൽ ഒതുങ്ങിയില്ലാതാകേണ്ടവരല്ല നമ്മൾ.

ചെറിയ ഒരു ആരംഭത്തിൽനിന്നാണ് വൻകാര്യങ്ങളൊക്കെ സാധിതമായത്. ദൈവം വിതച്ച വിത്തിന് വളവും ജലവും നൽകി പോറ്റി വളർത്തിയവരാണ് ആത്മീയ ജീവിതത്തിൽ വിജയിച്ചവരെല്ലാം.

## വിളിച്ചവനൊപ്പം എപ്പോഴും

ശ്ലീഹന്മാരുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷത്തിന്റെ മൂന്നാം അധ്യായത്തിൽ പറയുകയാണ്; തനിക്കിഷ്ടമുള്ളവരെ അടുക്കലേക്കു വിളിച്ചുവെന്ന്. വിളിക്കപ്പെട്ടവരാകട്ടെ യാതൊരു തടസവും പറയാതെ രണ്ടാമതൊന്ന് ആലോചിക്കാതെ ആ വിളി സ്വീകരിക്കുന്നു. കാരണം അതു വളരെ ആധികാരികമായ, നിഷേധിക്കാനാവാത്ത, വിളിയായി അവർക്ക് അനുഭവപ്പെട്ടു. ആ വിളിയുടെ മുമ്പിൽ ഒരു മാസ്മര ശക്തിയാൽ എന്നപോലെ അവർ തലകുനിച്ചു, ഒരുമടിയും ചോദ്യവും കൂടാതെ. ആ വിളിക്കു വഴങ്ങുന്നതിലെ ലാഭനഷ്ടങ്ങളെപ്പറ്റി അവർ ചിന്തിച്ചില്ല.

ആരായിരുന്നു വിളിക്കപ്പെട്ടവർ? മീൻപിടിത്തക്കാർ മാത്രമായിരുന്നില്ല. റോമൻ മേധാവികൾക്കായി, ഭരണകർത്താക്കൾക്കായി, ലാഭ

www.malankaralibrary.com


കരമായ പണി - ചുങ്കംപിരിവ് നടത്തുന്നവനുമുണ്ടായിരുന്നു. പശ്ചാത്തലം വിഭിന്നമായിരുന്നെങ്കിലും വിളി സ്വീകരിച്ചപ്പോൾ അവർ വിളിച്ചവനിൽ, വിളിച്ച യേശുവിന്റെ സ്നേഹത്തിൽ, ഒന്നായി. ഇന്നും യേശുവിന്റെ വിളി സ്വീകരിക്കുന്നവർ സ്നേഹത്തിൽ ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. തങ്ങളുടെ പശ്ചാത്തലവും പാരമ്പര്യവുമൊക്കെ എന്തായിരുന്നാലും.

യേശു സ്നേഹത്തിൽ ഭിന്നതകൾ അലിഞ്ഞുപോകും. അങ്ങനെ നാം ഒന്നാകും. ഒന്നാകുന്നില്ലെങ്കിൽ നാം അവിടുത്തെ ശിഷ്യരാകുന്നില്ല. ഭിന്നിപ്പിക്കുന്ന ശക്തികളെ തിരിച്ചറിഞ്ഞ് ഒന്നിപ്പിക്കുന്ന യേശുസ്നേഹത്തിൽ വിളി സ്വീകരിച്ചവർ ഐക്യം കണ്ടെത്തണം. ഈശോയോടുകൂടി ആയിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിശ്വസ്തതയോടെ പ്രസംഗദൗത്യം നിർവഹിക്കാൻ സാധിക്കണമെങ്കിൽ ആ ഐക്യം അനിവാര്യമാണ്.

## ചെറുതായിരിക്കുന്നതിന്റെ വലുപ്പം

യേശു തന്റെ പീഡാനുഭവ മരണ ഉത്ഥാനത്തെപ്പറ്റി മുന്നറിയിപ്പു നൽകുമ്പോഴും അതിന്റെ അർഥമൊന്നും മനസിലാക്കാതെ ശിഷ്യന്മാർ വലിയൊരു തർക്കത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. തർക്കവിഷയം ഒരു തമാശതന്നെയാണ്. 'ആരാണ് തങ്ങളിൽ വലിയവൻ.' യേശുവിന്റെ ജീവിതദൗത്യത്തിൽ, ഗുരുവിന്റെ യാത്രയിൽ കുരിശുകളും ക്ലേശങ്ങളും കേന്ദ്രബിന്ദുവാണെന്ന് അവർക്കു മനസിലായില്ല. കുരിശില്ലാത്ത വലുപ്പമായിരുന്നു അവർക്കു വലുത്.

ദൈവസന്നിധിയിൽ എന്താണു വലുതെന്ന് അവരെ ബോധ്യപ്പെടുത്താൻവേണ്ടിയാണ് അവിടുന്ന് ഒരു ശിശുവിനെ മാതൃകയാക്കിക്കൊണ്ട് അവരോടു സംസാരിച്ചത്. മനുഷ്യസങ്കല്പത്തിലെ വലിപ്പമല്ല, യേശുസന്നിധിയിലെ വലുപ്പം.

കുരിശിന്റെ അർഥം, വിനയത്തിന്റെ അർഥം, ചെറുതായിരിക്കുന്നതിന്റെ വലുപ്പം എന്തെന്നു മനസിലാകണമെങ്കിൽ നാം യേശുവിനെ മനസിലാക്കണം. വിശുദ്ധ പൗലോസ് ശ്ലീഹ എഴുതിയിരിക്കുന്നത് ഓർമയിൽ ഉണ്ടാകുന്നത് നല്ലത്.

'പ്രകൃത്യാ ദൈവമായിരുന്ന അവിടുന്ന് ദൈവത്തോടുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിച്ചില്ല. സ്വയം ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു. കുരിശുമരണംവരെ അനുസരണമുള്ള

www.malankaralibrary.com


വനായി തന്നെത്തന്നെ താഴ്ത്തി.' ശിശുവിന്റെ വിനയത്തിലേക്കുള്ള വിളിയാണ് ക്രൈസ്തവർ ശ്രവിക്കേണ്ട വിളി *(ഫിലി. 2, 6-7).*

'അവൻ ഒരു ശിശുവിനെ എടുത്ത് അവരുടെ മധ്യേ നിറുത്തി. അവരെ കരങ്ങളിൽ ഗ്രഹിച്ചുകൊണ്ടു പറഞ്ഞു, ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെയല്ല, എന്നെ അയച്ചവനെയാണു സ്വീകരിക്കുന്നത്.' *(മർക്കോസ് 9: 36-37).*

## എവിടെയും ദിവ്യസാന്നിധ്യം

പ്രഭാതം കിഴക്കൻ ആകാശത്തെ വർണാഭമാക്കുമ്പോൾ, സുന്ദരമായ നിറച്ചാർത്തുകൾ അണിയിക്കുമ്പോൾ, കർത്താവേ അങ്ങ് അവിടെയുണ്ടെന്ന് ഞാനറിയുന്നു.

പ്രഭാതപുലരിയിൽ പലതരത്തിലുള്ള പക്ഷികൾ അവരുടേതായ മനോഹര ഉണർത്തുഗാനങ്ങൾ ആലപിക്കുമ്പോൾ ഇമ്പകരമായ ശബ്ദലയങ്ങളിൽ അങ്ങയുടെ സാന്നിധ്യമുണ്ടെന്നു ഞാനറിയുന്നു.

മലമുകളിലേക്ക് ചുറ്റിക്കറങ്ങി വളഞ്ഞുപുളഞ്ഞ് കയറുന്ന കാനനപാതകളിൽ അങ്ങയുടെ സാന്നിധ്യമുണ്ടെന്ന് ഞാനറിയുന്നു.

പ്രഭാതപ്രകാശത്തിലും സന്ധ്യാപ്രകാശത്തിലും മിന്നിത്തിളങ്ങി മറയുന്ന നക്ഷത്രലോകത്തിന്റെ നിശബ്ദതതയിലും അങ്ങയുടെ സാന്നിധ്യമുണ്ടെന്നു ഞാനറിയുന്നു.

അങ്ങയുടെ മധുരനാമം ജപിക്കാൻ സമയം കിട്ടാത്ത തിരക്കേറിയ നിമിഷങ്ങളിലും അങ്ങയുടെ സാന്നിധ്യം എന്നിലുണ്ടെന്നു ഞാനറിയുന്നു. കാലവർഷത്തിന്റെ ഓലിയിടലിലും തുലാവർഷത്തിന്റെ ശബ്ദായമാനമായ മിന്നലിലും പൊട്ടലിലും അങ്ങയുടെ സാന്നിധ്യമുണ്ടെന്നു ഞാനറിയുന്നു. മൂളിക്കൊണ്ട് ചുറ്റിയടിച്ച് മരങ്ങളെ കടപുഴക്കുന്ന കൊടുങ്കാറ്റിലും മന്ദമാരുതനിലും അങ്ങയുടെ ശക്തിസാന്നിധ്യമുണ്ടെന്ന് ഞാനറിയുന്നു.

എങ്ങും എവിടെയും അങ്ങ് സന്നിഹിതനാണെന്ന് ഞാനറിയുന്നു. സംശയലേശമെന്യേ ഏതു സാഹചര്യത്തിലും അങ്ങയുടെ സാന്നിധ്യം ഞാൻ അനുഭവിച്ചറിയുന്നു. സംശയങ്ങൾ വഴിമുടക്കുമ്പോഴും ഒന്നിനും ഒരു പരിഹാരവുമില്ലെന്ന ചിന്തയിൽ കടമ്പ കടക്കാൻ കഴിയാതെവരുന്ന സമയങ്ങളിലും അങ്ങയുടെ സാന്നിധ്യചിന്ത

www.malankaralibrary.com


എനിക്ക് ഉന്മേഷം പകരുന്നു. അടിവച്ചടിവച്ച് അങ്ങ് എന്നെ മുന്നോട്ടു നയിക്കുന്നു. ഞാൻ ഏകനാണെന്നു തോന്നുമ്പോഴും ആരും സഹായത്തിനില്ലെന്നു തോന്നുമ്പോഴും തിരിഞ്ഞുനോക്കുമ്പോൾ അങ്ങയെ കണ്ടുമുട്ടുക എന്തൊരാനന്ദമാണ്. അങ്ങില്ലാത്ത പ്രഭാതമില്ല, അങ്ങില്ലാത്ത പ്രദോഷമില്ല, അങ്ങില്ലാത്ത സന്ധ്യാസമയമില്ല, അങ്ങില്ലാത്ത അന്ധകാരരാത്രികളില്ല എന്റെ ആത്മീയ ജീവിതത്തിലും ലൗകിക ജീവിതത്തിലും എന്ന തിരിച്ചറിവ്! അത് എത്രയോ ജീവദായകമായ തിരിച്ചറിവ്. 'ഹാ! ദൈവത്തിന്റെ സമ്പത്തിന്റെയും ജ്ഞാനത്തിന്റെയും അറിവിന്റെയും ആഴം! അവിടുത്തെ വിധികൾ എത്ര ദുർജ്ഞേയം! അവിടുത്തെ മാർഗങ്ങൾ എത്ര ദുർഗ്രഹം! എന്തെന്നാൽ ദൈവത്തിന്റെ മനസ് അറിഞ്ഞതാര്? അവിടുത്തേക്ക് ഉപദേഷ്ടാവായത് ആര്? തിരിച്ചുകിട്ടാനായി അവിടുത്തേക്ക് ദാനം കൊടുത്തവനാര്? എന്തെന്നാൽ, എല്ലാം അവിടുന്നിൽനിന്ന്, അവിടുന്നുവഴി, അവിടുന്നിലേക്ക്, അവിടുത്തേക്ക് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ, ആമ്മേൻ.' (റോമാ 11, 33-36).

## ആനന്ദസുന്ദര ഭവനം

കെട്ടിടം ഭവനമല്ല. വീട് ഒരു കെട്ടിടം മാത്രം. ആ കെട്ടിടം എത്ര മനോഹരമായ ശില്പകലാനുസൃതം ഉള്ളതും ഏറ്റവും സുന്ദരമായി പെയിന്റടിച്ചതായാലും അത് അതിൽത്തന്നെ നാം എല്ലാം ആഗ്രഹിക്കുന്ന ഒരു സ്പ്നഭവമായിരിക്കുകയില്ല. ശില്പചാതുരിയൊന്നുമില്ലാത്ത ചെറിയ ഒരു വീടിനും ലളിതമായ കെട്ടിടത്തിനും സുന്ദരഭവനമായി മാറാനാവും, അവിടെ സ്നേഹമുണ്ടെങ്കിൽ. കുടുംബാംഗങ്ങൾ ഒന്നിച്ചു ജീവിക്കുമ്പോൾ, പരസ്പരം ഭാരം വഹിക്കുമ്പോൾ, കൊച്ചുകൊച്ചു സന്തോഷങ്ങൾ പരസ്പരം പങ്കിടുമ്പോൾ, ഒരുവന്റെ കണ്ണീരു തുടയ്ക്കാൻ മറ്റുള്ളവർ ഒന്നിച്ചുകൂടുമ്പോൾ, കുട്ടികൾ ചിരിച്ചും കളിച്ചും ആനന്ദത്തിൽ മുഴുകിവളരുമ്പോൾ, എല്ലാവരും തങ്ങളെ സ്നേഹിക്കുന്നുവെന്ന് അവർ അറിയുമ്പോൾ, എല്ലാവരും ഒന്നിച്ചിരുന്ന് പ്രാർഥിക്കുമ്പോൾ, അവിടെ ദൈവം ആരാധിക്കപ്പെടുമ്പോൾ, പ്രാർഥനാസുഗന്ധങ്ങൾ ആകാശത്തിലേക്ക് ഉയരുമ്പോൾ അത് ഭവനമായി!

കൊട്ടാരമാകട്ടെ, വള്ളിക്കുടിലാകട്ടെ, പുല്ലുമേഞ്ഞ ചെറ്റക്കുടിലാകട്ടെ അതെല്ലാം സുന്ദരഭവനമായിത്തീരും. അതിന്റെ മൂലക്കല്ല് സ്നേഹമായിരിക്കുന്നിടത്തോളം കാലം.

www.malankaralibrary.com

# കുറിപ്പുകൾ

www.malankaralibrary.com

# കുറിപ്പുകൾ